MATHRUBHUMI BOOKS

# 1857

## ചരിത്രവും പാഠവും

ഡോ. കെ.കെ.എൻ. കുറുപ്പ്



മാതൃഭൂമി
2008

ഡോ. കെ.കെ.എൻ. കുറുപ്പ്

ചരിത്രപണ്ഡിതൻ, ഗവേഷകൻ, ഗ്രന്ഥകാരൻ. കാലിക്കറ്റ് സർവകലാശാലാ വൈസ് ചാൻസലറായിരുന്നു. കേരളത്തിലെ കർഷക കലാപങ്ങളെക്കുറിച്ച് നിരവധി കൃതികൾ രചിച്ചിട്ടുണ്ട്. *നവാബ് ടിപ്പുസുൽത്താൻ: ഒരു പഠനം, പഴശ്ശി സമരരേഖകൾ, Agrarian Struggles in Kerala, India's Naval Traditions, Land Monopoly and Agrarian System in South Kanara with Special Reference to Kasargod Taluk, Modern Kerala* എന്നിവ പ്രധാന കൃതികൾ. ഇപ്പോൾ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ ഡയറക്ടർ ജനറൽ. വിലാസം: സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, ഹിൽപാലസ്, തൃപ്പൂണിത്തുറ.

AUTHOR'S COPY

# 1857- ചരിത്രവും പാഠവും

ചരിത്രപഠനം

ഡോ. കെ.കെ.എൻ. കുറുപ്പ്

മാതൃഭൂമി ബുക്സ്
MATHRUBHUMI BOOKS
2008

1857-ചരിത്രവും പാഠവും
Malayalam | History
1857- CHARITHRAVUM PADAVUM
Author | Dr. K K N Kurup
Published by
**Mathrubhumi Books**
2008
First Edition

ISBN: 978-81-8264-648-3
ME-I/ 1000/ 2008
Rs. 60.00

© Rights Reserved.
No part of this work may be reproduced or utilized in any form or by any means without the prior written permission of the publisher.

MATHRUBHUMI BOOKS
*An Imprint of*
The Mathrubhumi Printing & Publishing Co. Ltd., Kozhikode, Keralam, India.
Printed by P V Chandran at The Mathrubhumi MM Press, Kozhikode

*Editorial Office*
Mathrubhumi MM Press, Cherootty Road, Kozhikode-1
Tel: 0495 2765381, 2765388, 98470 03035. Fax: 0495 2760138
e-mail: books@mpp.co.in

*Sales Centres*
Kozhikode, Kochi, Thiruvananthapuram, Thrissur, Kannur, Kottayam
Malappuram, Kollam, Palakkad, Kalpetta
Nedumbasseri Airport, Ernakulam North, Shoranur, Aluva (Rly Stations)

മാതൃഭൂമി
Since 1923

**The Mathrubhumi Printing & Publishing Co. Ltd.**

**PUBLISHERS OF**
Mathrubhumi Daily • Mathrubhumi Illustrated Weekly • Grihalakshmi
Chithrabhumi • ArogyaMasika • SportsMasika • ThozhilVartha • Balabhumi

**MATHRUBHUMI DAILY IS PUBLISHED FROM**
Kozhikode • Kochi • Thiruvananthapuram • Thrissur • Kannur • Kottayam
Malappuram • Kollam • Palakkad • Mumbai • Chennai • Bangalore • Delhi

**REGISTERED OFFICE**
Mathrubhumi Buildings, K P Kesava Menon Road, Kozhikode 673 001

**www.mathrubhumi.com**

1857- ചരിത്രവും പാഠവും

ആമുഖം

ഇന്ത്യൻ പശ്ചാത്തലം ..... 11
മീററ്റും കലാപവും ..... 22
ഡൽഹി കീഴടക്കുന്നു ..... 34
അവധ്-കലാപത്തിന്റെ ഈറ്റില്ലം ..... 44
മറ്റു പ്രദേശങ്ങളുടെ പങ്കാളിത്തം ..... 54
ബറൈലി-ഒരു കലാപചിത്രം ..... 65
പ്രഖ്യാപനങ്ങൾ പ്രത്യേകതകൾ ..... 73
സൈനിക ഏറ്റുമുട്ടലുകൾ ..... 84
ഉപസംഹാരം ..... 93

അനുബന്ധം ..... 113

1857-ചരിത്രവും പാഠവും
Malayalam | History
1857- CHARITHRAVUM PADAVUM
Author | Dr. K K N Kurup
Published by
**Mathrubhumi Books**
2008
First Edition

ISBN: 978-81-8264-648-3
ME-I/ 1000/ 2008
Rs. 60.00

© Rights Reserved.
No part of this work may be reproduced or utilized in any form or by any means without the prior written permission of the publisher.

MATHRUBHUMI BOOKS

*An Imprint of*
The Mathrubhumi Printing & Publishing Co. Ltd., Kozhikode, Keralam, India.
Printed by P V Chandran at The Mathrubhumi MM Press, Kozhikode

*Editorial Office*
Mathrubhumi MM Press, Cherootty Road, Kozhikode-1
Tel: 0495 2765381, 2765388, 98470 03035. Fax: 0495 2760138
e-mail: books@mpp.co.in

*Sales Centres*
Kozhikode, Kochi, Thiruvananthapuram, Thrissur, Kannur, Kottayam
Malappuram, Kollam, Palakkad, Kalpetta
Nedumbasseri Airport, Ernakulam North, Shoranur, Aluva (Rly Stations)

Since 1923

**The Mathrubhumi Printing & Publishing Co. Ltd.**

**PUBLISHERS OF**
Mathrubhumi Daily • Mathrubhumi Illustrated Weekly • Grihalakshmi
Chithrabhumi • ArogyaMasika • SportsMasika • ThozhilVartha • Balabhumi

**MATHRUBHUMI DAILY IS PUBLISHED FROM**
Kozhikode • Kochi • Thiruvananthapuram • Thrissur • Kannur • Kottayam
Malappuram • Kollam • Palakkad • Mumbai • Chennai • Bangalore • Delhi

**REGISTERED OFFICE**
Mathrubhumi Buildings, K P Kesava Menon Road, Kozhikode 673 001

**www.mathrubhumi.com**

## 1857– ചരിത്രവും പാഠവും

ആമുഖം

ഇന്ത്യൻ പശ്ചാത്തലം ..... 11
മീററ്റും കലാപവും ..... 22
ഡൽഹി കീഴടക്കുന്നു ..... 34
അവധ്–കലാപത്തിന്റെ ഈറ്റില്ലം ..... 44
മറ്റു പ്രദേശങ്ങളുടെ പങ്കാളിത്തം ..... 54
ബറൈലി–ഒരു കലാപചിത്രം ..... 65
പ്രഖ്യാപനങ്ങൾ പ്രത്യേകതകൾ ..... 73
സൈനിക ഏറ്റുമുട്ടലുകൾ ..... 84
ഉപസംഹാരം ..... 93

അനുബന്ധം ..... 113

# ആമുഖം

ആധുനിക ഇന്ത്യയുടെ ചരിത്രത്തിൽ ഭരണവർഗത്തിനെതിരായ ഏറ്റവും പ്രധാനമായ ഒരു സായുധ കലാപവും ബ്രിട്ടീഷ് സൈന്യവുമായി അനേകം കേന്ദ്രങ്ങളിൽ നേരിട്ടു നടന്ന യുദ്ധവും ഉൾക്കൊണ്ട സംഭവപരമ്പരകൾ ഇന്ത്യൻ ജനതയെ സംബന്ധിച്ച് ഇന്ന് 1857 എന്ന സംഖ്യകൊണ്ട് പ്രതീകാത്മകമായി സൂചിപ്പിക്കപ്പെടുന്നു. ഒരു ജനതയുടെ സ്വാതന്ത്ര്യാഭിലാഷത്തിന്റെയും അതിനുവേണ്ടി നടത്തിയ ആത്മത്യാഗത്തിന്റെയും കഥയായി ഈ പ്രതീകം നൂറ്റാണ്ടുകൾ അതിജീവിക്കുന്നു. ജോൺ സീലിയെപ്പോലുള്ളവർ തങ്ങളുടെ സാമ്രാജ്യത്വവീക്ഷണം കാരണം അതിന്റെ പിന്നിൽ ജനസമ്മതിയുള്ള പിന്തുണയും ആവശ്യമായ നേതൃത്വവും സാധാരണക്കാരായ താഴ്ന്ന വിഭാഗങ്ങളുടെ പങ്കാളിത്തവും രാജ്യസ്നേഹവും ഉണ്ടായിരുന്നില്ലെന്നും അത് സ്വാർത്ഥലക്ഷ്യത്താൽ പ്രേരിതമാണെന്നും വിമർശിക്കുന്നു. അൽപം സിപ്പായിമാരുടെ കലാപമാണെന്ന് അനേകം ബ്രിട്ടീഷ് ചരിത്രകാരന്മാരും കലാപത്തെ അടിച്ചമർത്തിയ സൈനിക മേധാവികളും അവരുടെ ഭരണാധികാരികളും രേഖപ്പെടുത്തുന്നു. ഒരു മിഷ്യനറി തന്റെ ഇന്ത്യൻ വിദ്യാർത്ഥികളോട് കലാപത്തെപ്പറ്റി ലേഖനമെഴുതാൻ പറഞ്ഞപ്പോൾ അവർ ഒന്നുമെഴുതാത്ത വെറും കടലാസ് മാത്രം തിരിച്ചു നൽകിയ സംഭവം തങ്ങളുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുശേഷം മാത്രമേ തങ്ങളുടെ ചിന്തകൾ രേഖപ്പെടുത്താൻ കഴിയുകയുള്ളു എന്നു വ്യക്തമാക്കുകയായിരുന്നു. ഈ വസ്തുത ഡബ്ല്യു.എച്ച്. ഫിറ്റ്ചെറ്റ് തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിക്കാണാം. (ദ ടെയിൽ ഓഫ് ദ ഗ്രെയിറ്റ് മ്യൂട്ടിനി, 1903) എന്നാൽ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ആരംഭത്തിൽ വി.ഡി. സവർക്കർ തന്റെ ശ്രദ്ധേയമായ പഠനത്തിലൂടെ അതിനെ ഇന്ത്യയുടെ സ്വാതന്ത്ര്യസമരമായി വിലയിരുത്തി. (ദ ഇന്ത്യൻ വാർ ഓഫ് ഇൻഡിപ്പെൻഡൻസ് ഓഫ് 1857, ലണ്ടൻ, 1909) ഇന്ത്യയിൽ ഈ ഗ്രന്ഥം നിരോധിക്കപ്പെടുകയും ചെയ്തു. ആ വിദ്യാർത്ഥികൾ രേഖപ്പെടുത്തിയതുപോലെ 1957-ൽ കലാപത്തിന്റെ ശതാബ്ദി ആഘോഷിച്ചപ്പോൾ അതെത്രമാത്രം ദേശീയമാണെന്നു കണ്ടെത്തുവാനുള്ള ശ്രമം ജനതയുടെ പക്ഷത്തുനിന്നും സജീവമായി ഉയർന്നുവന്നു. ദേശീയ ചരിത്രകാരന്മാരിൽ ആർ.സി. മജുംദാർ തുടങ്ങിയവർ അതിന്റെ ദേശീയതയെ വിമർശിച്ചു. (ദ സിപ്പായി മ്യൂട്ടിനി ആൻഡ് ദ റിവോൾട്ട് ഓഫ് 1857, കൽക്കത്ത, 1957) ഔദ്യോഗികമായി ഇന്ത്യാ ഗവർമ്മെണ്ടിനു വേണ്ടി സുരേന്ദ്രനാഥ് സെൻ (എയ്റ്റീൻ ഫിഫ്റ്റി സെവൻ) രചിച്ച ഗ്രന്ഥത്തിൽ അബ്ദുൾ കലാം ആസാദ് എഴുതിയ മുഖവുരയിൽ (9 ഫെബ്രുവരി 1957) 1857ന്റെ ഒരു പുതിയ ചരിത്രരചനയുടെ ആവശ്യം ഊന്നിക്കാട്ടി. ആ ലേഖനത്തിൽ ബഹദൂർഷാവിനു ഒരു പ്രതീകമെന്ന നിലയിൽ പോലും സജീവമായി പ്രവർത്തിക്കാൻ കഴിയാത്തതും കമാൻഡർ ഇൻ ചീഫ് ആയിരുന്ന ബക്ത്ഖാന് ആവശ്യമായ പിന്തുണ ലഭിച്ചില്ലെന്നതും പ്രസ്താവിക്കുമ്പോൾ രാജ്യസ്നേഹത്തെ പ്രോത്സാഹിപ്പിക്കുവാൻ മതത്തിന്റെ സ്വാധീനം ഉപയോഗപ്പെടുത്തിയെന്നും ആധുനികമായി വ്യവഹരിക്കുന്ന ദേശീയതയുടെ സ്വഭാവമുണ്ടായിരുന്നില്ലെന്നും

വിശകലനം ചെയ്തു കാണാം. ഗുജാർ തുടങ്ങിയ വിഭാഗങ്ങൾ കൊള്ള നടത്തുകയുണ്ടായെന്നും അത്തരം നിയമലംഘകർ രാജ്യസ്നേഹികളല്ലെന്നും (പു. 407) ഒരു ഭ്രൂണരൂപത്തിൽ അവധിൽ ഇന്ത്യൻ ദേശീയത പ്രത്യക്ഷപ്പെട്ടിരുന്നുവെന്നും (പു. 411) കറുത്ത കലാപകാരികൾ കറുത്ത വർഗത്തിന്റെ സഹായത്തോടെ വെളുത്ത ഭരണാധികാരികൾക്കെതിരായി നടത്തിയ (പു. 413) യുദ്ധമായിരുന്നുവെന്നും സെൻ നിരീക്ഷിക്കുകയുണ്ടായി.

ബ്രിട്ടീഷുകാരുടെ ഭാഗത്തുനിന്നും ഇതേ വർഷം പ്രസിദ്ധീകരിച്ച ഗ്രന്ഥം (റിച്ചാർഡ് ഹിൽട്ടൺ, ദ ഇന്ത്യൻ മ്യൂട്ടിനി എ സെൻചറി ഹിസ്റ്ററി (ലണ്ടൻ, 1957) കലാപത്തെ അടിച്ചമർത്തുവാൻ ബ്രിട്ടനു കഴിഞ്ഞത് ബ്രിട്ടീഷുകാരുടെ നേതൃത്വപരമായ സവിശേഷത കൊണ്ടും സദാചാരപരമായ മേന്മകൊണ്ടും ആണെന്ന് (പു. 198) പ്രത്യേകം രേഖപ്പെടുത്തുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടി ജനസമ്മതിയുള്ള ഒരു പ്രസ്ഥാനം ഉണ്ടായിരുന്നില്ലെന്നും അത് പുരോഗമനപരമായിരുന്നില്ലെന്നും ഇടതുപക്ഷത്തിന്റേതായിരുന്നില്ലെന്നും ദേശാഭിമാനികൾ ഉൾക്കൊണ്ടിരുന്നില്ലെന്നുംകൂടി ഈ ഗ്രന്ഥകാരൻ സൂചിപ്പിച്ചു. കൂടാതെ വെടിയുണ്ടയുടെ കെട്ടുകഥ പ്രചരിപ്പിച്ചുകൊണ്ട് കുലീനരും പുരോഹിതരും അത് പ്രോത്സാഹിപ്പിക്കുകയാണുണ്ടായതെന്നും.

തങ്ങൾ അടിച്ചമർത്തിയ കലാപത്തെ ബ്രിട്ടീഷ് സൈനികർ ഇന്നും കൊണ്ടാടുക സ്വാഭാവികമാണ്. സിപ്പായിമാരുടെ മീററ്റ് കലാപത്തിൽ കോട്ട കൈവശം വെച്ച രാജ്ഞിയുടെ 60-ാം റോയൽ റൈഫിൾസിന്റെ പേരിൽ അവിടുത്തെ സെന്റ് ജോൺസ് ചർച്ചിൽ ബ്രിട്ടീഷ് ബറ്റാലിയന്റെ സേവനത്തിന്റെ 150-ാം വാർഷികസ്മരണയിൽ ഒരു സ്മാരകഫലകം സ്ഥാപിക്കുവാൻ പത്തൊമ്പതു ബ്രിട്ടീഷുകാർ സ്ഥലത്തെത്തിയെങ്കിലും ബിഷപ്പ് അതിന് അനുമതി നിഷേധിക്കുകയാൽ അവർക്ക് ഫലകം മടക്കിക്കൊണ്ടുപോകേണ്ടി വന്ന വാർത്ത ഇവിടെ പ്രത്യേകം അനുസ്മരിക്കട്ടെ. (ടൈംസ് ഓഫ് ഇന്ത്യ, ഡൽഹി, 20 സപ്തംബർ 2007)

ഇത്തരത്തിൽ ചരിത്രരചനാപരമായി സിപ്പായിമാരുടെ മ്യൂട്ടിനിയിൽ നിന്നും അതിന്റെ അനേകം പ്രത്യേകതകളിൽ നിന്നും 1957-ൽ അതിന്റെ ദേശീയമായ കാഴ്ചപ്പാടിലേക്ക് ഗവേഷണത്തിന്റെ സമീപനം വഴി മാറുന്നു. മ്യൂട്ടിനി എന്നു വിശേഷിപ്പിച്ച ചരിത്രകാരന്മാരും മറ്റും കലാപം ബംഗാളിലും പഞ്ചാബിലും മദ്രാസിലും കർണാടകത്തിലും വ്യാപിച്ചിരുന്നില്ലെന്നായിരുന്നു കണ്ടെത്തിയത്. ഒരു പക്ഷേ, അവർ അത്തരം രേഖകളെ സൗകര്യപൂർവം ഒഴിവാക്കിയതുമായിരിക്കാം. എന്നാൽ ശതാബ്ദിയോടൊപ്പവും അതിനുശേഷവും നടന്ന ഗവേഷണങ്ങൾ ഈ പ്രദേശങ്ങളിലെല്ലാം പല തലങ്ങളിലുമായി കലാപം വ്യാപിച്ചിരുന്നുവെന്നു കണ്ടെത്തുന്നു. കാറൽമാർക്സ് പോലും കർഷകർ വിപ്ലവത്തിനു കഴിവില്ലാത്ത ഉരുളക്കിഴങ്ങുചാക്കുപോലെയാണെന്നുള്ള സിദ്ധാന്തം രൂപപ്പെടുത്തിയപ്പോൾ മാർക്സിയൻ കാഴ്ചപ്പാടിൽ ചരിത്രരചന നടത്തിയ എറിക് സ്റ്റോക്സ് 1857-ൽ ഇന്ത്യൻ കലാപത്തിൽ കർഷകൻ ആയുധം ധരിച്ചതും ഭൂവുടമകൾ പോലും അതിൽ പങ്കെടുത്തതും തന്റെ പഠനങ്ങളിൽ വ്യക്തമാക്കുന്നു. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു സമീപനമാണിത്. (ദ പെസൻട് ആൻഡ് ദ രാജ്; ദ പെസൻഡ് ആർമ്ഡ്). എന്നാൽ 150-ാം വർഷം അനുസ്മരിക്കുന്ന ഈ ഘട്ടത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട പഠനങ്ങളും സെമിനാർ പ്രബന്ധങ്ങളും പാർശ്വവൽകൃത സമൂഹങ്ങളും

ഗിരിജനങ്ങളും സ്ത്രീകളും മറ്റും ഈ കലാപങ്ങളിൽ വഹിച്ച നിർണായകമായ പങ്കാളിത്തത്തെ കണ്ടെത്തുകയാണ്. കലാപകാരികളായ കീഴാളരുടെ ചരിത്രം കണ്ടെത്തുമ്പോൾതന്നെ അത് ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ ഏതു വിധത്തിൽ വ്യാപിച്ചുവെന്നും കണ്ടെത്തുന്നു. ബ്രിട്ടീഷ് മലബാറിൽ പോലും അതിന്റെ അനുരണനമുണ്ടായതും കണ്ണൂർ കൺടോൺമെന്റ് ബ്രിഗേഡിയർ ഒരു കലാപത്തെ നേരിടുവാൻ തയ്യാറെടുക്കുകയും ചെയ്തതിന്റെ രേഖകൾ കാണാൻ കഴിയുന്നു. അതുപോലെ മദ്രാസിലേയും പഞ്ചാബിലേയും ഹൈദരാബാദിലേയും ബംഗാളിലേയും എല്ലാ പങ്കാളിത്തം കൂടുതൽ വ്യക്തമായിത്തീരുന്നു. കാണാത്ത ദൃശ്യങ്ങളും കേൾക്കാത്ത ശബ്ദങ്ങളും കൂടുതൽ സ്പഷ്ടമായിത്തീരുന്നു. എന്നാൽ ഇതേ ഘട്ടത്തിൽ മതമൗലികവാദികൾ 1857-ൽ നടന്നത്, രണ്ടു നാഗരികതകൾ തമ്മിലുള്ള ഏറ്റുമുട്ടലായിരുന്നുവെന്നും മുസ്ലീമിങ്ങളുടെ ജിഹാദി പ്രസ്ഥാനം അൽഖൈായ്ദാ, താലിബാൻ തുടങ്ങിയവയിലൂടെ ഇന്നു സജീവമായിട്ടുണ്ടെന്നും വ്യവഹരിക്കുന്നു. തങ്ങളുടെ പ്രസ്ഥാനങ്ങൾക്ക് ഭൂതകാലത്തെ അടിസ്ഥാനമാക്കി കരുത്താർജിക്കുകയെന്നതാണവരുടെ ലക്ഷ്യമെന്നും വിവരിക്കുന്നു. ഇത്തരം സമീപനം പ്രതിലോമപരമാണുതാനും.

കലാപത്തിന്റെ 150-ാം വർഷത്തിന്റെ സ്മരണ, അതിന്റെ സാമ്രാജ്യത്വ വിരോധ സ്വഭാവം ബഹുജനജീവിതത്തിന്റെ ഭാഗമാക്കാതെയും അത്തരം ഒരു ആശയമായി രൂപപ്പെടുത്താതെയും അൽപം നേതൃത്വങ്ങളുടെ സ്മരണ മാത്രമായി നിലനിർത്തുകയെന്നത് ഒരു ജനതയുടെ ചരിത്രം വിസ്മരിക്കുന്നതിന് തുല്യമാണ്. ഇക്കാരണത്താൽ 1857-നു ഇന്ത്യൻ സമൂഹത്തെ സംബന്ധിച്ച് ഒരു ചരിത്രം മാത്രമല്ല ഒരു പാഠവും കൂടി ഉണ്ടെന്നതാണ് യാഥാർത്ഥ്യം. ആ യാഥാർത്ഥ്യത്തിന്റെ സ്മരണ പുതുക്കുവാൻ കൂടി ഈ അവസരം ഉപയുക്തമായിത്തീരട്ടെ. ഏറ്റവും പ്രധാനമായ സാമ്രാജ്യത്വവിരുദ്ധപോരാട്ടം എന്ന ആശയം ഇതിന്റെ പാഠമായി രൂപാന്തരപ്പെട്ടിരിക്കുന്നു.

ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിനു താൽപര്യമെടുത്ത എന്റെ സുഹൃത്ത് ഒ.കെ. ജോണിയോടും അതുപോലെ *മാതൃഭൂമി*യോടും പ്രത്യേകം കടപ്പാടുകൾ. ഇതിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ചിത്രങ്ങൾ ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ച്, ന്യൂഡൽഹി നടത്തിയ പ്രദർശനത്തിന്റെ ഭാഗമായ ഗ്രന്ഥത്തിൽ നിന്നാണ്. അതിന്ന് ആ സ്ഥാപനത്തോടുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

– ഡോ. കെ.കെ.എൻ. കുറുപ്പ്

# ഇന്ത്യൻ പശ്ചാത്തലം

ആധുനിക ഇന്ത്യയുടെ ചരിത്രത്തിലെ നിർണായകവും വൈവിധ്യവുമാർന്ന രണ്ടു സംഭവങ്ങൾ ബ്രിട്ടീഷ് സാമ്രാജ്യ സ്ഥാപനവും സാമ്രാജ്യവിമോചനവുമാണ്. ലോകത്തിലെ ഏറ്റവും വലിയ സാമ്രാജ്യങ്ങളിലൊന്നായ മുഗളാധിപത്യം പതിനെട്ടാം നൂറ്റാണ്ടിൽ ഔറംഗസീബ് ചക്രവർത്തിയുടെ മരണാനന്തരം നിരന്തരം ശിഥിലീകരിക്കപ്പെട്ടു. അനേകം പ്രാന്തീയ ഭരണാധികാരികളും നവാബുമാരും സ്വതന്ത്രരാവാൻ തുടങ്ങി. അവരുടെ സ്വാതന്ത്ര്യാഭിലാഷം നാമമാത്രമായ മുഗൾഭരണത്തെ നിരാകരിക്കുകയും അനേകം രാഷ്ട്രീയാധികാരകേന്ദ്രങ്ങളായി സ്വയം രൂപാന്തരപ്പെടുകയും ചെയ്തു. ഒരു കേന്ദ്രീയഭരണത്തിന്റെ ശൂന്യത സൃഷ്ടിച്ച ഈ പശ്ചാത്തലത്തിൽ നവാബുമാരും മുഗൾ വൈസ്രോയിമാരും സുബേദാർമാരും പരസ്പരം ആക്രമണത്തിലേക്കും പ്രത്യാക്രമണത്തിലേക്കും നീങ്ങിക്കഴിഞ്ഞിരുന്നു. ഇന്ത്യൻ സൈനിക ശക്തിയെ ഇതെല്ലാം ദുർബലമാക്കിത്തീർത്തു.

ഇത്തരം ഒരു രാഷ്ട്രീയ പശ്ചാത്തലത്തിൽ അധികാരം കയ്യടക്കുവാനാഗ്രഹിക്കുന്ന ഒരു വിദേശ ശക്തിക്ക് ഇവിടെ സ്വതന്ത്രമായി പ്രവർത്തിക്കുവാനുള്ള അവസരം യാദൃച്ഛികമായി ലഭിച്ചുവെന്നു പറയാം. വേണമെങ്കിൽ അതിന്ന് മറ്റൊരു രാഷ്ട്രീയാധികാരകേന്ദ്രമായി പ്രവർത്തിക്കുവാനും കഴിയുമായിരുന്നു. യൂറോപ്യൻ കമ്പനികൾ ഇന്ത്യയിൽ പ്രവർത്തിച്ച പശ്ചാത്തലം ഇതായിരുന്നു. അവയിൽ ഏറ്റവും പ്രധാനമായ ശക്തി ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയാണ്. എന്നാൽ ഈ കമ്പനിക്ക് ഇതേ ലക്ഷ്യത്തിൽ പ്രവർത്തിച്ചിരുന്ന ഫ്രഞ്ച് ഈസ്റ്റിന്ത്യാ കമ്പനിയെ പരാജയപ്പെടുത്തിക്കൊണ്ട് മുഗൾഭരണം സൃഷ്ടിച്ച ശൂന്യതയിൽ പകരം നിൽക്കുവാൻ കഴിഞ്ഞു. ഇതിന്നവരെ പ്രാപ്തരാക്കിയ അനേകം ചരിത്രവസ്തുതകൾ കാണാം. കൊളോണിയൽ ചരിത്രകാരന്മാർ അവയുടെ വിശദമായ പഠനങ്ങളും വിശകലനങ്ങളും നൽകിയിട്ടുണ്ട്. കമ്പനി ഇന്ത്യയിൽ ഒരു വലിയ ഭൂപ്രദേശത്തിന്റെ ഉടമയായിക്കഴിഞ്ഞു.

ഒരു വിശാല സാമ്രാജ്യം വിദേശികളായ അൽപം കമ്പനി ഷെയർ ഉടമകളുടെ, അധികാരത്തിലെത്തിക്കഴിഞ്ഞ സംഭവപരമ്പരകൾ ഒരു പ്രധാന സംഭവമായി. അവർ ഇന്ത്യയിലേക്ക് മുൻകാലങ്ങളിൽ കടന്നുവന്നു ഭരണം സ്ഥാപിച്ച പലരിൽനിന്നും വ്യത്യസ്തരായിരുന്നു. ഇന്ത്യയിലെ വിഭവങ്ങൾ തങ്ങളുടെ ആവശ്യാർത്ഥം സ്വന്തം നാട്ടിലേക്കു കടത്തിക്കൊണ്ടുപോകുന്ന ഒരു വിഭാഗം. അവിടെ പതിനാറാം നൂറ്റാണ്ടിന്റെ സാമ്പത്തിക സിദ്ധാന്തങ്ങളും മർക്കൻടലിസവും ഭരണതന്ത്രമായി മാറുന്നു. കാറൽമാർക്സ് വിശേഷിപ്പിച്ചതുപോലെ

മർച്ചന്റ് കാപ്പിറ്റലിസത്തിന്റെ ആരംഭവും വളർച്ചയും ഇന്ത്യയെ കോളനിവൽക്കരണത്തിന്റെയും വിദേശാധിപത്യത്തിന്റെയും പാതയിലെത്തിച്ചു.

രണ്ടാമത്തെ സംഭവം ഈ കമ്പനിഭരണവും തുടർന്നുവന്ന ബ്രിട്ടീഷ്രാജ് എന്ന രാജവാഴ്ചയും ഏതാണ്ട് 150 വർഷത്തോളം ഇന്ത്യയിൽ നിലനിന്നതാണ്. ഈ വാഴ്ചകൾക്കെതിരായി ഇന്ത്യൻ സമൂഹം നടത്തിയ അനേകം സമരങ്ങളും പിന്നീടുയർന്നുവന്ന ശക്തമായ ദേശീയപ്രസ്ഥാനവും 1947-ൽ വിഭജനത്തോടെയാണെങ്കിലും നേടിയെടുത്ത സ്വാതന്ത്ര്യവും ഇതിലുൾപ്പെടുന്നു. ഈ രണ്ടു സംഭവങ്ങളും ആധുനികേന്ത്യയുടെ രണ്ടു പ്രധാന ഘട്ടങ്ങളാണ്. ഈ രണ്ടാമത്തെ ഘട്ടത്തെ രൂപപ്പെടുത്തിയ അനേകം സംഭവപരമ്പരകൾ ഇന്ത്യക്കകത്തും പുറത്തും പ്രവർത്തിച്ചുവന്നു. അവയിൽ പ്രാധാന്യമർഹിക്കുന്ന മറ്റൊരു സംഭവം 1857-ലെ വമ്പിച്ച സായുധകലാപമായിരുന്നു. ഇന്ത്യയിലെ നാട്ടുപട്ടാളക്കാരും സിവിൽ സമൂഹവും ഭൂവുടമകളടക്കമുള്ള മറ്റനേകം വിഭാഗങ്ങളും വിവിധ ഭൂപ്രദേശങ്ങളിലും പട്ടണങ്ങളിലും ലോകചരിത്രത്തിൽതന്നെ അത്യന്തം പ്രാധാന്യം അർഹിക്കുന്ന ഒരു കലാപം നടത്തി. ഒരുപക്ഷേ ആയിരത്തിലധികം ഗ്രന്ഥങ്ങൾ, പഠനങ്ങൾ ഈ ഏകവിഷയത്തെ കേന്ദ്രീകരിച്ച് പ്രസിദ്ധപ്പെടുത്തിക്കാണാം. (ഇന്ത്യൻ ചരിത്ര കൗൺസിൽ തയ്യാറാക്കിയ പഠനം കാണുക).

ചരിത്രപരമായി വിശകലനം ചെയ്യുമ്പോൾ 1857-ൽ നിന്നും 1947ലേക്കുള്ള ദൂരം വെറും തൊണ്ണൂറു വർഷമാണ്. എന്നാൽ ഈ തൊണ്ണൂറു വർഷത്തിനകം ഇന്ത്യൻ ജനത കടന്നുപോയ സംഭവങ്ങളും ആ ജനതയുടെ പ്രത്യയശാസ്ത്രപരമായ കാഴ്ചപ്പാടുകളും 1857-ൽ നിന്നും 1947ലെത്തുമ്പോൾ വളരെ വ്യത്യസ്തമാണെന്നു കാണാം. ഇന്ത്യാചരിത്രത്തിന്റെ വിസ്മയകരമായ ഈ പരിവർത്തനം സൃഷ്ടിച്ച രാഷ്ട്രീയമായ ഇച്ഛാശക്തി 1857-ന്റെ അടിത്തറയിൽ കെട്ടിപ്പടുത്തതാണെന്നു പറയാം. എന്നാൽ ആ സംഭവമാകട്ടെ ഒരു സ്വതന്ത്രസംഭവമെന്ന നിലയിൽ 1857-ൽ പെട്ടെന്നു ഉയർന്നുവന്നതല്ലതാനും. അതിന്റെ തായ്വേരുകൾ 1757-ലെ പ്ലാസിയിലേക്കു മാത്രമല്ല കമ്പനിയുടെ ഫാക്ടറി രൂപീകരണത്തിന്റെ ഘട്ടത്തിലേക്കു കൂടി വ്യാപിച്ചുകിടക്കുന്നു. കമ്പനിയുടെ ആധിപത്യത്തിനും വിഭവശോഷണത്തിനും ഭരണത്തിനും വംശീയമായ പൊങ്ങച്ചത്തിനും എതിരായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വിവിധ കാലങ്ങളിൽ നാട്ടുപട്ടാളക്കാരും ആൾക്കൂട്ടങ്ങളും അവകാശം നഷ്ടപ്പെട്ട നാടുവാഴികളും പ്രഭുക്കളും എല്ലാം കലാപങ്ങളിൽ ഏർപ്പെട്ടിരുന്നു. ഇവരെല്ലാം 1857-ന്റെ ഏറ്റവും വലിയ പ്രേരകഘടകങ്ങളായിരുന്നു. സംഭവങ്ങളുടെ ഈ നൈരന്തര്യം അഥവാ അനുസ്യൂതത 1857-നു രൂപം കൊടുത്തപ്പോൾ ആ സംഭവം മാത്രം അടിസ്ഥാനമാക്കിയുള്ള ഒരു ചരിത്രരചന ന്യായീകരിക്കപ്പെടുന്നില്ല. ഈ പശ്ചാത്തലത്തിൽ 1857-ന്റെ സംഭവത്തെ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ആവിർഭാവം മുതലുള്ള സമഗ്രമായ ഒരു പശ്ചാത്തലത്തിൽ വിശദീകരിക്കേണ്ടതുണ്ട്. ആ വിശദീകരണം രാഷ്ട്രീയമായ പല ചോദ്യങ്ങളും ഇന്ത്യൻ മനസ്സിൽ ഉയർത്തുന്നു. ഇന്ത്യൻ ഭരണാധികാരവർഗത്തിന്റെ രാഷ്ട്രീയമായ ഹ്രസ്വവീക്ഷണവും സമ്പത്ത് ആർജിക്കുവാനുള്ള ത്വരയും ആഡംബരജീവിതത്തിനുള്ള

ഔത്സുക്യവും എല്ലാം വേണ്ടവിധം കമ്പനിക്കു ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞു. ടിപ്പുസുൽത്താനെപ്പോലുള്ള അൽപം ചിലരുടെ പ്രവർത്തനങ്ങൾക്കു ചെറുത്തുനിൽക്കുവാൻ കഴിയുന്ന ഒന്നായിരുന്നില്ല കമ്പനിയുടെ ഘടനയും ആയുധസാമഗ്രിയും നാവികമേധാവിത്വവും. ഇന്ത്യൻ ശക്തികളിലെ വിഘടിതമായ പശ്ചാത്തലവും നയതന്ത്രരാഹിത്യവും കമ്പനിക്കു വേണ്ടവിധം ഉപയോഗിക്കുവാൻ കഴിഞ്ഞു. മറാത്തരും നൈസാമും സുൽത്താനെതിരായി യുദ്ധം നയിച്ചത് കമ്പനിയുടെ തന്ത്രപരമായ വിജയമല്ലാതെ മറ്റെന്താണ്!

## ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയും ലക്ഷ്യവും

കമ്പനിയുടെ ആവിർഭാവം ചരിത്രത്തിലെ ഒരു യാദൃച്ഛിക സംഭവമായിരുന്നില്ല. മറ്റു യൂറോപ്യൻ രാജ്യങ്ങളോടൊപ്പം പൂർവദിക്കുകളുമായി ബന്ധം പുലർത്തുകയെന്ന നീണ്ടകാലത്തെ ഒരാഗ്രഹം അതിന്റെ പിന്നിൽ പ്രവർത്തിച്ചു. എലിസബത്തൻ കാലഘട്ടത്തിൽ നാവികപര്യവേക്ഷണത്തിൽ ഡ്രെയിക്, ഗിൽബർട്ട്, ഗ്രെൻവിൽ, ഹോക്കിൻസ്, റാലി തുടങ്ങിയവർ ഇംഗ്ലണ്ടിന്റെ സമുദ്രതീരത്തെ വളരെ ദൂരെയെത്തിച്ചു. ഈസ്റ്റിന്ത്യാ കമ്പനിയുടെ രൂപീകരണത്തിൽ ഈ യാത്രകൾ സ്വാധീനിച്ചിരുന്നു. കൂടാതെ 1581-ൽ രൂപീകരിച്ച ലെവൻട് അഥവാ ടർക്കി കമ്പനി നിവാസികൾക്കു വലിയ അനുഭവസമ്പത്തായിത്തീർന്നു. അവർ 101 ഷെയറുകളുമായി 30133 പവൻ മൂലധനത്തോടെ ലീഡൻ ഹാളിൽ വെച്ച് ഗവർണർ ആന്റ് ദ കമ്പനി ഓഫ് മർച്ചന്റ്സ് ഓഫ് ലണ്ടൻ ട്രെയിഡിംഗ് ഇൻ ടു ദ ഈസ്റ്റിന്തീസ് രൂപീകരിക്കുകയും 1600 ഡിസംബർ 31-നു 15 വർഷത്തെ കുത്തക നൽകുന്ന ഒരു ചാർട്ടർ (അധികാരപത്രം) എലിസബത്ത് രാജ്ഞിയിൽ നിന്നു സമ്പാദിക്കുകയും ചെയ്തു. (ജെയിംസ് മില്ലിന്റെ ഹിസ്റ്ററി ഓഫ് ബ്രിട്ടീഷ് ഇന്ത്യാ, വോളിയം 1 (1817) കാണുക) പിന്നീട് ഓരോ വ്യാപാരിയു നിക്ഷേപിക്കുന്നത്ര മൂലധനം സ്വരൂപിച്ചുകൊണ്ട് 1657 മുതൽ തുടർച്ചയായ ഒരു ജോയിന്റ് സ്റ്റോക്ക് കമ്പനിയായി മാറി.

ഈ കമ്പനിക്കു ഇന്ത്യയുമായി വ്യാപാരം നടത്തിവന്ന മറ്റനേകം കമ്പനികളായ പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച്, സ്പാനിഷ് എന്നിവയുമായി മത്സരിക്കേണ്ടിവന്നു. കൂടാതെ ഇംഗ്ലീഷുകാരായ നുഴഞ്ഞുകയറ്റക്കാരുമായി (ഇന്റർ ലോപ്പർ) അഥവാ സ്വതന്ത്ര വ്യാപാരികളുമായി മത്സരിക്കേണ്ടിയിരുന്നു. ഒരു കമ്പനിയുടെ മാത്രം കുത്തക ഇഷ്ടപ്പെടാതിരുന്ന പാർലമെന്റ് പിന്നീട് മറ്റൊരു കമ്പനിക്കു ചാർട്ടർ നൽകി. ഈ രണ്ടു കമ്പനികളുടെയും പരസ്പര മത്സരം രാജ്യതാൽപര്യത്തിനു ഹാനികരമാണെന്നു കണ്ട് 1708-ൽ ഗോഡോൾഫിൻ അവാർഡ് പ്രകാരം യുണൈറ്റഡ് കമ്പനി ഓഫ് മർച്ചന്റ്സ് ഓഫ് ഇംഗ്ലണ്ട് ട്രെയിഡിംഗ് ഇൻടു ദ ഈസ്റ്റിന്തീസ് എന്ന പേരിൽ സംയോജിക്കപ്പെട്ടു. കോർട്ട് ഓഫ് ഡയറക്ടർമാർ നിയമിച്ച ഈ കമ്പനിയാണ് ചരിത്രത്തിൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയായി അറിയപ്പെടുന്നത്.

ഗോഡോൾഫിൻ അവാർഡിനു ശേഷം 50 വർഷങ്ങൾക്കിടയിൽ കമ്പനി ബംഗാളിന്റെ ഭരണാധികാരികളായി മാറുന്നു. ഇന്ത്യയിൽ ക്രമേണ അനേകം

ഭൂപ്രദേശങ്ങളും അനേകം ജനലക്ഷങ്ങളും കമ്പനിയുടെ ഭരണത്തിനു കീഴിലായി. കൊടി വാണിജ്യത്തെ പിന്തുടരുകയായിരുന്നുവോ അതല്ല വാണിജ്യം കൊടിയെ പിന്തുടരുകയായിരുന്നുവോ എന്ന വസ്തുത ചരിത്രകാരന്മാരിൽ ഇന്നും ഒരു തർക്ക വിഷയമാണ്. കൊടിയും വാണിജ്യവും സംയോജിപ്പിച്ചെടുത്ത ഒരു സംരഭമായിരുന്നു കമ്പനി.

എലിസബത്ത് കാലത്തെ പ്രചുരപ്രചാരമാർജിച്ച പദമായ ഫാക്ടറികൾ ഇന്ത്യയുടെ പല ഭാഗങ്ങളിലും സ്ഥാപിച്ചുകൊണ്ട് അവയെ കമ്പനിയുടെ സാമ്രാജ്യത്തിന്റെ അടിത്തൂണുകളായി മാറ്റിയെടുക്കുവാൻ ഈ വ്യാപാരികൾക്കു പെട്ടെന്നു കഴിഞ്ഞു. വിദേശരാജ്യങ്ങളിൽ വ്യാപാര വസ്തുക്കൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന കേന്ദ്രമായിരുന്നു ഒരു ഫാക്ടറി. പടിഞ്ഞാറൻ കടൽത്തീരത്ത് സൂറത്ത്, ബോംബെ, കാർവാർ, ഭട്ക്കൽ, തലശ്ശേരി, അഞ്ചുതെങ്ങ് തുടങ്ങിയ ഫാക്ടറികൾ കമ്പനി സ്ഥാപിച്ചു. ഓരോ ഫാക്ടറിക്കും മുഖ്യൻ, ഫാക്ടർ, മർച്ചന്റ് തുടങ്ങിയ ഉദ്യോഗസ്ഥരും ചെറിയ കാവൽ സൈന്യവും ഉണ്ടായിരുന്നു. അനേകം ഫാക്ടറികൾ ഒരു പ്രസിഡൻസിയുടെ കീഴിൽ കൊണ്ടുവരികയും ഒരു ഗവർണർ അവയുടെ മേൽനോട്ടം വഹിക്കുകയും ചെയ്തു. ഇത്തരം മൂന്നു പ്രസിഡൻസികൾ കൊൽക്കത്ത (ഫോർട്ട് വില്യം), മുംബൈ (ബോംബെ കാസിൽ), ചെന്നൈ (ഫോർട്ട് സെന്റ് ജോർജ്) എന്നിവയായിരുന്നു. കൊൽക്കത്തയിലെ ഗവർണർക്ക് മറുകേന്ദ്രങ്ങളുടെ ആധിപത്യവും കൂടിയുള്ള ഗവർണർ ജനറൽ എന്ന പദവി റഗുലേറ്റിംഗ് ആക്ട് പ്രകാരം അനുവദിച്ചു. അദ്ദേഹത്തിന്റെ കൗൺസിൽ ഭൂരിപക്ഷം അനുസരിച്ചുള്ള തീരുമാനങ്ങളെടുത്തു. ഇത്തരത്തിൽ ബ്രിട്ടീഷ് രാജിലേക്കുള്ള ഭരണരീതി, ഒരു ബ്രിട്ടീഷിന്ത്യൻ ഭരണക്രമം, ക്രമേണ ഇന്ത്യയിൽ ഉരുത്തിരിഞ്ഞുവന്നു.

## കമ്പനിയും മുഗൾഭരണവും

പതിനേഴാം നൂറ്റാണ്ടിൽതന്നെ ഈസ്റ്റിന്ത്യാ കമ്പനി ഇന്ത്യയിൽ അതിന്റെ സ്വാധീനമുറപ്പിച്ചപ്പോൾ വടക്കേ ഇന്ത്യയും ഹൈദരാബാദും എല്ലാം മുഗൾ ഭരണത്തിന്റെ നേരിട്ടുള്ള ഭരണത്തിലായിരുന്നു. അഫ്ഗാനിസ്ഥാനിലെ കാബൂളിലേക്കും മറ്റുമുള്ള അവരുടെ വികസനനയം അവസാനിപ്പിച്ചുകൊണ്ട് ഷാജഹാൻ തുടങ്ങിയ ചക്രവർത്തിമാർ ഡക്കാൻ തങ്ങളുടെ ഭരണത്തിൽ കൊണ്ടുവരാൻ ശ്രമിച്ചു. ഡക്കാനിലും പശ്ചിമേന്ത്യയിലും മറ്റു ഹിന്ദു രാജ്യങ്ങളും മറാത്തരും ശക്തിയാർജിച്ചു. മറാത്തർ അറ്റോക്കിൽ തങ്ങളുടെ കാവിക്കൊടി പറത്തുവാനാഗ്രഹിച്ചു. ഈ ശക്തികൾ നിരന്തരം ഏറ്റുമുട്ടുകയും ചെയ്തു. ഡക്കാൻ അൾസർ ഔറംഗസീബിന്റെ കാലഘട്ടത്തിൽ മുഗൾ ശിഥിലീകരണത്തിനു വഴിയൊരുക്കി.

മുഗൾഭരണം തകർന്നപ്പോഴും ഒരാശയം എന്ന നിലയിൽ, ഒരു രാഷ്ട്രീയ പൈതൃകമെന്ന നിലയിൽ തദ്ദേശീയരുടെയും യൂറോപ്യരുടെയും മനസ്സിൽ മുഗൾ നയതന്ത്രബന്ധം അസ്തമിച്ചിരുന്നില്ല. അതിനാൽ പല ഫാക്ടറികൾ സ്ഥാപിക്കുവാനും വ്യാപാരം നടത്തുവാനും ഈസ്റ്റിന്ത്യാകമ്പനി മുഗൾ

ചക്രവർത്തിയുടെ ഫർമാൻ (കല്പന) നേടിയെടുത്തു. ഫ്രഞ്ചുകാരും, ഇംഗ്ലീഷുകാരും, പോർച്ചുഗീസുകാരും, ഡച്ചുകാരും എല്ലാം ഈ ഫർമാനുകൾക്കായി കാത്തു നില്ക്കുകയും ചെയ്തു. വാസ്തവത്തിൽ അധികാരമില്ലാത്തവർ നല്കിയ അധികാരപത്രമായി ഈ ഫർമാനുകൾ നിലനിന്നു. അവ നടപ്പിലാക്കുവാൻ യൂറോപ്യൻ ശക്തികൾ അതാത് പ്രാദേശിക ശക്തികളുമായിച്ചേർന്ന് പരസ്പരം ഏറ്റുമുട്ടി. ഈ ഏറ്റുമുട്ടലുകളിലൂടെ ഇന്ത്യയുടെ വിവധഭാഗങ്ങളിൽ പുതിയ രാഷ്ട്രീയ ശക്തിയായി ഈസ്റ്റിന്ത്യാകമ്പനി ഉയർന്നു വന്നു.

ഇത്തരത്തിലുള്ള അധികാരവിപുലീകരണത്തിലൂടെ ബംഗാൾ അടക്കമുള്ള ഭൂ പ്രദേശങ്ങളുടെ റവന്യു പിരിച്ചെടുക്കുവാനും ഭരണത്തിൽ പ്രവേശിക്കുവാനും ഈസ്റ്റിന്ത്യാകമ്പനിക്കു കഴിഞ്ഞു. ബ്രൂസ്, ജെയിംസ് മിൽ തുടങ്ങിയ ചരിത്രകാരന്മാരുടെ ന്യായീകരണം ഇപ്രകാരം സംഗ്രഹിക്കാം. ഞങ്ങൾ വാണിജ്യത്തിനുവേണ്ടി ഇന്ത്യയിൽ വന്നു. ഇവിടെ നിയമപരിപാലനം തകർന്നിരുന്നതിനാൽ വാണിജ്യത്തിനായി രാഷ്ട്രീയാധികാരം കയ്യടക്കേണ്ടതായി വന്നു. ഇന്ത്യൻ രാഷ്ട്രീയ പശ്ചാത്തലമാണ് കമ്പനിയെ ഒരു രാഷ്ട്രീയ ശക്തിയായി രൂപാന്തരപ്പെടുത്തിയത്. കാര്യങ്ങൾ ഭജനം മൂത്ത് ഊരായ്മയായി എന്നു പറയുന്ന ചൊല്ല് യാഥാർത്ഥ്യമാക്കി. ക്രമേണ 1835 മുതൽ കമ്പനി മുഗൾ ചക്രവർത്തിയുടെ പേർപോലും തങ്ങളുടെ നാണയങ്ങളിൽനിന്നും ഒഴിവാക്കി പൂർണ്ണമായും ഒരു ഇന്ത്യൻ രാഷ്ട്രീയ ശക്തിയായി മാറി.

കമ്പനിയുടെ ഘടനയിൽത്തന്നെ വാണിജ്യവും രാഷ്ട്രീയവും നിലനിന്നിരുന്നു. ഉദാഹരണത്തിന് ഇംഗ്ലീഷുകാർ ഇന്ത്യയിലായിരിക്കെ അവരെ നിയമപരമായി ശിക്ഷിക്കുവാനുള്ള രാഷ്ട്രീയാധികാരം കമ്പനി അധികാരികൾക്കായിരുന്നു. രാജ്ഞി ഇവിടെ അധികാരം വീതിച്ചുകൊടുക്കുകയായിരുന്നു. കമ്പനിയുടെ കപ്പലുകൾ കന്നിയാത്ര നടത്തിയപ്പോൾ തെംസ് നദിക്കരയിൽ രാജ്ഞി അനുഗ്രഹാശിസ്സുകൾ നല്കുവാനെത്തിച്ചേർന്നു. ഈ കപ്പലുകൾക്കു സംരക്ഷണം നല്കിയത് റോയൽ നാവികപ്പടയും നാവികരും ആയിരുന്നു.

ഇന്ത്യയിൽ നടന്ന പ്രധാനയുദ്ധങ്ങളിലെല്ലാം കമ്പനിയെ രാജകീയ സൈന്യവും നാവികസൈന്യവും അനുഗമിച്ചു. ചിലപ്പോൾ ഈ രണ്ടു സൈന്യങ്ങളുടെയും മേധാവികൾ തമ്മിൽ അപസ്വരങ്ങൾ ഉണ്ടായിട്ടുമുണ്ട്. റോബർട്ട് ക്ലൈവ് 1757-ൽ പ്ലാസിയിൽ നേടിയ വിജയം സൈനികതന്ത്രമെന്നതിനേക്കാൾ സ്വർണ്ണനാണയത്തിന്റെ വിജയമായിരുന്നു. കാറൽ മാർക്സ് അദ്ദേഹത്തെ കൊള്ളക്കാരൻ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. (ന്യൂയോർക്ക് ഡെയ്‌ലി ട്രിബ്യൂൺ, 8 അഗസ്ത് 1853) പിന്നീട് ബുക്സാർ യുദ്ധത്തിലും (1763), ശ്രീരംഗപട്ടണം യുദ്ധത്തിലും (1799), മറാത്ത യുദ്ധത്തിലും (1817-18), പഞ്ചാബ് യുദ്ധത്തിലും (1849) എല്ലാം വിജയം വരിച്ചുകൊണ്ട് കമ്പനി മുഗൾ ഭരണത്തിനു പകരമായി അധികാരം പിടിച്ചെടുക്കുകയായിരുന്നു. ഹൈദരാബാദിലെ നൈസാം മുഗൾ ഭരണത്തിന്റെ ബദൽ ശക്തിയായ കമ്പനിയുടെ പരമാധികാരം അംഗീകരിച്ചു. ഇത്തരത്തിലൊരു വളർച്ചയിൽ, പരമാധികാരം കയ്യടക്കിക്കൊണ്ട് കമ്പനി ഒരു സാമ്രാജ്യം തന്നെ ഇന്ത്യയിൽ കെട്ടിപ്പടുത്തു.

ഈ കീഴടക്കലിന്റെ ഒരു പ്രത്യേകത, ഇന്ത്യൻ വിഭവങ്ങളും ഇന്ത്യൻ സൈന്യവും ഉപയോഗിച്ചുകൊണ്ടായിരുന്നു ഇന്ത്യയെ അടിമയാക്കിത്തീർത്തത്. കമ്പനിയുടെ നാവികശക്തി തന്ത്രപരമായി രണ്ടു തീരപ്രദേശങ്ങളേയും പരസ്പരം കൂട്ടിയിണക്കി. വിവിധ ഭാഗങ്ങളിലുള്ള കമ്പനിയുടെ ഫാക്ടറികൾ അന്നത്തെ സ്വതന്ത്ര സോണുകൾ എന്നപോലെ പ്രവർത്തിക്കുകയും കമ്പനിയുടെ പരമാധികാരത്തിന്റെ താങ്ങുതൂണുകളായി നിലകൊള്ളുകയും ചെയ്തു. ഇംഗ്ലീഷ് കമ്പനിയോട് രാഷ്ട്രീയമായി മത്സരിച്ച ഫ്രഞ്ചു കമ്പനിക്ക് തങ്ങളുടെ അധികാരം പോണ്ടിച്ചേരി എന്ന പ്രദേശത്തെ കേന്ദ്രീകരിച്ചുകൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. വളരെ മുമ്പു തന്നെ ബീജാപ്പൂർ സുൽത്താനിൽനിന്നും പിടിച്ചെടുത്ത പ്രദേശമായ ഗോവ കൈവശം വെച്ചുകൊണ്ട് പോർച്ചുഗീസുകാരും തൃപ്തരായി.

ഇന്ത്യയിലേയും സമീപ ഏഷ്യൻ രാജ്യമായ ചൈനയിലേയും സംഭവ പരമ്പരകളെ താരതമ്യം ചെയ്യുമ്പോൾ ചൈനയിലെ മാഞ്ചു രാജഭരണം ഇരുപതാം നൂറ്റാണ്ടിലും തുടർന്നുവന്നു. എന്നാൽ ഇന്ത്യയിൽ പതിനെട്ടാം നൂറ്റാണ്ടിൽ തന്നെ മുഗൾഭരണം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിയുടെ വിപുലീകരണപ്രക്രിയക്കു മുമ്പിൽ തകർന്നു കഴിഞ്ഞിരുന്നു. വിദേശികളെ മുഴുവൻ മെക്കാവോവിൽ മാത്രം വാണിജ്യത്തിനനുവദിച്ചുകൊണ്ടുള്ള ഒരു വ്യാപാരനിയന്ത്രണത്തിനു ചൈനീസു ഭരണാധികാരികൾ പരിശ്രമിച്ചു. അതിനാൽ വിദേശികൾക്കു രാജ്യമെങ്ങും കടന്നുചെല്ലുവാൻ കഴിഞ്ഞില്ല. ഇതിനെതിരായി 1840-കളിലും മറ്റും അവർക്കു ചൈനക്കാരോട് ഓപ്പിയം യുദ്ധങ്ങൾ ചെയ്യേണ്ടി വന്നു.

ഇന്ത്യയുടെ പരമാധികാരം കയ്യടക്കുന്നതിൽ സഹായക വ്യവസ്ഥ ( സബ്സിഡിയറി അലയൻസ്) നാട്ടുരാജാക്കന്മാർക്കെതിരായി ഫലപ്രദമായി കമ്പനിക്ക് ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞു. നാട്ടു രാജാക്കന്മാരുടെ ഭരണകേന്ദ്രങ്ങളിൽ ബ്രിട്ടീഷ് റസിഡൻസിയും ബ്രിട്ടീഷ് പട്ടാളവും കടന്നു വന്നപ്പോൾ അവർ കമ്പനിയുടെ കളിപ്പാവകളായി. ഏറ്റവും വലിയ ഉദാഹരണം നൈസാം തന്നെ. ഒരു വെടിയുണ്ടയും ചെലവാക്കാതെ അധികാരം സ്ഥാപിക്കുവാൻ ഈ വ്യവസ്ഥ ഏർപ്പെടുത്തിയ മോണിംഗ്ടൺ പ്രഭുവിന് (വെല്ലസി പ്രഭു) സാധിച്ചു. പിന്നീട് ദുർഭരണത്തിന്റെ പേരിലും നൈസർഗ്ഗികമായ അവകാശികളില്ലാത്തപ്പോഴും അത്തരം രാജ്യങ്ങൾ പിടിച്ചടക്കുന്ന നിയമം ഡൽഹൗസി പ്രഭുവും നടപ്പിലാക്കി.

തന്റെ പിടിച്ചടക്കപ്പെട്ട രാജ്യം തിരിച്ചു കിട്ടുവാനായി, ബ്രിട്ടീഷ് സിംഹാസനത്തിന്റെ മുമ്പാകെ നീതിക്കു യാചിച്ചുകൊണ്ടെത്തിയ അവധിലെ രാജ്ഞിയുടെ കഥ (ന്യൂസ് ഓഫ് ദ വേൾഡ്, 21 സപ്തംബർ 1856ൽ) 'നമ്മുടെ കറുത്ത സന്ദർശക' എന്ന പേരിൽ ഒരു പത്രം നൽകിയത് ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ നിയമങ്ങളുടെ നിയമരാഹിത്യം വ്യക്തമാക്കുന്നു. ആ പത്രമെഴുതി: 'അവധിലെ രാജ്ഞി...നീതിക്കുവേണ്ടിയുള്ള ഒരപ്പീൽ നടത്തുവാൻ നമ്മുടെ കരയിൽ എത്തിയിരിക്കുന്നു. ഒരിക്കലും അവർ കാണാത്ത ഒരു സമുദ്രം, അതു കടന്നു വരുമ്പോൾ മാത്രം കണ്ടിട്ടുള്ള അവർ ഒരു വൻകരയുടെ ഏതോ ഉൾപ്രദേശത്തുനിന്നും ബ്രിട്ടീഷ് സിംഹാസനത്തിന്റെ കാല്ക്കൽ നീതിക്കപേക്ഷിച്ചു

കൊണ്ട് വന്നിരിക്കുന്നു. പതിതയായ ഈ രാജ്ഞിയിൽ സ്പഷ്ടമായ ഒരു ധൈര്യത്തിന്റെ വശമുണ്ട്.' എന്നാൽ രാജ്ഞിക്കു നീതി ലഭിച്ചില്ലെന്ന വസ്തുത ആണ് ചരിത്ര സത്യം.

ഈസ്റ്റിന്ത്യാകമ്പനി ഇന്ത്യയിൽനിന്നും എത്രമാത്രം വിഭവം കടത്തിക്കൊണ്ടുപോയെന്നും അത് ഏതെല്ലാം വിധത്തിലായിരുന്നുവെന്നും രമേഷ്ചന്ദ്ര ദത്തയും ദാദാഭായ് നവറോജിയും തങ്ങളുടെ പഠനങ്ങളിൽ സ്ഥിതിവിവരക്കണക്കുകളോടെ വിവരിക്കുന്നു. ( ദത്ത്, എക്കണോമിക്ക് ഹിസ്റ്ററി ഓഫ് ബ്രിട്ടീഷ് ഇന്ത്യ, 2 വോളിയം). കമ്പനിയുടെ നികുതി വ്യവസ്ഥ, അതിന്റെ പേരുകൾ, ജമീന്ദാരി, യെറ്റ്വാരി, മിറാസ്ദാരി, മഹൽവാരി എന്നിങ്ങനെ പലതായിരുന്നാലും ലക്ഷ്യം ഉല്പാദനമിച്ചം പിഴിഞ്ഞെടുക്കുകയെന്നതു മാത്രം. അസന്നിഹിത ഭൂപ്രഭുത്വവും, മത്സരകരമായ പാട്ടം പിരിവും, ഭൂമിയുടെ വ്യാപാരവല്ക്കരണവും പങ്കുപാട്ടക്കാരെയും കുടിയാന്മാരേയും എന്നത്തേക്കാളും വലിയ സാമ്പത്തിക ചൂഷണത്തിനിടവരുത്തി. ഈ കർഷക സമൂഹവും കമ്പനി നടപ്പിലാക്കിയ ബ്രോഡ് ക്ലോത്ത് എന്ന മിൽ വസ്ത്രത്തിന്റെ ഇറക്കുമതിയിൽ പണി നഷ്ടപ്പെട്ട നെയ്ത്തുകാരും നൂല്പുകാരും ഇന്ത്യൻ സമൂഹത്തിലെ ദരിദ്ര ജനലക്ഷങ്ങളുടെ അംഗസംഖ്യ വിപുലീകരിച്ചു. അതു പോലെ കരകൗശലക്കാരും ഇരുമ്പു പണിക്കാരുമായ തൊഴിലാളികളുടെ ജീവിതവൃത്തി പണിയായുധങ്ങളുടെ ഇറക്കുമതി കാരണം വലിയതോതിൽ നഷ്ടപ്പെട്ടു. കമ്പനിയുടെ ചരിത്രകാരന്മാർ തഗ്ഗുകളേയും പിണ്ഡാരികളേയും അമർച്ച ചെയ്തുവെന്നും അത് ബ്രിട്ടീഷുകാരുടെ വിലയ നേട്ടമാണെന്നും ചിത്രീകരിക്കുമ്പോൾ, ഈ വിഭാഗക്കാർ കാർഷിക സമൂഹത്തിൽ ജോലി നഷ്ടപ്പെട്ട് ഗ്രാമീണ കൊള്ളയിൽ പങ്കെടുത്തവരാണെന്നും കമ്പനിയുടെ ഭരണമാണ് ഇതിന്റെ കാരണമെന്നും വിവരിക്കുന്നില്ല. അധികാരത്തിന്റെയും വംശീയതയുടെയും ദാസ്യം വഹിക്കുന്ന ചരിത്രരചനയിലൂടെ തങ്ങൾ ഇന്ത്യയിൽ സംസ്കാരവും ശാന്തിയും സമാധാനവും കെട്ടിപ്പടുക്കുവാൻ വേണ്ടി പ്രവർത്തിക്കുന്ന ഭരണാധികാരികളാണെന്നും ഈ ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടി. ഹെയ്‌ലിബറി കോളേജിൽ ഇത്തരം പാഠപുസ്തകങ്ങൾ പഠിക്കുകയും വംശീയതയുടെ പൊങ്ങച്ചത്തോടെ ഇരുപതു വയസ്സിൽ ഇന്ത്യയിലേക്കു കടന്നു വരികയും ചെയ്ത കമ്പനിയുടെ ഭരണാധികാരികൾ മജിസ്ട്രേട്ടും കമ്മീഷണർമാരും ജഡ്ജിമാരും കമാണ്ടർമാരും എല്ലാമായി വമ്പിച്ച ശമ്പളവും ബത്തയും മറ്റും സൗഭാഗ്യവും കൈപ്പറ്റി ഇന്ത്യൻ ജനതയെ ചപ്രാസികളുടെ സമൂഹമായി നിന്ദാപൂർവ്വം വീക്ഷിച്ചുവെന്നുള്ള കാര്യം അവരുടെ എഴുത്തുകളും പ്രവർത്തനങ്ങളും വ്യക്തമാക്കുന്നു. ഈ സമീപനത്തിനു വ്യതസ്തമായി ഇന്ത്യൻ സാഹിത്യത്തെയും സംസ്കാരത്തെയും കണ്ടെത്തുകയും അതിന്റെ ഉടമകളായ ഒരു ജന സമൂഹത്തോട് പരിഗണനാപൂർവ്വം പെരുമാറുകയും ചെയ്ത ഒരു ന്യൂന വിഭാഗത്തെ പൊതുവേ ഓറിയന്റലിസ്റ്റുകൾ എന്നു ഇത്തരം പൊങ്ങച്ചക്കാർ കളിയാക്കുകയും ചെയ്തിരുന്നു. ഗവർണ്ണർ ജനറൽ വെല്ലസി പ്രഭു തന്റെ കീഴിലെ ഒരു ഗവർണ്ണറായ ജോനാഥൻ ഡങ്കൻ ബോംബെ പ്രസിഡൻസിയുടെ ഗവർണ്ണറായിരിക്കുന്നതിലും നല്ലത്

ബനാറസ്സിൽ (കാശി) ഇരിക്കുന്നതായിരിക്കും ബ്രാഹ്മനൈസ്ഡ് ആയ ഡങ്കനു പറ്റിയതെന്നു എഴുതിയത് ഡങ്കന്റെ സംസ്കൃതഭാഷാ പാണ്ഡി ത്യത്തെയും ഇന്ത്യൻ താല്പര്യത്തേയും പരിഹസിച്ചുകൊണ്ടാകണം. (അദ്ദേഹത്തിന്റെ എഴുത്തുകളുടെ സമാഹാരം).

രാഷ്ട്രീയരംഗത്തും ഭരണരംഗത്തും ഇത്തരത്തിലുള്ള വലിയ മാറ്റങ്ങൾ നടക്കുമ്പോഴും ഇന്ത്യയുടെ സാമ്പത്തിക ഘടന തികച്ചും ഉല്പാദനവും വിതരണവും ഗ്രാമതലങ്ങളിൽ പരമ്പരാഗത സാമൂഹ്യബന്ധങ്ങളെ അടിസ്ഥാനമാക്കി നിലനിന്നു. പരമ്പരാഗതമായ പഞ്ചായത്തുകളും അവയുടെ നീതി വ്യവസ്ഥയും ജാതി ഘടനയും വലിയ സാമ്രാജ്യങ്ങളുടെ അടിസ്ഥാനഘടകമായി നിലനിന്നു. ഗ്രാമസമൂഹങ്ങൾ തൊഴിൽ വിഭജനങ്ങളിലൂടെ അവയുടെ ഉല്പാദന പ്രക്രിയ തുടർന്നു വന്നു. കൂട്ടുകുടുംബ വ്യവസ്ഥയും ശ്രേണീബദ്ധമായ ജാതി വ്യവസ്ഥയും ഉല്പാദനവിതരണ സമ്പ്രദായത്തെ നിയന്ത്രിച്ചു. ജാതിയുമായി ബന്ധപ്പെട്ട തൊഴിൽ കൂട്ടായ്മകൾ ഗ്രാമജീവിതത്തെയും അതിന്റെ സാമ്പത്തിക വ്യവസ്ഥയെയും നിയന്ത്രിച്ചു. ഈ വ്യവസ്ഥയിൽ നിന്നും പണമിടപാടുകളിലൂടെ ഹുണ്ടികക്കാർ എന്ന മറ്റൊരു വിഭാഗം മുതലാളിത്തത്തിലേക്കു വളരുവാനുള്ള മൂലധനം സ്വരൂപിക്കുകയും ഗ്രാമതലങ്ങളിൽ ചൂഷണത്തിന്റെ പ്രതീകങ്ങളാവുകയും ചെയ്തു. ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണത്തിനു കീഴിൽ ഈ വിഭാഗത്തിനു വളർന്നുവരാനും ധാരാളം സ്വത്തുക്കളാർജ്ജിക്കുവാനും കഴിഞ്ഞു. ഈ വിഭാഗത്തിൽനിന്നും കമ്പനിക്കാവശ്യമായ സാമഗ്രികൾ നല്കുന്ന കോൺട്രാക്ടർമാരുടെ അഥവാ കരാറുകാരുടെ ഒരു വിഭാഗം പ്രത്യേകിച്ചും കടൽത്തീര പട്ടണങ്ങളിൽ വളർന്നു വന്നു. ഇന്ത്യൻ മുതലാളിത്തത്തിന്റെ വികസനം പില്ക്കാലത്ത് ഈ വിഭാഗത്തിൽനിന്നും ഉയർന്നുവന്നതാണെന്നു കാണാം. ജാതി വ്യവസ്ഥ ഒരു ഭാഗത്ത് സമൂഹ്യമായ വളർച്ചക്കു വിലങ്ങുതടിയായി. മറുഭാഗത്ത് നിശ്ചിതമായ ഒരുപജീവനത്തിന്റെ വ്യവസ്ഥയുമായി ത്തീർന്നു. ജാതി വ്യവസ്ഥതന്നെ വർഗ്ഗവിഭജനത്തിന്റെ മറ്റൊരു രൂപമായി നിലനിൽക്കുന്നു. ഇക്കാരണത്താൽ വർഗ്ഗസമരത്തെ ഒഴിവാക്കാനുള്ള ആശയപരമായ ഒരു സൂത്രവിദ്യകൂടിയാണ് വ്യവസ്ഥയെന്നു ചിലരെങ്കിലും ചിന്തിക്കുന്നു.

മുഗൾ ഭരണത്തിലും പില്ക്കാലത്തും ഇന്ത്യൻ സമൂഹത്തിലെ ജാതിവ്യവസ്ഥക്കെതിരായി ആശയപരമായ സമരവും നവോത്ഥാന ചിന്തകളും ഉയർന്നിരുന്നു. കമ്പനിയുടെ ഭരണത്തിനു കീഴിൽ ഈ ചിന്തകൾക്കു വളരെ ദൂരം മുന്നോട്ടു പോകുവാൻ കഴിഞ്ഞില്ല. കമ്പനി ജാതിയെ ഉപയോഗപ്പെടുത്തുകയും അതുപോലെ അതിനെ ഇല്ലാതാക്കുകയും ചെയ്തു. കാരണം ജാതിവ്യവസ്ഥയുടെ പല ഘടകങ്ങളും കൊളോണിയൽ ഭരണത്തിനു ഉപയോഗിക്കുവാൻ കഴിഞ്ഞിരുന്നു. എന്നാൽ ഉപയോഗിക്കുവാൻ കഴിയാതിരുന്നതിനെ അവർ തള്ളിക്കളയുകയും ചെയ്തു. ഉദാഹരണത്തിനു ഹിന്ദു-മുസ്ലിം വിഭാഗങ്ങളിലെ ഉയർന്ന ജാതി വിഭാഗങ്ങളെ ഇന്ത്യൻ സൈന്യത്തിൽ സിപ്പായികളായി എടുത്തപ്പോൾ അവരുടെ താഴ്ന്ന തലങ്ങളിലെ ജനവിഭാഗങ്ങളെ അവർ സ്വീകരിച്ചിരുന്നില്ലതാനും . സിവിൽ ഭരണത്തിലും പൊതുവെ ഇതേ തത്ത്വം തന്നെ

സ്വീകരിച്ചു. ഈസ്റ്റിന്ത്യാ കമ്പനിയുടെ ഈ പ്രവർത്തന രീതിയെപ്പറ്റി കൂടുതൽ ഗവേഷണങ്ങൾ ആവശ്യമാണ്.

ഏതായാലും കമ്പനി നിലനിർത്തിയെടുത്ത ജാതിയുടെ തത്ത്വവും വിഭജനവും കമ്പനിക്കെതിരെ ഉയർന്നു വന്ന 1857ലെ കലാപത്തിനു നിർണ്ണായകമായ ഒരു കാരണവും കൂടിയായി. കമ്പനി തങ്ങൾക്കു ലഭിച്ച 1813-ലെ ചാർട്ടർ നിയമമനുസരിച്ച് ക്രിസ്ത്യൻ മിഷ്യനറി പ്രവർത്തനങ്ങൾ അതിന്റെ ഭരണത്തിലുള്ള പ്രദേശങ്ങളിൽ അനുവദിക്കുവാനുള്ള അധികാരം നേടിയിരുന്നു. പശ്ചിമതീരത്ത് പ്രത്യേകിച്ചും കേരളത്തിലും മറ്റും ആദ്യ നൂറ്റാണ്ടുകളിൽ തന്നെ സിറിയൻ ക്രിസ്ത്യാനിമാരും ജൂതന്മാരും കുടിയേറ്റം നടത്തുകയും പള്ളികൾ സ്ഥാപിച്ച് തങ്ങളുടെ മതം പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. പ്രാദേശിക ഭരണാധികാരികൾ അവരുടെ പ്രവർത്തനങ്ങൾക്കു സഹായകമായി ഭൂമിയും വിഭവങ്ങളും അനുവദിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ ഇസ്ലാം മതവും ഇവിടെ പ്രചരിപ്പിക്കപ്പെട്ടു. എന്നാൽ വടക്കെ ഇന്ത്യയിലെ സൽത്തനത്ത് ഭരണവും പിന്നീടുള്ള മുഗൾഭരണവും വമ്പിച്ച തോതിലുള്ള കുടിയേറ്റവും അതുപോലെ സൂഫി സന്ന്യാസിമാരുടെ പ്രവർത്തനങ്ങളുമെല്ലാം ഇസ്ലാം മതത്തെ ഇന്ത്യയിൽ ശക്തമാക്കി. ഹിന്ദു വിഭാഗങ്ങളും മുസ്ലീം വിഭാഗങ്ങളും തമ്മിൽ ഈസ്റ്റിന്ത്യാ കമ്പനി കടന്നു വരുന്നതിന്നു മുമ്പ് ധാരാളം യുദ്ധങ്ങൾ ഭൂപ്രദേശങ്ങൾ പിടിച്ചടക്കുവാൻ ഇവിടെ നടന്നിരുന്നു. ആ യുദ്ധങ്ങളിൽ മതത്തിനുപരി പ്രതിഫലിച്ച ആശയം രാഷ്ട്രീയാധികാരവും വിഭവങ്ങളുടെ ആധിപത്യവുമായിരുന്നു. ഇന്നു ചില വിഭാഗങ്ങൾ പ്രത്യേക രാഷ്ട്രീയലക്ഷ്യംവെച്ചുകൊണ്ട് അവ മത വിഭാഗങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലുകളായി വ്യാഖ്യാനിക്കുന്നത് കാണാം. എന്നാൽ ശാസ്ത്രീയമായ ചരിത്രരചനയുടെ പശ്ചാത്തലത്തിൽ ഈ സമീപനം അപഹാസ്യമാണെന്നു പറയാം. അക്ബറും ചാന്ദ്ബീബിയും ഹൈദരാലിയും നൈസാമും നയിച്ചത് മതപരമായ യുദ്ധങ്ങളായിരുന്നില്ല. ശിവാജി മുഗളരോട് യുദ്ധം ചെയ്യുമ്പോഴും അദ്ദേഹത്തിന്റെ സൈന്യാധിപൻ മുസ്ലീമായിരുന്നു. ടിപ്പു സുൽത്താന്റെ പ്രധാനമന്ത്രി പൂർണ്ണയ്യയാണുതാനും.

എന്നാൽ കമ്പനിയുടെ ഭരണത്തിനു കീഴിൽ ക്രിസ്ത്യൻ മിഷ്യനറിമാരുടെയും ചില ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങൾ ബോധപൂർവ്വം മതം മാറ്റുന്നതിലേക്കു നീങ്ങിയിരുന്നു. ഉദാഹരണമായി പല ക്ഷേത്രങ്ങളുടേയും ഭൂമിക്കു കമ്പനി നികുതികെട്ടിയപ്പോൾ ആ നികുതിയുടെ ഇനത്തിൽ ഒരു ചെറിയ തുക തസ്ദീക്ക് എന്ന നിലയിൽ വർഷം തോറും ക്ഷേത്രച്ചെലവിനു നല്കിയിരുന്നു. ഇത് ഒരു ക്രിസ്തുമത ഭരണകൂടം പാഗൻ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടിയാണെന്നും അത് റദ്ദു ചെയ്യേണ്ടതാണെന്നും ചില മിഷ്യനറിമാർ 1850 കളിൽ കോർട്ട് ഓഫ് ഡയറക്ടർമാർക്ക് മെമ്മോ റാണ്ടം നല്കിയിരുന്നു. ഇത്തരത്തിലുള്ള പല വസ്തുതകളും തങ്ങളുടെ മത വിശ്വാസം തകർക്കുവാൻ കമ്പനി ശ്രമിക്കുകയാണെന്ന ബോധം ഹിന്ദുക്കളിലും മുസ്ലിമീങ്ങളിലും വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. വിദ്യാഭ്യാസരംഗത്ത് മിഷ്യനറിമാർ ഉണ്ടാക്കിയ പാഠപുസ്തകങ്ങൾ ക്രിസ്തീയ സംസ്കാരത്തിനും ബൈബിളിനും

നല്കുന്ന പ്രാധാന്യം കൂടുതൽ അപകടകാരിയാണെന്നു മനസ്സിലാക്കി, അത്തരം പാഠപുസ്തകങ്ങൾ പിൻവലിക്കുകയും മാക്മില്ലൻ തുടങ്ങിയ കമ്പനികളോടു പാഠപുസ്തകങ്ങളുണ്ടാക്കുവാൻ ബ്രിട്ടീഷ് ഗവൺമെന്റ് ആവശ്യപ്പെടുകയും ചെയ്ത കാര്യം ഇവിടെ സ്മരണീയമാണ്.

ഇന്ത്യൻ പശ്ചാത്തലത്തേയും സ്ഥിതിയേയും വിശകലനം ചെയ്യുന്ന ഏണസ്റ്റ് ജോൺസ് (1819-1869) എന്ന പ്രമുഖ ബ്രിട്ടീഷ് റാഡിക്കൽ ആക്ടിവിസ്റ്റിന്റെ വാചകങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. ബ്രിട്ടനിലെ തൊഴിലാളി വർഗ്ഗ പ്രസ്ഥാനവും മാർക്സും ജോൺസിനെ സ്വാധീനിച്ചിരുന്നു. അദ്ദേഹം എഴുതി:

*സ്വന്തം മണ്ണ് കൈവശം വെക്കുന്നതിൽനിന്നും നാം അവരെ ചീന്തിമാറ്റിയെന്ന് ഓർക്കുന്നവരാണ് ഇന്ത്യക്കാർ. സ്വന്തമായി ഭൂമി കൈവശം വെക്കാനും ക്രയവിക്രയം ചെയ്യാനും അവകാശമുള്ള ഒരു രാഷ്ട്രത്തിന്റെ മണ്ണ് കണ്ടുകെട്ടുകയും ഓർമ്മവെച്ച നാൾമുതൽ തുച്ഛമായ നികുതിയിൽ അവരുടേതായിരുന്ന ആ മണ്ണ് നമ്മളിൽനിന്നു പാട്ടത്തിനു വാങ്ങാൻ നിർബന്ധിതരാവുകയും ചെയ്യുന്ന ഒരവസ്ഥയെകുറിച്ച് ഓർക്കുന്നവരാണ് ഇന്ത്യക്കാർ. ഒടുക്കാൻ കഴിയുന്നതിനപ്പുറമുള്ള ഭൂ നികുതിഭാരത്തെ കുറിച്ചും പണിയായുധങ്ങൾ പണയം വെക്കേണ്ടതിനെക്കുറിച്ചും അവരോർക്കുന്നു. വിത്തെടുത്തു വില്ക്കേണ്ടതിനെക്കുറിച്ച് അവരോർക്കുന്നു. അങ്ങിനെ ബ്രിട്ടീഷ് ഗവൺമെന്റ് പിടിച്ചുപറിക്കുന്ന കുടിശ്ശിക ഒടുക്കാൻ അവർ കുത്തുപാളയെടുക്കുന്നു. കൃഷി അസാദ്ധ്യമായപ്പോൾ അതു കയ്യൊഴിയേണ്ടിവന്ന കാര്യം അവർ ഓർക്കുന്നു. കാരണം അവർക്കു കൃഷി ചെയ്യാൻ പറ്റുന്നില്ലല്ലോ. എന്നാലും കൃഷി ചെയ്യാത്ത ഭൂമിക്കും അവർ നികുതി നൽകുവാൻ നിർബന്ധിതരാകുന്ന കാര്യം അവർ ഓർക്കുന്നു. സുഹൃത്തുക്കളിൽനിന്നും പണം കടം വാങ്ങാൻ കഴിയാതെ വരുമ്പോൾ എന്തുമാത്രം പീഡിപ്പിക്കപ്പെട്ടുവെന്ന് അവർ ഓർക്കുന്നു. പൊരിയുന്ന വെയിലത്ത് തലകീഴായി കെട്ടിത്തൂക്കിയത് അവർ ഓർത്തുപോകുന്നു. കാലിൽ കല്ലുകെട്ടി തലമുടിയിൽ കെട്ടിത്തൂക്കിയത് അവർക്ക് ഓർക്കാതിരിക്കാനാവില്ല. കൂർത്ത മരക്കൊമ്പ് നഖത്തിനുള്ളിലേക്കടിച്ചു കയറ്റിയത് അവർ വിസ്മരിക്കുകയില്ല. അച്ഛനേയും മകനേയും ഒന്നിച്ചു വരിഞ്ഞുകെട്ടി ഒരേ സമയം അടിച്ചത് മറക്കാൻ കഴിയുമോ? ഒരാളുടെ ദുരിതം മറ്റൊരാളുടെ വേദനയെ എത്രമാത്രം വർദ്ധിപ്പിക്കും. സ്ത്രീകളെ ചമ്മട്ടികൊണ്ട് എങ്ങനെയാണ് പ്രഹരിച്ചത്? അവരുടെ മാറിടത്തിൽ തേളുകളെ എങ്ങനെയെല്ലാം നിക്ഷേപിച്ചു? അവരുടെ കണ്ണിൽ എങ്ങനെ ചുവന്ന മുളകുപൊടി വിതറി? ഇതെല്ലാം ഇന്ത്യാക്കാർ ഓർത്തുകൊണ്ടിരിക്കുന്നു.*

(ജെയിസം ബ്രൈബൻ, ബ്രിട്ടീഷ് ഒപ്പീനിയൻ ആൻഡ് ഇന്ത്യൻ റിവോൾട്ട്, 1986-ൽ ഉദ്ധരിച്ച ഭാഗം)

കമ്പനി ബംഗാൾ മുതൽ ഇന്ത്യയുടെ നാനാഭാഗങ്ങളിലും നടപ്പിലാക്കിയ ഭൂനിയമങ്ങൾ, പ്രത്യേകിച്ചും കുടിയായ്മയും നികുതി വ്യവസ്ഥയും സംബന്ധിച്ചവ, 1793-ലെ കോൺവാലീസ് കോഡിന്റെ വെളിച്ചത്തിൽ ഭൂമിയുടെ വാണിജ്യവല്ക്കരണവും ഒരു പ്രത്യേകതരം ഭൂപ്രഭുത്വവും ഇവിടെ ശക്തമാക്കി.

എല്ലാ കൊളോണിയൽ ബന്ധങ്ങളും ആദ്യമുണ്ടാക്കുന്ന മാറ്റം ഭൂവ്യവസ്ഥയിലാണ്. കാരണം ഒരന്യരാജ്യത്തിൽ തങ്ങൾക്കനുകൂലമായ ഒരു സഹകാരി വർഗ്ഗത്തെ സൃഷ്ടിക്കാതെ അതിന്നു നിലനിൽക്കുവാൻ കഴിയുകയില്ല. ഇന്ത്യയിലും ഭൂപ്രഭുത്വം ഈ സഹകാരി വർഗ്ഗമായി മാറി. എന്നാൽ പുതിയ നിയമവ്യവസ്ഥയിൽ പരമ്പരാഗത ഭൂപ്രഭുത്വത്തിനു വമ്പിച്ച നഷ്ടങ്ങൾ സംഭവിക്കുകയും മൂലധനമുള്ള പുതിയ വർഗ്ഗങ്ങൾ അവിടെ പ്രവേശിക്കുകയും ചെയ്തു. ആഭ്യന്തരമായ ഈ വൈരുദ്ധ്യം മറ്റേതു കാലത്തേക്കാളും അന്നു ശക്തമായിരുന്നു.

അലിഗർ ജില്ലയിൽ 1839 മുതൽ 1858 വരെ കാലം ഹുണ്ടികക്കാരും വണിക്കുകളുമായ വിഭാഗം തങ്ങളുടെ ഭൂ വിസ്തീർണ്ണം 3.4ൽ നിന്നു 12.3 ശതമാനമാക്കി വർദ്ധിപ്പിച്ചു. മുസഫർ നഗർ ജില്ലയിൽ 1841-61 കാലം നാലിലൊന്നു ഭൂമിയുടെ കൈമാറ്റം നടക്കുകയുണ്ടായി. കൂടാതെ അവിടെ കൃഷി ചെയ്യാത്ത വിഭാഗത്തിന്റെ വർദ്ധനവ് 11 ശതമാനത്തിൽ നിന്നും 19.5 ശതമാനമായി വർദ്ധിച്ചുവെന്നു ഇർഫാൻ ഹബീബ് ചൂണ്ടിക്കാട്ടുന്നു. (സോഷ്യൽ സയന്റിസ്റ്റ്, 26, 1998) ആദിവാസികളടക്കമുള്ള കാർഷിക സമൂഹങ്ങളിൽ ഭൂമിക്കു വേണ്ടിയും ജീവനത്തിനുള്ള വിഭവങ്ങൾക്കു വേണ്ടിയും നടന്ന നിരന്തര സമരങ്ങൾ കെ.എസ്സ്. സിംഗ്, എ.ആർ. ദേശായ്, ധാനാഗരെ തുടങ്ങിയവർ വിശകലനം ചെയ്തിട്ടുണ്ട്. ഈ കാരണങ്ങളെല്ലാം 1857ന്റെ ഇന്ത്യൻ പശ്ചാത്തലം ഒരു വൻ കലാപത്തിന് ഒരുക്കിയെടുക്കുകയായിരുന്നു. കമ്പനിയുടെ ഭരണനയങ്ങൾ അതിനെ എല്ലാ വിധത്തിലും പരിപോഷിപ്പിച്ചു.

ചരിത്രത്തിന്റെ ഗതിവിഗതികൾ വളർത്തിയെടുത്ത ഈ പശ്ചാത്തലം 1857-ൽ അതിന്റെ എല്ലാവിധ ശക്തിയുമുപയോഗിച്ച് ബ്രിട്ടീഷ് ഭരണത്തിനെതിരായി പൊട്ടിത്തെറിക്കുവാൻ തയ്യാറായി. എന്നാൽ കാറൽ മാർക്സ് എഴുതിയതുപോലെ ഈ ഇന്ത്യൻ കലാപം ആരംഭിച്ചത് ബ്രിട്ടീഷുകാരാൽ പീഡിപ്പിക്കപ്പെട്ട, അപമാനിതനാക്കപ്പെട്ട, നഗ്നനാക്കപ്പെട്ട കർഷകനിൽ നിന്നായിരുന്നില്ല, പ്രത്യുത അവർ തീറ്റിപ്പോറ്റിയ, വസ്ത്രവും പാർപ്പിടവും നല്കി ലാളിക്കുകയും ഓമനിക്കുകയും ചെയ്ത സിപ്പായിമാരിൽ നിന്നായിരുന്നു. (ദ ന്യൂയോർക്ക് ഡെയ്‌ലി ട്രിബ്യൂൺ, 16 സപ്തംബർ 1857). അവർ ഇന്ത്യൻ കർഷക സമൂഹത്തെ പ്രതിനിധീകരിക്കുന്നവരായിരുന്നു. അവരുടെ കുടുംബ ബന്ധങ്ങൾ എന്നും ശക്തമായിരുന്നു. അവരുടെ നാമമാത്രമായ ശമ്പളം സ്വന്തം ഗ്രാമങ്ങളിലെത്തുമ്പോൾ അത് അവരുടെ കൃഷി ഭൂമിയുടെ നികുതിയും പാട്ടവുമായി ജമീന്ദാരിലൂടെ വീണ്ടും കമ്പനിയുടെ ട്രഷറിയിലെത്തുന്ന ഒരു സംവിധാനം, ഇന്ത്യയിലെ സൈനികവൃത്തിയിൽ മുമ്പൊരിക്കലും ഉണ്ടായിരുന്നില്ല. ഭീകരമായ ഇത്തരം ഒരു പൊട്ടിത്തെറിയും കലാപവും മുമ്പൊരിക്കലും കമ്പനിക്കു നേരിടേണ്ടി വന്നിരുന്നില്ല. സൈനികമായി ആരംഭിച്ച ഈ കലാപത്തിന്റെ പശ്ചാത്തലത്തിലേക്കും സംഭവത്തിലേക്കും പ്രവേശിക്കേണ്ടിയിരിക്കുന്നു.

# മീററ്റും കലാപവും

ഇന്ത്യൻ ദേശീയതയും ഒരു രാഷ്ട്രമെന്ന സങ്കല്പവും പക്വതയെത്താതിരുന്ന ഒരു കാലഘട്ടത്തിൽ, ഉപദേശീയതകളുടേയും പ്രാന്തീയ മനോഭാവത്തിന്റേയും പ്രവർത്തനങ്ങൾ ശക്തമായിരുന്ന ഒരു സമൂഹത്തിൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിക്കു ഇന്ത്യൻ സൈനികരെ വേണ്ടത്ര ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞു. ഇംഗ്ലണ്ടിന്റെ സാമ്രാജ്യ സ്ഥാപനത്തിന്നും വ്യാവസായിക വിപ്ലവത്തിലൂടെ കടന്നുവന്ന സ്വതന്ത്ര വ്യാപാരവികസനത്തിന്നും അസംസ്കൃത വസ്തുക്കളുടെ സമ്പാദനത്തിന്നും കമ്പനിയെ ഒരായുധമായി ഇന്ത്യയിൽ ഉപയോഗപ്പെടുത്തുവാൻ ബ്രിട്ടീഷുകാർക്കു കഴിഞ്ഞു. അതിന്റെ അടിത്തറയായി പ്രവർത്തിച്ചത് 1757-നു ശേഷം ബംഗാൾ സൈന്യമായിരുന്നു. ആ സൈന്യത്തിന്റെ അടിത്തറ 1857-ൽ, ഒരു നൂറ്റാണ്ടിനുള്ളിൽ പൊട്ടിത്തകരുന്ന കാഴ്ചയാണ് നമുക്കു കാണാൻ കഴിയുന്നത്.

സർ സയ്യദ് അഹമ്മദ്ഖാൻ പില്ക്കാലത്ത് രേഖപ്പെടുത്തിയതുപോലെ കമ്പനിയുടെ സൈന്യം ഹിന്ദുക്കൾ, മുസ്ലീമുകൾ എന്നിങ്ങനെ വിഭജിക്കപ്പെട്ടിരുന്നില്ല. അവർ ഒന്നിച്ചു പടക്കളത്തിലിറങ്ങുമ്പോൾ അവരുടെ സൗഹാർദ്ദം കൂടുതൽ ദൃഢീകരിക്കപ്പെട്ടു. യു.പി.യിലെ അവധിൽ നിന്നുമാത്രം, ഒരു നവാബ് ഭരിച്ച പ്രദേശങ്ങളിൽ നിന്നു മാത്രം നാല്പതിനായിരം സൈനികർ ബംഗാൾ സൈന്യത്തിൽ സേവനം നടത്തി. കൂടാതെ 1856-ൽ ഡൽഹൗസി പ്രഭു അവധ് കൂടി കമ്പനി ഭരണത്തിൽ പിടിച്ചെടുത്തതോടെ രണ്ടുലക്ഷത്തി അൻപതിനായിരം ചതുരശ്ര നാഴിക ഭൂപ്രദേശം അധികമായി കമ്പനിയുടെ കീഴിലാക്കി. ഇത്തരം വിപുലീകരണത്തിന്റെ പ്രത്യാഘാതങ്ങളും സൈന്യത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു.

കമ്പനിയുടേയും ബ്രിട്ടന്റേയും സാമ്രാജ്യമോഹം വർധിച്ചുവന്നതോടുകൂടെ ബംഗാൾ സൈന്യത്തെ ബർമ്മയിലും അഫ്ഗാനിസ്താനിലും എല്ലാം കമ്പനി ഉപയോഗപ്പെടുത്തി. ഇത് തങ്ങളുടെ ജാത്യാചാരങ്ങൾക്കു വിരുദ്ധമാണെന്നും തങ്ങളുടെ മതകർമ്മങ്ങൾ നിഷേധിക്കുന്ന തരത്തിലാണെന്നും കുലീനജാതിക്കാർ വിശ്വസിച്ചു.

സാമ്രാജ്യ വികസനത്തിനുവേണ്ടി നിരന്തരം സൈന്യത്തെ ഉപയോഗിക്കേണ്ടുന്ന ഒരു സ്ഥിതി ഇന്ത്യയിൽ സംജാതമായി. ആദ്യമായി 1839-42 കാലം അവരെ ഒന്നാം അഫ്ഗാൻ യുദ്ധത്തിൽ ഉപയോഗപ്പെടുത്തി. ഈ സൈന്യത്തിനു ഏറ്റവും വലിയ പരാജയം ഏറ്റെടുക്കേണ്ടി വന്നു. യുദ്ധത്തിനു പോയ പതിനാറായിരം ഇന്ത്യക്കാരും ബ്രിട്ടീഷുകാരുമായ സൈന്യത്തിൽ ഡോ. വില്യം

ബ്രൈഡൻ എന്ന ഒറ്റ വ്യക്തി മാത്രം തിരിച്ചെത്തി. (ഒരു സൈന്യത്തിന്റെ അവശിഷ്ടം എന്ന പേരിൽ എലിസബത്ത് തോംപ്സൺ (ലേഡി ബട്ളർ) വരച്ച പെയിന്റിങ് വളരെ പ്രശസ്തം) പിന്നീട് ബംഗാൾ സൈന്യത്തെ 1843-ൽ ഗ്വാളിയോർ യുദ്ധത്തിൽ പങ്കെടുപ്പിച്ചു. കനത്ത നാശമുണ്ടായ ഈ യുദ്ധത്തിനു ശേഷം 1844-ൽ ഇതേ വിഭാഗത്തെ സിന്ധ് കീഴടക്കുവാൻ നിയോഗിച്ചു. അതേവിധം 1845-46ലും 1848-49ലും പഞ്ചാബ് യുദ്ധങ്ങളിൽ ഉപയോഗിച്ചു. കൂടാതെ 1852-ൽ രണ്ടാം ബർമ്മായുദ്ധത്തിനു നിയോഗിക്കുകയും തെക്കൻ ബർമ്മ കീഴടക്കുകയും ചെയ്തു. ചൈനയിലെ കറുപ്പ് (ഓപ്പിയം) യുദ്ധങ്ങളിൽ 1840 - 42, 56-60 എന്നീ വർഷങ്ങളിലും 1856 - 57- ലെ പേർഷ്യൻ യുദ്ധങ്ങളിലും ഇന്ത്യൻ സൈനികർ പങ്കെടുത്തു. കടലിന്നപ്പുറം നടത്തിയ യുദ്ധങ്ങൾ അവർക്കു പുതിയൊരു രാഷ്ട്രീയബോധം ഉണ്ടാക്കിയെന്നു കരുതാവുന്നതാണ്.

ലോകസൈനികചരിത്രത്തിൽതന്നെ 1839 മുതൽ 57 വരെ വരുന്ന പതിനെട്ടു വർഷത്തിന്നിടയിൽ വിശ്രമമില്ലാതെ ഇത്രയധികം യുദ്ധങ്ങളിൽ പങ്കെടുത്ത മറ്റൊരു സൈനികവിഭാഗം ഉണ്ടായിരിക്കില്ല. സൈനികമായ അസംതൃപ്തി സ്വാഭാവികം മാത്രം. അതു പ്രകടിപ്പിക്കുവാൻ അവർ പുതിയൊരവസരം കണ്ടെത്തി. കമ്പനി നടപ്പിലാക്കിയ പുതിയ തോട്ടകൾ അതിനു അവസരമായി ഉപയോഗപ്പെടുത്തിയെന്നു മാത്രം.

നാട്ടുപട്ടാളക്കാരുടെ പ്രാന്തീയവും പ്രാദേശികവുമായ കൂറില്ലാതാക്കുവാൻ ബംഗാൾ സൈനികരെ ദക്ഷിണേന്ത്യയിലും ദക്ഷിണേന്ത്യക്കാരെ ബോംബെയിലും പുറമെ നേപ്പാളികളായ ഗൂർഖകളേയും മുമ്പുതന്നെ കമ്പനി ഉപയോഗപ്പെടുത്തി. കമ്പനിക്കെതിരായി 1857-ൽ കലാപം നടക്കുമ്പോൾ ഇന്ത്യയിലുള്ള നാട്ടുപട്ടാളക്കാരുടെ എണ്ണം 257000 ആയിരുന്നു. ഇംഗ്ലീഷുകാർ 34000 മാത്രവും. ഇന്ത്യൻ പട്ടാളക്കാരുടെ സ്വഭാവത്തെപ്പറ്റി ഫിലിപ്പ് മാഡിസൺ എഴുതി: 'അതൊരു കൂലിപ്പട്ടാളമായിരുന്നു. സിപ്പായിമാർ രാജ്യസ്നേഹം കൊണ്ടായിരുന്നില്ല റിക്രൂട്ട് ചെയ്യപ്പെട്ടത്. പട്ടാളസേവനം ഒരു വ്യക്തിയുടെ പരമ്പരാഗതമായ സേവനം എന്ന നിലയിലാണ്. അതയാൾക്ക് ആവശ്യമായ ഉപജീവനവും സാമൂഹ്യപദവിയും പ്രതിഫലവും ആദരവും എല്ലാം നൽകി. സിപ്പായി ഒരു ഭൂവുടമ കൂടിയായിരുന്നു. അയാൾ ലീവിൽ പോകുമ്പോൾ ഒരാൾ ചുമട് എടുക്കുവാൻ കൂടെയുണ്ടാകും. ഒരു ആക്രമണത്തിന്നു പോകുമ്പോഴും ഒരാളുടെ പിന്നിൽ അഞ്ചുപേരുണ്ടാകും.' (മെൻ ഹു റൂൾഡ് ഇന്ത്യ, റിവൈസ്ഡ് പു. 155). മലമുകളിലും മരുഭൂമിയിലും സമതലങ്ങളിലും സിപ്പായികൾ കമ്പനിക്കു വേണ്ടി ആത്മത്യാഗം ചെയ്തു. കാരണം കമ്പനി അവർക്കു വസ്ത്രവും പാർപ്പിടവും അന്നവും നൽകി. സമാധാനകാലത്തുപോലും ശമ്പളവും നൽകി.

പരമ്പരാഗതമായി സൈനികസേവനം നിർവഹിച്ചുവന്ന ഇന്ത്യൻ സമൂഹങ്ങളിൽനിന്നും റിക്രൂട്ട് ചെയ്ത വിഭാഗങ്ങളായിരുന്നു നാട്ടുപട്ടാളക്കാർ. പത്താൻ, ജാട്ട്, മറാത്ത, രാജപുത് തുടങ്ങിയ പല വിഭാഗങ്ങളും ഇവയിലുൾപ്പെട്ടു. അവരുടെ ജാതി സംബന്ധിച്ച ആചാരങ്ങളും അനുഷ്ഠാനങ്ങളും

നിലനിർത്തുവാൻ കമ്പനി അനുവദിക്കുകയും ചെയ്തു. എന്നാൽ കമ്പനിയുടെ സാമ്രാജ്യമോഹം വർധിച്ചുവന്നതോടെ ഇവരെ വിദേശങ്ങളിലും ഉപയോഗപ്പെടുത്തി. എന്നാൽ വിദേശബത്ത നിർത്തലാക്കുകയും കാളകളുടെ കടത്തുകൂലി തടയുകയും ചെയ്തു. ഉയർന്ന ജാതിക്കാർക്കു കടൽ കടക്കുക നിഷിദ്ധമായിരുന്നു.

നാട്ടുകാലാൾപ്പടയുടെ 47-ാം വിഭാഗത്തെ 1824-ൽ കമ്പനി കൽക്കത്തയിലെ ബാരക്പൂരിൽനിന്നും ചിറ്റഗോങ്ങിലേക്കും പിന്നീട് റങ്കൂണിലേക്കും കടൽ വഴി വിന്യസിക്കുവാൻ തീരുമാനിച്ചു. നിത്യപൂജയും കുളിയും ഭക്ഷണം സ്വയം പാകംചെയ്യലും ഇല്ലാതാവുന്നതിനാൽ അവർ മരണം അല്ലെങ്കിൽ കഠിനതടവ് എന്നു സ്വയം തീരുമാനിച്ചു. സിപ്പായിമാർ ബിന്ദി തിവാരി എന്ന വ്യക്തിയെ തങ്ങളുടെ പ്രതിനിധിയാക്കി. ഇംഗ്ലീഷ് മേലധികാരികൾ എണ്ണം കുറവായതിനാൽ പലായനം ചെയ്തു. ബാരക്പൂർ കൺടോൺമെന്റ് 1824 നവംബർ 1 മുതൽ രണ്ടുദിവസം തിവാരിയുടെ കീഴിലായി. മുഖ്യ കമാണ്ടർ സർ എഡ്വേർഡ് പേഗറ്റ് ഡംഡത്തിൽ നിന്നും രണ്ടു ബറ്റാലിയൻ സൈന്യത്തെ കൊണ്ടുവന്നു. ഗവർണർ ജനറലിന്റെ സുരക്ഷാ സൈന്യവും എത്തിച്ചേർന്നു. ബ്രിട്ടീഷുകാരുടെ തോക്കുകൾ ഗർജ്ജിച്ചതോടെ കലാപകാരികൾ ഓടിപ്പോയി. ചിലർ ഹുഗ്ലി നദിയിൽ മുങ്ങിമരിച്ചു. അല്ലെങ്കിൽ വെടിയേറ്റും. ചിലർ തടവിലായി.

തിവാരിയെ തൂക്കിലേറ്റി. ശവശരീരം ഒരു അരയാൽമരത്തിൽ ചങ്ങലക്കിട്ടു കിടത്തി. മറവു ചെയ്തില്ല. ഇത് മറ്റു സൈനികരെ ഭയപ്പെടുത്തുവാനായിരുന്നു. അവിടെ ഒരു മിത്ത് പ്രചരിച്ചുവന്നു. വെള്ളക്കാരെ തിവാരിയുടെ പ്രേതം കൊന്നൊടുക്കും. ഇന്നു അവിടെ ഒരു ക്ഷേത്രം ഉയർന്നു കാണാം. ബിന്ദീബാബാ ക്ഷേത്രം. സിപ്പായിമാർ ബാബയുടെ അനുഗ്രഹത്തിനു പ്രാർഥിക്കുന്നു. (ദർപ്പൺ, 15 ആഗസ്ത്-15 സപ്തംബർ 2005, പു. 45)

ബ്രിട്ടീഷ് ഓഫീസർമാർ വംശീയമേന്മയുടെ അതിപ്രഭാവത്താൽ സിപ്പായിമാരെ അധിക്ഷേപിച്ചിരുന്ന പദം ബാസ്റ്റാർഡ് (തന്തയില്ലാത്തവൻ) എന്നായിരുന്നു. അവർ പട്ടാളക്കാരെ ബർമ്മയിലേക്കും അഫ്ഗാനിസ്താനിലേക്കും അയച്ചുകൊണ്ട് 'പീരങ്കിതീറ്റ'യാക്കുമെന്നും ഭീഷണിപ്പെടുത്തുക പതിവായിരുന്നു. പന്നിയുടേയും പശുവിന്റേയും കൊഴുപ്പ്കൊണ്ട് നിർമിച്ച തോട്ട കടിച്ചുകീറി തോക്കിൽ നിറയ്ക്കണമെന്ന ഒരു കല്പന പുറത്തുവന്നതും ഇതേ അവസരത്തിലാണ്. ഹിന്ദുക്കളുടേയും മുസ്ലീങ്ങളുടേയും ദീൻ (മതം) നശിപ്പിക്കുവാൻ വേണ്ടിയാണിതെന്നു സൈനികർ വിശ്വസിച്ചു. മുസ്ലീമിന്നു പന്നി ഹറാമും പശു ഹിന്ദുക്കൾക്കു മാതാവും ആയിരുന്നു. എന്നാൽ 1806-ലും തലയിൽ പട്ടാളക്കാർ ശിരോവസ്ത്രം ധരിക്കണമെന്ന കല്പനക്കെതിരായി സൈനികർ പ്രതിഷേധിച്ചുകാണാം. അതു പശുവിന്റേയോ പന്നിയുടേയോ തോലുകൊണ്ടാകാം എന്നതായിരുന്നു അവരുടെ വിശ്വാസം.

ഇന്ത്യൻ സിപ്പായിമാർ 1856-ൽ നടപ്പിൽ വന്ന ദ ജനറൽ സർവ്വീസ് എൻലിസ്റ്റ്മെന്റ് ആക്ട് പ്രകാരം കമ്പനിയുടെ ഏതു ഭൂപ്രദേശത്തും സേവനം നടത്തുവാൻ ബാധ്യസ്ഥരായിരുന്നു. ഈ നിയമം നടപ്പിലാക്കുവാനുള്ള പശ്ചാത്തലം

1852-ൽ 38-ാം നാട്ടുകാലാൾപ്പട ബർമ്മയിലേക്കു പോകാതെ സംഘർഷമുണ്ടാക്കിയതായിരുന്നു.

## തോട്ടയുടെ കഥ

തോട്ടയുടെ കാര്യം ആദ്യം ഔദ്യോഗിക തലത്തിൽ പ്രത്യക്ഷപ്പെട്ടത് ബാരക്പൂരിൽ 1857 ജനവരിയിലായിരുന്നു. മേജർ ജനറൽ ജെ.ബി. ഹിയർസെ ഇതിൽ ഒരന്വേഷണം നടത്തുകയും തുടർന്ന് മേലധികാരികൾ പുതിയ തോട്ട ഇന്ത്യക്കാർക്ക് തല്ക്കാലം നൽകേണ്ടെന്ന് തീരുമാനിക്കുകയും ചെയ്തു. ഫിബ്രവരി 26നു 19-ാം നാട്ടുകാലാൾപ്പട തോട്ട ഉപയോഗിക്കുന്നത് നിഷേധിക്കുകയാൽ കോർട്ട് മാർഷലിനു വിധേയരായി. പലപ്പോഴും ഇതേ കൺടോൺമെന്റിലും ബാരക്കുകളിലും അജ്ഞാത തീപ്പിടിത്തങ്ങളും ഉണ്ടായിരുന്നു. കമ്പനി ഇക്കാരണത്താൽ തോട്ടകൾ വിരലുകളാൽ പൊട്ടിച്ചാൽ മതിയെന്നു തീരുമാനിക്കുകയും റൈഫിൾ ഡ്രിൽ മാറ്റി വെക്കുകയും ചെയ്തു.

കമ്പനി ഭരണാധികാരികൾ ഇന്ത്യക്കാരെ ക്രിസ്ത്യാനികളാക്കാൻ പരിശ്രമിക്കുന്നുവെന്നും പട്ടാളക്കാരുടെ മതം നഷ്ടപ്പെടുത്തുവാൻ തോട്ടകൾ ഉപയോഗിക്കുന്നുവെന്നും മറ്റുമുള്ള പ്രചരണത്തിന്റെ ചരിത്ര പശ്ചാത്തലം കൂടി ഇവിടെ പരിശോധിക്കേണ്ടതുണ്ട്. ഇന്ത്യയിലെ കമ്പനി പ്രദേശങ്ങളിൽ സുവിശേഷവും, വിദ്യാഭ്യാസവും മിഷിനറി പ്രവർത്തനങ്ങളും അനുവദിച്ചുകൊണ്ടുള്ള 1813-ലെ ചാർട്ടർ ആക്ട് 1815 ഏപ്രിൽ 10ന് നിലവിൽ വന്നു. ഈ ആക്ട് പ്രകാരം ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ കീഴിൽ ഇന്ത്യയ്ക്ക് മാത്രമായി ഒരു ബിഷപ്പും മൂന്ന് പ്രസിഡൻസികൾക്കായി മൂന്ന് ഡീക്കന്മാരും വർഷം തോറും 5000, 2000 പവൻ ശമ്പളത്തിൽ നിയമിക്കപ്പെട്ടു. കമ്പനി ചെയർമാൻ സി. മാർജോറിബാങ്ക് 1833 ജൂലായ് 10ന് ചാർലസ് ഗ്രാൻടിനയച്ച എഴുത്തിൽ മിഷ്യനറി പ്രവർത്തനങ്ങളുടെ ഭാരം വഹിക്കുവാൻ ഇന്ത്യൻ ജനതയെ ഇടയാക്കരുതെന്നു സൂചിപ്പിച്ചിരുന്നു. ആക്ട് നിലവിൽ വന്നതോടെ സൈനിക തലത്തിൽ മിഷ്യനറി പ്രവർത്തനം വ്യാപിച്ച രീതി കൂടി ഇവിടെ പരിശോധിക്കാം. മീററ്റിൽ 1819 ൽ 25-ാം നാടൻ കാലാൾപ്പടയിലെ നായക് പ്രഭുദീൻ പാണ്ടെ എന്ന സൈനികനെ ഹെൻറി ഫിഷർ എന്ന മിഷ്യനറി മാത്യു പ്രഭുദീൻ എന്ന പേരിൽ മതപരിവർത്തനം ചെയ്തു. ഇത് ബ്രാഹ്മണരും മറ്റുമായ ഉയർന്ന ജാതിക്കാരെ സൈന്യത്തിൽ ചേരുന്നതിൽ വൈമുഖ്യം ഉണ്ടാക്കി. കമാൻഡർ ഇൻചീഫ് എഡ്വേർഡ് പേഗറ്റി മാത്യുവിന്റെ കാര്യം ഗവർണർ ജനറലിന്നു റിപ്പോർട്ട് ചെയ്തു. മാത്യുവിനെ സൈന്യത്തിൽ നിന്നൊഴിവാക്കുകയും അതേ സ്ഥലത്ത് സ്ഥാനക്കയറ്റത്തോടെ നിയമിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങൾ വലിയ അസംതൃപ്തി ഉണ്ടാക്കുകയാൽ ബിഷപ്പ് 'ഫെസ്റ്റിനാലെൻടെ' (സൂക്ഷിച്ചുകൊണ്ട് വേഗതയിൽ നീങ്ങുക) എന്നുപദേശിക്കുകയും ചെയ്തു. (മീററ്റ് മിഷ്യനറി റിപ്പോർട്ട്, 1868 കാണുക).

തുടർന്ന് മീററ്റ് കൺടോൺമെന്റിൽ 1821-ൽ റോമൻ കത്തോലിക് പള്ളി, ചർച്ച് ഓഫ് സെൻട് ജോൺ ബാപ്റ്റിസ്റ്റ്, സ്ഥാപിക്കുകയുണ്ടായി. കൂടാതെ

1834-ൽ സൊമാറു ബീഗത്തിന്റെ (സോബ്രെ) സഹായത്തോടെ മിലിറ്ററി ചാപ്പൽ പണികഴിപ്പിച്ചു. കൂടാതെ ആഗ്രാ മിഷ്യന്നുവേണ്ടി സർദാനാ ബീഗം 1839-ൽ സെൻട് പേൾസ് മിഷ്യൻ ചർച്ച് സ്ഥാപിച്ചുകൊടുത്തു. ബീഗം ക്രിസ്തു മതത്തിന്നും കൈയയച്ച് സംഭാവനകൾ നൽകി. അവർ മതം മാറിയെന്നും കരുതുന്നു. തുടർന്നുള്ള പ്രദേശങ്ങളിലെല്ലാം ധാരാളം മിഷ്യനറി പ്രവർത്തനങ്ങൾ നടന്നു. ലഫ്. ഗവർണർ കോൾവിൻ 1854-ൽ ഡെറാഡൂണിലെ തഹശീലിൻ ഒരു ഭാഗം വുഡ്സൈഡ് എന്ന മിഷ്യനറിക്കു കൈമാറുവാൻ കല്പനയിട്ടിരുന്നു. ജില്ലാ സൂപ്രണ്ട് ഡൺലപ്പ് അതിലും നല്ല ഒരു വസ്തുവാങ്ങി അമേരിക്കൻ പ്രെസ് ബീറ്ററിയൻ മിഷ്യന്നു നല്കി.

ഏതു മതം സ്വീകരിച്ചാലും ഇന്ത്യക്കാരന്റെ സ്വത്തവകാശം നഷ്ടപ്പെടുകയില്ലെന്ന 1850-ലെ XXI-ാം നമ്പർ നിയമം പരോക്ഷമായി ക്രിസ്തുമത പരിവർത്തനത്തിനു സഹായിച്ചു. കല്ക്കത്തയിൽ നിന്നും എഡ്മണ്ട് എന്ന മിഷ്യനറി ഒരു ഭരണത്തിനു കീഴിൽ ഒരേ മതമായ ക്രിസ്തുമതം എല്ലാവരും സ്വീകരിക്കേണമെന്ന ഒരു സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഇത്തരത്തിൽ മതപരിവർത്തനത്തിന്റെ ഒരന്തരീക്ഷം സൃഷ്ടിക്കപ്പെട്ടപ്പോൾ ഗവർണർ ജനറൽ കാനിങ് പ്രഭു 'ഫ്രൻഡ് ഓഫ് ഇന്ത്യ' എന്ന മിഷ്യനറി പത്രം തന്നെ നിരോധിച്ചു. ആർ.ബി. ശർമ, ഹിസ്റ്ററി ഓഫ് ക്രിസ്ത്യൻ മിഷ്യൻസ്; ഇൻ നോർത്ത് ഇന്ത്യ പെർസ്പെക്ടിവ് (2005 പതിപ്പ് 192 കാണുക.)

തോട്ടയെ അടിസ്ഥാനമാക്കിയാണെന്നു പറയുന്ന ബാരക്പൂരിലെ കലാപം പൊട്ടിപ്പുറപ്പെടുകതന്നെ ചെയ്തു. കലാപത്തിന്റെ പിന്നിലെ സിപ്പായിമാരുടെ മാനസിക പശ്ചാത്തലത്തെയും അവർ മേലുദ്യോഗസ്ഥരിൽനിന്നും അനുഭവിച്ചിരുന്ന യാതനകളേയും മതം നഷ്ടപ്പെടുമെന്ന ഭീതിയേയും വിവരിച്ചുകഴിഞ്ഞു. കലാപത്തിന്റെ ആരംഭം കുറിക്കുന്ന മംഗൾപാണ്ടേ സംഭവം ഇപ്രകാരം വിവരിക്കപ്പെടുന്നു. പക്ഷേ, പാഠപുസ്തകങ്ങൾ ഈ സംഭവം നടന്നത് 900 നാഴിക അകലെയുള്ള മീററ്റിലാണെന്നാണ് പ്രചരിപ്പിച്ചിട്ടുള്ളത്.

തോട്ടയുടെ കൊഴുപ്പുകാര്യം സിപ്പായിമാരുടെ ബോധതലത്തിൽ സജീവമായിത്തീർന്നതിന്റെ പല മിത്തുകളും രേഖകളിൽ കാണാം. പ്രധാനമായും ഒരു ബ്രാഹ്മണസിപ്പായി തന്റെ ലോട്ടയിൽ നിന്നും താഴ്ന്ന ജാതിയിൽപ്പെട്ട ഒരാൾക്കു കുടിനീർ നിഷേധിച്ചപ്പോൾ അയാൾ കൊഴുപ്പിന്റെ കാര്യം ചൂണ്ടിക്കാട്ടുകയും ആയതിനാൽ ജാതിമേന്മ പറയേണ്ടെന്നു സൂചിപ്പിക്കുകയും ചെയ്തുവത്രെ. മറ്റൊന്നു സൈനികർക്ക് കവാത്തിനുശേഷം വെള്ളം നല്കിയിരുന്ന ഒരു ഫക്കീർ അവർക്ക് വെള്ളം നിഷേധിക്കുകയും ജാതി നഷ്ടപ്പെട്ടവർ ജാതി നിലനിർത്തുവാൻ പ്രയത്നിക്കണമെന്നു ആവശ്യപ്പെടുകയും ചെയ്തുവെന്നാണ്. ഏതായാലും തോട്ടയും മറ്റനേകം പരാധീനതകളും കലാപത്തിന്റെ പിന്നിൽ പ്രവർത്തിച്ചുവെന്നത് നിഷേധിക്കാവുന്നതല്ല.

സിപ്പായി കലാപം പെട്ടെന്ന് വ്യാപിച്ചതിന്റെ ഒരു കാരണം മംഗൾ പാണ്ഡെയുടെ വധശിക്ഷയെതുടർന്നാണെന്ന മിത്ത് വളരെ പ്രചുരപ്രചാരമാർജ്ജിച്ചിരിക്കുന്നു. പാണ്ഡേയുടെ കോർട്ട് മാർഷ്യൽ പട്ടാള വിചാരണ ബാരക്പൂരിൽ

വെച്ചാണെന്നു വിശ്വസിക്കുന്നു. ഇരുപത്തിയാറു വയസ്സുകാരനായ പാണ്ഡെ 1857 മാർച്ച് 29ന് സായാഹ്നത്തിൽ കയ്യിൽ തോക്കും വാളുമായി ബാരക്കിനു പുറത്തെത്തുകയും ബ്യൂഗിൾ വിളിക്കുവാനും പട്ടാളക്കാരോട് സമ്മേളിക്കുവാനും ആവശ്യപ്പെട്ടു. എല്ലാവരും മതത്തിനുവേണ്ടി പുറത്തുവരാനും കൊഴുപ്പു പുരട്ടിയ തോട്ടകൾ കടിച്ചുപൊട്ടിച്ചാൽ തങ്ങളുടെ മതവിശ്വാസം നഷ്ടമാകുമെന്നും യൂറോപ്യന്മാരെ പുറത്താക്കുവാൻ തയ്യാറായി എല്ലാവരും തന്നെ പിൻതുടരണമെന്നും പ്രഖ്യാപിച്ചു.

ഒരു നായക്ക് ഉടനെ വിവരം സാർജൻട്മേജർ ജെയിംസ് ഹ്യൂസനെ അറിയിച്ചു. കൂടാതെ പാണ്ഡെ കഞ്ചാവിന്റെ സ്വാധീനത്തിലാണെന്നും. കമ്പനി ജമേദാരെ കാര്യമറിയാൻ മേജർ ഏർപ്പാടു ചെയ്തെങ്കിലും താനതിന്നു പറ്റാത്ത താഴ്ന്ന പദവിയിലാണെന്നും പറയുകയാൽ അയാളെ തന്റെ സിപ്പായികളുമായി ആയുധത്തോടെ നിരയായി നില്ക്കുവാൻ മേജർ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ജമേദാർ ഇതിന് നിർബന്ധിച്ചില്ല. ഹ്യൂസൺ നേരിട്ടു പാണ്ഡെയുടെ അടുത്തെത്തി. പാണ്ഡെ വെടി വെച്ചുവെങ്കിലും മേജർക്കതു കൊണ്ടില്ല. അഡ്ജുടൻട് ലഫ്റ്റനൻട് ബാഗു കുതിരപ്പുറത്ത് അവിടെയെത്തുന്നു. പാണ്ഡെ വെടിവെച്ചുവെങ്കിലും ബാഗു രക്ഷപ്പെട്ടു. അയാൾ പാണ്ഡെയെ വെടിവെച്ചുവെങ്കിലും കൊണ്ടില്ല. രണ്ടു സായിപ്പുമാർക്കും 26കാരനായ പാണ്ഡെയെ കീഴ്പ്പെടുത്താൻ കഴിഞ്ഞില്ല. ചില പട്ടാളക്കാർ തോക്കിൻചട്ടകൊണ്ട് പാണ്ഡയെ അടിച്ചു. അവസാനം ഒരു പാറാവുകാരൻ പിന്നിൽ നിന്നും പാണ്ഡെയുടെ ബെൽറ്റിൽ മുറുകെപിടിച്ചു. പാറാവുകാരനെ, ഷെയ്ക് പാൽതുവിനെ, സിപ്പായിമാർ കൊല്ലുമെന്നും പിടിവിടണമെന്നും ഭീഷണിപ്പെടുത്തിയിരുന്നു.

അനേകം ഓഫീസർമാർ സ്ഥലത്തെത്തിയെങ്കിലും സിപ്പായിമാർ അവരുടെ ആജ്ഞ വകവെച്ചില്ല. മുഖ്യ കമാൻഡർ മേജർ ജനറൽ ഹിയർസെ പുത്രരുമായി കുതിരപ്പുറത്തെത്തുകയും ജമേദാരോടു മാർച്ചു ചെയ്യാൻ കൽപിക്കുകയും പുത്രന്മാർ തോക്കുകൾകൊണ്ട് അയാളെ ഉന്നം വെക്കുകയും ചെയ്തു. പാണ്ഡെ തോക്ക് തന്റെ നെഞ്ചിലേക്കു ചൂണ്ടി കാഞ്ചിവലിച്ചു. കഴുത്തിലും മാറിലും മുറിവേറ്റു. പക്ഷേ മരിച്ചില്ല. പാണ്ഡയെ ആശുപത്രിയിലേക്കു നീക്കം ചെയ്തു. വിചാരണ നടന്നു. പാണ്ഡെയെ 1857 ഏപ്രിൽ 8-നു തൂക്കിലേറ്റി. പാണ്ഡേയുടെ ഭാര്യ വിദ്യ ജയ്പൂരിലേക്കു പാലായനം ചെയ്തു. അവരുടെ പുത്രൻ കൃതിദത്തിനെ മാധവറാവ്സിങ് പരിപാലിക്കുകയും ചെയ്തിരുന്നു. ഈ കൃത്യം 34-ാം കാലാൾപ്പട പൂർണമായും കാണത്തക്ക വിധത്തിലായിരുന്നു. പരേഡിനു ശേഷം 34-ാം നാട്ട് കാലാൾപ്പടയെ മെയ് 6-ന് ആയുധംവെപ്പിച്ച് പിരിച്ചുവിട്ടു. ഒരു മാസത്തിനകം മീററ്റിൽ കലാപമുയർന്നു. കലാപകാരികളെ പാണ്ടിപ്പടയെന്നാണ് വിളിച്ചത്.

താൻ കഞ്ചാവ് ഉപയോഗിച്ചാണ് പ്രകോപിതനായതെന്നു പാണ്ഡെ വിചാരണയിൽ പറഞ്ഞിരുന്നു. ഇതാകട്ടെ മറ്റു പലതും ഗൂഢമാക്കി വെക്കാനാണു താനും. ബഹ്റാംപൂരിൽ 19-ാം നമ്പർ നാട്ടുകാലാൾപ്പട പുതിയ തോട്ടകൾ തള്ളിക്കളഞ്ഞ കാര്യം പാണ്ടെ മനസ്സിലാക്കിയിരിക്കണം. ബാരക്പൂരിലെ

34-ാം കാലാൾപ്പട 1857 ഫിബ്രവരിയിൽ തുടർച്ചയായി ബഹ്റാംപൂരിലേക്ക് യാത്ര ചെയ്തിരുന്നു. കൺടോൺമെന്റിനു സമീപത്തെ കാളീക്ഷേത്രത്തിൽ സിപ്പായിമാർ പൂജക്കു ഒത്തുചേർന്നതും മറ്റും ഒരു ലക്ഷ്യം വെച്ചായിരിക്കണ മെന്നു വിശ്വസിക്കുന്നു.

## മീററ്റിലൊരു വിപ്ലവം

ഒരു മാസത്തിനു ശേഷം മീററ്റിൽ മെയ് 10-ന് 'പാണ്ടി'കളുടെ കലാപം പൊട്ടിപ്പുറപ്പെട്ടു. കമ്പനിരേഖകൾ വ്യക്തമാക്കുന്ന ഒരു കാര്യം ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. കലാപത്തിന്റെ തൊട്ടുമുമ്പുള്ള ദിനങ്ങളിൽ മീററ്റിന്റെ പ്രാന്തത്തിലെ പല ഗ്രാമങ്ങളിലും അഞ്ചും ആറും ചപ്പാത്തികൾ ഓരോ ചൗക്കീദാർക്കും എത്തിച്ചുകൊടുത്തിരുന്നു. അത് ലഭിച്ചവർ ഇതേപോലെ അഞ്ചോ ആറോ ചപ്പാത്തികൾ ഉണ്ടാക്കി വീണ്ടും പലർക്കും എത്തിച്ചുകൊടുക്കുകയും ഇത്തരം വിതരണം ആവർത്തിക്കുകയും വേണ്ടിയിരുന്നു. ഈ വിതരണം കലാപത്തിനു വേണ്ടിയുള്ള പ്രചരണമുണ്ടാക്കുവാനുള്ള ഒരടയാളമായി സംശയിക്കപ്പെട്ടു. ചപ്പാത്തി വിതരണത്തെപ്പറ്റി ഫീൽഡ്മാർഷൽ റോബർട്ട്സ് പ്രഭു, ചാർലസ് തിയോഫലിസ് മെറ്റ്കാഫ് തുടങ്ങിയവർ എഴുതിക്കാണാം. മെറ്റ്കാഫ്, മയാനുദ്ദീൻ ഹസ്സൻഖാൻ ഫർഗുംജിൽ താനേദാർ ആയിരുന്നപ്പോൾ വലിയതോതിൽ ചപ്പാത്തി വിതരണം കണ്ടതായി രേഖപ്പെടുത്തിയ കാര്യം ഉദ്ധരിക്കുന്നു. 'ഇന്ദ്രപൂരിൽ സേരായ് വാച്ച്മേൻ ഫറൂഖ്ഖാൻ ചപ്പാത്തി കൊണ്ടുവന്നു നൽകിയെന്നും ഇത്തരത്തിൽ അഞ്ചെണ്ണം ഉണ്ടാക്കി അടുത്ത ഗ്രാമത്തിൽ എത്തിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. അവരും ഇത്തരത്തിലാവർത്തിക്കണമെന്നും... ഹിന്ദുസ്ഥാൻ മുഴുവൻ ഒരു മുന്നറിയിപ്പാണെന്നു തോന്നി... ചപ്പാത്തികൾ ധാരാളം ഗ്രാമങ്ങളിലെത്തിയിരുന്നു. ഡൽഹിയിൽ നിന്നും ഫർഗുനഗെ ഗ്രാമത്തിൽ (പതിനാറു നാഴിക ദൂരെ) ഒരു കഷണം ആട്ടിറച്ചിയും വിതരണം ചെയ്തിരുന്നു. (ടൂ നേറ്റീവ് നറേറ്റീവ്സ് ഓഫ് മ്യൂട്ടിനി ഇൻ ഡൽഹി.പു. 39.40)

മീററ്റിലെ കലാപത്തിന്റെ ആരംഭം രേഖകൾ വ്യക്തമാക്കിയ കാര്യം ഇപ്രകാരമാണ്. ഏപ്രിൽ 23-നു മീററ്റിലെ 3-ാം നമ്പർ ലൈറ്റ് കാവൽറി (കുതിരപ്പട) യിലെ 85 പേരോട് കേണൽ ജോർജ് കാർമൈക്കൽ പുതിയ തോട്ട ഉപയോഗിക്കുവാൻ അവർ തയ്യാറാണോ എന്നു ആരാഞ്ഞു. ജൂനിയർ ഓഫീസർമാർ ഇത്തരം അന്വേഷണം നടത്തുവാൻ പാടില്ലെന്ന് ഉപദേശിച്ചിരുന്നുവത്രെ. സൈനികരിൽ അഞ്ചുപേർ മാത്രം ഉപയോഗിക്കാമെന്നു സമ്മതിച്ചപ്പോൾ മറ്റുള്ളവർ മൗനം പാലിച്ചു. പീർആലി, കുദറത്ത് ആലി എന്നിവരാണ് മൗനത്തിനു പട്ടാളക്കാരെ ഉപദേശിച്ചത്. കേണൽ ഈ 85 പേരെയും കോർട്ട്മാർഷൽ നടത്തി. അവരെ മുഴുവൻ ചങ്ങലക്കിട്ടു. അവരുടെ കുപ്പായക്കുടുക്കുകൾ കീറി നശിപ്പിച്ചു. പെൻഷൻ നഷ്ടപ്പെടുന്ന ഈ സഹപ്രവർത്തകരുടെ ദയനീയതയിൽ പലരും കരഞ്ഞു. ബ്രിട്ടീഷുകാർക്കെതിരെ ആഞ്ഞടിക്കുവാൻ പലരും ഉപദേശിച്ചു. അവരെയെല്ലാം ആശുപത്രിയിൽ തടവിലിട്ടു. ഹ്യൂജ് ഗഫ് എന്ന

ഓഫീസർ തടവുകാരെ സന്ദർശിച്ചപ്പോൾ മെയ് 9-നു ഒരു കലാപം ഉണ്ടാകുമെന്നു പലരും സൂചിപ്പിച്ചുവെന്നു പറയുന്നു. തടവുകാരുടെ കാലുകളിൽ ചങ്ങലയിട്ടിരുന്നു.

കോർട്ട്മാർഷൽ നടത്തുവാൻ നാട്ടുകാരായ ഒമ്പത് ഹിന്ദുക്കളും ആറു മുസ്‌ലീങ്ങളുമായ സൈനികോദ്യോഗസ്ഥരെയാണ് കേണൽ നിയമിച്ചിരുന്നത്. മെയ് 8നു നടന്ന വിചാരണയിൽ 85 പേരും കുറ്റക്കാരെന്നു തെളിയുകയും 10 വർഷത്തെ കഠിനതടവും അധ്വാനവും വിധിക്കപ്പെട്ടു. (ലോർഡ് റോബർട്ട്സ്, ഏൻ ഐ വിറ്റ്നസ് എക്കൗണ്ട് ഓഫ് ദ ഇന്ത്യൻ മ്യൂട്ടിനി, 2005 പതിപ്പ് പു. 44) പിറ്റേദിവസം ഞായറാഴ്ചയായിരുന്നു. പള്ളിയിലെ ചാപ്ലിൻ വൈകുന്നേരത്തെ സർവീസിനു ഭാര്യയോടൊപ്പം പുറത്തു പോകുമ്പോൾ നാട്ടുകാരിയായ ആയ പുറത്തു പോകരുതെന്നും സിപ്പായിമാരുടെ ഒരേറ്റുമുട്ടലുണ്ടാകുമെന്നും പറഞ്ഞതായി റോബർട്ട്സു രേഖപ്പെടുത്തുന്നു. (പു. 45) ചാപ്ലിൻ ചർച്ചിൽ എത്തുമ്പോഴേക്കും പരിസരത്തിൽ പുക ഉയരുകയും ബ്യൂഗിൾ മുഴങ്ങുകയും ചെയ്തിരുന്നു. കോട്ട കൈവശം വെച്ച അറുപതാം നമ്പർ റൈഫിൾസും അവർക്കെതിരായി മൂന്നാം നമ്പർ ലൈറ്റ് കാവൽറിയും ഏറ്റുമുട്ടുകയും കാവൽറി തങ്ങളുടെ തടവുകാരായ സുഹൃത്തുക്കളേയും മറ്റുള്ള തടവുകാരേയും ജയിൽ തുറന്നു വിടുകയും ചെയ്തു. അവർ 1200 പേരോളം വന്നിരുന്നു. വൈകുന്നേരം 5 മണിയോടെ ആ വലിയ സംഭവം ആരംഭിച്ചു. (ജെ.എ.ബി. പാമർ, മ്യൂട്ടിനി ഔട്ട്ബ്രെയിൻ ഇൻ മീററ്റ് 1857 (1966) കാണുക.

തന്റെ പതിനൊന്നാം നമ്പർ റജിമെന്റിനെ ശാന്തമാക്കുവാൻ ശ്രമിക്കുന്ന കേണൽ ഫിന്നിസിനെ അവർ വെടിവെച്ചു വീഴ്ത്തി. കലാപത്തിന്റെ ആദ്യത്തെ ഇര. കലാപത്തിലേർപ്പെട്ടവർ തങ്ങളുടെ ഓഫീസർമാരെ വധിച്ചില്ല. അവരോടു മാറിനിൽക്കുവാൻ കൽപിക്കുകയും കമ്പനി രാജിന്റെ അന്ത്യം എത്തിയെന്നു പറയുകയും ചെയ്തു. നശീകരണം അതിന്റെ പൂർണമായ തോതിൽ എത്തി. ഭജാരിൽ നിന്നും സമീപഗ്രാമങ്ങളിൽ നിന്നും താൽപര്യപൂർവം ജനങ്ങളതിൽ പങ്കെടുത്തു. അവർ ആയുധധാരികളായിരുന്നു. സിപ്പായിമാർ ആക്രമം നടത്തുന്നതിനു മുമ്പുതന്നെ അവർ കൂട്ടക്കൊലയ്ക്കു തയ്യാറായി. എന്താണ് സംഭവിക്കുവാൻ പോകുന്നതെന്നു കൃത്യമായി അവർക്കറിവുണ്ട്. അവർ ആയിരക്കണക്കിൽ ഓരോ ഭാഗത്തുനിന്നും ഒഴുകിയെത്തി. അൽപസമയത്തിനുള്ളിൽ നാട്ടുപട്ടാളം ബ്രിട്ടീഷ് ഓഫീസർമാരുടെ ഓരോ ബംഗ്ലാവും തകർത്തു തീവെച്ചു നശിപ്പിച്ചു. കേണൽ ഫിന്നിസിനെക്കൂടാത ഏഴു ഓഫീസർമാരേയും അവരുടെ മൂന്നു ഭാര്യമാരേയും മോസസ്സ് ചാമ്പേർഡ്, മാകഡോണാൾഡ്, ഡൌസൺ) രണ്ടു കുട്ടികളേയും വധിച്ചു. കൺടോൺമെന്റിന്റെ പ്രാന്തത്തിലുള്ള ഒറ്റയ്ക്കുള്ള ഇംഗ്ലീഷുകാരൻ, സ്ത്രീ, കുട്ടി എല്ലാവരേയും (റോബർട്ട്സ്, പു. 46-7)

ബ്രിഗേഡിയർആർച്ച് ഡെയിൽ വിൽസൺ ട്രഷറിയും ബാറക്കുകളും രക്ഷിക്കുവാൻ തന്റെ സൈന്യത്തെ നിയോഗിച്ചു. മീററ്റ് മിഷ്യനറിമാരുടെ ഒരു പ്രധാന പ്രവർത്തനകേന്ദ്രമായിരുന്നു. കലാപം നടന്നപ്പോൾ സിപ്പായിമാർ

ആദ്യം ലക്ഷ്യമാക്കിയത് മിഷ്യനറി എ. മെഡ്ലാൻഡിന്റെ സ്വത്തുക്കളും വാസസ്ഥലവും വീട്ടുസാമഗ്രികളുമാണ്. സ്കൂളുകളും കോട്ടേജുകളും എല്ലാം നശിപ്പിച്ചുവെന്നു ഷെറിങ്ങ് എം.എ. രേഖപ്പെടുത്തുന്നു. ബ്രിട്ടന്റെ അധികാരം വ്യക്തമാക്കുന്ന എല്ലാ രേഖകളും സ്ഥാപനങ്ങളും അവർ തീയിട്ടു. യൂറോപ്യരും ക്രിസ്ത്യാനികളും അവരുടെ ലക്ഷ്യമായി. ഹിന്ദുക്കളും മുസ്ലിങ്ങളുമല്ലാത്ത എല്ലാറ്റിനേയും ഹിന്ദുസ്ഥാനിൽ നിന്നും കെട്ടുകെട്ടിക്കുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം. കലാപത്തിനു നേതൃത്വം കൊടുത്ത മൗലാനാ ഫസൽഹക് കൈബാദി തന്റെ അൽഷോരത്തെ അൽഹിന്ദിയ എന്ന ഗ്രന്ഥത്തിൽ ഇന്ത്യക്കാരെ മുഴുവൻ ക്രിസ്തുമത പരിവർത്തനം നടത്തുകയെന്ന പരിപാടിയാണ് ഗവർമ്മെണ്ടിനുണ്ടായതെന്നു പറയുന്നു. (ആർ.ബി. ശർമ, ഹിസ്റ്ററി ഓഫ് ക്രിസ്ത്യൻ മിഷ്യൻസ്, പു. 192). ഇത്തരം ഒരു വിശ്വാസം തന്നെ ഒരു പരമ്പരാഗത സമൂഹത്തിൽ ബഹുജനങ്ങളെ ഗവൺമെന്റിൽ നിന്നും അന്യവൽക്കരിക്കുമെന്നത് തീർച്ചയാണ്. കൂടാതെ മതത്തിന്റെയും അതിന്റെ പഠനത്തിന്റെയും പേരിൽ മുൻകാലങ്ങളിൽ അവർ അനുഭവിച്ച സാമ്പത്തികാദായം കമ്പനി ഭരണത്തിൽ നഷ്ടപ്പെട്ടുവെന്നത് മീററ്റിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്. മതവും ഉപജീവനവും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന ഈ പ്രത്യേക പരിതഃസ്ഥിതി കലാപത്തിന്നു കൂടുതൽ പ്രചോദനമായി. അനേകം മൗലവിമാർ ഈ കലാപത്തിനു ആശയവും നേതൃത്വവും കൊടുത്ത ശക്തികളായിരുന്നു.

കലാപത്തിനു ശേഷം സിപ്പായിമാർ വീണ്ടും ഒരാക്രമണത്തിന്നു രാത്രിയിൽ തയ്യാറായേക്കുമെന്നവർ വിശ്വസിച്ചു. പിറ്റേദിവസം രാവിലെ അവരെല്ലാം സ്ഥലം വിട്ടിരിക്കുന്നുവെന്നു ഉദ്യോഗസ്ഥന്മാർ മനസ്സിലാക്കി.

ഈ വിവരണങ്ങൾ സിപ്പായിമാരും സിവിൽ ജനവിഭാഗങ്ങളും തമ്മിൽ ഒരു ധാരണ ഉണ്ടാക്കിയിരുന്നതായി കരുതുവാൻ സഹായിക്കുന്നു. ഇല്ലെങ്കിൽ ഇത്ര പെട്ടെന്നു ആയുധധാരികളായ ആളുകൾ എങ്ങനെ ഒരു കൺടോൺമെന്റിലെത്തും? സമീപകാലത്തെ ഗവേഷണങ്ങൾ പഞ്ചാബിലെ മറ്റൊരു കൺടോൺമെന്റ് ആയ അംബാലയിൽ, 5,60 എന്നീ നാട്ടുകാലാൾപ്പടയും 4 ലൈറ്റ് കാവൽറിയും മെയ് 10-നു 9 മണിക്കൂർ മുമ്പെ കലാപം നടത്തിയതായി സൂചിപ്പിക്കുന്നു. (കെ.സി. യാദവ് എഴുതിയ പ്രബന്ധം). അവർ റജിമെന്റ് ആയുധങ്ങൾ പിടിച്ചെടുത്ത് ഓഫീസർമാരെ അറസ്റ്റു ചെയ്യുകയും ചെയ്തു. എന്നാൽ സിവിൽജനങ്ങളുമായി ബന്ധം ഇല്ലാത്തതിനാൽ പെട്ടെന്നു ഇത് അടിച്ചമർത്തപ്പെട്ടു.

ഇന്ത്യയിലെ ഏറ്റവും വലിയ ഒരു സൈനികകേന്ദ്രമായ മീററ്റിലാണ് കലാപം പൊട്ടിപ്പുറപ്പെട്ടത്. അത് യാദൃച്ഛികമായിരുന്നില്ല. കലാപകാരികൾ എവിടെയാണ് രാത്രി നീങ്ങിയതെന്നു കണ്ടെത്താതിരുന്നതിനും അവർ ഡൽഹിയിലെത്തുന്നതിനു മുമ്പു തടയാതിരുന്നതിനും ജനറൽ ഹ്യൂവിറ്റിനെ കമാൻഡന്റ് സ്ഥാനത്തുനിന്നും ഗവൺമെന്റ് പിന്നീട് ഒഴിവാക്കി. ഈ അവസരം ഇന്ത്യയിലെ കമാൻഡർ ഇൻ ചീഫ് ജോർജ് ആൻസൺ സിംലയിലെ സുഖവാസകേന്ദ്രത്തി

ലായിരുന്നു. ഡൽഹിയിലെത്തിയ കലാപകാരികളിൽ നിന്നും പട്ടണം പിടിച്ചെടുക്കുകയാണ് ഉടനെ ചെയ്യേണ്ടതെന്നു സർജോൺ ലോറൻസ് പഞ്ചാബിൽ നിന്നും ആൻസന്ന് എഴുതി. ലോറൻസ് അഭിപ്രായപ്പെട്ടു. 'ഇന്ത്യയിൽ മുമ്പൊരിക്കലും സംഭവിച്ചിട്ടില്ലാത്ത വിധത്തിലുള്ള ഒരു പ്രതിസന്ധിയായി ഞാനിതിനെ കാണുന്നു.വേണ്ടത്ര ഫലപ്രദമായി ഉപയോഗപ്പെടുത്താതിരുന്നാൽ, പ്രവർത്തനക്ഷമമാക്കിയില്ലെങ്കിൽ, ഈ അടിയന്തരഘട്ടത്തിന്നു തുല്യമല്ലാത്തവിധത്തിലുള്ള ഒരു ചെറിയ യൂറോപ്യൻ സൈന്യം മാത്രമാണ് നമുക്കുള്ളത്. എന്നാൽ ഊർജ്ജസ്വലതയോടും കൃത്യതയോടും ദൈവത്തിന്റെ അനുഗ്രഹത്തിൽ അതിനെ തടയാനാവില്ലെന്നു തെളിയിക്കുന്നതായിരിക്കും'. (റോബർട്ട്സ്, ഉദ്ധരണം പു. 55).

ഈ അവസരം കമ്പനിയെ സംബന്ധിച്ച് പട്ട്യാല മഹാരാജാവിന്റെയും ജിൻഡിലേയും നാദയിലേയും രാജാക്കന്മാരുടെയും സഹായസഹകരണം ഡൽഹിക്കുള്ള സൈനികനീക്കത്തിനും അംബാല സംരക്ഷിക്കുന്നതിനും അത്യാവശ്യമായിരുന്നു. പട്ട്യാല മഹാരാജാവ് അംബാലയിലെ ഡപ്യൂട്ടി കമ്മീഷണർ ഡഗ്ലസ് ഫോർസിത്തിനോട് തന്റെ എല്ലാവിധ സഹായവും വ്യക്തിഗതമായി വാഗ്ദാനം ചെയ്തപ്പോഴും തന്റെ രാജ്യത്തിൽ സ്വന്തം സഹോദരനടക്കമുള്ള ശത്രുക്കൾകൂടിയുണ്ടെന്നു സൂചിപ്പിച്ചു. മഹാരാജാവ് തന്റെ ഒരു സൈന്യത്തെ കുർണാൾ എന്ന സ്ഥലത്തേക്കു ഗാൻട് ട്രങ്ക്റോഡ് സംരക്ഷിക്കുവാൻ ഇപ്രകാരം അയച്ചുകൊടുത്തു. മെയ് 19-നു പഞ്ചാബിൽ നിന്നു കൂടുതൽ സൈന്യങ്ങളും മദ്രാസ്, ബോംബെ, സിലോൺ എന്നിവിടങ്ങളിലെ സൈന്യങ്ങളും ഡൽഹിക്കു പുറപ്പെട്ടുവെന്നു ആൻസന്നു വിവരം ലഭിച്ചു. എന്നാൽ 26-ന്നു കുർണാളിൽവെച്ച് കോളറ കാരണം അദ്ദേഹം മരണപ്പെടുകയും ചെയ്തു. തന്റെ രാജ്യം തന്നോടു നീതി കാണിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അന്ത്യവാചകങ്ങൾ. കാരണം ഡൽഹിയിലേക്കു കിട്ടാവുന്ന സൈന്യവുമായി അദ്ദേഹം മുന്നേറിയില്ലെന്നായിരുന്നു. അതിന്റെ അംഗസംഖ്യയേക്കാളും അധികം വരുന്ന അംഗസംഖ്യ ഡൽഹിയിൽ അപ്പോഴേക്കും മരിച്ചുകഴിഞ്ഞുവെന്ന വിമർശനം ഉയർന്നിരുന്നു. മരണശേഷം ഫീൽഡ് സൈന്യത്തിന്റെ കമാൻഡ് മേജർ ജനറൽ സർ ഹെന്റി ബർനാർഡ് ഏറ്റെടുത്തു.

കലാപത്തിന്റെ സംഭവപരമ്പരകൾ പെർസിവൽസ്പിയർ വിലയിരുത്തിയതുപോലെ 'സ്വാതന്ത്ര്യത്തിന്നു വേണ്ടിയുള്ള ആധുനിക ഇന്ത്യയുടെ ആദ്യയുദ്ധം' (എ ഹിസ്റ്ററി ഓഫ് ഇന്ത്യ, വോ. 2, പു. 139) എന്നു പറയാവുന്ന തരത്തിലെത്തിയിരുന്നു. അദ്ദേഹം 'റബലിയൻ' (കലാപം) എന്നതിന്നു പകരം 'വാർ' (യുദ്ധം) എന്നാണ് വിശേഷിപ്പിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ സാമൂഹ്യവും ആശയപരവുമായ പശ്ചാത്തലത്തിൽ പരമ്പരാഗതവീക്ഷണങ്ങൾ മാറിയിരുന്നില്ലെന്നും ആയതിനാൽ കലാപത്തിന്റെ പിന്നിൽ മതപരമായ ലക്ഷ്യങ്ങളുണ്ടായിരുന്നുവെന്നും പടിഞ്ഞാറിന്റെ വരവിന്നെതിരായി പരമ്പരാഗത ഇന്ത്യയുടെ അവസാനത്തെ പ്രതിരോധമാണതെന്നും അദ്ദേഹം വിലയിരുത്തുന്നു.



കലാപകാരികളുടെ കുതിരപ്പട ബ്രിട്ടീഷ് കാലാൾപ്പടയെ ആക്രമിക്കുന്നു.
(1857 ജൂലായ് 15)

ഈ കലാപത്തിന്നുശേഷം രാജാക്കന്മാരിലും മുഖ്യന്മാരിലും ജമീന്ദാർമാരിലും മറ്റുമുള്ള ജനതയുടെ വിശ്വാസം നഷ്ടപ്പെട്ടുവെന്നും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ഉയർന്നുവന്ന പാശ്ചാത്യവീക്ഷണമുള്ള പുതിയ വിഭാഗത്തിന്റെ നേതൃത്വവുമായി അവരുടെ മനസ്സ് ബദ്ധമായിത്തീർന്നുവെന്നും സ്പിയർ ചൂണ്ടിക്കാട്ടി. എന്നാൽ തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി ഇന്ത്യൻ കാർഷിക സമൂഹം നടത്തിയ സായുധകലാപം 1857-ന്റെ പ്രചോദനത്തോടെ ഇന്ത്യൻ സ്വാതന്ത്ര്യസമരം പൂർണമാവുന്നതുവരെ തുടർന്നുകൊണ്ടിരുന്നു. ആ കൈവഴിയുടെ നേതൃത്വം പ്രധാനമായും ഗ്രാമീണ ജനവിഭാഗത്തിലായിരുന്നു.

കലാപം മീററ്റിൽ മാത്രമല്ല ആരംഭിച്ചതെന്നും അത് ഇന്ത്യൻ സമൂഹത്തിലേക്കു അത്യന്തം ആഴത്തിൽ വ്യാപിച്ചിരുന്നുവെന്നും ജോൺ ബ്രൂസ് നോർട്ടൺ തന്റെ 'റബലിയൻ ഇൻ ഇന്ത്യ' (1857) എന്ന ഗ്രന്ഥത്തിൽ വിശകലനം ചെയ്യുന്നു. ബ്രിട്ടീഷ് സമൂഹം ഇന്ത്യൻ സമൂഹത്തിൽ വരുത്തിയ മാറ്റങ്ങൾ കലാപത്തിന്റെ കാരണമായി അദ്ദേഹം എടുത്തു കാട്ടുന്നു. അദ്ദേഹം എഴുതി: 'സൈന്യത്തിൽ മാത്രം നിലനിൽക്കുന്ന ഒന്നല്ല കൂറില്ലായ്മ. സൈനികമായി ഈ കൂറില്ലായ്മ സംഘടിതമാണെന്നതാണ് ഒരു വ്യത്യാസം. അതിന്നു സംഘടനയില്ലാത്ത നിലയിൽ ജനസമൂഹങ്ങൾക്കിടയിൽ വ്യക്തത ഉണ്ടായിട്ടില്ല. ജനങ്ങൾ കലാപത്തിൽ എന്തുമാത്രം പങ്കെടുത്തുവെന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല...ജനങ്ങളുടെ കോപം വ്യക്തമാക്കുന്ന അനേകം റിപ്പോർട്ടുകൾ എനിക്കു കാണാൻ കഴിഞ്ഞിട്ടുണ്ട്... കലാപകാരികളായ കുതിരപ്പടയാളികൾ

മീററ്റിൽ നിന്നും ഡൽഹിയിലെ തെരുവുകളിലെത്തി മാർച്ച് ചെയ്തപ്പോൾ കൊള്ള ചെയ്യുന്നതിനു തയ്യാറായില്ല. അവർ ജീവിതത്തിനു വേണ്ടി വന്നതാണെന്നും കൊള്ള ചെയ്യുവാനല്ലെന്നും പ്രഖ്യാപിച്ചു. അവരുടെ ലക്ഷ്യം രക്തമായിരുന്നു. തങ്ങളുടെ കാലുകളിൽ പതിഞ്ഞിരുന്ന ചങ്ങലയുടെ പാട് അവർ കാണിച്ചു. തങ്ങളുടെ കാരണവും ന്യായീകരണവുമായി. അതിനാൽ അൽപം കൂറില്ലാത്ത പ്രാദേശിക റജിമെന്റുകളുടെ അതൃപ്തിയുടെ പ്രകടനം മാത്രമായി കലാപത്തെ സങ്കൽപിച്ചുകൊണ്ടുള്ള നിർണായകമായ തെറ്റു കണ്ടെത്തുന്ന രീതിയിലുള്ള ഭാവനയിലെത്താതിരിക്കുക. അതു ബംഗാളിന്റെ ഒരറ്റത്തു നിന്നും മറ്റൊരറ്റത്തു എത്തുന്നതായിക്കാണാം. സൈനികവും സിവിലുമായ എല്ലാ മാർഗങ്ങളെയും ഒരുപക്ഷേ, അത് ആലിംഗനം ചെയ്യുന്നു. ഒരേസമയം അത് ഒരു കേന്ദ്രത്തിൽ നിന്നും മറ്റൊരു കേന്ദ്രത്തിലെത്തുന്നു. സത്താറയിലും നാഗപ്പൂരിലും ഝാൻസിയിലും നടക്കുന്ന കലാപങ്ങളുടെ റിപ്പോർട്ടുകൾ ഒരേ പോസ്റ്റിൽ ലഭിക്കുന്നു. അതിന്റെ ഉത്ഭവം പൂർണമായല്ലെങ്കിലും ഭാഗികമായി രാഷ്ട്രീയമാണ്...മൂന്നു മാസത്തിന്നുള്ളിൽ അമ്പതിനായിരം സിപ്പായിമാർ കലാപകാരികളായിരിക്കുന്നു.'

പല കാരണങ്ങളും വിശകലനം ചെയ്യുന്നതിനിടയിൽ ഇതേ ഗ്രന്ഥകാരൻ ഇന്ത്യയിലെ കൊളോണിയൽ സമൂഹത്തിന്റെ വിശദമായ ഒരു വിശകലനം നടത്തുന്നു. ക്ലൈവിന്റെ കാലഘട്ടത്തിൽ നിന്നും വ്യത്യസ്തമായിട്ടാണ് ഒരു തദ്ദേശീയ ഓഫീസറെ അദ്ദേഹം വിലയിരുത്തിയത്. മൺറോ ഒരു കമ്പനിക്കു ഒരു യൂറോപ്യൻ ഓഫീസർ മതിയെന്നാണ് തീരുമാനിച്ചത്. എന്നാലിപ്പോൾ എല്ലാം മാറിയിരിക്കുന്നെന്നും ഒരു ദേശീയ ഓഫീസർ ഉയർന്നുവന്ന വർഗത്തെ തന്നെ ബ്രിട്ടീഷുകാർ ഇല്ലാതാക്കിയെന്നും.

മീററ്റിൽ നിന്നും കലാപം ഡൽഹിയിലേക്കും അതോടെ മറ്റു സൈനിക കേന്ദ്രങ്ങളിലേക്കും വ്യാപിപ്പിച്ചു. ഹിന്ദുക്കളും മുസ്ലിമിങ്ങളും ഒരേ വിപ്ലവത്തിന്റെ ആവേശകരമായ ഗാനം മുഴക്കി. അവർ തങ്ങളുടേതായ വിപ്ലവത്തിന്റെ പാതയിൽ മുന്നേറിക്കൊണ്ടിരുന്നു. ലോകചരിത്രത്തിൽ തന്നെ ഏറ്റവും മുന്നിട്ടു നിന്ന ഒരു സൈനികവിപ്ലവത്തിന്റെ ആരംഭം. അവരുടെ ശാസ്ത്രസാങ്കേതിക വിദ്യ ബ്രിട്ടീഷ് സൈനിക പരിശീലനത്തിന്റെ ഭാഗം തന്നെയായിരുന്നു. അതേ പരിശീലനം അവർ ഭരണവർഗത്തിനെതിരായി പ്രയോഗിക്കുകയായിരുന്നു.

# ഡൽഹി കീഴടക്കുന്നു

മീററ്റിലെ കലാപകാരികൾ മെയ് 10-ന് ഞായറാഴ്ച രാത്രിയിൽ തന്നെ 'ഡൽഹി ചലോ' എന്ന മുദ്രാവാക്യവുമായി യമുനയുടെ കരയിൽ ഡൽഹി പട്ടണത്തിലേക്കു തിരിച്ചു. ലൈറ്റ് കാവൽറി (കുതിരപ്പട)യെ അതിന്റെ യാത്രയിൽ എതിർക്കുവാൻ ബ്രിട്ടീഷുകാർ മുന്നോട്ടു വന്നില്ല. അവിടെത്തന്നെ നില്ക്കുകയാണെങ്കിൽ തങ്ങൾ വലിയ ഒരേറ്റുമുട്ടലിന്നു വിധേയരാകുമെന്നു സൈനികർ മനസ്സിലാക്കി. മെയ് 11ന് രാവിലെ 8 മണിയോടെ അവർ മുഗൾ രാജാവായിരുന്ന ബഹദൂർഷാ സഫറിന്റെ റെഡ്ഫോർട്ടിന്റെ കീഴത്തെ ഭിത്തിക്ക് സമീപം കൊട്ടാരത്തിന്റെ ജനലുകൾക്കുതാഴെ വലിയ ശബ്ദത്തോടെ എത്തിച്ചേർന്നു. അവർ മീററ്റിലെ ഇംഗ്ലീഷുകാരെ മുഴുവൻ വധിച്ചാണ് വന്നിട്ടുള്ളതെന്നു പറഞ്ഞു. തോട്ട കടിച്ചു നിറയ്ക്കുന്നതിനെതിരായി ഹിന്ദുക്കളും മുസ്ലിങ്ങളും മതം നഷ്ടപ്പെടുന്ന ഭീതിയിലാണത് ചെയ്തതെന്നും സൂചിപ്പിച്ചു. രാജാവ് ഈ വിവരം കൊട്ടാരം സൂക്ഷിപ്പുകാരുടെ കമാൻഡണ്ടിനെ അറിയിച്ചു. കമാൻഡന്റ് ഫ്രെയ്സർ സൈനികരോടു സംസാരിച്ചു. മുഗൾ രാജാവിനോടു രണ്ടു തോക്കിന്നും പല്ലക്കിന്നും ആവശ്യപ്പെട്ടു വിവരം നല്കി. എന്നാൽ സ്ത്രീകളേയും ഫ്രെയ്സറേയും കലാപകാരികൾ വെടിവെച്ച് കൊന്നു. മെയ് 11 രാത്രി അവർ സലിംഗാർ കോട്ടയിൽ (54-ാം കാലാൾ വിഭാഗം) പിന്നീട് താവളമുറപ്പിച്ചു. അവർ രാജാവിന്റെ സന്ദർശക ഹാളിലെത്തി രാജാവിനെ വളഞ്ഞു. വൈകുന്നേരം ഇംഗ്ലീഷുകാരേയും സ്ത്രീകളേയും വെടിമരുന്ന് അറയുടെ കാവൽസ്ഥാനങ്ങളിൽ നിന്നും തടവുകാരാക്കിക്കൊണ്ടുവന്നു. അവരെ വധിക്കുന്നതിൽനിന്നും രാജാവ് തടഞ്ഞുവെച്ചു. എന്നാൽ അവർ അവസാനം അവരെ വധിക്കുകയും ചെയ്തു. ഡൽഹിയിലെ തെരുവുകളിലൂടെ ഈ കുതിരപ്പടയാളികൾ യാത്ര ചെയ്യുമ്പോൾ അവർ കൊള്ള ചെയ്യുന്നത് വിസമ്മതിച്ചു. അവർ ജീവിതത്തിനു വേണ്ടി വന്നവരാണെന്നും കൊള്ള ചെയ്യുവാനല്ലെന്നും പറഞ്ഞു. രക്തമാണവരുടെ ലക്ഷ്യമെന്നും അവർ തങ്ങളുടെ കാലുകളിലെ ഇരുമ്പുചങ്ങലപ്പാടുകൾ കാണിച്ചുകൊടുക്കുകയും ചെയ്തു. ഇത് അല്പം ആളുകളുടെ, സൈനികരുടെ പ്രാദേശികമായ അസന്തുഷ്ടികൊണ്ട് ഉണ്ടായതല്ലെന്നും മനസ്സിലാക്കണമെന്നും പ്രസ്താവിച്ചു. ബംഗാളിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ സിവിലും സൈനികവുമായ എല്ലാ വിഭാഗങ്ങളും ഉൾക്കൊള്ളുന്ന ഒന്നായി മാറുമെന്നും സൂചിപ്പിച്ചു. (ജോൺ ബ്രൂസ്നോർട്ടൺ, റബലിയൻ ഇൻ ഇന്ത്യ, 1857).

വെടിമരുന്നറ സംരക്ഷിക്കുന്ന കടുത്ത യുദ്ധം കാശ്മീർ ഗെയ്റ്റിനു സമീപം നടന്നു. 'അല്ലയോ രാജാവേ, സഹായിക്കുക! ദീനിന്നുവേണ്ടിയുള്ള ഞങ്ങളുടെ

യുദ്ധത്തിൽ സഹായിക്കുക! ' എന്ന് രാജാവിനോട് കലാപകാരികൾ ആവശ്യപ്പെട്ടു. തടവിൽക്കഴിഞ്ഞിരുന്ന രാജാവിനോട് അവർ രാജാവായി സ്ഥാനമേറ്റെടുക്കുവാൻ അപേക്ഷിച്ചു. മെയ് 12ന് രാജാവിന്റെ പുത്രന്മാരായ മിർസാ മൊഗൾ, മിർസാകീസർ സുൽത്താൻ, പൗത്രനായ മിർസാ അബൂബക്കർ സൈന്യത്തിന്റെ കമാൻഡർമാരായി ചാർജ്ജെടുത്തു. മിർസാമെൻഡു, മിർസാ ഭക്ത്വാഷാ, മിർസാ അബ്ദുള്ള എന്നിവരും സൈനിക പദവികൾ ഏറ്റെടുത്തു. കലാപകാരികളാണ് ഇവരെ ഈ പദവികളിലിരുത്തിയത്. രാജ്ഞി സീനത്ത് മഹലിന്റെ പിതാവായ ഷംഹീർ ഉദ് ദൌളത്ത് എന്നിവരേയും മറ്റും കലാപകാരികൾ തടവിലിട്ടിരുന്നു. രാജാവിന്നു സൈന്യത്തിനു മീതെ വലിയ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നില്ല. ഭരണം നിയന്ത്രിക്കുവാൻ ഒരു കൗൺസിലിനെ നിയമിക്കുകയും ചെയ്തു. സീനത്ത് മഹൽ പല ഇംഗ്ലീഷുകാർക്കും അഭയം നല്കിയിരുന്നതിനാൽ അവരെ തടവിലിടണമെന്നുകൂടി സൈനികർ ആവശ്യപ്പെട്ടുകാണാം. രാജ്ഞിയുടെ വീട് കൊള്ളചെയ്യുവാനും പുറപ്പെട്ടിരുന്നു. രാജാവിന്റെ പേരിൽ പേർഷ്യൻ രാജാവായ മുഹമ്മദ് ദർവേഷിന്നു സൈനിക സഹായമഭ്യർത്ഥിച്ച് എഴുത്തുകൾ പോയതായിക്കാണാം. മിയാൻഹസൻ അസ്കരിയായിരിക്കണം അതെഴുതിയതെന്ന് രാജാവ് തന്റെ വിചാരണയിൽ പ്രസ്താവിച്ചു. താനറിയാതെയാണ് അതെല്ലാം നടന്നതെന്നും.

മെയ് 16നുള്ള രാജാവിന്റെ കോർട്ട് ഡയറിയിൽ ഇപ്രകാരം എഴുതിവെച്ചുകാണാം.

പ്രത്യേക സന്ദർശന ഹാളിൽ രാജാവ് തന്റെ സഭ ചേർന്നു. ഇംഗ്ലീഷുകാരായ 49 തടവുകാരുണ്ടായിരുന്നു. സൈന്യം അവരെ വധിക്കുവാനായി വിട്ടുകിട്ടാൻ ആവശ്യപ്പെട്ടു. സൈന്യം ആഗ്രഹിക്കുന്നതുപോലെ ചെയ്യുക എന്നു പറഞ്ഞു രാജാവ് അവരെ വിട്ടുകൊടുത്തു. തടവുകാരെ അനന്തരം അവർ വാളിനിരയാക്കി. സഭയിൽ വലിയതോതിൽ ആളുകൾ എത്തിച്ചേർന്നിരുന്നു. എല്ലാ മുഖ്യസ്ഥന്മാരും പ്രഭുക്കളും ഉദ്യോഗസ്ഥരും എഴുതിയെടുക്കുന്നവരും സഭയിൽ സ്വയം ഹാജരായിരുന്നു. അവർ തങ്ങളുടെ ആദരവ് പ്രകടിപ്പിക്കുകയും ചെയ്തു. (ബഹദൂർഷാവിന്റെ വിചാരണയിൽ ഹാജരാക്കപ്പെട്ട രേഖ). ഹാളിൽ കലാപകാരികൾ ഷൂസ് ധരിച്ച് ഹാജരായെന്നത് അവർ അധികാരത്തെ ധിക്കാരപൂർവം നോക്കിയെന്നും തെളിയിക്കുന്നു.

ഡൽഹിയുടെ പതനം വളരെ യാദൃച്ഛികമായിരുന്നു. സുസ്ഥിരമായ ഒരെതിർപ്പിന്നു ബ്രിട്ടീഷുകാർ തയ്യാറായില്ല. പലരും കാടുകളിൽ ഒളിച്ചു. രക്ഷപ്പെട്ടവർ മീററ്റിലേക്കു നീങ്ങി.

കലാപകാരികൾ ഡൽഹി കീഴടക്കിയ വാർത്ത മറ്റനേകം പട്ടാളകേന്ദ്രങ്ങളിൽ കലാപത്തിനു പശ്ചാത്തലമൊരുക്കി. സർഹിന്ദ് ഡിവിഷന്റെ കമാൻഡർ ഹെന്റിബർനാർഡ് അമ്പാലയിൽ റജിമെന്റുകളുടെ വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുന്നുവെന്നു ജനറൽ ആൻസന്ന് റിപ്പോർട്ടു ചെയ്തു. എന്നാൽ പെട്ടെന്നുള്ള നടപടികൾ ഉണ്ടായില്ലെന്നാണ് സൈനികറിപ്പോർട്ടുകൾ. ഡൽഹിയിലേക്കു



ഡൽഹിയിൽ കാശ്മീർ ഗേറ്റ് ആക്രമണം. ബ്രിഗേഡിയർ വിൽസൺ വധിക്കപ്പെട്ടു. (1857 സപ്തംബർ 14)

മുന്നേറുവാൻ നോക്കുമ്പോഴും അമ്പാലയെ ശക്തിപ്പെടുത്തുവാൻ ആൻസന്ന് കഴിഞ്ഞില്ല. മെയ് 19നു മാത്രമാണ് മദ്രാസ്, ബോംബെ, സിലോൺ സഹായക സൈന്യങ്ങൾ വന്നുചേരുന്ന വാർത്ത ആൻസന്നു ലഭിച്ചത്. എന്നാൽ മെയ് 24-ന്നു കുർനാൽ വിട്ട ആൻസൺ 26-ന്നു കോളറ കാരണം പെട്ടെന്നു മരിച്ചു. തുടർന്നു മേജർ ജനറൽ ഹെൻറി ബർനാർഡ് ചാർജെടുക്കുകയും ചെയ്തു. പിന്നീട് രണ്ടാഴ്ചയ്ക്കകം അനാരോഗ്യം കാരണം അദ്ദേഹം ലീവിൽ പ്രവേശിച്ചു. പകരം ജനറൽ റീഡ് കമാൻഡ് സ്ഥാനം വഹിച്ചു.

ഡൽഹി വീണ്ടെടുക്കുകയെന്ന ലക്ഷ്യം വെച്ചായിരുന്നു പിന്നീട് ബ്രിട്ടീഷ് സൈന്യം പ്രവർത്തിച്ചത്. അമ്പാലയിൽ നിന്നും മീററ്റിൽ നിന്നും ഡൽഹിയിലേക്കു പല സൈന്യങ്ങളും മാർച്ച് ചെയ്തു. ജൂൺ 7-നു മീററ്റ് സൈന്യം വിൽസന്റെ നേതൃത്വത്തിൽ യമുന കടക്കുകയും ആലിപൂരിൽ ബർനാർഡിന്റെ. സൈന്യവുമായി ഒത്തുചേരുകയും ചെയ്തു. ജൂൺ 12-നു ഹിന്ദുറാവ് കോട്ടയുടെ നേർക്കു ബ്രിട്ടീഷുകാർ ആക്രമണം തുടർന്നു. കലാപകാരികളെ പീരങ്കിപ്പട സംരക്ഷിച്ചിരുന്നില്ല. ഹോപ്ഗ്രാൻടിന്റെ സൈന്യം കലാപകാരികളിൽ മുന്നൂറു മുതൽ നാനൂറു വരെ ആൾക്കാരെ വധിച്ചു. കലാപകാരികൾക്കു വേണ്ടത്ര ധൈര്യം ഉണ്ടായിരുന്നുവെങ്കിലും ആവശ്യമായ സൈനികതന്ത്രം ഉണ്ടായിരുന്നില്ലെന്നായിരുന്നു കേണൽ കീത്ത്യങ്ങ് റിപ്പോർട്ട് ചെയ്തത്.

സബ്സിമണ്ടി പ്രദേശത്ത് ആർക്ക്വെയിൽ വിൽസൺ മീററ്റ് സൈന്യത്തെ മുന്നോട്ടു നയിച്ചു. കലാപകാരികളുടെ പക്ഷം ധാരാളം ആളുകൾ ഒരു ആത്യന്തിക ഏറ്റുമുട്ടലിനെന്നപോലെ വന്നുകൊണ്ടിരുന്നു. എന്നാൽ അവർക്കു

വേതനം നൽകുവാനും ആവശ്യമായ ഭക്ഷണം നൽകുവാനും കഴിയാത്ത സ്ഥിതി ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കി. നഗരത്തിലെ വൻകിട പണമിടപാടുകാർ കലാപകാരികളെ വേണ്ടത്ര സഹായിച്ചിരുന്നില്ല. ജൂലായ് 6-നു ബ്രിട്ടീഷ് സൈന്യത്തിന്റെ ഒരു വിഭാഗം ആഗ്രാ കോട്ടയിൽ അഭയം തേടി. ജൂലായ് 16-നു ഝാൻസിയിൽ നിന്നും 800 പേർ കലാപകാരികളുടെ പക്ഷം ചേരുവാൻ എത്തിക്കഴിഞ്ഞിരുന്നു.

ആഗസ്ത് 1-നു ഈദ്ദിനം ഹിന്ദ്റാവ് കോട്ടയിൽ വലിയ ഏറ്റുമുട്ടൽ നടന്നു. ആവശ്യമായ ഭക്ഷ്യപദാർത്ഥങ്ങളും വെടിമരുന്നും ഇല്ലാത്തതിനാൽ കലാപകാരികൾ ഡൽഹി വിട്ടുപോകുന്ന വാർത്തയാണ് ബ്രിട്ടീഷുകാർക്ക് ലഭിച്ചത്. സൈനിക കമാൻഡർ ഭക്ത്ഖാൻ സിവിലും മിലിട്ടറിയുമായ നേതൃത്വം കയ്യടക്കുകയും സാഹിബ് ഇ ആലം ബഹാദൂർ എന്ന ബിരുദം രാജാവിൽ നിന്നു നേടുകയും ചെയ്തു. ദേവീസിങ്, സാളിഗ്രാം എന്നീ ബേങ്കർമാരെ പണം ലഭിക്കുവാൻ ഈ അവസരം തടവിലിട്ടിരുന്നു. പക്ഷേ പണം ലഭിച്ചിരുന്നില്ല. ഡൽഹിയിലെ സൈന്യത്തെ മുഴുവൻ ആലിപൂരിലേക്കു കൊണ്ടുപോകുവാൻ ഭക്ത്ഖാൻ ഉദ്ദേശിക്കുന്നുവെന്നും ഇംഗ്ലീഷുകാരുമായുണ്ടാക്കിയ ധാരണപ്രകാരമാണിതെന്നും ഒരു കിംവദന്തി പ്രചരിപ്പിക്കപ്പെട്ടിരുന്നു. ആ നിലയിൽ ഗൗരീശങ്കർ, തല്യാർഖാൻ തുടങ്ങിയവരുടെ നേതൃത്വം ആഗസത് 3നു ഹിന്ദ്റാവു കോട്ടയിൽ കലാപകാരികൾക്കു വേണ്ടത്ര പിന്തുണ നൽകിയില്ലെന്നും പറയപ്പെട്ടു. ബറൈലിയിൽ നിന്നും ഈ അവസരം മൗലവി സർഫാസ് അലിയുടെ നേതൃത്വത്തിൽ 4000 വരുന്ന ഗാസിമാർ (പടയാളികൾ) ഡൽഹിയിലെത്തിയിരുന്നു. ബറൈലി സൈന്യത്തിനു ആയുധമില്ലാതാക്കുവാനുള്ള ഒരു ഗൂഢതന്ത്രം ഈ അവസരം ഉണ്ടാക്കിയെന്നും പറയപ്പെടുന്നു. ഏതായാലും കമാൻഡർ ഭക്ത്ഖാന്ന് താൻ ബ്രിട്ടീഷുകാരുമായി ഗൂഢസംഖ്യം ഉണ്ടാക്കിയിട്ടില്ലെന്നു ഖുറാൻ കയ്യിലേന്തി സത്യം ചെയ്യേണ്ടിവന്നു. ഡൽഹിയിൽ 160 ലക്ഷം വരുന്ന ജനസംഖ്യയിൽ പകുതിയിലധികം മുസ്ലിമിങ്ങളായിരുന്നു. ഹിന്ദുക്കൾ വേണ്ടത്ര സഹകരിക്കുന്നില്ലെന്ന ഒരാശയവും പ്രചരിപ്പിക്കപ്പെട്ടു. ആഗസ്ത് 15നു ബ്രിട്ടീഷ് സൈന്യത്തിനു ഡൽഹിയിൽ പ്രവേശിക്കുവാൻ കഴിഞ്ഞു.

ആഗസ്ത് 24നു പാലം എന്ന സ്ഥലത്ത് ഭക്ത്ഖാനും നിക്കോൾസനും പരസ്പരം ഏറ്റുമുട്ടി. വിജയം വരിച്ച നിക്കോൾസൺ കാശ്മീർ ഗെയ്റ്റിൽ മരിച്ചുവീണു. സപ്തംബർ 11ന് കാശ്മീർ ഗേറ്റിൽ ഒരു വലിയ ഏറ്റുമുട്ടൽ ഉണ്ടായി. തുടർന്ന് ചാന്ദ്നീ ചൗക്കിൽ ജുമാമസ്ജിദ്, കൊട്വാളി, ഫത്തേപ്പൂർ മസ്ജിദ്, ലാഹോർ ഗെയ്റ്റ്, കിഷൻഗഞ്ജ് എന്നിവിടങ്ങളിലും ഏറ്റുമുട്ടലുകൾ നടന്നു. സപ്തംബർ 14-നു തിയോഫലിസ് മെറ്റ് കാഫിന്റെ മൂന്നാം കോളം സൈന്യങ്ങൾ ജുമാമസ്ജിദിൽ ജിഹാദികളുമായി ഏറ്റുമുട്ടി. ബറൈവി നൈമഷ് കാമ്പുകളിൽ നിന്നും വന്നിട്ടുള്ള ഗാസിമാർ വാളുകളുയർത്തിപ്പിടിച്ച് ഏറ്റവും വലിയ ഒരു പ്രതിരോധം നടത്തി. ബ്രിട്ടീഷുകാരിൽ 1100 സൈനികർ മരിച്ചുവീണു. കൂടാതെ അറുപതു ഓഫീസർമാരും.

## ഡൽഹി കീഴടങ്ങുന്നു

സപ്തംബർ 11നു ചാന്ദ്നീ ചൗക്കിൽ ഗാസിമാരും മറ്റും ഒരു വലിയ പ്രതിരോധം കാഴ്ച വെച്ചിരുന്നു. അവർ ആഹ്വാനം ചെയ്തു: 'പൗരന്മാരെ, പൗരന്മാരെ, എല്ലാവരും മതത്തിനുവേണ്ടി രക്തസാക്ഷികളാവുക. ഞങ്ങളെ പിന്തുടരുക.' എന്നാൽ അവർക്കു ബ്രിട്ടീഷുകാരുടെ പീരങ്കി ഉണ്ടകൾക്കുമുന്നിൽ മുമ്പോട്ടു നീങ്ങാൻ കഴിഞ്ഞില്ല. സപ്തംബർ 6നു തന്നെ ഒരു ആത്യന്തികമായ മതയുദ്ധത്തിലാണ് ഞങ്ങൾ ഏർപ്പെട്ടിട്ടുള്ളതെന്നു ബഹദൂർഷാ മുഖ്യ കൊത്വാളിനെക്കൊണ്ട് ചെണ്ടമുട്ടി പരസ്യം ചെയ്യിപ്പിച്ചു.

*'ഇതൊരു മതപരമായ യുദ്ധമാണ്. വിശ്വാസത്തിന്റെ പേരിലാണ് ഇത് നടത്തപ്പെടുന്നത്. ഈ രാജകീയ പട്ടണത്തിലെ നിവാസികളായ എല്ലാ ഹിന്ദുക്കളും മുസ്സൽമാൻമാരും അല്ലെങ്കിൽ ഈ രാജ്യത്തിലെ ഗ്രാമവാസികളായവരും അതുപോലെ ഹിന്ദുസ്ഥാനിലെ നിവാസികളായ എല്ലാവരും, നമുക്കെതിരായി താഴ്വാരത്തിൽ നിർത്തപ്പെട്ടവരും ബ്രിട്ടീഷുകാരുടെ സൈന്യത്തിൽ നിയമിക്കപ്പെട്ടവരും അവർ കിഴക്കൻ രാജ്യങ്ങളിലെ ആളുകളായാലും അല്ലെങ്കിൽ സിക്കുകാരായാലും അല്ലെങ്കിൽ സ്വദേശികളായാലും അല്ലെങ്കിൽ ഹിമാലയ മലമുകളിലെ ആളുകളായാലും തങ്ങളുടെ വിശ്വാസത്തോടും ആചാരത്തോടും വിശ്വസ്തത തുടരണമെന്നും ഇംഗ്ലീഷുകാരേയും അവരുടെ സേവകരേയും വധിക്കേണ്ടതുമാണ്. (എറിക് സ്റ്റോക്സിന്റെ ദ പെസൻട് ആർമ്ഡ്: ദ ഇന്ത്യൻ റബലിയൻ ഓഫ് 1857 (1986). പു. 92.*

സപ്തംബർ 14നു, ഡൽഹിയ്ക്കു ചുറ്റുമുള്ള മതിൽ ആക്രമിച്ചു കീഴടക്കുവാനും അതോടെ പട്ടണത്തിന്റെ പല ഭാഗങ്ങളിലും ബ്രിട്ടീഷ് സൈന്യത്തെ വിന്യസിക്കുവാനുമായിരുന്നു ബ്രിട്ടീഷുകാർ ആസൂത്രണം ചെയ്തത്.

*'ബ്രിട്ടീഷ് ബയനറ്റുകളുടെ ആക്രമണം ആരംഭിക്കുന്നതിന്നു മുമ്പുതന്നെ കലാപകാരികളിൽ വലിയ ഒരു വിഭാഗം മതിലുകളും കൊത്തളങ്ങളും ഉപേക്ഷിച്ചു തലങ്ങും വിലങ്ങുമായി പട്ടണത്തിലേക്കു ഓടിപ്പോയി. ബ്രിട്ടീഷുകാരുടെ സൈന്യം അവരെ പിന്തുടർന്നു. അല്പം ചിലർ ആണത്തത്തോടെ നില്ക്കുകയും മറ്റുള്ളവരുടെ പലായനം തടയുവാൻ പരിശ്രമിക്കുകയും ചെയ്തു. പക്ഷേ, അവരെ പെട്ടെന്നു വെടിവെക്കുകയും ബയനറ്റ്കൊണ്ട് മുറിവേല്പിക്കുകയും ചെയ്തു. രണ്ടു കോളം സൈന്യങ്ങൾ മതിലുകൾക്കുള്ളിൽ തമ്പടിച്ചു.*

(ഗ്രിഫിത്ത്സ്, സീജ് ഓഫ് ഡൽഹി, പു. (157).

നഗരത്തിനുള്ളിൽ ബ്രിട്ടീഷ് സൈന്യത്തിനു സംഭവിച്ച ധാർമ്മികാധഃപതനം ഹോഡ്സൺ വിവരിച്ചു: 'എന്റെ ജീവിതത്തിലാദ്യമായി ബ്രിട്ടീഷ് സൈനികർ തങ്ങളുടെ ഓഫീസർമാരുടെ കല്പനകൾ തുടർച്ചയായി നിഷേധിക്കുന്നത് കാണുവാനിടവന്നു. പിറ്റേ ദിവസം തന്നെ പല കലാപകാരികളും നഗരം വിട്ടു കഴിഞ്ഞിരുന്നു. സപ്തംബർ 20നു സിപ്പായിമാർ ഉപേക്ഷിച്ചു കഴിഞ്ഞ കേന്ദ്രങ്ങൾ കയ്യടക്കുക മാത്രമായിരുന്നു ബ്രിട്ടീഷ് സൈനികരുടെ പ്രധാന പ്രവർത്തനം. സിപ്പായി റജിമെന്റുകൾ തങ്ങളുടെ നഷ്ടപ്പെട്ട നേതൃത്വത്തെ ഒരിക്കലും

പുനഃസ്ഥാപിച്ചിരുന്നില്ല. സപ്തംബർ 21നു ബ്രിട്ടീഷുകാർ തങ്ങളുടെ വിജയ പതാക റെഡ്ഫോർട്ടിനു മുകളിൽ വീണ്ടുമുയർത്തുകയും തങ്ങളുടെ അധി കാരം പുനഃസ്ഥാപിക്കുകയും ചെയ്തു. കമാൻഡൻട് വിൽസൺ ദിവാനെ ഖാസിൽ തന്റെ കേന്ദ്രം പുനഃസ്ഥാപിക്കുകയും ചെയ്തു.

ഡൽഹിയിൽ നിന്നും തന്റെ സൈന്യത്തെ പിൻവലിക്കുമ്പോൾ ഭക്ത്ഖാൻ മുഗൾ രാജാവിനോട് തന്നെ അനുഗമിക്കുവാനും യുദ്ധം തുടരുവാനും ആവശ്യ പ്പെട്ടു. എന്നാൽ ബഹദൂർഷാവിന്റെ ഉപദേശകർ അദ്ദേഹം കലാപകാരികളുടെ സ്വാധീനത്തിലാണിതെല്ലാം ചെയ്തു പോയതെന്ന ക്ഷമാപണത്തിന്നുള്ള അവസാനത്തെ അവസരം നഷ്ടപ്പെടുമെന്നു ധരിപ്പിക്കുകയാൽ അദ്ദേഹം ഡൽഹിയിലെ ഹുമയൂൺ ശവകുടീരത്തിൽ ഒളിഞ്ഞിരിക്കുകയാണു ചെയ്തത്. തന്റെ ജീവന്നു സംരക്ഷണം കിട്ടുമെന്നുറപ്പായപ്പോൾ ബ്രിട്ടീഷുകാർക്കു പിടി കൊടുക്കുകയും ചെയ്തു. ഹോഡ്സൺ ജീവരക്ഷണം ഉറപ്പു നൽകുകയും ചെയ്തു.

ഡൽഹി നഗരം ബ്രിട്ടീഷുകാരുടെ വിജയപതാക ഉയർന്നതോടുകൂടി ആളിക്കത്തുകയായിരുന്നു. അനേകം സ്ത്രീകൾ മാനഹാനി ഭയപ്പെട്ടു ആത്മ ഹത്യ ചെയ്തു. മേജർ ഹോഡ്സൺ ചെന്നായ്ക്കളെയെന്നപോലെ മുഗൾ രാജകുമാരന്മാരെ പിന്തുടർന്നു. അവർ രാജാവോടൊപ്പം ഹുമയൂൺ ശവകുടീര ത്തിൽ ഒളിവിലായിരുന്നു. രണ്ടായിരം ആൾക്കാർ ഹോഡ്സന്റെ വഴി തടഞ്ഞു. ജീവൻ രക്ഷിക്കപ്പെടുമെന്ന പേരിൽ രാജകുമാരന്മാർ കീഴടങ്ങി. ഒരു കാള വണ്ടിയിൽ അവരെ ഡൽഹിക്കു കൊണ്ടുപോയി. ജനക്കൂട്ടം കാളവണ്ടിയെ പിന്തുടർന്നു. ബ്രിട്ടീഷു സൈനികർ അവരെ വളഞ്ഞു. രാജകീയ വസ്ത്രങ്ങള ണിഞ്ഞ മിർസാമുഗൾ, മിർസാ കൈസർ, മിർസാ അബൂബക്കർ എന്നിവരോട് രാജകീയ വസ്ത്രങ്ങൾ അഴിച്ചുവെക്കാൻ ഹോഡ്സൺ ആവശ്യപ്പെട്ടു. നഗ്ന രായ അവരെ ആ മേജർ വെടിവെച്ച് വീഴ്ത്തി. ഈ സ്ഥലത്തെ ഇപ്പോഴും ഖുനീ ദർവാസ (കൊലപാതക വാതിൽ) എന്നറിയപ്പെടുന്നു. രാജകീയ വസ്ത്രങ്ങ ളിൽ ദ്വാരം വീഴാതിരിക്കുവാനാണ് ഹോഡ്സൺ അഴിച്ചു മാറ്റിച്ചത്. നഗരം കൊള്ള ചെയ്യുന്നതിലും കൗതുകവസ്തുക്കൾ ശേഖരിക്കുന്നതിലും അദ്ദേഹം വലിയ സാമർത്ഥ്യം കാണിച്ചു. ഹോഡ്സൺ ഇത്തരത്തിൽ അവരുടെ ജീവ ഹാനി വരുത്തിയത് കമാൻഡർമാർ തന്നെ വിമർശിച്ചിരുന്നു.

അദ്ദേഹം സതാംപ്റ്റനിൽ കപ്പലിറങ്ങിയപ്പോൾ അവിടെത്തന്നെ മരിച്ചു വീഴുകയാണുണ്ടായത്. അപ്പോൾ ഒന്നരലക്ഷം ഡോളർ കൈവശമുണ്ടായി രുന്നു.

അതിനു മുമ്പ് അഞ്ചുലക്ഷം ഡോളർ മകനു കൈമാറ്റം ചെയ്യുകയും ചെയ് തിരുന്നു. ഇതിൽ ഭൂരിഭാഗവും കൊള്ളമുതലാകണം.

ഡൽഹിയുടെ പതനത്തോടെ സിപ്പായിമാരുടെ കലാപം അവസാനിച്ചു വെന്നു എറിക് സ്റ്റോക്സ് (ദ പെസൻട് ആർമ്ഡ്, പു. 99) രേഖപ്പെടുത്തുന്നു. പക്ഷേ ഇത് ഒരു ആലങ്കാരിക പ്രയോഗമെന്നതിലുപരി യാഥാർത്ഥ്യവുമായി ബന്ധപ്പെടുന്നില്ല. ഡൽഹിയും രാജാവും നഷ്ടപ്പെട്ടപ്പോഴും പിന്നീടും ഒരു

വർഷത്തോളം കലാപം ഇന്ത്യയുടെ പല ഭാഗങ്ങളിലും കെട്ടും കെടാതേയും കത്തിക്കൊണ്ടിരുന്നു. ഇന്ത്യൻ ജനസമൂഹത്തിന്റെ പല വിഭാഗങ്ങളും കലാപത്തിന്റെ തീജ്വാല കെട്ടടങ്ങാതെ നിലനിർത്തി. കലാപം പല ഭാഗങ്ങളിലും വ്യാപിച്ചുകൊണ്ടിരുന്നു. ഗംഗാസമതലങ്ങളിലും അവധിലും പഞ്ചാബിലും എല്ലാം അതിന്റെ വ്യാപ്തി പ്രത്യക്ഷമായിരുന്നു. അടിച്ചമർത്തപ്പെട്ട ജനസമൂഹങ്ങൾ തങ്ങളുടെ ഭരണാധികാരികൾക്കെതിരായി കലാപത്തിലേർപ്പെട്ടു. ഡൽഹിയുടെ പരാജയം കൊണ്ട്മാത്രം അവർ പിൻവാങ്ങിയില്ല.

കലാപകാരികളുടെ പരാജയത്തിന്റെ ഒരു കാരണം അവർക്കു ഡൽഹിക്കും പുറത്തും ഒരു സ്വതന്ത്രമാക്കപ്പെട്ട അധീനപ്രദേശം ഉണ്ടാക്കുവാൻ കഴിഞ്ഞില്ലെന്നതാണ്. ബഹദൂർഷാ രാജ്യമില്ലാത്ത ഒരു രാജാവായി അവരോധിക്കപ്പെട്ടുവെന്നുമാത്രം. പരസ്പരം വിശ്വാസമില്ലാത്ത നിലയിൽ രാജകീയ സൈന്യങ്ങളെ പുറത്തേക്കയച്ച് കൃത്യമായ ഒരു ഭരണം നിലനിർത്തുവാൻ കഴിഞ്ഞില്ല. വിപ്ലവകരമായ ആവേശത്തിന്നു കുറവുണ്ടായിരുന്നില്ലെന്നു കാണാവുന്നതാണ്. അമ്പാല, ലുധിയാന, ഫിറോസ്പൂർ തുടങ്ങിയ ജില്ലകളിൽ കലാപം വ്യാപിച്ചിരുന്നു. പഞ്ചാബിന്റെ സുരക്ഷ എന്തുമാകട്ടെയെന്നു കരുതിയാണ് സർജോൺ ലോറൻസ് ഡൽഹിയിലേക്ക് ബ്രിട്ടീഷ് പോഷകസൈന്യത്തെ അയച്ചുകൊടുത്തത്. ഈ നടപടി ഉടൻ ഉണ്ടായിരുന്നില്ലെങ്കിൽ ബ്രിട്ടീഷുകാർക്കു ഡൽഹി കീഴടക്കാൻ കഴിയുമായിരുന്നില്ല. പട്ട്യാല തുടങ്ങിയ രാജ്യങ്ങളിലെ രാജാക്കന്മാർ ബ്രിട്ടീഷ് അനുകൂലികളായതിനാൽ പോഷകസൈന്യത്തെ വഴിയിൽ തടഞ്ഞുവെയ്ക്കാൻ കലാപകാരികൾക്ക് കഴിഞ്ഞില്ല.

ബ്രിട്ടീഷ് ഭരണാധികാരികളും അവർക്ക് മുമ്പ് മുഗൾ ഭരണാധികാരികളും അനേകം സ്വതന്ത്രമായ പ്രാദേശിക ഭരണകൂടങ്ങളെ ഒരു സംഘടിതമായ ഉദ്യോഗസ്ഥഭരണക്രമത്തിൽ കൊണ്ടുവന്നിരുന്നു. എന്നാൽ ഡൽഹിയുടെ പതനത്തോടെ ഇത്തരം പ്രാദേശിക ഭരണകൂടങ്ങൾ സ്വതന്ത്രമായി പ്രവർത്തിച്ചുവെന്ന ഒരഭിപ്രായം എറിക് സ്റ്റോക്സ് സ്വീകരിച്ചുകാണാം. കലാപകാരികളുടെ ഒരു സംഘടിത നേതൃത്വവും സംഘടിത സൈന്യവും ഉണ്ടായിരുന്നില്ലെന്ന യാഥാർത്ഥ്യം ഈ അഭിപ്രായത്തെ കൂടുതൽ സാധൂകരിക്കുന്നു. കലാപം നയിക്കുവാൻ ഒരു പ്രത്യേക സംഘടനയില്ലാതിരുന്നതിനാൽ അത് കൂടുതൽ ജനങ്ങളിലെത്തിയില്ല. പ്രാദേശികമായ സ്വാതന്ത്ര്യത്തിനുവേണ്ടി ബ്രിട്ടീഷ് ഭരണകൂടത്തിന്റെ ഉഗ്യോഗസ്ഥരും പട്ടാളവുമായി പല പ്രദേശങ്ങളിലും വമ്പിച്ച ഏറ്റുമുട്ടലുകൾ നടന്നു. ഡൽഹി പ്രദേശങ്ങളിലും മറ്റും നിലനിന്നിരുന്ന സ്വതന്ത്ര പ്രാദേശിക കൂട്ടായ്മകളെപ്പറ്റി സി.ടി. മെറ്റ്കാഫ് തന്റെ കുറിപ്പുകളിൽ പ്രതിപാദിച്ചുകാണാം. (1830 നവംബർ 17).

ബഹദൂർഷാവിനെ പിന്നീട് പഞ്ചാബ് ചീഫ് കമ്മീഷണർ ജോൺ ലോറൻസ് നിയോഗിച്ച പ്രകാരം മേജർ ജനറൽ പെന്നി 1858 ജനവരി 28ന് ഒരു യൂറോപ്യൻ കമ്മീഷനെ ഏർപ്പെടുത്തി വിചാരണക്കു വിധേയനാക്കി. പ്രസിഡണ്ട് ലഫ്. കേണൽ ഡേവിഡും മെമ്പർമാർ മേജർ പാമർ, മേജർ റഡ്മണ്ട്, മേജർ സാവേയേർസ്, കേപ്. റോത്നേ എന്നിവരായിരുന്നു. ദ്വിഭാഷി ജെയിംസ്

മർഫിയും പ്രോസിക്യൂഷൻ മേജർ എഫ്.ജെ. ഹാരിയറ്റുമായിരുന്നു. ആരോപിച്ച കുറ്റങ്ങൾ മെയ് 10 മുതൽ ഒക്ടോബർ ഒന്നുവരെ മുഹമ്മദ് ഭക്ത്ഖാനെ സ്റ്റേറ്റിനെതിരായി കലാപം നടത്തുവാനും പുത്രൻ മിർസാ മുഗളിനെ കലാപകാരികളുടെ നേതൃത്വം വഹിക്കുവാനും പ്രേരിപ്പിച്ചുവെന്നുമായിരുന്നു. കൂടാതെ മെയ് 11ന് സ്വയം ഡൽഹി രാജാവായും ഇന്ത്യയുടെ പരമാധികാരിയായും പ്രഖ്യാപിച്ചുവെന്നും. മെയ് 16ന് 49 യൂറോപ്യന്മാരെ കൊലക്കു നല്കിയെന്നും അത് 1857ലെ XVI-ാം നമ്പർ റഗുലേഷനു വിരുദ്ധമായിരുന്നുവെന്നുമാണ്. വിധിക്കപ്പെട്ട ശിഷ വധശിക്ഷയായിരുന്നു. അത് നാടുകടത്തലാക്കി മാറ്റി. (9 മാർച്ച് 1858). പ്രോസിക്യൂഷൻ നടത്തിയ വാദം പ്രധാനമായും 'ഒരു മുസ്ലിം ഗൂഢാലോചനയുടെ' ഫലമാണ് കലാപമെന്നായിരുന്നു.

രാജാവ് താൻ നിരപരാധിയായിരുന്നുവെന്നു മൊഴി നല്കിയെങ്കിലും അത് സ്വീകരിക്കപ്പെട്ടില്ല. കലാപകാരികളുടെ കൈകളിൽ അദ്ദേഹം പ്രതീകാത്മകമായി ഒരു രാജാവായിത്തീരുകയും യൂറോപ്യന്മാരേയും മറ്റും വധിച്ചതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട സ്ഥിതിയിൽ എത്തിച്ചേരുകയും ചെയ്തു. ചരിത്രശക്തികളുടെ കൈകളിൽ അദ്ദേഹം സ്വയം ഒരുപകരണമായി രൂപപ്പെടുകയായിരുന്നു. ഒരവസരം സാമൂഹ്യദ്രോഹികളുടെ കൊള്ള നിർത്തുവാൻ ആവശ്യപ്പെട്ടപ്പോൾ രാജാവ് സ്വയം പ്രതികരിച്ചത് ഇപ്രകാരമായിരുന്നു:

'ഞാൻ നിസ്സഹായനാണ്. എന്റെ പരിചാരകരുടെ തലകൾ നഷ്ടപ്പെടുകയോ, അവർ പലായനം ചെയ്യുകയോ ചെയ്തിരിക്കാം. എന്റെ കല്പന അനുസരിക്കുവാൻ സൈന്യമില്ല. ഞാനെന്തുചെയ്യട്ടെ!'

കവി കൂടിയായ രാജാവ് തടവിൽ കരിക്കട്ടകൊണ്ട് എഴുതിവെച്ച വരികൾ കലാപത്തിന്റെ ദൈന്യമായ പരിതഃസ്ഥിതി സൂചിപ്പിക്കുന്നു. 'മരണപ്പെട്ടവരെ ആരും തന്നെ മണ്ണിൽ സംസ്കരിച്ചില്ല. അവർക്കാരുംതന്നെ ശവക്കച്ച നൽകിയുമില്ല. അവരാരും സ്വന്തം നാട്ടിൽ തിരിച്ചെത്തിയുമില്ല. അവരുടെ കുഴിമാടങ്ങൾ എവിടെയെന്നും തിരിച്ചറിവില്ല.'

ഈ വരികൾ നാടോടി ഗായകർ 1862-ൽ പോലും പാടിനടന്ന കാര്യം ഭോപാലിലെ ബ്രിട്ടീഷ് റസിഡണ്ട് റിപ്പോർട്ട് ചെയ്തിരുന്നു.

## ബാബറുടെ വംശം അസ്തമിക്കുന്നു

മുഗൾ വംശജരായ തടവുകാരോട് 1857-ന്റെ കാരണം ബ്രിട്ടീഷ് ഗവൺമെന്റ് സഹാനുഭൂതിയില്ലാത്ത വിധമായിരുന്നു പെരുമാറിയത്. ഒരുപക്ഷേ, കലാപം നേരിട്ടുകണ്ട ബ്രിട്ടീഷ് ഉദ്യോഗസ്ഥർ ഇവർക്കെതിരായി വളർത്തിയെടുത്ത വികാരങ്ങളായിരിക്കാം കാരണം. റങ്കൂണിലേക്കു നാടു കടത്തപ്പെട്ട ഈ കുടുംബത്തിൽ ബഹദൂർഷാ, ഭാര്യ സീനത്ത് മഹൽ, അവരിലുണ്ടായ പുത്രൻ ജവാൻ ഭക്ത്, മുബാറക് ഉന്നീസാ ബീഗത്തിലുണ്ടായ പുത്രൻ ഷാ അബ്ബാസ്, മിർസാ കോച്ചക് സുൽത്താൻ, ഭക്തിന്റെ ഭാര്യ നവാബ് സമാനി ബീഗം തുടങ്ങിയവരാണ് ഇത്തരത്തിൽ നാടുകടത്തലിന്നു വിധിക്കപ്പെട്ടവർ. ബഹദൂർഷാ 1862 നവംബറിൽ റങ്കൂൺ ബ്രിട്ടീഷ് മിലിറ്ററി കൺടോൺമെന്റിൽ അവിടുത്തെ

നാട്ടുകാർ മുഗൾ ചക്രവർത്തിയാണ് അവിടെ മരിച്ചു കിടന്നതെന്നറിയാത്ത വിധം കഥാവശേഷനായി.

ബർമ്മയിലെ ബ്രിട്ടീഷ് ചീഫ് കമ്മീഷണറുടെ സെക്രട്ടറിയായി ചരിത്രകാരനായ ജെയിംസ് ടാൽബോയ്സ് വീലർ നിയമിക്കപ്പെട്ടതോടെയാണ് 1870-ൽ മുഗൾ കുടുംബം വീണ്ടും ബ്രിട്ടീഷ് ഭരണത്തിന്റെ ശ്രദ്ധയിൽപെടുന്നത്. മിർസാ കോച്ചക് സുൽത്താനെ 1865-ൽ ജയ്പൂരിൽ വെച്ചായിരുന്നു തടവുകാരനാക്കിയത്. പതിനഞ്ച് വയസ്സ് പൂർത്തിയാക്കാത്ത കോച്ചക് കലാപകാരികളുടെ കമാൻഡൻട് ആയതിനാലാണ് നാടു കടത്തലിന്നു ശിക്ഷിക്കപ്പെട്ടത്.

സമാനി ബീഗത്തെ 1863-ൽ അമ്മയേയും മറ്റും സന്ദർശിക്കുവാൻ ജയ്പൂരിൽ ഒരു വർഷം ചെലവഴിക്കാൻ അനുവദിച്ചിരുന്നു. എന്നാലവർ യാത്രയിൽ പഞ്ചാബിലെത്തിയപ്പോഴുള്ള ചില വസ്തുതകൾ വീലർ വിവരിച്ചു: 'ബീഗത്തിന്റെ പ്രത്യക്ഷപ്പെടൽ മുഗൾ രാജഭരണത്തിന്റെ പുനഃസ്ഥാപനം ഒരു പക്ഷേ, ഉണ്ടായേക്കാമെന്ന വിധത്തിലുള്ള വലിയ ഊഹാപോഹങ്ങൾക്കിടവരുത്തി. അവരെ കഴിയുന്ന വേഗം കല്ക്കത്തയിലേക്കും പിന്നീട് റങ്കൂണിലേക്കും എത്തിക്കുവാൻ പഞ്ചാബ് ഗവൺമെൻട് നിർബന്ധിക്കപ്പെട്ടു.' (7 മാർച്ച് 1871, ഫോറിൻ ഡിപ്പാർട്ട്മെൻട്) ബീഗം 1899 വരെ ജീവിച്ചുവെങ്കിലും പിന്നീട് ഒരു യാത്ര അവർ നടത്തിയില്ല. വീലർ അന്നു നിലവിലുണ്ടായിരുന്ന ജനവികാരത്തെ ചിത്രീകരിക്കുകയാണ് ചെയ്തത്.

ബഹദൂർഷാവിന്റെ ഒരു മരുമകനായ മിർസാ അലി ഖാദർ ബർമ്മയിലെ ഷ്യൂജിൻ എന്ന പട്ടണത്തിൽ നാടുകടത്തപ്പെട്ടിരുന്നു. കലാപത്തിൽ പങ്കെടുക്കാത്ത തന്നെ അന്തമാനിലേക്കും മറ്റും നാടുകടത്തിയതിന്നെതിരായി ഖാദർ പ്രഭുസഭയ്ക്കു ഹരജി നല്കിയിരുന്നു. പക്ഷേ, ഈ ആളുകളുടെ മടങ്ങിവരൽ ജനങ്ങളുടെ മനസ്സിളക്കുന്നതാണ്. ഇത്തരത്തിൽ ഒന്നു കൂട്ടിച്ചേർക്കാതെതന്നെ അശാന്തിയുടെ വേണ്ടത്ര ഘടകങ്ങൾ നമുക്ക് ഇപ്പോഴുണ്ട്.' എന്നാണ് 1873-ൽ വിദേശകാര്യ വകുപ്പ് കണ്ടെത്തിയത്.

രാഷ്ട്രീയമായി മുഗൾ കുടുംബങ്ങളെ ഇന്ത്യയിൽ നിലനിർത്തുവാൻ പാടില്ലെന്നത് ഒരു ബ്രിട്ടീഷ് നയമായിരുന്നു. ആ നയം പ്രധാനമായും ഉരുത്തിരിഞ്ഞത് 1857ലെ കലാപം കാരണമാണ്. ബഹദൂർഷായെ മുഗൾഭരണത്തിന്റെ ശക്തമായ ഒരു പ്രതീകമായി കൊളോണിയൽ ഭരണം ഉപയോഗപ്പെടുത്തി. പക്ഷേ, ആ സ്ഥാനത്തിനൊത്ത് ഉയരുവാൻ വൃദ്ധനായ അദ്ദേഹത്തിനു കഴിഞ്ഞില്ല. ബ്രിട്ടീഷ് സാമ്രാജ്യം കെട്ടിപ്പടുത്തു കഴിഞ്ഞപ്പോഴും അവർ ആ പ്രതീകത്തെ, ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റേയും പരമാധികാരത്തിന്റേയും പ്രതീകത്തെ, അൻപതു വർഷങ്ങൾക്കുശേഷവും ഭയപ്പെട്ടുവെന്നും ചരിത്രരേഖകൾ സൂചിപ്പിക്കുന്നു.

ഡൽഹിയുടെ പതനവും അതുപോലെ അതിന്റെ പിടിച്ചെടുക്കലും വളരെ പെട്ടെന്നായിരുന്നു. മെയ് 11 മുതൽ സപ്തംബർ 20 വരെ കലാപകാരികൾക്കു ഡൽഹിയുടെ ഭരണം പിടിച്ചെടുക്കുവാൻ കഴിഞ്ഞെങ്കിലും നഗരത്തിൽ സുസ്ഥിരവും സംഘടിതവുമായ ഒരു ഭരണക്രമവും സൈന്യവും ഉണ്ടാക്കുവാൻ

കഴിഞ്ഞില്ല. ജനറൽ വിൽസന്റെ കീഴിൽ അവസാനത്തെ ആറു ദിവസം നിരന്തരം യഥാർത്ഥമായ ഒരു യുദ്ധം നടന്നു. കലാപകാരികളുടെ സുനിശ്ചിതമായ പരാജയം രാജകുടുംബത്തെ ഇല്ലാതാക്കിയ പരിതഃസ്ഥിതികളിലേക്കു നയിച്ചു. എങ്കിലും, ആഗ്ര, കാൺപൂർ, ലഖ്നോ തുടങ്ങിയ മറ്റു വൻ പട്ടണങ്ങളും ചെറു പട്ടണങ്ങളും കലാപത്തെ മുന്നോട്ടുകൊണ്ടുപോയി. ഏറ്റവും വലിയ ഏറ്റുമുട്ടലുകൾ നടന്നത് ഡൽഹിയിലായിരുന്നു. കാരണം മുഗൾ വംശത്തിന്റെ പ്രതീകാത്മകമായ തിരിച്ചെത്തൽ കമ്പനിയെ സംബന്ധിച്ച് ഒരു വലിയ രാജ്യം നഷ്ടപ്പെടുത്തുന്നതിന്റെ ആരംഭമായിരുന്നു. പഞ്ചാബിനെ ബലി കഴിച്ചും പോഷക സൈന്യം അയച്ച പരിതഃസ്ഥിതി ഇക്കാരണം കൊണ്ടു കൂടിയായിരുന്നു.

# അവധ്-കലാപത്തിൻെറ ഈററില്ലം

മുഗൾ ഭരണത്തിന്നു കീഴിൽ സുബേദാർമാരായിരുന്ന അവധിന്റെ ഭരണാധികാരികൾ ക്രമേണ സ്വാതന്ത്ര്യത്തിലെത്തുകയും തങ്ങളുടേതായ ഒരു രാജ്യം സ്ഥാപിക്കുകയും ചെയ്തു. ഗംഗാ-ജമുനാ സമതലങ്ങൾ ഉൾപ്പെട്ട ഫലഭൂയിഷ്ഠമായ അവധ്, ഗോരഖ്പൂർ, കോൺപൂർ, ലക്നോ തുടങ്ങിയ പ്രമുഖ കേന്ദ്രങ്ങൾ ഉൾക്കൊണ്ടിരുന്നു. അവധിലെ നവാബുമാരും താലൂക്ക് ദാർമാരും സാംസ്കാരികമായും സാമ്പത്തികമായും ഈ രാജ്യത്തെ ഇന്ത്യയിലെ മറ്റു പ്രദേശങ്ങളേക്കാൾ സമ്പന്നമാക്കിക്കാണാം.

അവധിന്റെ വിഭവങ്ങളിൽ ആകൃഷ്ടരായ ഈസ്റ്റിന്ത്യാ കമ്പനി 1765 മുതൽ അതിനെ തങ്ങളുടെ അധികാരത്തിന്നു കീഴിലാക്കുകയും നവാബിനെ അതിന്റെ രാജാവായി പരിഗണിക്കുകയും സ്ഥിരമായി ഒരു ബ്രിട്ടീഷ് റസിഡണ്ടിനെ അവിടെ നിലനിർത്തുകയും ചെയ്തു. കൂടാതെ 1801-ൽ ഗവർണർ ജനറൽ വെല്ലസ്ലി പ്രഭുവും നവാബും ചെയ്ത കരാർ പ്രകാരം അവധിനെ പരസ്പര സഹായക വ്യവസ്ഥ (സബ്സിഡയറി അലയൻസ്) യ്ക്കു കീഴിൽ കൊണ്ടുവരികയും ചെയ്തിരുന്നു. അതോടുകൂടെ അവധിന്റെ ഏറ്റവും വലിയ വിഭവ ശോഷണവും ആരംഭിച്ചു. കമ്പനിയ്ക്കു നല്കുവാനുള്ള കടബാധ്യത വർദ്ധിച്ചു വരികയാൽ അവർ ഗോരഖ്പൂർ, റോഹിൽഖണ്ഡ്, ഗംഗാ ജമുനാസമതലങ്ങൾക്കിടയിലെ മറ്റു ചില പ്രദേശങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിരുന്നു.

## അവധ് പിടിച്ചെടുക്കുന്നു

എന്നാൽ 1856-ൽ കലാപത്തിനു തൊട്ടുമുമ്പ് ഡൽഹൗസി പ്രഭു തലസ്ഥാനമായ ലക്നോവിനോടൊപ്പം അവധിനെ ദുർഭരണത്തിന്റെ പേരിൽ പിടിച്ചെടുക്കുകയും നവാബ് വജീദ് ആലിഷാവിനെ കല്ക്കത്തയിലേക്ക് നാടുകടത്തുകയും ചെയ്തു. അവധ് പിടിച്ചെടുക്കലിന്നു പിന്നിൽ ഒരു തൊണ്ണൂറു വർഷത്തെ കമ്പനിയുടെ നിരന്തരമായ അത്യാഗ്രഹവും എല്ലാ നിയമങ്ങളേയും ഭഞ്ജിക്കുന്ന പ്രവർത്തനവും കാണാം. കാറൽ മാർക്സ് ഈ പശ്ചാത്തലം വളരെ വിശദമായി വിശകലനം ചെയ്തിട്ടുണ്ടുതാനും. (ന്യൂയോർക്ക് ഡെയ്ലി ട്രിബ്യൂൺ, 28 മെയ് 1858).

ഗവർണ്ണർ ജനറൽ സർജോൺ ഷോർ 1798-ൽ നവാബുമാരായി പരസ്പര സൈനിക സഹായത്തിന്നു 76 ലക്ഷം ക വർഷം തോറും ലഭിക്കുവാനുള്ള ഒരു കരാർ ഉറപ്പിച്ചിരുന്നു. എന്നാൽ കരാറിന്റെ 12, 13 വകുപ്പുകൾ പ്രകാരം നവാബ് കർഷകരുടെ മീതെ വരുന്ന നികുതിഭാരം കുറയ്ക്കുകയും വേണം. പരസ്പരം



ജനറൽ നിക്കോൾസണിന്റെ കുതിരപ്പട സിയാൽകോട്ടിൽ ശിപായിമാരെ ആക്രമിക്കുന്നു. ( 1857 ജൂലായ്)

വൈരുദ്ധ്യമുള്ള ഈ കരാർ ക്രമത്തിൽ നവാബിനെ കടക്കാരനാക്കുകയും കമ്പനി 'ദുർഭരണം' എന്നു വിശേഷിപ്പിച്ച പശ്ചാത്തലത്തിലെത്തിക്കുകയും ചെയ്തു. ഗോരഖ് പൂരും മറ്റും വെല്ലസ്ലി പ്രഭു പിടിച്ചടക്കിയത് സൈനികച്ചെലവ് ലഭിക്കാത്തതിന്റെ പേരിലായിരുന്നു. ഈ നടപടി ഒരു വലിയ കൊള്ളയാണെന്ന പേരിൽ ബ്രിട്ടീഷ് പാർലമെന്ററി കമ്മറ്റി ഒരു വിചാരണ നടത്തുന്നതിന്നിട യാക്കി. വെല്ലസ്ലി പ്രഭു തന്റെ പണംകൊണ്ടും കുലമഹിമകൊണ്ടും തല്ക്കാലം രക്ഷപ്പെടുകയാണുണ്ടായത്.

വെല്ലസ്ലി പ്രഭു നടത്തിയ കരാറിന്റെ മൂന്നാം വകുപ്പുപ്രകാരം ബാക്കിയുള്ള പ്രദേശങ്ങൾ സ്വദേശികളും വിദേശികളുമായുള്ള ശത്രുക്കളിൽ നിന്നു രക്ഷി ക്കുവാനുള്ള ബാദ്ധ്യത കമ്പനി ഏറ്റെടുത്തു. അതിലെ ആറാം വകുപ്പ് അവധിനെ അതിന്റെ ഭരണാധികാരിയായ നവാബിന്നും പിന്തുടർച്ചക്കാർക്കും ആ ചന്ദ്ര താരം ഉറപ്പിക്കുകയും ചെയ്തു. അതേ വകുപ്പിൽ നവാബ് ജനക്ഷേമകരമാം വിധം നാടു ഭരിക്കേണ്ടതുണ്ടായിരുന്നു. അതു ജനക്ഷേമകരമല്ലെന്നു തോന്നി യാൽ കമ്പനിക്കു നേരിട്ടു ഭരിക്കുകയുമാവാം.

പാമേർസ്റ്റൺ പ്രഭു 1830-ൽ, വിദേശകാര്യ സെക്രട്ടറിയായിരിക്കെ അവധ് പിടിച്ചെടുക്കുവാൻ ഗവർണ്ണർ ജനറൽ വില്യം ബെൻടിക്ക് പ്രഭുവിനോട് ആവശ്യ പ്പെട്ടിരുന്നു. ഗവർണ്ണർ ജനറൽ അതിന്നു തയ്യാറായില്ല. ഈ വസ്തുതകൾ അന്നത്തെ നവാബ് നസീറുദ്ദീൻ മനസ്സിലാക്കുകയും മറ്റൊരു കാര്യത്തിനെന്ന പേരിൽ ലണ്ടനിലേക്ക് ഒരു അംബാസഡറെ നിയോഗിക്കുകയും ചെയ്തു.

അയാൾ ബ്രിട്ടീഷ് ചക്രവർത്തി വില്യം നാലാമനെ വിവരങ്ങൾ ധരിപ്പിക്കുന്നതിൽ വിജയിക്കുകയും ചെയ്തു. മറ്റു കാര്യങ്ങൾ മനസ്സിലാക്കാത്ത ചക്രവർത്തി ഇത്തരത്തിൽ നീങ്ങുകയാണെങ്കിൽ തന്റെ സെക്രട്ടറിയെ പിരിച്ചുവിടുമെന്നും കല്പിച്ചു. ഈ പിടിച്ചെടുക്കലിന്റെ ഫയലുകൾ അറിയുവാൻ ഹൗസ് ഓഫ് കോമൺസിൽ ശ്രമങ്ങളുണ്ടായപ്പോൾ ബോർഡ് ഓഫ് കൺട്രോൾ സെക്രട്ടറി ബെയ്‌ലി അവ കാണാനില്ലെന്നാണ് ധരിപ്പിച്ചത്.

പാമേർസ്റ്റൺ 1837-ൽ വീണ്ടും സെക്രട്ടറിയായി വന്നപ്പോൾ ഗവർണ്ണർ ജനറൽ ആക്‌ളണ്ട് പ്രഭുവിനോട് മുഹമ്മദ് ആലിഷായുമായി 1801-ലെ കരാർ പുതുക്കുവാനാവശ്യപ്പെട്ടു. അതിലെ 7-ാം വകുപ്പു പ്രകാരം ബ്രിട്ടീഷു റസിഡണ്ടുമായി സഹകരിച്ച് നികുതി, പോലീസ്, നീതിന്യായം എന്നീ വകുപ്പുകൾ പരിഷ്കരിക്കേണ്ട നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു. ഈ പരിഷ്കാരങ്ങൾ അവഗണിക്കപ്പെട്ടാൽ കമ്പനി നേരിട്ടുള്ള ഉദ്യോഗസ്ഥരെ നിയമിക്കുമെന്നും ആവശ്യമെന്നു തോന്നുന്നകാലം രാജ്യം കമ്പനിക്കു കീഴിൽ നിലനിർത്തുന്നതാണെന്നും കൂട്ടിച്ചേർത്തിരുന്നു. കൂടാതെ ഭരണച്ചെലവ് കഴിച്ചുള്ള തുക നവാബിന്റെ ഖജനാവിന്നു കണക്കുകളോടെ നല്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിരുന്നു.

കൂടാതെ 8-ാം വകുപ്പിൽ 7-ാം വകുപ്പു പ്രകാരം രാജ്യം പിടിച്ചെടുക്കുകയാണെങ്കിൽ ഗവർണർ ജനറൽ അവിടുത്തെ ദേശീയമായ സ്ഥാപനങ്ങളെയും അവയുടെ ഭരണഘടനാപരമായ ഘടനയേയും രാജ്യം നവാബിന്നു കൈമാറ്റം ചെയ്യുവാനാവശ്യമായവിധം പരിഷ്കരിച്ചെടുക്കുന്നതാണെന്നും ഉൾപ്പെടുത്തി. ഈ കരാർ നവാബും കമ്പനിയും അംഗീകരിക്കുകയും കൈമാറുകയും ചെയ്തു. എന്നാൽ ബോർഡ് ഓഫ് ഡയരക്ടേഴ്സ്, ചക്രവർത്തിയുടെ മുൻകാല ഇംഗിതം മനസ്സിലാക്കിയതുകൊണ്ടോ എന്തോ 1838 ഏപ്രിൽ 10നു ഈ കരാർ റദ്ദാക്കുകയും അത് പരസ്പര സൗഹാർദ്ദത്തിന്നു മീതെയുള്ള കടന്നാക്രമണമായി പരിഗണിക്കുകയും ചെയ്തു.

കരാർ കമ്പനി റദ്ദാക്കിയത് പാമേർസ്റ്റൺ പരിഗണിച്ചില്ലെന്നു മാത്രമല്ല നവാബിനെ ആ കാര്യം അറിയിക്കുകയും ചെയ്തില്ല. റസിഡണ്ടു നവാബുമായുള്ള ചർച്ചകളിൽ ഈ കരാർ റദ്ദാക്കിയ വിവരം സൂചിപ്പിച്ചിരിക്കണമെന്ന് 1856 ജനവരി 5ന്റെ തീരുമാനങ്ങളിൽ ഡൽഹൗസി പ്രഭു രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ ഈ കരാർ ഇല്ലാതായ കാര്യം വിസ്മരിച്ചുകൊണ്ട് അതിനെ 1845-ൽ പ്രസിദ്ധീകരിച്ച ഗവൺമെന്റ് കരാറുകളിൽ ഉൾപ്പെടുത്തുകയും ചെയ്തു.

എന്നാൽ നടപ്പിലില്ലാത്ത വകുപ്പുകൾ നവാബിനെ അറിയിക്കേണ്ടതില്ലെന്നായിരുന്നു കമ്പനിയുടെ പക്ഷം. പക്ഷേ, മറ്റൊരു വിധത്തിൽ ഈ കരാർ സ്വീകരിക്കുന്ന നീക്കങ്ങൾ കമ്പനി പക്ഷത്തു നിന്നുണ്ടാവുകയും ചെയ്തു. ആക്‌ളണ്ട് പ്രഭു 1839 ജൂലായ് 8നു നവാബിന്നയച്ച പ്രഖ്യാപനത്തിലും ഹാർഡിഞ്ച് പ്രഭു 1847 നവംബർ 23നു നവാബിന്നയച്ച പ്രതിഷേധത്തിലും ലക്നോവിലെ റസിഡണ്ട് കേണൽ സ്ലീമാൻ 1851 ഡിസംബർ 10നു ഡൽഹൗസി പ്രഭുവിന്നയച്ച എഴുത്തിലും ഈ കരാർ സൂചിപ്പിക്കുന്നു. തുടർന്നു റദ്ദാക്കിയ

കരാറിന്റെ ആധികാരികതയുടെ വെളിച്ചത്തിൽ ഡൽഹൗസി പ്രഭു നവാബിനെ പുറത്താക്കി അവധ് പിടിച്ചെടുക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്തു.

അവധിലെ പരമ്പരാഗത സേവനമേഖലയിലും സൈനികവൃത്തിയിലും അനേകായിരം പേരെ തൊഴിലില്ലാത്തവരാക്കി മാറ്റിയ ഒരു നടപടിയായി ത്തീർന്നു ഈ പിടിച്ചെടുക്കൽ. ഡൽഹി വീണ്ടും പിടിച്ചെടുക്കുന്നതിനു മുമ്പ് ഏറ്റവും ശക്തമായ കലാപം പൊട്ടിപ്പുറപ്പെട്ട അവധ് വീണ്ടെടുക്കുവാൻ ബ്രിട്ടീഷ് പട്ടാളത്തിനു ആറു മാസത്തിലധികം പ്രവർത്തിക്കേണ്ടിവന്നത് ഇത്തരത്തിൽ ജോലി നഷ്ടപ്പെട്ട അനേകായിരം പേർ കലാപത്തിൽ പങ്കെടുത്തതുകൊണ്ടാ യിരുന്നു. കാൺപൂരിൽ കലാപം അമർച്ച ചെയ്യുവാൻ നിയോഗിക്കപ്പെട്ട സർ ഹെന്റിലോറൻസിനു റസിഡൻസിയൊഴികെ പട്ടണം മുഴുവൻ കലാപകാരി കൾ കീഴടക്കിയതാണ് കാണേണ്ടിവന്നത്. ബ്രിട്ടീഷ് സൈന്യത്തിന്റെ ഒരു വിഭാഗം അലഹബാദും കോൺപൂരും ലഖ്നോവും വീണ്ടെടുക്കുന്നതിനു പുറപ്പെട്ടു. ലഖ്നോവിൽ നിന്നും ജനറൽ ഹാവ്ലക്ക് ഏതെങ്കിലും പോഷക സൈന്യത്തിന്റെ സഹായമഭ്യർത്ഥിച്ചുകൊണ്ടു ഗ്രീക്കിലെഴുതിയ എസ്.ഒ.എസ്. (സേവ് ഔർ സോൾ) സന്ദേശം അയച്ചിരുന്നു.

സോമ്ന, ആലിഗർ വഴി റോബർട്സിന്റെ സൈന്യം കോൺപൂർ റോഡി ലൂടെ മുന്നേറി. ഒക്ടോബർ 10-നു ഈ സൈന്യം ആഗ്രയിലെത്തിച്ചേർന്നു. ഗ്വാളിയോർ, നാസിറാബാദ് തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നും സിന്ധ്യയുടെ സൈന്യത്തിലെ കലാപകാരികൾ ആഗ്രയിലേക്കു നീങ്ങിയിരുന്നു. സിന്ധ്യ ബ്രിട്ടീഷുകാരോടു സഹകരിച്ചെങ്കിലും സൈന്യം സഹകരിച്ചിരുന്നില്ല. ആഗ്ര യിലെ ബ്രിഗേഡിയർ പോൾവെൽ സമഗ്രമായ നടപടി സ്വീകരിക്കാത്തതി നാൽ ജൂലായ് മാസത്തിൽ ഗവർണ്ണർ ജനറലുടെ കൽപനപ്രകാരം സ്ഥാന ഭ്രഷ്ടനാക്കപ്പെട്ടിരുന്നു. ലഫ്ടനന്റ് ഗവർണർ കോൾവിൻ സപ്തംബർമാസം കലാപകാരികളെ നേരിടാൻ കഴിയാതെ മരണമടയുകയും ചെയ്തു. പിന്നീട് സിവിലിയൻ റീഡ് ചാർജെടുക്കുകയും ചെയ്തിരുന്നു. പിന്നീടു കേണൽ ഹൂജ് ഫ്രെയ്സർ ലഫ്. ഗവർണറായി നിയമിക്കപ്പെട്ടു. ഇത്തരം സംഭവഗതികളിൽ ആഗ്ര കലാപകേന്ദ്രമായി ശക്തി പ്രാപിച്ചു. കൂടാതെ ഡൽഹിയിൽ നിന്നുള്ള വരും ഇവിടെ പങ്കു ചേർന്നിരുന്നു. റോബർട്ടിന്റെ സൈന്യം ആഗ്രയിലെ കലാ പത്തെ ഇല്ലാതാക്കുന്നതിൽ ഒക്ടോബർ മാസം വലിയ പങ്കു വഹിച്ചു.

കേണൽ ഗ്രെയിറ്റ് ഹെഡ്സിന്റെ സൈന്യം ഡൽഹിയിൽ നിന്നും ആഗ്രയി ലേക്കു കുതിച്ചിരുന്നു. സമീപത്തിൽ എത്തിച്ചേർന്ന കലാപകാരികളുടെ ഒരു വലിയ കൂട്ടത്തെ പരാജയപ്പെടുത്തുകയും ചെയ്തു. ഇവർ ഹോൾക്കാറുടെ തലസ്ഥാനമായ ഇന്തോറിൽ നിന്നും യാത്ര ചെയ്ത് എത്തിയവരായിരുന്നു. ഇതേ അവസരം മണിപുരി എന്ന പ്രദേശത്തെ രാജാവ് കലാപകാരികളോ ടൊപ്പം പങ്കെടുത്തു.

ബ്രിഗേഡിയർ ജെയിംസ് ഔട്ട് റാം പിന്നീട് ഒക്ടോബർ അവസാനം കോൺപൂരിലേക്കു മാർച്ചു ചെയ്തു. കൽക്കത്തയിൽ നിന്നുമുള്ള ഈ വിമോ ചകസൈന്യം പിന്നീട് ലഖ്നൗവിലും കലാപകാരികളെ വേട്ടയാടി. കലാപ

കാരികളുടെ നേതൃത്വം ഒരവസരം മൗലവി അഹമ്മദുല്ലാക്കായിരുന്നു. കോൺപൂരിൽ നിന്നും കലാപകാരികൾ ശക്തിയാർജിച്ചു. സർകോളിൻ ക്യാംപ് ബെൽ റസിഡൻസി വളഞ്ഞ കലാപകാരികളെ ഓടിക്കുവാൻ ശ്രമിച്ചു. നവംബർ മുതൽ ഇത്തരം പ്രത്യാക്രമണങ്ങൾ കമ്പനി പക്ഷത്തുനിന്നും ശക്തമായിത്തീർന്നു. നവംബറിൽ ഹെന്റി ഹാവലക് കാൺപൂരിൽ മരിക്കുകയും കോളിൻ കോൺപൂരിലേക്കു തിരിക്കുകയും ചെയ്തു. കോൺപൂർ വീണ്ടും കലാപകാരികൾ കീഴടക്കിയിരുന്നു. ഡിസംബറിൽ ഇവിടെ നടന്ന യുദ്ധത്തിൽ കലാപകാരികൾ പിൻവാങ്ങുകയാണുണ്ടായത്. സർഹോപ് ഗ്രാൻട് അവരെ പിന്തുടരുകയും ചെയ്തു.

പുതിയ വർഷത്തിന്റെ ആരംഭത്തോടെ 1858 ജനവരിയിൽ കോളിൻ ഫറൂഖാബാദും ഫത്തേഹ്ഗറും പിടിച്ചെടുത്തു. കോൺപൂരിൽ അദ്ദേഹം ലഭ്യമായ എല്ലാ സൈനികസന്നാഹത്തോടും കൂടെ താവളമുറപ്പാക്കുകയും ചെയ്തു. കലാപകാരികളെ വീണ്ടും ലക്നോവിലേക്കു തുരത്തിയോടിച്ചു. വളരെ ഏറ്റുമുട്ടലുകളോടെ മാർച്ചിൽ ലക്നോ ബ്രിട്ടീഷുകാർ വീണ്ടും പിടിച്ചെടുത്തു. പട്ടണം മുഴുവൻ കമ്പനിയുടെ സൈനികർ കൊള്ള ചെയ്യുന്നതു കണ്ടുനിൽക്കേണ്ട സൈന്യാധിപന്മാരായി കോളിൻ, ഔട്ട്റാം എന്നിവർ സ്വയം രൂപാന്തരപ്പെട്ടു. അവധിലും മറ്റു പ്രദേശങ്ങളിലും കലാപത്തിന്നു നേതൃത്വം കൊടുത്തിരുന്ന ഡൽഹിയിലെ ഫിറൂസ് രാജകുമാരൻ ബറൈലിയിലേക്കു ഓടിപ്പോയി. ബിത്തൂരിലെ നാനാസാഹിബും ഫൈസാബാദിലെ മൗലവിയും അവധ്ബീഗമായ ഹസറത്തുമഹലും എല്ലാം പലായനം ചെയ്തു. കലാപം അതിന്റെ താഴ്ന്ന തലത്തിൽ എത്തിക്കഴിഞ്ഞിരുന്നു.

ഏപ്രിൽ മാസത്തിൽ കോളിൻ ഷാഹ്ജഹാൻപൂർ പിടിച്ചെടുത്തു. ബറൈലി വലിയ പ്രത്യാക്രമണമില്ലാതെ കീഴടക്കി. കലാപകാരികൾ ഷാഹ്ജഹാൻപൂർ വീണ്ടും പിടിച്ചെടുത്തപ്പോൾ ജനറൽ ജോൺസ് വീണ്ടും തിരിച്ചുപിടിച്ചു. കൺവർസിങ്ങിന്റെ കീഴിൽ ആക്രമണം നടത്തിയ കലാപകാരികൾക്കു വമ്പിച്ച നഷ്ടം നേരിട്ടു. തുടർന്നാണ് ഫൈസാബാദിലെ മൗലവി വധിക്കപ്പെട്ടത്.സർ ഹോപ്ഗ്രാൻട് ബീഗത്തെ പരാജയപ്പെടുത്തി. ബീഗം സഹായം തേടി ഗോഗ്ര നദി കടന്നുരക്ഷപ്പെടുകയും ചെയ്തു.

കലാപകാരികളുടെ ഭൂമി പിടിച്ചെടുക്കുകയെന്ന നയം ബ്രിട്ടീഷുഭരണത്തിന്റെ ഒരു പൊതുസ്വഭാവമായിരുന്നു. ദക്ഷിണേന്ത്യയിൽ 1805-ൽ പഴശ്ശി കലാപങ്ങളെത്തുടർന്നു കലാപകാരികളുടെ ഭൂമി കമ്പനി വയനാട്ടിലും മറ്റും പിടിച്ചെടുത്തത് പ്രത്യേകം ശ്രദ്ധേയമാണ്. ഇത്തരം ഒരു നടപടി അവധിലും തുടർന്നുവന്നു.

കലാപത്തിന്റെ ഒരു വലിയ കേന്ദ്രം അവധിന്റെ തലസ്ഥാനമായ ലഖ്നൗവായിരുന്നു. ഫ്രഞ്ചുകാരനായ മേജർ ജനറൽ ക്ലോഡ് മാർട്ടിൻ തന്റെ ഒസ്യത്ത് പ്രകാരം സമ്പത്തിന്റെ ഒരു വലിയ ഭാഗം ആൺകുട്ടികളുടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുള്ള ഒരു സ്ഥാപനം തന്റെ രാജകീയ കുടീരത്തിൽ സ്ഥാപിക്കുവാൻ നിർദ്ദേശിച്ചിരുന്നു. കലാപം നടക്കുമ്പോൾ വിദ്യാർത്ഥികളും അദ്ധ്യാപകരും

സ്ഥലം വിട്ടു നില്ക്കണമെന്ന് കമ്പനി ആവശ്യപ്പെട്ടിരുന്നു. എന്നാൽ അതിന്റെ സംരക്ഷണം അവർ തന്നെ ഏറ്റെടുത്തു. ഈ സ്ഥാപനത്തിനു 1932-ൽ അതിന്റെ സേവനത്തിന്റെ പേരിൽ യുദ്ധ ബഹുമതികൾ നല്കി സ്കൂളിനെ ബ്രിട്ടീഷു കാർ ആദരിച്ചു. സ്കൂളിന്റെ കൊളോണിയൽ ശൈലിയിലുള്ള ഗോഥിക് സ്തംഭ ങ്ങളും ബറോക് കവാടങ്ങളും ഇന്നും സമുന്നതവിഭാഗത്തിന്റെ മാത്രമായ ഈ സ്കൂളിന്റെ ആകർഷണമാണ്.

അവധിലെ ചീഫ് കമ്മീഷണർ ഹെൻറി ലോറൻസ്, കാൺപൂർ കലാപകാ രികൾക്കു അധീനപ്പെട്ടതോടെ അത്യന്തം വിവശനായി. കലാപകാരികൾ ലക് നോവിന്നു ഇരുപതു നാഴിക ദൂരെയുള്ള നവാബ് ഗഞ്ചിലേക്ക് യാത്ര തിരിച്ചു. ചിൻഹത്തിൽ ഇവരെ നേരിടുവാൻ അദ്ദേഹം തീരുമാനിച്ചു. എന്നാൽ അത് പരാജയത്തിലാണ് കലാശിച്ചത്. ബ്രിട്ടീഷ് സൈന്യം തങ്ങളുടെ റസിഡൻസി യിലേക്ക് പിൻവാങ്ങുവാൻ നിർബന്ധിതമായി. വിജയികളായ കലാപകാരി കൾ റസിഡൻസി വളയുകയും ചെയ്തു. 1857 ജൂലായ് 4നു ഒരു ഷെൽ ലോറൻ സിന്റെ മുറിയിൽ പൊട്ടിത്തെറിച്ചു. ഡോക്ടർ ഫ്രെയറുടെ മുറിയിലേക്കു അദ്ദേഹ ത്തെ നീക്കം ചെയ്തുവെങ്കിലും മരണം സംഭവിച്ചു. ആറു മാസത്തോളം ഇവിടെ കലാപം നീണ്ടുനിന്നു. പിന്നീട് കേണൽ ഇംഗ്ലിസ് നേതൃത്വം ഏറ്റെടുത്തു.

കലാപത്തിലെ ഒരു വലിയ നേതൃത്വമായിരുന്ന നാനാ സാഹിബ് മറാ ത്തരുടെ പേഷ്വ ബാജിറാവു രണ്ടാമന്റെ ദത്തുപുത്രനായിരുന്നു. പേഷ്വയെ 1817-18 ലെ യുദ്ധത്തിൽ കമ്പനി പരാജയപ്പെടുത്തി. അതോടെ ദത്തുപുത്രന്റെ അവകാശം നഷ്ടപ്പെട്ടുവെന്നു മാത്രമല്ല പശ്ചിമേന്ത്യയിലെ മറാത്തരുടെ കേന്ദ്ര ത്തിൽ നിന്നും വടക്കെ ഇന്ത്യയിൽ കാൺപൂരിന്റെ സമീപത്തെ ഒരു ഗ്രാമത്തി ലേക്കു നാടു കടത്തപ്പെട്ടു. ഇവിടെ നിന്നാണ് അദ്ദേഹം കലാപത്തിൽ പ്രവേ ശിച്ചത്. ബ്രിട്ടീഷുകാർ ദത്തവകാശിയായി പരിഗണിക്കാത്തതിനാൽ പേഷ്വ ബാജി റാവുവിന്റെ പെൻഷൻപോലും നാനയ്ക്കു നിഷേധിക്കപ്പെട്ടു. പെൻഷ നുവേണ്ടി ലണ്ടനിൽ നടത്തിയ പരിശ്രമവും പരാജയപ്പെട്ടു. ഇക്കാരണത്താ ലാണ് നാനാ കലാപത്തിൽ പങ്കെടുത്തതെന്നു രേഖപ്പെടുത്തുന്ന പല കൊളോ ണിയൽ ചരിത്രഗ്രന്ഥങ്ങളും കാണാം.

ജൂൺ 4നു കാൺപൂരിലെ ഒന്നാം നേറ്റീവ് കാലാൾപ്പട കലാപത്തിലേർപ്പെട്ടു. അവിടുത്തെ ജനറൽ ഹ്യൂജ് വീലർ നാനയുടെ (ബിത്തൂർ രാജ) സുഹൃത്തായി രുന്നു. വീലറുടെ ഭാര്യ ഒരിന്ത്യക്കാരിയും. നാനയാകട്ടെ പലർക്കും വലിയ തുകയ്ക്കു കടപ്പെട്ടിരുന്നു. ഹെൻറി ലോറൻസും മാർട്ടിൻ ഗുബ്ബിൻസും നല്കിയ മുന്നറിയിപ്പുകൾ വീലർ പരിഗണിച്ചിരുന്നില്ല. അദ്ദേഹം രണ്ട് ബാരക് കെട്ടിട ങ്ങൾ ഇംഗ്ലീഷുകാരുടെ സുരക്ഷയ്ക്കു മതിയാവുമെന്നു വിശ്വസിച്ചു. നാനാ സാഹിബുമായുള്ള സൗഹാർദ്ദം കാരണം വേണ്ടത്ര മുൻകരുതലുകൾ സ്വീക രിക്കുവാൻ വീലർ ശ്രദ്ധിച്ചിരുന്നില്ല. ജനറൽ വീലർ ജൂൺ 25-നു നാനാ സാഹി ബിന്റെ സൈന്യത്തിനു മുമ്പിൽ കീഴടങ്ങുവാൻ നിർബന്ധിതനായി. കീഴടങ്ങി യവർക്കെല്ലാം അല്ലഹാബാദിലേക്കു സുരക്ഷിതമായ ഒരു യാത്ര നാനാ വാഗ് ദാനം ചെയ്യുകയും ചെയ്തു. എന്നാൽ കീഴടങ്ങിയ ബ്രിട്ടീഷ് സൈന്യം ഗംഗാ

നദിക്കരയിൽ എത്തിയപ്പോൾ അവരെ കലാപകാരികൾ കൂട്ടക്കൊലക്കിടയാക്കി. ബാക്കി വന്നിരുന്ന 121 സ്ത്രീകളും കുട്ടികളും ആദ്യം സവാദാ കെട്ടിടത്തിലേക്കും പിന്നീടു ഒരുൾനാടൻ ഭവനത്തിലേക്കും തടവുകാരായി നയിക്കപ്പെട്ടു. 'എന്നാലിവരെ അവസാനംവരെ മോശമായ പെരുമാറ്റത്തിന്നിരയാക്കിയില്ലെന്ന'ന്നു ഫിലിപ്പ് മാഡിസൺ പറയുന്നു. (ദ മെൻ ഹൂ റൂൾഡ് ഇന്ത്യ. പു. 162) ജൂൺ 30നു നാന സ്വയം പേഷ്വയായി അവരോധിക്കപ്പെട്ടു.

തുടർന്നു ഹാവലക്കിന്റെ സൈന്യം കോൺപൂരിലെത്തിയതോടെ നാനാ സാഹിബ് താൻ രക്ഷപ്പെടേണ്ടിയിരിക്കുന്നുവെന്നു തീരുമാനിച്ചു. ഈ അവസരം തടവുകാരാക്കിയിരുന്ന ഇംഗ്ലീഷ് സ്ത്രീകളേയും കുട്ടികളേയും വധിക്കുവാൻ നാനാ കല്പിച്ചിരുന്നില്ല. നാനയുടെ ഉപദേശകനായ അസിമുള്ളാഖാൻ ഇത്തരം നടപടിക്കു അദ്ദേഹത്തെ നിർബന്ധിച്ചു. ജാലകങ്ങളിലൂടെ സ്ത്രീ തടവുകാർക്കെതിരെ വെടിവെയ്ക്കുവാൻ കലാപകാരികൾ വിസമ്മതിച്ചു. ആ നിലയിൽ അറവുകാരെ വരുത്തി ഈ തടവുകാരെ കശാപ്പു ചെയ്യിപ്പിച്ചു. ഇന്ത്യൻ കലാപത്തിലെ ഏറ്റവും വലിയ ക്രൂരതയായി ഇതിനെ ലോർഡ് റോബർട്സ് തുടങ്ങിയ സൈനികമേധാവികൾ വിശേഷിപ്പിക്കുന്നു. അതിന്റെ മുഴുവൻ ഉത്തരവാദവും സതി ചൗരാഘട്ടിലേതടക്കം അവർ നാനാസാഹിബിൽ ആണ് ചുമത്തിയിട്ടുള്ളത്. എന്നാൽ അസിമുള്ളാഖാൻ തുടങ്ങിയവർ ഇതിന്നു നേതൃത്വം നല്കിയത് ഹാവലക്കിന്റെ പ്രത്യാക്രമണത്തെ തുടർന്നായിരുന്നു. നാനയുടെ പെൻഷൻകാര്യവും മറ്റും ലണ്ടനിൽ വളരെയധികം ഉയർത്തിക്കാട്ടുകയും അവിടെ അതിനുവേണ്ടി പ്രവർത്തിച്ചു പരാജയപ്പെടുകയും ചെയ്ത വ്യക്തി കൂടിയാണ് അസിമുള്ളാഖാൻ. അവധിലെ ബീഗവും മറ്റു നേതാക്കളും ഈ ദുരന്തസംഭവം തങ്ങളുടെ കാര്യത്തെ അഥവാ ലക്ഷ്യത്തെ അപകടപ്പെടുത്തിയെന്നു വിലയിരുത്തി.

ഹാവലക് ചാർജ്ജ് ഏല്പിച്ച നെയിൽ എഴുതി: 'എനിക്കു മേലാൽ ഒരു സിപ്പായിയേയും ഒഴിവാക്കാൻ കഴിയുകയില്ല. എന്റെ കയ്യിൽപ്പെടുന്നവരെല്ലാം മരിച്ചിരിക്കും.' സ്ത്രീകളുടെയും കുട്ടികളുടെയും ചിതറിക്കിടക്കുന്ന വസ്ത്രങ്ങൾ, ഷൂസുകൾ, തലയിൽനിന്നു വേറിട്ട മുടിക്കെട്ടുകൾ, എല്ലാം ആ മുറിയിൽ കാണാമായിരുന്നു. കൂടാതെ രണ്ടിഞ്ച് തളംനില്ക്കുന്ന രക്തവും. അവ ഒട്ടിപ്പിടിച്ചുള്ള ചുമരുകളും. തൂക്കിലേറ്റപ്പെടുന്ന ഓരോ സിപ്പായിയും ഈ മുറിയിലേക്കു പട്ടാളത്തിന്റെ മേൽനോട്ടത്തിൽ ആനയിക്കപ്പെട്ടു. മുറിയുടെ ചോരക്കറയുടെ ഓരോ ചെറിയ ഭാഗം നക്കിത്തുടച്ചു വൃത്തിയാക്കുക അയാളുടെ ജോലിയായി. തൂക്കിലേറ്റുമ്പോൾ ജാത്യാചാരം ലംഘിച്ചുള്ള രക്തസ്പർശം കാരണം നരകത്തിലെത്തുമെന്ന മാനസികപീഡനം കൂടി നടപ്പാക്കണമെന്നായിരുന്നു നെയിലിന്റെ കല്പന.

ശത്രുക്കളിൽനിന്നും രക്ഷപ്രാപിച്ച നാനാ പിന്നീട് ഒളിവിൽ ജീവിച്ചു. കലാപം കഴിഞ്ഞ് 36 വർഷങ്ങൾക്കുശേഷം ബ്രിട്ടീഷുകാർ നാനയെ അന്വേഷിച്ചുവന്നു. നോർത്ത് വെസ്റ്റേൺ പ്രോവിൻസിൽ മോഹൻദത്ത് ദുരാന്തർ എന്ന ഒരു ബാബയെ അവർ അറസ്റ്റ് ചെയ്യുകയും അതു നാനയായിരുന്നുവോ എന്ന സംശയം

തീർക്കുവാൻ പഴയ ഫയലുകളടക്കം പരിശോധിക്കുകയും ചെയ്തിരുന്നു. പോലീസ് കമ്മീഷണർ ഫോർജെറ്റ് 1863-ൽ റിപ്പോർട്ടുചെയ്ത ഒരു ഫയലിൽ നാനയെ വിവരിച്ചതിപ്രകാരമാണ്. 'നല്ല നിറം, നല്ല ദൃഢഗാത്രം, ശക്തമായ ഘടന, നല്ലവിധം ആകൃതിയിലുള്ള ആകർഷകരൂപം, പരന്ന മുഖം, പൂർണ്ണമായ വൃത്തം - വലുത്, വട്ടക്കണ്ണുകൾ. ഇടതുകാലിന്റെ തള്ളവിരലിൽ കുന്തം തട്ടിയുണ്ടായ മുറിവിന്റെ കല; കലാപകാലത്ത് 36 വയസ്സ് പ്രായം.' ദാരുശില്പമായി കൊത്തിയ രൂപത്തിന്റെ ഫോട്ടോ അയച്ചുകൊടുത്തു പരിശോധിക്കുവാൻ 1894 മാർച്ചിൽ ബോംബെ ഗവൺമെന്റ് കത്തിയവാഡ് പോലീസ് സൂപ്രണ്ടിനോട് ആവശ്യപ്പെട്ടു. മൂസമ്മ ആദ്‌ലാ എന്ന മുസ്‌ലിം വേശ്യ നല്കിയ കൈപ്പീത്ത് ഇപ്രകാരമായിരുന്നു. (1894) 'ഇരുപതു വർഷം മുമ്പ് ഞാൻ നാനാ സാഹബിന്റെ സേവനത്തിലുണ്ടായിരുന്നു. വളരെ ആകാരഭംഗിയുള്ള ആൾ. വളരെ കറുപ്പല്ല. വൃത്താകൃതിയുമല്ല. നീണ്ട മുഖമല്ല. മൃദുലമായ മുഖം. കലയൊന്നുമില്ല. ദൃഢഗാത്രം, വസൂരിക്കലയില്ല. നെറ്റിയിലോ മുഖത്തോ കുത്തോ അടയാളമോ കലയോ ഇല്ല. അതുപോലെ മൂക്കിലോ കവിൾത്തടത്തിലോ ഒന്നുമില്ല. നാലോ അഞ്ചോ വർഷം ഞാൻ സേവനം നടത്തി. പിരിച്ചുവെച്ച മീശ ഉണ്ടായിരുന്നു. താഴോട്ടു തൂങ്ങിയിരുന്നില്ല. കുന്തത്തിന്റെ കലയോ ഉന്തിനിൽക്കുന്ന വിരലോ ഓർമിക്കുന്നില്ല. ശരീരത്തിലും നെഞ്ചിലും അൽപംമാത്രം രോമം. മുഖത്ത് മറ്റു പലരിലുമെന്നപോലെ അൽപം ചെറിയ കൃതാവ്. കാലിൽ അൽപമാത്രം രോമം. വലത്തു ചെവിയുടെ മുകളിൽ രണ്ടു മുത്തുകളുള്ള കടുക്കൻ ധരിച്ചതായി ഓർമിക്കുന്നു. (മഹാരാഷ്ട്ര ആർക്കൈവ്സിലെ പൊളിറ്റിക്കൽ ഡിപ്പാർട്ടുമെന്റ് നമ്പർ 210, 1894 ഫയലുകൾ ഈ കാര്യങ്ങൾ വിവരിക്കുന്നു). ഇത്തരം സംശയകരമായ ഒരു സാഹചര്യം 1874ലും ഉണ്ടായിരുന്നു. ഇത്തരം അന്വേഷണങ്ങൾപോലും വളരെ തന്ത്രപൂർവമാകണമെന്ന് ഗവർണർ ജനറൽ ഗവർണർക്കു നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കലാപകാരികളിൽ പ്രമുഖനായ നാനയെ പിടികൂടുവാൻ കഴിയാത്ത സ്ഥിതി ബ്രിട്ടീഷുകാർ സ്വയം ലജ്ജിക്കുന്ന ഒന്നായി പരിഗണിച്ചിരിക്കാം. ഈ വിധത്തിൽ നാനാസാഹിബിന്റെ അന്ത്യം 1857ന്റെ ഒരു വലിയ പ്രഹേളികയായി അവശേഷിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ തങ്ങളുടെ പ്രിയപ്പെട്ട നേതാവായ നാനയെ ഇന്ത്യൻ സമൂഹം തങ്ങളുടെ കൃഷ്ണമണിയായി ഭരണാധികാരികളിൽ നിന്നും കാത്തുരക്ഷിക്കുകയായിരുന്നു.

കലാപത്തിന്റെ പ്രധാന കേന്ദ്രമായ അവധിന്റെ പതനത്തോടെ കലാപകാരികളുടെ ഊർജസ്വലതയും എന്നേക്കുമായി കെട്ടടങ്ങുകയാണുണ്ടായത്. നേപ്പാൾ തുടങ്ങിയ രാജാക്കന്മാരുടെ സഹായത്തിനുവേണ്ടി ബ്രജീഷ് ഖാദർ ബഹാദൂർ മെയ് 1858-നു ലഖ്നൗവിൽ നിന്നു കത്തയക്കുകയുണ്ടായി. പക്ഷേ, ലഖ്നൗ കമ്മീഷണർ മൊണ്ടാഗ് മറി മുമ്പാകെ കീഴടങ്ങുവാനായിരുന്നു മെയ് മാസം മഹാരാജാ ജംഗ്ബഹാദൂർ നേപ്പാളിൽ നിന്നും നൽകിയ മറുപടി. ഹിന്ദുക്കളും മുസ്ലിങ്ങളുമായി സൗഹൃദം ഉണ്ടാക്കുവാൻ താൻ ആഗ്രഹിച്ചിരുന്നുവെങ്കിൽ തന്റെ ലഖ്നൗവിലേക്കുള്ള വഴിയിൽ 5000 അഥവാ 6000 പേരെ താൻ

വധിച്ചിരിക്കുമോ എന്നാണ് ഈ രാജാവ് ചോദ്യമുന്നയിച്ചത്. (ചാർലസ് ബാൾ, ഹിസ്റ്ററി ഓഫ് ദ ഇന്ത്യൻ മ്യൂട്ടിനി, 1858-59 വോ. 2 പു. 371-2)

കലാപം തീവ്രമായി നടക്കുമ്പോഴും യാതൊരു അനുവാദവുമില്ലാത്ത തൂക്കിക്കൊല്ലലിന്നു നിയമം പ്രതികൂലമായിരുന്നു. അതിനാൽ മെയ് 30നുള്ള ഒരു നിയമം കലാപത്തിലേർപ്പെട്ട ഒരാളെ മരണശിക്ഷയ്ക്ക് വിധേയനാക്കി. കൂടാതെ എല്ലാ സ്വത്തുക്കളും കണ്ടുകെട്ടുന്നതിനും. കുറ്റവാളികൾക്കു സംരക്ഷണം നൽകുന്നതും കടുത്ത ശിക്ഷയ്ക്ക് വിധിച്ചു. ഇതിനെല്ലാം കമ്മീഷണർമാരെ നിയമിക്കുവാൻ ഗവൺമെന്റിന് അവകാശം ലഭിച്ചു. എന്നാൽ ഇത്തരം നിയമങ്ങൾക്കെതിരെ ബ്രിട്ടീഷ് ഭരണാധികാരികളിൽ ചിലർ പ്രതിഷേധവും ഉയർത്തിക്കാണാം. ഈ പ്രതിഷേധം ആത്യന്തികമായ ദുർഭരണത്തിന്റെ പേരിൽ കമ്പനിയെതന്നെ പുറത്താക്കുവാനാണിടയാക്കിയത്.

## ഭൂമി വിട്ടുകൊടുക്കുന്നു

ഗവർണർ ജനറൽ കാനിങ്ങ് പ്രഭു 1858 മാർച്ച് 3-നു നടത്തിയ ഒരു പ്രഖ്യാപനപ്രകാരം അവധ് രാജ്യവും കലാപത്തിൽ പങ്കെടുത്തു. അവിടുത്തെ പ്രമുഖരായ ഭൂപ്രഭുക്കളുടെയും താലൂക്ക്ദാർമാരുടെയും ഭൂസ്വത്തുക്കളും കമ്പനിയുടെ അധികാരത്തിൽ പിടിച്ചെടുക്കുകയുണ്ടായി. ഈ താലൂക്ക്ദാർമാരിൽ പലരും ബ്രിട്ടീഷ് ഗവൺമെന്റിന്റെയും കൃഷിക്കാരുടെയും അവകാശങ്ങൾ വെട്ടിക്കുറയ്ക്കുന്നതിൽ മധ്യവർത്തികളെന്ന നിലയിൽ വലിയ പങ്കു വഹിച്ചു. അവധിലെ ബ്രിട്ടീഷ് കമ്മീഷണർമാരുമായുള്ള തങ്ങളുടെ അവകാശത്തർക്കം കാരണമായിരുന്നു അവർ കലാപത്തിൽ പങ്കെടുത്തത്. ബ്രിട്ടീഷ് ഗവൺമെന്റ് പിന്നീട് താലൂക്ക്ദാർമാരുടെ സഹായസഹകരണത്തിനായി പിടിച്ചെടുത്ത ഭൂമികൾ വിട്ടുകൊടുത്തു. കെട്ടടങ്ങാറായ കലാപത്തിന്റെ ശക്തി ഈ പ്രഖ്യാപനത്തോടെ കുറഞ്ഞുവന്നു. തങ്ങളുടെ താൽപര്യം സംരക്ഷിക്കപ്പെട്ടതോടെ ഈ വിഭാഗം കമ്പനി പക്ഷത്തു ചേർന്നു. കലാപത്തിലുള്ള അവരുടെ പങ്കാളിത്തം പെട്ടെന്നു അവസാനിക്കുകയും ചെയ്തു.

ഭൂമിയിൽ കുലീനമായ ഒരു വിഭാഗത്തിന്റെ അവകാശം സംരക്ഷിക്കുകയെന്ന താല്പര്യമാണ് യാഥാസ്ഥിതിക പക്ഷത്തിന്റെ ഡെർബി മന്ത്രിസഭ അംഗീകരിച്ചത്. വിഭവങ്ങൾ ഉണ്ടാക്കി പാട്ടം നൽകുന്ന കാർഷികവിഭാഗത്തേക്കാൾ അവർ പ്രാധാന്യം കൊടുത്തത് പാട്ടം സ്വീകരിക്കുന്ന വിഭാഗത്തിനായിരുന്നു. ധാരാളം അംഗസംഖ്യയുള്ള ഈ വിഭാഗത്തേക്കാൾ കുറഞ്ഞ എണ്ണമുള്ള താലൂക്ദാർമാരുടെ താൽപര്യമാണ് കമ്പനി സംരക്ഷിച്ചത്.

കാനിങ്ങ്പ്രഭുവിന്റെ ഇത്തരത്തിലുള്ള നയപ്രഖ്യാപനം അവധ് കമ്മീഷണർ സർ ജയിംസ് ഔട്ട്റാമിന്റെ നയങ്ങൾക്കു വിരുദ്ധമായിരുന്നു. ഈ നയത്തിന്നനുസരിച്ച് മാറ്റം വരുത്തേണ്ടിയിരുന്ന വാചകം ലണ്ടനിലേക്കയച്ച തന്റെ പ്രഖ്യാപനത്തിൽ കാനിങ്ങ്പ്രഭു ഒഴിവാക്കുകയാണുണ്ടായത്. ബോർഡ്കൺട്രോൾ പ്രസിഡണ്ടായ അല്ലൻബറോ പ്രഭു 1858 ഏപ്രിൽ 19നുള്ള തന്റെ കുറിപ്പിൽ കാനിങ്ങിന്റെ നയം വിമർശിക്കുകയും ചെയ്തു. ഈ വിമർശനം ബ്രിട്ടനിലെ

രാഷ്ട്രീയകേന്ദ്രങ്ങളിൽ അസ്വീകാര്യമായിരുന്നു. ആ നിലയിൽതന്റെ പദവി രാജിവെക്കാൻ അല്ലൻബറോ പ്രഭു നിർബന്ധിതനായി.

വസ്തുതകൾ പരിശോധിക്കുമ്പോൾ അവധിലെ പ്രഭുക്കൾ കലാപത്തിൽ ചേർന്നതിന്റെ കാരണം കാനിങ്പ്രഭുവും വ്യത്യസ്തമായിക്കാണുന്നില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. ഈ വിഭാഗം കലാപകാരികളായ സിപ്പായിമാരിൽ നിന്നും കലാപകാരികളായ നാട്ടുകാരിൽ നിന്നും വളരെ വ്യത്യസ്തമായി നിൽക്കുന്ന വിഭാഗമായിട്ടാണ് കാനിങ്പ്രഭു കണ്ടെത്തിയത്. അവരുടെ കലാപത്തിനു തക്കതായ പ്രേരണയും കണ്ടെത്താവുന്നതാണ്. തങ്ങൾക്കു വലിയ നഷ്ടമൊന്നും വരാത്ത വിധം കലാപത്തിൽ പങ്കെടുക്കാനാവുന്നതല്ലെന്നു ഈ വിഭാഗം മനസ്സിലാക്കേണമെന്നായിരുന്നു കമ്പനിനയം. (മാർക്സ്, ന്യൂയോർക്കു ഡെയ്‌ലി ട്രിബ്യൂൺ, 1856 ജൂൺ 7)

അവധിലെ കലാപകാരികൾ ക്രമേണ മറ്റു ഭാഗങ്ങളിലേക്കു രക്ഷപ്പെടുകയാണുണ്ടായത്. നാനയും താന്തിയാതോപ്പിയും ബീഗവും എല്ലാം മറ്റു പ്രദേശങ്ങളിൽ അഭയം തേടുകയും ചെയ്തു. ഇതിൽ നാനയുടെ ഒളിസങ്കേതം അഥവാ അന്ത്യസ്ഥലം ബ്രിട്ടീഷുകാർക്കു ഒരിക്കലും കണ്ടെത്തുവാൻ കഴിഞ്ഞില്ല. ഇന്നും ആ ജീവിതത്തിന്റെ അന്ത്യം ഒരു പ്രഹേളികയായി അവശേഷിക്കുകയാണ്. ഒരുപക്ഷേ, ഇന്ത്യയിലെ ഏതെങ്കിലും ഒരു ഗ്രാമം അജ്ഞാതനായ പരാജിതനായ നേതാവിനെ സ്വയം ഉൾക്കൊണ്ടതായിരിക്കാം. പക്ഷേ, അദ്ദേഹത്തിനുവേണ്ടി ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യയിലെങ്ങും അന്വേഷണം നടത്തിയ വസ്തുതകൾ അവരുടെ രേഖകൾ വ്യക്തമാക്കുന്നു.

# മറ്റു പ്രദേശങ്ങളുടെ പങ്കാളിത്തം

പഞ്ചാബ് 1849-ൽ ബ്രിട്ടീഷ് ഭരണത്തിൽ കൊണ്ടുവന്നപ്പോൾ അവിടെ ചീഫ് കമ്മീഷണറായി നിയമിക്കപ്പെട്ടത് സർ ജോൺ ലോറൻസ് ആയിരുന്നു. അദ്ദേഹത്തിന്റെയും മറ്റു ഉദ്യോഗസ്ഥരുടെയും സൽഭരണം കാരണം 1857-ൽ അവിടെ കലാപം ഉണ്ടായില്ലെന്നായിരുന്നു ബ്രിട്ടീഷ് ചരിത്രകാരന്മാർ അവകാശപ്പെട്ടിരുന്നത്. പുതിയ ഗവേഷണങ്ങൾ പ്രത്യേകിച്ചും കെ.സി. യാദവ് തുടങ്ങിയവരുടേത് പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിൽ മറ്റു ഭാഗങ്ങളിലെന്നപോലെ കലാപം ശക്തമായിരുന്നുവെന്നു തെളിയിക്കുന്നു. ഫിറോസ്പൂർ, ജലന്ധർ, ഹോട്ടേമർധൻ, ഫില്ലോർ, ഝലം, സിയാൽകോട്ട്, താനേസർ, അമ്പാലാ, ലാഹോർ, പെഷവാർ, മിയാൻവാലി തുടങ്ങിയ സ്ഥലങ്ങളിൽ വലിയതോതിൽ കലാപമുയർന്നു. ഫിറങ്കികളെ നാട്ടിൽനിന്നും ഓടിക്കുകയെന്ന ലക്ഷ്യത്തോടെ ഹിന്ദുക്കളും മുസ്‌ലിങ്ങളും സിഖ്കാരും പൂർബിയാകളും (ബംഗാൾസൈന്യം) പഞ്ചാബികളും കലാപത്തിൽ പങ്കെടുത്തു. കൂടാതെ ഇവയിൽ സിവിലിയൻ ജനങ്ങളുടെ പങ്കാളിത്തവും ശക്തമായിരുന്നു. (കെ.സി. യാദവ്, ദ റിവോൾട്ട് ഓഫ് 1857 ഇൻ ഹരിയാന, ന്യൂഡൽഹി, 1977).

മീററ്റിലെ കലാപത്തിന്നു തൊട്ടുമുമ്പ് മെയ് 9നു അമ്പാലയിലെ 5, 60 എന്നീ നേറ്റീവ് കാലാൾപ്പടയും 4-ാം നമ്പർ ലൈറ്റ് കുതിരപ്പടയും തങ്ങളുടെ റജിമെന്റ് ക്വാർട്ടേഴ്സ് ആക്രമിച്ചു. ഈ ആക്രമണത്തിന്നു സിവിലിയൻ സമൂഹത്തിന്റെ പിന്തുണയില്ലാതിരുന്നതിനാൽ പെട്ടെന്നു അടിച്ചമർത്തപ്പെട്ടു. എന്നാൽ ജലന്ധർ, ലുധിയാന, സിയാൽകോട്ട്, ഫിറോസ്പൂർ, എന്നിവിടങ്ങളിൽ സിവിലിയൻ പിന്തുണയോടെ കലാപം വിജയകരമായി. നാബാ ജില്ലയിലെ ദാബ്റി എന്ന സിഖ് ഗ്രാമം കലാപകാരണം ബ്രിട്ടീഷുകാർ ചുട്ടെരിച്ചു. സിഖുകാർ ബ്രിട്ടീഷുകാരോടു കൂറു പുലർത്തിയെന്ന മിത്ത് രേഖകളുടെ വെളിച്ചത്തിൽ. തെറ്റായിരുന്നുവെന്നു കാണാം. ഈ മിത്ത് കമ്പനി ചരിത്രകാരന്മാരുടെ സൃഷ്ടിയായിരുന്നു.

പഞ്ചാബിന്റെ വടക്കുപടിഞ്ഞാറൻ മേഖലയിൽ ഗോഗിറാ ജില്ലയിലും മറ്റും ഏതാണ്ട് ഒന്നേകാൽ ലക്ഷം വരുന്ന ജനവിഭാഗം കലാപത്തിൽ പങ്കെടുത്തു. കലാപത്തെ ബ്രിട്ടീഷുകാർ ക്രൂരമായി നേരിട്ടു. ഹരിയാനയിൽ ജജ്ജാർ, ഫാറുക്നഗർ, ബഹദൂർഗഡ്, ഭുജാന, ബല്ലഭ്ഗഡ് തുടങ്ങിയ സ്ഥലങ്ങളിലെ മുഖ്യന്മാർ കലാപകാരികളോടൊപ്പം ചേർന്നിരുന്നു. മേവത്തിലെ സദറുദ്ദീൻ മേവാത്തി, റേവാറിലെ റാവു തുലാറാം, ഹിസ്സാറിലെ മുഹമ്മദ് അസീം ജജ്ജാറിലെ ജനറൽ അബ്ദുൾ സമദ് ഖാൻ, ബിർസാനയിലെ നവാബ് സമദ്ഖാൻ,

കർണാലിലെ രാമോജാട്ട്, പാനിപറ്റിലെ ഇമാം ഖലന്താരി, തുടങ്ങിയവർ ധീരമായി പൊരുതുകയും ഡൽഹിയുടെ പതനം വരെ സ്വതന്ത്രരായി നിലനില്ക്കുകയും ചെയ്തു.

ഡൽഹിയുടെ പതനത്തിന്നുശേഷം ഹരിയാനയെ തിരിച്ചു പിടിക്കുവാനുള്ള കടുത്ത ശ്രമത്തിലായിരുന്നു ബ്രിട്ടീഷ് സൈന്യം. ജനറൽ വാൻകോർട്ട് ലാൻസ്, ജനറൽ ഷവേർസ്, കേണൽ ജെറാർഡ്, ക്യാപ്റ്റൻ ഡ്രമണ്ട് എന്നിവർ ഇവിടെ കലാപം അമർച്ച ചെയ്യുവാൻ നിയോഗിക്കപ്പെട്ടു. ഹിമാചൽ പ്രദേശിലും കലാപം വ്യാപിച്ചിരുന്നു. കൂലയിലെ രാജാ പ്രതാപ് സിങ്, രാംപ്രസാദ്, ബൈരാഗി, തീറയിലെ രാജാപ്രതാപ് ചന്ദ്, ജുടോഗിലെ റാണി എന്നിവരിലായിരുന്നു കലാപത്തിന്റെ നേതൃത്വം.

ഡൽഹി 1857 സപ്തംബർ 14നുശേഷം കീഴടക്കപ്പെടുന്നതുവരെ പഞ്ചാബിന്റെ മുഴുവൻ സൈനികശക്തിയും ജോൺ ലോറൻസ് ഡൽഹിയിൽ കേന്ദ്രീകരിക്കുവാനുള്ള നടപടികളാണെടുത്തത്. ബോംബെ സൈന്യവും നേപ്പാൾ, ഹൈദരാബാദ്, കാബൂളിലെ ഡോസ്റ്റ് മുഹമ്മദ് എന്നിവരുടെ സൈന്യങ്ങളും ഡൽഹിയിൽ എന്തു സംഭവിക്കുന്നുവെന്നു ഉറ്റുനോക്കി. സിക്കുകാരടക്കമുള്ള ഇന്ത്യൻ സൈനികരെ നിരായുധരാക്കി താന്താങ്ങളുടെ ഗ്രാമത്തിലയക്കുന്ന നടപടിയും ഇവിടെ നടപ്പിലാക്കപ്പെട്ടു. സംശയിക്കപ്പെടുന്നവരെയെല്ലാം തൂക്കിലിടുന്ന നടപടിയും ഇവിടെ നടപ്പിലാക്കി.

ജൂലായ് ആദ്യം 26-ാം നാട്ടു കാലാൾ പട്ടാളം ലാഹോർ സൈന്യത്തിൽ നിന്നും ഒളിച്ചോടി. അവർ ഒരു മേജറേയും രണ്ടു വാറൻട് ഓഫീസ്സർമാരേയും കൊലപ്പെടുത്തി. അവർ വടക്കൻ പ്രദേശങ്ങളിലൊളിവിൽ കഴിഞ്ഞപ്പോൾ കൂപ്പർ ഭരിച്ചിരുന്ന അമൃതസർ ജില്ലയിൽ പ്രവേശിച്ചിരുന്നു. സിഖുകാരായ ഗ്രാമീണർ അവരെ ആക്രമിച്ചു. ദുർബ്ബലരായ അവരിൽ 150 സിപ്പായിമാർ സ്ഥലത്തുവെച്ചു മരിച്ചു. ഏതാണ്ടു 250 പേർ നദിയിലൊരു ദ്വീപിൽ രക്ഷ പ്രാപിച്ചു. കൂപ്പർ അവിടെ ഒരു ചെറിയ സൈന്യവുമായെത്തി. അവർ കീഴടങ്ങി, അവരെ കരയ്ക്കു കൊണ്ടുവരികയും ഒരു പോലീസ് സ്റ്റേഷനിൽ തടവിലിടുകയും ചെയ്തു. കൂപ്പർ മാത്രമായിരുന്നു ഏക ഇംഗ്ലീഷ്കാരൻ.

കുറച്ചുപേരെക്കൂടി പിടികൂടി എണ്ണം 282 ആക്കി. രാവിലെ അവരെ കശാപ്പിന്നു തീരുമാനിച്ചു. പത്തുപേർ വീതം വരുന്ന കൂട്ടമായിട്ടാണ് അവരെ കെട്ടിയിട്ടു വധിക്കുവാൻ വെടിവെപ്പുകാരുടെ മുമ്പിൽ കൊണ്ടുവന്നത്. ഈ എണ്ണം 237 കഴിഞ്ഞിരുന്നപ്പോൾ തടവിൽ നിന്നും ബാക്കിയുള്ളവർ ആരും പുറത്തുവന്നില്ല. അവർ ഓടിപ്പോകാൻ ശ്രമിക്കുന്നവരാകണം എന്നു വിചാരിച്ചു തടവു പരിശോധിച്ചപ്പോൾ 45 പേർ മരിച്ചു കഴിഞ്ഞിരിക്കുന്നു. ഇവരെല്ലാം തന്നെ ജീവനുവേണ്ടി സ്വതന്ത്ര ജനാധിപത്യരാജ്യമായ ബ്രിട്ടനു മുമ്പാകെ കീഴടങ്ങിയ കമ്പനി പ്രജകളായിരുന്നു. തന്റെ കുതിരയ്ക്കു പുല്ലു കിട്ടിയിരിക്കുമെന്നു കൂപ്പർ ശ്രദ്ധിച്ചിരിക്കണം. പക്ഷേ, ഇവരുടെ ഭക്ഷണം അയാൾ മറന്നിരിക്കാം. സുരാജ് ഡൗള തടവിലിട്ടവർക്ക് കല്ക്കത്തയിൽ സംഭവിച്ച ദുരന്തത്തിന്റെ മറ്റൊരു സ്ഥിതിഗതിയായി ഇതിനെ ചരിത്രം വിവരിച്ചേക്കാം. പക്ഷേ, ദൗള ഒരു മാതൃകാ

ഭരണാധികാരിയെന്നു ആരും പറയുകയില്ല. ഇവരെ വിട്ടയച്ചിരുന്നുവെങ്കിൽ അവരെല്ലാം കലാപം ഉയർത്തുമെന്നായിരുന്നു കൂപ്പറുടെ ന്യായീകരണം. പട്ടാളത്തിന്റെ മുമ്പാകെ 10 പേരെ വെടിവെച്ചു കൊല്ലുന്നതായിരിക്കും ഗ്രാമത്തിൽ 200 പേരെ വധിക്കുന്നതിനേക്കാൾ ഗുണപാഠമായിത്തീരുകയെന്നു പേഷവാറിലെ 55-ാം നമ്പർ സൈന്യത്തിന്റെ കാര്യത്തിൽ ജോൺ ലോറൻസ് റിപ്പോർട്ടു ചെയ്തിരുന്നത് (ഫിലിപ്പ് മേസൺ, മെൻ ഹൂ റൂൾഡ് ഇന്ത്യ, പു. 170-171)

ബംഗാൾ പ്രസിഡൻസിയിൽ ഉൾപ്പെട്ടിരുന്ന ബീഹാർപ്രവിശ്യയിലെ പാറ്റ്നാ, ബീഹാർ, സരൺ, ചാംപരൺ, തുടങ്ങിയ ജില്ലകൾ ഇംഗ്ലീഷ് കമ്പനിയുടെ ആധിപത്യത്തിന്നു കീഴിൽ വളരെ മുമ്പുതന്നെ ഉൾപ്പെട്ടിരുന്നു. നീലം, കറുപ്പ് എന്നിവയുടെ കൃഷിയിൽ യൂറോപ്യൻ തോട്ടമുടമകളും സ്വദേശികളായ ജമീന്ദാർമാരും ഒന്നിച്ചു വ്യാപരിക്കുകയും 'തീൻകാതിയ' തുടങ്ങിയ ഭൂവിതരണ സമ്പ്രദായത്തിലൂടെ വലിയ തോതിലുള്ള ചൂഷണത്തിന്നിടവരുത്തുകയും ചെയ്തു. ഈ പ്രദേശങ്ങളിൽ 1780 മുതൽ കമ്പനിയുടെ നികുതിവ്യവസ്ഥ ശക്തമാകുകയും പഴയ ജമീന്ദാരികൾ നികുതി ബാക്കി വന്നപ്പോൾ വില്പനയ്ക്കു വിധേയമാവുകയും ചെയ്തിരുന്നു. അവ ബ്രിട്ടീഷുകാരായ തോട്ടമുടമകളും നാടൻ ജമീന്ദാർമാരും കൈവശപ്പെടുത്തി നീലം കൃഷി പ്രചരിപ്പിച്ചു. ഗോതമ്പ്, നെല്ല്, തുടങ്ങിയ ധാന്യകൃഷിക്കു പകരം ഈ വിഭാഗം വസ്ത്രവ്യാപാരത്തിന്നാവശ്യമായ നീലം കൃഷി ചെയ്യിപ്പിച്ചു. അതുപോലെ ചൈനയിലേക്കു



സിയാൽക്കോട്ടിൽ ഡോ. ഗ്രഹാം മുറിവേൽപ്പിക്കപ്പെട്ടു.

കയറ്റി അയയ്ക്കുവാനാവശ്യമായ കറുപ്പും വലിയ തോതിൽ പ്രോത്സാഹിപ്പിച്ചു. ഇവയുടെ വില കർഷകരെ കുത്തുപാളയെടുപ്പിച്ചു. 'അച്ഛൻ പറഞ്ഞാലും, അമ്മ പറഞ്ഞാലും ഞാൻ നീലം കൃഷി ചെയ്യുകയില്ല' എന്ന നാട്ടുഗീതം പ്രതിഷേധത്തിന്റെ സ്വരമായിരുന്നു.

കലാപത്തിന്റെ ആദ്യ സംഭവം 1857 ജൂലായ് 3നു പാറ്റ്നാ ഓപ്പിയം ഏജൻസിയിലെ ഡെപ്യൂട്ടി ഏജന്റ് ലെയിൻ കൊല്ലപ്പെട്ടതായിരുന്നു. ഒരു പുസ്തക വ്യാപാരിയായിരുന്ന പീർഅലിയെ പ്രധാന കുറ്റവാളിയായി തൂക്കിലേറ്റി.

കൂട്ടുപ്രതികളായ പതിനാറു പേരെകൂടി ഡിവിഷൻ കമ്മീഷണർ വില്യം ടൈലർ തൂക്കിലേറ്റാൻ വിധിച്ചു. മറ്റു പതിനേഴു പേരെ കഠിനതടവിനും. ഈ കുറ്റവാളികളുടെ നിശ്ചയദാർഢ്യം ഒരളവോളം ആരാധനയ്ക്കും ആദരവിന്നും അവരെ അർഹരാക്കുന്നുവെന്ന് ശിക്ഷ വിധിച്ച കമ്മീഷണർക്കു രേഖപ്പെടുത്തേണ്ടിവന്നു. ഇത്തരം ആദർശഭ്രാന്തുള്ളവർ ബ്രിട്ടീഷ് ഭരണത്തിന്നു ഏറ്റവും അപകടകാരികളാണെന്നും കമ്മീഷണർ കൂട്ടിച്ചേർത്തു.

ഇതിന്നുശേഷം ദാനാപൂരിലെ മൂന്നു റജിമെന്റുകൾ 1857 ജൂലായ് 25നു ഒരു വർഷത്തിലേറെ നീണ്ടുനിന്ന കലാപത്തിന്നു ഒരുക്കം കൂട്ടി. അവർ 26നു ശഹാബാദിലെത്തുകയും ജഗദീഷ്പൂർ രാജാവും എൺപതു വയസ്സുകാരനുമായ കൻവർസിങ്ങിന്റെ കീഴിൽ അണിനിരക്കുകയും ചെയ്തു. കൻവർസിങ്ങിന്റെ സഹോദരന്മാരായ അമർസിങ്ങും റീത്നാരായൺസിങ്ങും കൂടാതെ സഹോദരീ പുത്രന്മാരായ നിഷാൻസിങ്ങ്, ജയ്കൃഷ്ണസിങ്ങ്, താക്കൂർ ദയാൽസിങ്ങ്, ബിശ്വേഷ്വർസിങ്ങ് എന്നിവരും സിപ്പായിമാരോടുകൂടെ അണിനിരന്നു. ചില വൻകിട ജമീന്ദാർമാർ കൊളോണിയൽ ഭരണത്തോടു കൂറു പുലർത്തിയപ്പോഴും വലിയ ഒരു വിഭാഗം കലാപകാരികളുടെ കൂടെ പ്രവർത്തിച്ചു.

പറ്റ്നാ, ഛോട്ടാനാഗപ്പൂർ എന്നീ സ്ഥലങ്ങളിൽ കമ്പനി ഭരണത്തിനെതിരായ സമരം രൂക്ഷമായിരുന്നു. ശഹാബാദിൽ കൻവർസിങ്ങിന്റെ നേതൃത്വത്തിൽ രജപുത്രർ വലിയതോതിൽ കലാപം തുടർന്നു.

ഗയയിൽ കലാപകാരികളോടൊപ്പം ജോദാർസിങ്ങ്, ഹൈദർ ആലിഖാൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഭോജ്പുരി കലാപകാരികളും പങ്കെടുത്തു. ഹസാരിബാഗിൽ സാന്താൾ കലാപകാരികൾ 1856-ലെ കലാപം അടിച്ചമർത്തപ്പെട്ടതിന്നുശേഷം വീണ്ടും കലാപത്തിൽ പങ്കെടുത്തു. ചേറോ ജമീന്ദാർമാരോടൊപ്പം നീലാംബർ, പീതാംബർ തുടങ്ങിയവർ നടത്തിയ കലാപം പലമാവുവിനെ ഒരു പ്രധാന കലാപകേന്ദ്രമാക്കി. കോളുകൾ സിങ്ങ് ഭൂമിൽ അർജുൻസിങ്ങിന്റേയും മാൻഭൂമിൽ സാന്താൾ നേതൃത്വത്തിലും കലാപത്തിന്നൊരുങ്ങി. ഇവരെല്ലാം ആദിവാസി സമൂഹത്തിലുൾപ്പെട്ടവരായിരുന്നു. പഞ്ചേത് എസ്റ്റേറ്റിലെ ജമീന്ദാരായ നീലമണിസിങ്ങും സാമ്പൽപൂരിൽ സിവിലിയന്മാരായ സുരേന്ദ്രസാഹിയും കലാപത്തിനു നേതൃത്വം വഹിച്ചു. റാഞ്ചി, സമ്പൽപൂർ, മുസഫർപൂർ, റാഞ്ചി, നേപ്പാൾ അതിർത്തിയിലെ സുഗോളി, ഹസാരിബാഗ്, തുടങ്ങിയ കേന്ദ്രങ്ങളിലെല്ലാം കലാപം പടർന്നു പിടിച്ചു. ഇന്നത്തെ ഛത്തീസ്ഗഡ് സംസ്ഥാനത്തിന്റെ ഇത്തരം പ്രധാനപ്പെട്ട സ്ഥലങ്ങൾ കലാപകേന്ദ്രങ്ങളായി.

ഈ കലാപങ്ങളിലെല്ലാം ഒരു ബഹുജന നേതാവെന്ന നിലയിൽ ഉയർന്നു വന്ന വ്യക്തിത്വം കൻവർസിങ്ങായിരുന്നു. അദ്ദേഹം ഒരു സ്ഥലത്തും വിശ്രമിക്കാതെ നിരന്തരം യാത്ര ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം നാനാസാഹിബിന്റെയും ഝാൻസിറാണിയുടെയും എല്ലാം വിശ്വസ്തനായി പ്രവർത്തിച്ചു. കെ.കെ. ദത്ത അദ്ദേഹത്തിന്റെ ജീവിതത്തെയും പ്രവർത്തനത്തേയും തന്റെ പഠനത്തിലൂടെ അനശ്വരമാക്കി. സിങ്ങിന്റെ സൈന്യത്തെ 1857 ആഗസ്ത് 3നു ഗഞ്ചിൽവെച്ച് മേജർ ഐറിന്റെ കമ്പനി സൈന്യം പരാജയപ്പെടുത്തി.

ഈ പരാജയത്തിനു ശേഷവും സ്വാതന്ത്ര്യം എന്ന ലക്ഷ്യം വെച്ച് ഒരു കർമയോഗിയെപ്പോലെ അദ്ദേഹം പ്രവർത്തിച്ചു. തന്റെ കേന്ദ്രം അദ്ദേഹം ലഖ്നോ, കോൺപൂർ എന്നീ സ്ഥലങ്ങളിലേക്ക് മാറ്റുകയും ചെയ്തു. ബ്രിട്ടീഷുകാരുടെ ദുർബലകേന്ദ്രങ്ങൾ ആക്രമിച്ചുകൊണ്ടിരിക്കുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. തന്റെ സുഹൃത്തായ നിഹാൽസിങ്ങിനൊപ്പം അദ്ദേഹം റേവ, ബാൻഡ, കല്പി തുടങ്ങിയ സ്ഥലങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. ഗ്വാളിയോറിൽ നിന്നു വന്ന സിപ്പായിമാരും അദ്ദേഹത്തോടൊപ്പം കോൺപൂരിലേക്കു നീങ്ങി. പിന്നീട് അദ്ദേഹം ലഖ്നോവിലേക്കും അസംഗഡിലേക്കും യാത്ര ചെയ്തു. അസംഗഡ് ബ്രിട്ടീഷുകാർ പിടിച്ചെടുത്തപ്പോൾ അദ്ദേഹം ഗാസിപ്പൂരിലേക്കു തന്റെ കേന്ദ്രം മാറ്റി. പിന്നീട് 1858 ഏപ്രിൽ 23നു അദ്ദേഹം ജഗദീഷ്പൂരിൽ തിരിച്ചെത്തി. ഒരേറ്റുമുട്ടലിൽ അദ്ദേഹത്തിന്നു ഒരു കൈ നഷ്ടപ്പെട്ടിരുന്നു.

ബ്രിട്ടീഷ് രേഖകൾ അദ്ദേഹത്തെ സഞ്ചരിക്കുന്ന പിശാചെന്നു വിശേഷിപ്പിച്ചു. പറ്റ്നയിലെ കമ്മീഷണർ ടെയ്ലർ ബംഗാൾ ഗവൺമെന്റിന്റെ ദൂരക്കാഴ്ചയില്ലായ്മയാണ് ഒരു താലൂക്ദാരായ കൻവർസിങ്ങിനെ കലാപത്തിലെത്തിച്ചതെന്നായിരുന്നു രേഖപ്പെടുത്തിയത്. തന്റെ എൺപതു വയസ്സിലും ബോധപൂർവം കലാപത്തിന്റെ വഴി തിരഞ്ഞെടുക്കുകയും തന്റെ ധൈര്യവും സൈനികമായ സാമർത്ഥ്യവും തന്ത്രജ്ഞതയും എല്ലാം ഒന്നിച്ചു കാണിക്കുകയും ചെയ്ത ഒരനന്യനേതൃത്വമായിരുന്നു കൻവർസിങ്ങ്. ഒരു വലിയ എസ്റ്റേറ്റിന്റെ പാപ്പരായ ഉടമയെന്ന നിലയിൽ അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടു. അദ്ദേഹത്തെപ്പറ്റി 1860കളിൽ ജോർജ് ട്രെവിലിയൻ എഴുതിയ കുറിപ്പുകൾ ആ ധീരതയ്ക്കുള്ള ആദരാഞ്ജലിയായിരുന്നു.

സാന്താൾ ഫർഗാനകളിലും ചേരാട്ടാനാഗപ്പൂരിലും കലാപം തുടർന്നുവന്നത് ഈ നേതൃത്വത്തിന്റെ പ്രതാപംകൊണ്ടായിരുന്നു. അദ്ദേഹത്തിന്റെ സഹോദരനായ അമർസിങ്ങിന്റെ ഗറില്ലായുദ്ധമുറയിലുള്ള പ്രാവീണ്യവും നേതൃത്വവും ഫ്രെഡറിക് ഏംഗൽസ് പ്രത്യേകം പുകഴ്ത്തിക്കാണാം. കൽക്കത്തയിൽ നിന്നും അലഹബാദിലേക്കുള്ള പാത പലപ്പോഴും നിരോധിക്കപ്പെട്ടത് ഇത്തരം ഗറില്ലായുദ്ധമുറകളെക്കൊണ്ടായിരുന്നു. നാനാസാഹിബ് നേപ്പാളിലേക്കു പിന്മാറിയപ്പോൾ അദ്ദേഹത്തിന്റെ സൈനികനേതൃത്വം ഏറ്റെടുത്തത് കൻവർസിങ്ങായിരുന്നു.

സിങ്ങിന്റെ സന്തതസഹചാരിയായിരുന്നു നിഷാൻസിങ്ങ്. ഇന്നും ഫോക്ലോർ പൈതൃകം നിഷാൻസിങ്ങ്, സുൽഫീക്കർ, രഞ്ജിത് യാദവ്, ബേനീമധോ,

വൈകുമല്ല, രജബ്അലി, മധോസിങ്, ഒരു സ്ത്രീയായ കർമൽ ബീ തുടങ്ങിയവരെ അനശ്വരരാക്കി മാറ്റിയിരിക്കുന്നു. അതുപോലെ ഭോജ്പുരി നാടൻപാട്ടുകൾ കൻവർസിങ്ങിനേയും അനശ്വരനാക്കുന്നു.

ഗോണ്ട് തുടങ്ങിയ ആദിവാസി സമൂഹങ്ങൾ കലാപത്തിന്റെ ഗറില്ലാപ്പടയാളികളായി മാറിയിരുന്നു. ഒരു ഗോണ്ട് നാടൻപാട്ട് ഇപ്രകാരമായിരുന്നു അവരുടെ പ്രാർത്ഥനയായി രൂപപ്പെട്ടത്.

*'അപവാദകരുടെ വായടച്ചാലും*
*പിന്നിൽ കുത്തുന്നവരെ ഭക്ഷിച്ചാലും*
*പാപികളെ മർദ്ദിച്ചാലും*
*നീ ശത്രുസംഹാരികാ!*
*ബ്രിട്ടീഷുകാരെ കൊന്നാലും,*
*മച്ചുന്ദീ, അവരെ ഇല്ലാതാക്കിയാലും*
*ശത്രുവെ രക്ഷപ്പെടാൻ അനുവദിക്കാതിരുന്നാലും*
*അവരുടെ സ്ത്രീകളേയും കുട്ടികളേയും*
*അപ്രകാരം തന്നെ സംഗാരികാ!*
*ശങ്കരനോട് ആനുകൂല്യം കാട്ടിയാലും*
*നിന്റെ അടിമകളെ തുണച്ചാലും*
*മതത്തിന്റെ രോദനം ശ്രവിച്ചാലും*
*മാതല്കാ! അശുദ്ധരെ ഭക്ഷിച്ചാലും*
*താമസമരുതേ! ഇപ്പോഴവരെ ധ്വംസിച്ചാലും*
*അതാകട്ടെ അതിവേഗം.*
*ഘോർ – മാതല്കാ!*

(1857 ഒക്ടോബർ 31ന് ടൈംസിൽ പ്രസിദ്ധീകരിച്ച ഈ പ്രാർത്ഥന പി.സി. ജോഷി, റബലിയൻ 1857ൽ നല്കിയിരിക്കുന്നു)

ബ്രിട്ടീഷുകാരോടുള്ള കലാപകാരികളുടെ മനോഭാവം ഈ പ്രാർത്ഥന വ്യക്തമാക്കുന്നു. അവരെത്രമാത്രം കലാപത്തിൽ പങ്കെടുത്തുവെന്നും ഈ പ്രാർത്ഥനയിൽനിന്നും മനസ്സിലാക്കാം. കലാപത്തിനു പാർശ്വവല്ക്കരിക്കപ്പെട്ട സമൂഹങ്ങളിൽ വ്യാപ്തിയുണ്ടായിരുന്നുവെന്ന് ഇത്തരം ഗീതങ്ങൾ സൂചിപ്പിക്കുന്നു. കലാപത്തിനു വരേണ്യവർഗങ്ങളും സിപ്പായിമാരും മാത്രമല്ല അടിസ്ഥാന വർഗക്കാരുടെ പിന്തുണയും ഉണ്ടായിരുന്നുവെന്ന് ഇത്തരത്തിലുള്ള ഗീതങ്ങളും അവ രചിച്ച കൂട്ടായ്മകളുടെ പ്രവർത്തനങ്ങളും വ്യക്തമാക്കുന്നു. എന്നാൽ ചരിത്രരചനാപരമായ ഇത്തരം പഠനങ്ങൾ വേണ്ടത്ര നടന്നിട്ടില്ലെന്ന യാഥാർത്ഥ്യം നിഷേധിക്കുകവയ്യ. ഈ ഘട്ടത്തിൽ ഇത്തരം പല പഠനങ്ങളും പുറത്തുവരുമെന്നത് ആശാവഹമാണ്.

കലാപത്തിൽ വഹാബികൾ എന്ന മതാനുയായികൾ പങ്കെടുത്തിരുന്നുവെന്നു പൊതുവെ ബ്രിട്ടീഷ് ചരിത്രകാരന്മാർ സൂചിപ്പിക്കുന്നു. (വില്യം ഡിൾറിംപിൾ അടക്കം) എന്നാൽ മുസ്ലീം ജനവിഭാഗം ശക്തിയാർജിച്ചിരുന്ന കേന്ദ്രങ്ങളിൽ ഒരു സംഘടിത വിഭാഗമെന്ന നിലയിൽ ബ്രിട്ടീഷ് വിരോധവുമായി

ഇവർ പങ്കെടുത്തില്ലെന്നാണ് ഇക്തിദാർ ആലംഖാൻ തുടങ്ങിയവർ പ്രതിപാദിക്കുന്നത്. ഡൽഹിയിലും ലഖ്നൗവിലും മറ്റും തിരഞ്ഞെടുക്കപ്പെട്ട കമ്മറ്റികളുടെ ഭരണം വഹാബികളുടെ ആശയമാണെന്നു കെ.എം. അഷ്റഫ് ചിത്രീകരിക്കുന്നു. ഡൽഹിയിലെ ഭക്ത്ഖാൻ ഒരു മതഭ്രാന്തനായ വഹാബിയാണെന്നും പറയപ്പെടുന്നു. വഹാബികൾക്കെതിരെ ഒരവസരത്തിലും ഒന്നുംതന്നെ തെളിയിക്കപ്പെട്ടിട്ടില്ലെന്നു ബംഗാൾ ലഫ്, ഗവർണർ സപ്തംബർ 30ന്റെ കുറിപ്പിലെഴുതുന്നു. ഗാസി, ജിഹാദി എന്നപേരിൽ അറിയപ്പെടുന്നവർ വഹാബികളായിരുന്നില്ലതാനും. ഗ്വാളിയോറിൽ ഗാസികളുടെ നേതാവായ ജഹാംഗീർഖാനെ പച്ച വസ്ത്രം ധരിച്ച് ജപമാലയിൽ പ്രാർത്ഥനാനിരതനായ വ്യക്തിയായി റസിഡണ്ട് മക്ഫേർസൺ ചിത്രണം ചെയ്യുന്നു. വഹാബികളെ സംബന്ധിച്ച് വിലക്കപ്പെട്ട രീതിയാണിതെല്ലാം. ഇമാമിന്റെ കീഴിൽ മാത്രമേ ദാരുൽ ഇസ്ലാമിനു വേണ്ടി പടനയിക്കുവാൻ പാടുള്ളുവെന്നതാണ് വഹാബികളുടെ ആശയം.

ഭക്ത്ഖാൻ ഡൽഹിയിൽ ഗോഹത്യ നിരോധിച്ചപ്പോൾ വഹാബികൾ ആശയപരമായി ഇക്കാര്യത്തിൽ പ്രക്ഷുബ്ധരായിരുന്നു. ഡൽഹിയിലെ പ്രമുഖ മതപണ്ഡിതനായ ശൈഖ് ഫസലുൽ ഹക് ഖൈറാബാദിയും മുഗൾ രാജാവും ഈ പ്രഖ്യാപനത്തിനു പിന്തുണ നല്കി. എതിർ പ്രവർത്തിക്കുന്നവർക്ക് അവർ കഠിനശിക്ഷയും വിധിച്ചു. ഗോവധത്തിനു നിർബന്ധിച്ച ജിഹാദികളെ ഭക്ത്ഖാൻ ശാസിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ വിശകലനം ചെയ്യുമ്പോൾ ഒരുപ്രസ്ഥാനം എന്ന നിലയിൽ വഹാബികളുടെ പങ്കാളിത്തം 1857-ൽ കാണാൻ കഴിയുകയില്ല. അനുയായികളിൽ ചിലർ പ്രത്യേകസാഹചര്യങ്ങളിൽ കലാപത്തിൽ പങ്കെടുത്തിരിക്കാമെങ്കിലും അവരുടെ ശക്തമായ, ആശയപരമായ പങ്കാളിത്തം ഇല്ലെന്നു വ്യക്തമാക്കപ്പെടുന്നു. ആ നിലയിൽ മതപരമായ സംഘടനാ സ്വഭാവം കാണാമായിരുന്നില്ല.

ദക്ഷിണേന്ത്യയിൽ മദ്രാസ് പ്രസിഡൻസിയിൽ കലാപം വ്യാപിച്ചിരുന്നില്ലെന്നാണ് പൊതുവെ പ്രചരിപ്പിക്കപ്പെട്ടിരുന്നത്. സുരേന്ദ്രനാഥ്സെൻ പോലും തന്റെ ഔദ്യോഗിക ചരിത്രഗ്രന്ഥത്തിൽ (എയ്റ്റീൻ ഫിഫ്റ്റിസെവൻ) ഈ ആശയം പിന്താങ്ങുന്നു. എന്നാൽ സമീപകാലം എൻ. രാജേന്ദ്രൻ തുടങ്ങിയവരുടെ ഗവേഷണങ്ങൾ ഈ പ്രസിഡൻസിയുടെ പല ഭാഗങ്ങളും കലാപത്തിന്റെ ആശയങ്ങളുൾക്കൊള്ളുകയും പ്രതികരിക്കുകയും ചെയ്തതായി വിവരിക്കുന്നു. പ്രസിഡൻസിയുടെ പല ഭാഗങ്ങളിലും 1800 മുതൽതന്നെ പലേടത്തും ബ്രിട്ടീഷ് ഭരണത്തിനെതിരായി സായുധ കലാപങ്ങൾ ഉയർന്നുവന്നിരുന്നു. അവയെല്ലാം നിയമസമാധാന പ്രശ്നമായിട്ടായിരുന്നു ബ്രിട്ടീഷുകാർ കൈകാര്യം ചെയ്തിരുന്നത്.

കലാപം ഇവിടുത്തെ സൈന്യങ്ങളിൽ വലിയതോതിൽ അസ്വസ്ഥതകളുണ്ടാക്കിയിരുന്നു. കലാപത്തോട് സഹാനുഭൂതിയോ പിന്തുണയോ പ്രഖ്യാപിച്ച മദ്രാസിലെ 1044 സിപ്പായിമാരെ കോർട്ട് മാർഷലിന് വിധേയമാക്കിയിരുന്നു. ജുഡീഷ്യൽ ഡിപ്പാർട്ടുമെന്റിന്റെ (സപ്തംബർ 3, 1857) ഒരു രേഖ ഇംഗ്ലീഷ് പത്രങ്ങളിൽ വരുന്ന അഭിപ്രായങ്ങൾ പ്രാദേശിക പത്രങ്ങൾ ഉദ്ധരിച്ച് അതൃപ്തി

പ്രചരിപ്പിക്കുമെന്ന് രേഖപ്പെടുത്തി. ജൂൺ 29നുതന്നെ പട്ടണത്തിൽ കൂടുതൽ സൈനികപോസ്റ്റുകൾ സ്ഥാപിച്ചു. ജൂലായിൽ ബൽഗാമിൽനിന്നും മുൻഷി മുഹമ്മദ് ഹുസ്സൈൻ കലാപം വ്യാപിപ്പിക്കുവാൻ കത്തയച്ചതും മറ്റുമായ ഒരു ഗൂഢാലോചന കണ്ടുപിടിക്കുകയും ചെയ്തു.

പട്ടണത്തിൽ ഗുലാം ഗൗഡും ശൈഖ് മന്നുവും പൊരുതുവാൻ നിർദ്ദേശിക്കുന്ന പോസ്റ്ററുകൾ പ്രചരിപ്പിച്ചു. കലാപം മെയ്മാസം ആരംഭിക്കുന്നതിനു മുമ്പുതന്നെ ഇവിടെ ചർച്ചകൾ നടന്നിരുന്നു. ആഗസ്റ്റ് 1ന് സേലത്തു നെയ്ത്തുകാർ പെർമലാചാരി എന്ന ആളുടെ വീട്ടിന്നു സമീപം തടിച്ചുകൂടി. ബ്രിട്ടീഷ് പതാക ഇറക്കുമെന്നും മദ്രാസിൽ അത് സംഭവിച്ചിരിക്കുമെന്നും ഹൈദർ ജനക്കൂട്ടത്തോട് പ്രസംഗിച്ചു. ഭവാനിയെന്ന വ്യവസായനഗരത്തിൽ ഒരു പൂജാരി (മൂൽ ഭഗലു സ്വാമി) നാനാസാഹിബിന്റെ ഭരണം വാഴട്ടെ, യൂറോപ്യർ തുലയട്ടെ എന്നെല്ലാം തീർത്ഥാടകരോടു പ്രഖ്യാപിച്ചു. സ്വാമി നാടുകടത്തപ്പെട്ടു. ചിങ്കൽപേട്ടയിൽ സുൽത്താൻബഷ്, അറുവാണഗിരി, കൃഷ്ണ എന്നിവരുമായി ബന്ധപ്പെട്ടു കലാപം പ്രചരിപ്പിച്ചു. ആഗസ്റ്റ് 8ന് ചിങ്കൽപേട്ട മജിസ്ട്രേറ്റു സ്ഥിതി ഗുരുതരമായി വിലയിരുത്തി. പോണ്ടിച്ചേരിയിൽ ഇൻഡിപെൻഡൻട് എന്ന വാരികയിൽ സുബ്രഹ്മണ്യഭാരതി കലാപത്തെ അടിച്ചമർത്തിയ രീതി വിവരിക്കുകയും ചെയ്തിരുന്നു.

മദ്രാസിൽ കലാപത്തിന്റെ ആശയങ്ങളും പ്രവർത്തനങ്ങളും ഉരുത്തിരിഞ്ഞുവന്നുവെങ്കിലും മറ്റുപ്രദേശങ്ങളിലെപ്പോലെ ശക്തമായിരുന്നില്ല. കർണ്ണാടക പ്രദേശങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ശ്രമങ്ങളും ഇവിടെ ഉണ്ടായിരുന്നു. മുഗൾ ഭരണം കേന്ദ്രീകരിക്കുകയും ശക്തമായ അതിന്റെ ബ്യൂറോക്രസിയേയും പട്ടാളത്തേയും പുറംതള്ളപ്പെടുകയും ചെയ്ത ഉത്തരേന്ത്യൻ പ്രദേശങ്ങളിൽ കലാപം ഏറ്റവും ശക്തമായി പ്രത്യക്ഷപ്പെട്ടു.

പല റജിമെന്റുകളിലേയും കലാപത്തിന്റെ ഒരു പൊതുസ്വഭാവം ഫിലിപ്പ് മാഡിസൺ വിവരിച്ചത് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം എഴുതി:

*അലഹബാദിലെ ആറാം റജിമെന്റിന്റെ ഓഫീസ്സർമാർ പൊതുവെ അതിന്റെ ആളുകളുമായി സൗഹാർദ്ദം പങ്കിടുകയും അവരുടെ വിശ്വസ്തതയിൽ അഭിമാനിക്കുകയും ചെയ്തിരുന്നു. സൈനികരും ഓഫീസ്സർമാരുടെ വികാരത്തെ അതേവിധം പ്രതികരിച്ചു. ഭജാരിൽ നിന്നും വന്ന അപരിചിതന്മാർ നടത്തിയ വിദ്രോഹകരമായ സമീപനം അവർ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. അവർ കലാപകാരികൾക്കെതിരായി ഡൽഹിയിലേക്ക് നയിക്കപ്പെടണമെന്ന് ആവശ്യപ്പെട്ടു. ഒരു മാതൃകാ റജിമെൻറ് എന്ന നിലയിൽ അവർക്ക് ഗവർണർ ജനറലുടെ നന്ദിയും ലഭിച്ചു. ഇതാകട്ടെ ഒരു പ്രത്യേക പരേഡിൽ വെച്ചും. കമ്മീഷണറുടെ പ്രശംസ അവർ കയ്യടികളോടെ സ്വീകരിച്ചു. അതേരാത്രി അവർ കലാപം നടത്തുകയും തങ്ങളുടെ ഓഫീസർമാരെ വധിക്കുകയും ചെയ്തു.* (മെൻഹു റൂൾഡ് ഇന്ത്യ, പു. 160)

പലേടത്തും ഇതേ സ്ഥിതി തുടർന്നിരുന്നു. അതുകൊണ്ട് പാണ്ടിമാരെ കഴിയുന്നത്ര ക്രൂരതയോടെ ബ്രിട്ടീഷുകാർ അറുതിവരുത്തി. ഓരോ പ്രദേശത്തും

നടന്ന കൊച്ചുകൊച്ചു കലാപങ്ങൾ ഒരു വലിയ യുദ്ധത്തിന്റെ അടിത്തറ വ്യാപിപ്പിച്ചു. പലേടത്തും പോർക്കളങ്ങളിൽ ശക്തമായ ഏറ്റുമുട്ടൽ നടന്നു. പിരിച്ചുവിടപ്പെട്ട സൈനികർ മറ്റുപലേടത്തും കലാപത്തിന്റെ ശക്തി വർധിപ്പിച്ചു. ഇത്തരം ഒരു പ്രതിഭാസമായിരുന്നു ഝാൻസിയിൽ സംഭവിച്ചത്.

## ഝാൻസിയിൽ

തന്റെ രാജ്യം ദത്തുപുത്രനു നിഷേധിച്ചുകൊണ്ട് ബ്രിട്ടീഷുകാർ പിടിച്ചടക്കിയതിനോടും ഭർത്താവിന്റെ കടം വീട്ടുവാൻ അവർ ആവശ്യപ്പെട്ടതിനും റാണി ബ്രിട്ടീഷുകാരോടു തികച്ചും വിരോധമുൾക്കൊണ്ടു. കൂടാതെ 1857 ജൂൺ 9-നു റാണി ഝാൻസിറാണിയായി സ്വയം പ്രഖ്യാപിക്കുകയും ചെയ്തു. റാണി സിപ്പായിമാരെ പ്രോത്സാഹിപ്പിക്കുകയും ബ്രിട്ടീഷുകാരേയും സ്ത്രീകളേയും വധിക്കുവാനിടവരുത്തുകയും ചെയ്തുവെന്നായിരുന്നു ആരോപണം. റാണി ജൂൺ 6-നു കണ്ടോൺമെന്റിലേക്കു യാത്ര നടത്തുകയും അഹ്സുൻ അലി കലാപത്തിന്റെ ആദ്യത്തെ വെടിവെക്കുകയും ചെയ്തുവെന്നു വിശ്വസിക്കപ്പെടുന്നു. കേപ്ടൻ പിൻകനേ തന്റെ 20 നവംബർ 58ന്റെ റിപ്പോർട്ടിൽ റാണിയുടെ കലാപം സൂചിപ്പിച്ചിരുന്നില്ലെന്നാണ് ആർ.സി. മഞ്ജുംദാർ രേഖപ്പെടുത്തുന്നത്. റാണി ജൂൺ 12നു (1857) സാഗർ ലഫ്. ഗവർണർക്കു എഴുതിയ എഴുത്തിൽ കാര്യങ്ങൾ വിവരിക്കുന്നു. കലാപകാരികൾ ബ്രിട്ടീഷുകാരെ വധിക്കുകയും റാണിക്കു കലാപം തടയുവാൻ കഴിഞ്ഞില്ലെന്നും. ജനങ്ങളുടെ സംരക്ഷണത്തിനുവേണ്ടി റാണി ഭരണം ഏറ്റെടുത്തിരിക്കുകയാണെന്നും. കലാപകാരികൾ ഡൽഹിയിലേക്കു യാത്ര തിരിച്ചിരിക്കുന്നുവെന്നും. (ഫോറിൻ സീക്രറ്റ് കൺസ. നമ്പർ 351, 31 ജൂലായ് 1857. സുരേന്ദ്രനാഥ് സെൻ ഉദ്ധരിച്ചത്). സ്വന്തം സ്വത്തുക്കൾ വിറ്റാണ് കലാപത്തെ നേരിടുന്നതെന്നും, പലരേയും അവർ സംരക്ഷിച്ചിരിക്കുന്നുവെന്നും 14 ജൂണിന്നു മറ്റൊരു കത്തെഴുതി. സൈന്യസഹായം ആവശ്യപ്പെടുകയും ചെയ്തു. എല്ലാവരോടും നികുതി ആവശ്യപ്പെട്ട പ്രഖ്യാപനവും നൽകിയിരുന്നു. വീണ്ടും 1858 ജനവരി 1-നു റാണി ഝാൻസിയിലെ മുഖ്യന്മാർ ദുത്യയിലേയും ഊർച്ചയിലേയും താലൂക്ദാർമാർ രാജ്യം കീഴടക്കുവാൻ ശ്രമിക്കുന്നുവെന്നും അറിയിച്ചു. ജബൽപൂരിൽ നിന്നും സൈന്യം അയയ്ക്കുമെന്നു കമ്പനിയുദ്യോഗസ്ഥരുടെ മറുപടിയും റാണിക്കു ലഭിച്ചിരുന്നു. നികുതിഭരണം സാധ്യമല്ലെന്നും റാണി അവരെ അറിയിച്ചിരുന്നു. റാണിയുടെ സഹായത്തിനുവേണ്ടി കേപ്. ഗോർഡൺ അപേക്ഷിച്ചുവെങ്കിലും കലാപകാരികൾ സഹായം നിഷേധിക്കുവാൻ റാണിയെ പ്രേരിപ്പിച്ചു. സദാശിവറാവുവും റാണിയും തമ്മിൽ രാജ്യം സംബന്ധിച്ചുണ്ടായ തർക്കത്തിൽ കലാപകാരികൾ റാണിയുടെ പക്ഷം ചേർന്നു. ഈ വാദഗതികൾ ഉന്നയിച്ച് റാണി ആദ്യഘട്ടം കലാപം പ്രോത്സാഹിപ്പിച്ചില്ലെന്ന സിദ്ധാന്തമാണ് ആർ.സി. മഞ്ജുംദാർ ഉന്നയിക്കുന്നത്.

ഭരണം ഏറ്റെടുത്തതോടെ റാണി നാണയകമ്മട്ടം തുടങ്ങിയെന്നും കോട്ട ശക്തമാക്കിയെന്നും കൂടുതൽ സൈന്യത്തെ സംഘടിപ്പിച്ചുവെന്നും മാല്ലിസൺ

എഴുതുന്നു. സദാശിവറാവുവിന്റെ സൈന്യത്തെ കോട്ടയ്ക്കു പുറത്തു ഓടിച്ചു വെന്നും വിവരിക്കപ്പെടുന്നു. ഈ സ്ഥിതിഗതികൾ വെച്ചു നോക്കുമ്പോൾ 1857 ജൂണിൽ റാണി കലാപകാരികളെ പ്രോത്സാഹിപ്പിച്ചില്ലെന്നു കരുതേണ്ടിവ രുന്നു. റാണി 1858 ജനവരിയിൽപോലും ബ്രിട്ടീഷ് പിന്തുണ ആവശ്യപ്പെട്ടു വെന്നു രേഖകൾ തെളിയിക്കുന്നു.

എന്നാൽ ഫിബ്രവരിയിൽ റാണിയെ കോർട്ട് മാർഷൽ ചെയ്യുന്നതിനു പകരം ഒരു കമ്മീഷണർ വിചാരണ ചെയ്യണം എന്നായിരുന്നു ലോർഡ് കാനിങ്ങ് ഹാമിൽട്ടനു എഴുതിയത്. ഹാമിൽട്ടൺ തന്റെ റിപ്പോർട്ടിൽ റാണി കലാപം പ്രോത്സാഹിപ്പിച്ചില്ലെന്ന വാദം സ്വീകരിച്ചു കാണാം. ബ്രിട്ടീഷുകാരുമായി ഒരു സഖ്യം ആവശ്യമാണെന്നു പലരും റാണിയെ ഉപദേശിച്ചപ്പോഴും ഹുസ്സൈൻ അലിഖാൻ തുടങ്ങിയവർ അത് പാടില്ലെന്ന നിലപാടിലായിരുന്നു. ബ്രിട്ടീഷ് ഉന്നതാധികാരികൾ റാണി കലാപത്തിൽ ഉൾപ്പെട്ടിരുന്നുവെന്നു വിശ്വസിക്കു മ്പോൾ താൻ മറ്റൊരു വഴി സ്വീകരിക്കുന്നതു ഉചിതമല്ലെന്നു റാണിയും വിശ്വ സിച്ചു. കമ്മീഷണർ എർസ്കിൻ റാണിയെ ഒരു കലാപകാരിയായി 25 നവം ബർ വരെ വിവരിച്ചു കാണാം. ഈ നിലയിൽ റാണി വളരെ വ്യത്യസ്തമായ വഴി സ്വീകരിച്ചു. ബ്രിട്ടീഷുകാരുടെ കൈകളിൽ തൂക്കുമരത്തിലേറുന്നതിലും നല്ലത് കലാപകാരികളോടൊപ്പം ആത്മാഹുതി നടത്തുകയായിരിക്കുമെന്ന ചിന്ത ഝാൻസിയെന്ന കൊച്ചു രാജ്യത്തെ 1858 കളിൽ ഒരു വലിയ കലാപ കേന്ദ്രമാക്കി.

ഝാൻസിറാണി ലക്ഷ്മിഭായിക്കാവശ്യമായ സഹായങ്ങളെത്തിക്കാൻ 1858 ഏപ്രിൽ ആദ്യം താന്തിയാതോപ്പി കൽപിയിൽ നിന്നും ഝാൻസിയി ലേക്കു തിരിച്ചിരുന്നു. എന്നാൽ തോൽപിക്കപ്പെടുകയാണുണ്ടായത്. റാണിയും തോപ്പിയും കൽപിയിൽ ഇംഗ്ലീഷ് സൈന്യത്തെ കാത്തിരുന്നു. കുഞ്ജ് എന്ന സ്ഥലത്തുവെച്ച് ഹുജ്റോസ് ഇവരെ പരാജയപ്പെടുത്തി. പിന്നീട് റോസ് കൽപി കീഴടക്കി. ഗ്വാളിയോറിൽ കലാപകാരികൾ ശക്തിയാർജിച്ചു. ഇവരുടെ നേതൃത്വം റാണിക്കും തോപ്പിക്കുമായിരുന്നു. റോസ് അതിനാൽ ഗ്വാളിയോറിലേക്കു തിരിച്ചു. ഗ്വാളിയോറിന്നു മുമ്പുള്ള ലോഷ്കാർ ഹില്ലിൽ ജൂൺ 19നു നടന്ന ശക്ത മായ ഒരേറ്റുമുട്ടലിൽ റാണി വെട്ടേറ്റു മരിച്ചുവീണു. റാണിയുടെ പതനം മധ്യേ ന്ത്യയിൽ കലാപത്തിന്റെ അന്ത്യം കുറിച്ചു.

ഝാൻസീറാണിയുടെ യുവത്വവും ധീരമായ പോരാട്ടവുംകൊണ്ട് അവർ കലാപത്തിന്റെ വീരേതിഹാസമായി മാറുന്നു. കൂടാതെ കുതിരപ്പുറത്ത് സ്വന്തം ദത്തുപുത്രനെക്കൂടി എടുത്തുകൊണ്ടായിരുന്നു ഈ പോരാട്ടം. കലാപത്തി ലുള്ള അവരുടെ പങ്കാളിത്തം മറ്റു പലരേയുംപോലെ നിഷേധിക്കപ്പെട്ട നീതിക്കു വേണ്ടിയായിരുന്നു. അവരുടെ പങ്കാളിത്തത്തെ സുരേന്ദ്രനാഥസെന്നും ആർ.സി. മജുംദാരും മറ്റൊരുവിധത്തിൽ വിലയിരുത്തിയാലും അവരെ മാധ്യമങ്ങളും ചരിത്രകാരന്മാരും കവികളും ഒരപൂർവ വ്യക്തിത്വമായി ചിത്രീകരിക്കുന്നു. ഡൽഹിയിലേക്ക് കലാപകാരികൾ യാത്ര തിരിക്കുന്നതിനു മുമ്പ് അവർക്ക് ആവ ശ്യമായ സഹായങ്ങൾ ചെയ്യുവാൻ അവർ നിർബന്ധിതയാകുന്നു. ബ്രിട്ടീഷു

കാരുടെ ഭരണം ഝാൻസിയിൽ പരാജയപ്പെട്ടപ്പോൾ അവർ ഭരണം ഏറ്റെടുത്തത് ഇംഗ്ലീഷുകാർക്കു വേണ്ടിയായിരുന്നുവെന്ന വാദം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഏതായാലും രേഖകളിൽ നിന്നും ഉരുത്തിരിയപ്പെടാത്ത ഒന്നാണ് ബ്രിട്ടീഷുകാരുടെ വധത്തിലുള്ള അവരുടെ പങ്കാളിത്തം. അവർ ആയുധം എടുത്തതുതന്നെ ബ്രിട്ടീഷുകാരുടെ മരണത്തിന്റെ ഉത്തരവാദിത്വം തന്നിൽ ചുമതലപ്പെടുത്തുമെന്ന ഘട്ടത്തിലായിരുന്നുതാനും. പക്ഷേ ആയുധമെടുത്തപ്പോൾ സൈനികപരിചയവും നേതൃത്വവും ഇല്ലാത്ത ഇവർ ഏറ്റവും വലിയ ധൈര്യവും ബുദ്ധിശക്തിയും കാണിച്ചു. മറ്റേതൊരു നേതൃത്വത്തെക്കാളും വലിയ ധൈര്യം റാണി കാണിച്ചുവെന്നതിനു സർ ഹ്യൂഗ് റോസ് തന്നെ സാക്ഷ്യം വഹിക്കുന്നു. കലാപകാരികളുടെ നേതൃത്വനിരയിൽ നാനയടക്കമുള്ള പ്രമുഖരാരുംതന്നെ യുദ്ധക്കളത്തിൽ മരിച്ചുവീണിരുന്നില്ല. പലരും തൂക്കുമരത്തിലായിരുന്നു. സുഭദ്ര കുമാരി ചൗഹാൻ തന്റെ വരികളിലൂടെ റാണിയെ കൂടുതൽ അനശ്വരയാക്കി മാറ്റി. അടിസ്ഥാനപരമായി അവർ നയിച്ച യുദ്ധത്തിന്നും അതിന്റെ മഹത്ത്വത്തിന്നും കലാപത്തിന്റെ ചരിത്രത്തിൽ വലിയ സ്ഥാനമുണ്ട്. ഝാൻസിയുടെ പതനവും താന്തിയാതോപ്പിയുടെ പലായനവും മധ്യേന്ത്യയിൽ കലാപത്തിന്റെ ശക്തി എന്നേക്കുമായി ഇല്ലാതാക്കി. കലാപത്തിന്റെ അന്ത്യഘട്ടത്തിലായിരുന്നു റാണിയുടെ പ്രവേശമെങ്കിലും അവർ അതിന്നു കൊടുത്ത ഊർജം ഇന്ത്യൻ ജനതയുടെ മനസ്സുകളിൽ ഇന്നും ഒരു മിത്തിന്റെ രൂപത്തിൽ പ്രതിഫലിക്കപ്പെടുന്നു. ഇരുപത്തിരണ്ടുകാരിയായ റാണി തന്റെ ദത്തുപുത്രനേയും അരികിലിരുത്തി നയിച്ച യുദ്ധം ഇന്ത്യൻ പൈതൃകത്തിൽ ദുർഗാദേവിയുടെ മിത്തുപോലെ ചിത്രകാരന്മാരും കവികളും ചിത്രീകരിച്ചിരിക്കുന്നു. 'ഝാൻസീ റാണി ഒരിക്കലും മരിക്കുന്നില്ലെന്ന' സുഭാഷ്ചന്ദ്രബോസിന്റെ വാക്കുകൾ ഗവൺമെന്റിന്റെ ദൃശ്യചാനലുകൾ പ്രചരിപ്പിക്കുന്നുവെങ്കിലും റാണി ആത്മത്യാഗം ചെയ്യാനിടയാക്കിയ പശ്ചാത്തലത്തിന്റെ പ്രത്യയശാസ്ത്രപരമായ വീക്ഷണം ഭരണതലത്തിൽ ഇന്ന് നഷ്ടപ്പെട്ടിരിക്കുകയാണെന്ന യാഥാർത്ഥ്യം അനുസ്മരണീയമാണ്.

# ബറൈലി - ഒരു കലാപചിത്രം

കലാപത്തിന്റെ ഒരു ശക്തികേന്ദ്രമായിരുന്ന ബറൈലിയിലെ സംഭവഗതികളെപ്പറ്റി ദുർഗ്ഗാദാസ് ബന്ദോപാദ്ധ്യായ എന്ന ഈസ്റ്റിന്ത്യാ കമ്പനിയുടെ ഒരു ബംഗാളി ഗുമസ്തൻ കലാപത്തിന്റെ ഇരുപത്തിയഞ്ചു വർഷങ്ങൾക്കുശേഷം 'വിദ്രോഹെ ബംഗാളി' (കലാപത്തിലെ ബങ്കാളി) എന്ന പേരിൽ 1891ൽ ജന്മഭൂമിയെന്ന ബംഗാളി മാസികയിൽ താനെഴുതിയ സ്മരണകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഒരിന്ത്യക്കാരന്റേതായ ഈ സ്മരണ (1924-ൽ പ്രസിദ്ധീകരണം) ബ്രിട്ടീഷുകാരോട് തികച്ചും സഹാനുഭൂതിയുള്ള രൂപത്തിൽ കലാപകാരികളുടെ പരസ്പരവിശ്വാസമില്ലായ്മയും മറ്റും ചൂണ്ടിക്കാണിക്കുന്നതാണെങ്കിലും തദ്ദേശീയമായ ഒരു ഗ്രന്ഥമെന്ന നിലയിൽ വളരെ പ്രാധാന്യമർഹിക്കുന്നു. അനിരുദ്ധ റേ ഇതിന്റെ ഒരു പ്രത്യേകപഠനം നടത്തുകയും ചെയ്തിട്ടുണ്ട്. (പേപ്പേർസ്, ആലിഗർ ഹിസ്റ്റോറിയൻസ് സൊസൈറ്റി, ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്, 67 സ്പെഷ്യൽ, ഫറൂക്ക് കോളേജ്, കാലിക്കറ്റ് യൂനിവേർസിറ്റി, 2007) ദുർഗ്ഗാദാസ് 1835-ൽ ജനിക്കുകയും 53-ൽ കമ്പനി സൈന്യത്തിൽ ചേരുകയും 1914-ൽ മരിക്കുകയും ചെയ്തു.

ബറൈലി എന്ന പട്ടണം മൊറാദാബാദ്, ഷാഹ്ജഹാൻപൂർ, ബദൗൻ തുടങ്ങിയവപോലെ പ്രാധാന്യമുള്ള ഒന്നായിരുന്നു. പട്ടണത്തിന്റെ പുറത്തായിരുന്നു ബ്രിട്ടീഷ് കൺടോൺമെന്റ്. ഒരു പട്ടണത്തിലെ കലാപവും പിന്നീടുള്ള സംഭവപരമ്പരകളും എല്ലാം ദുർഗ്ഗാദാസ് വിവരിക്കുന്നതിനാൽ കലാപത്തിന്റെ ഒരു സൂക്ഷ്മപഠനം (മൈക്രോസ്റ്റഡി) എന്ന നിലയിൽ ഈ ഗ്രന്ഥം ശ്രദ്ധേയമാണ്. സൈനിക ഓഫീസ് ക്ലാർക്ക് എന്ന നിലയിലും ക്രമേണ നാട്ടുകാർക്കിടയിലെ പ്രമുഖനെന്ന നിലയിലും ഓഫീസ്സർമാർക്കിടയിലും ദാസ് ഒരു സമ്പന്നനായ വ്യക്തിയെപ്പോലെ അറിയപ്പെട്ടു. ആയതിനാൽ കലാപത്തിന്റെ പ്രധാന സംഭവഗതികളുമായി ദാസിന്റെ പരിചയം ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.

റോഹിൽഖണ്ഡിലെ ആദ്യ നവാബായ ഹാഫിസ് റഹ്മത്ഖാന്റെ പൗത്രനാണ് നവാബ് ഖാൻ, ബഹദൂർഖാൻ. അവധിലെ നവാബായ ഷൂജ ഇംഗ്ലീഷ് സൈന്യത്തിന്റെ സഹായത്തോടെ ഹാഫിസ് റഹ്മത്ത്ഖാനെ വധിക്കുകയും രാജ്യം കീഴടക്കുകയും ചെയ്തു. എന്നാൽ ഇംഗ്ലീഷുകാർ ഖാൻ ബഹദൂർഖാനു 100 ക മാസപെൻഷൻ അനുവദിച്ചു. കലാപത്തിൽ ഇദ്ദേഹം അധികാരത്തിലേക്ക് ഉയർത്തപ്പെടുന്നതാണ് പ്രധാനസംഭവം. ബ്രിട്ടീഷുകാരുമായുള്ള സമ്പർക്കവും മറ്റും 19-ാം നൂറ്റാണ്ടിലെ ഒരു പ്രധാന വാണിജ്യകേന്ദ്രമായി ബറൈലിയെ

മാറ്റിയിരുന്നു. മുസ്‌ലിം വിഭാഗത്തിലെ സമ്പന്നരും തൊഴിലാളികളും എല്ലാം ഇവിടെ പ്രത്യേകം പ്രത്യേകം ഭാഗങ്ങളിൽ താമസിച്ചുവന്നു. ടെലിഗ്രാഫ്, റെയിൽ തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഇവിടെ 1857ലും എത്തിയിരുന്നില്ല.

ബറൈലിയിലെ എല്ലാ കുതിരപ്പടയും കാലാൾപ്പടയും ഒന്നിച്ചു കലാപം ചെയ്യുകയില്ലെന്ന വിശ്വാസം ഇംഗ്ലീഷ് ഓഫീസ്സർമാർ ഉൾക്കൊണ്ടിരുന്നു. കാലാൾപ്പട കലാപം നടത്തിയാൽ കുതിരപ്പട അടിച്ചമർത്തുമെന്ന റിപ്പോർട്ടുകളും അവർക്കു ലഭിച്ചിരുന്നു.

മെയ് 12 നു സമീപജില്ലകളിൽ ഗുജാർ, ജാട്ട്, ആഹീർ എന്നീ ആദിവാസി സമൂഹങ്ങൾ കലാപത്തിൽ ഏർപ്പെടുകയാൽ അവിടങ്ങളിൽ ഇംഗ്ലീഷുകാരുടെ ഭരണം ഉണ്ടായിരുന്നില്ലെന്ന വാർത്ത ബറൈലിയിൽ എത്തിക്കഴിഞ്ഞിരുന്നു. മീററ്റിലെ കലാപം മെയ് 14ന് അവിടെ വ്യാപിപ്പിച്ചപ്പോൾ കേണൽട്രൂപ്പ് കുതിരപ്പടയിലേക്ക് പുതിയ റിക്രൂട്ട്മെന്റ് നടത്തുവാൻ തീരുമാനിച്ചു. മെയ് 21ന് ബറൈലി കൺടോൺമെന്റിൽ ഒരു പരേഡ് ഏർപ്പെടുത്തുകയും ഊഹാപോഹങ്ങൾ പ്രചരിപ്പിക്കാതിരിക്കാൻ ബ്രിഗേഡിയർ സിബാൾഡ് ആവശ്യപ്പെടുകയും ചെയ്തു. മെയ് അവസാനം ഓരോ ആഴ്ചയും കമ്മീഷണർ അലക്സാണ്ടർ തുറന്ന ദർബാർ നടത്തി. ഓരോ ദിവസവും ഖാൻ ബഹദൂർഖാൻ ഇംഗ്ലീഷുകാരോടുള്ള തന്റെ കൂറ് വ്യക്തമാക്കുകയും ചെയ്തിരുന്നു. ഇത്തരം തുറന്ന ദർബാറുകളിൽ ജനങ്ങൾ സത്യം വെളിപ്പെടുത്തുന്നില്ലെന്ന റിപ്പോർട്ടും കൊത്തുവാൾ ബദറുദ്ദീനിൽ നിന്നും കമ്മീഷണർക്കു ലഭിച്ചിരുന്നു.

മെയ് 22-ന് വെള്ളിയാഴ്ച ജൂമാദിനത്തിൽ ബറൈലി ഗവൺമെന്റ് കോളേജിലെ അധ്യാപകനായ മൗലവി മുഹമ്മദ് ഹസ്സൻ 'ബ്രിട്ടീഷുകാർക്കെതിരായ കലാപത്തിന്റെ നൈതികതയെപ്പറ്റിയും അതിന്നെതിരായിത്തീരേണ്ട കാര്യവും' സംസാരിച്ചപ്പോൾ മുസ്‌ലീമിങ്ങൾ അയാളെ കൈകാര്യംതന്നെ ചെയ്യുവാനെത്തി. കൊത്ത്‌വാൾ ബദറുദ്ദീൻ മൗലവിയെ രക്ഷപ്പെടുത്തി മറ്റൊരു സ്ഥലത്തേക്കു പറഞ്ഞയച്ചു. അയാൾ എത്രമാത്രം ബ്രിട്ടീഷുകാരോട് കൂറുള്ളവനായിരുന്നുവെന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ മുസ്‌ലീമിങ്ങൾ, ക്രിസ്ത്യാനികൾ തുടങ്ങിയവർക്കിടയിലെ ഒരു ചർച്ചാവിഷയത്തിന് അയാൾ തീ കൊളുത്തുകയായിരുന്നു. ഒരു കൊടുങ്കാറ്റ് ആസന്നമായിരിക്കുകയാണെന്ന് ഇംഗ്ലീഷുകാർ മനസ്സിലാക്കി.

ഈദ് ദിനമായ 27ന് കൊട്‌വാൾ ബദറുദ്ദീൻ തന്റെ മഹലിലെ പള്ളിയിൽ എത്തിയപ്പോൾ അവിടെ പീരങ്കിപ്പടയുടെ കമാൻഡന്റ് ബക്ത്ഖാനെ കണ്ടെത്തുകയുണ്ടായി. പള്ളിയോഗത്തിൽ റഹിം ഉള്ളാഖാൻ ഇംഗ്ലീഷുകാർക്കെതിരായി കലാപം ചെയ്യേണ്ടതിനു ഒരു തീപ്പൊരിപ്രസംഗം നടത്തി. കൊത്‌വാൾ പ്രസംഗം ഒരുവിധം നിർത്തുവാനിടയാക്കി. പിന്നീട് ഖാൻ ബഹദൂർഖാൻ, മുഖ്യഖാസി തുടങ്ങിയ പ്രമുഖർ കമ്മീഷണറെ ഓഫീസ്സിൽ സന്ദർശിച്ചു. ഇത്തരം ഒരു തിക്തസംഭവം നല്ല വിധത്തിൽ ഒതുക്കിയ കൊത്ത്‌വാളെ അഭിനന്ദിക്കുകയും ചെയ്തു. കമ്മീഷണർ രാംപൂർ നവാബിന്റെ കുതിരപ്പടയെ അയച്ചുതരുവാൻ

ആവശ്യപ്പെട്ടുവെങ്കിലും അത് മുമ്പുതന്നെ ലഫ്. ജോൺസ്റ്റൺ ആവശ്യപ്പെട്ട പ്രകാരം ബുലാദ്ഷർ എന്ന സ്ഥലത്തായിരുന്നു.

മൊറാദാബാദിൽ കലാപകാരികൾ ജയിൽ ഭേദിച്ച് തടവുകാരെ വിടുവിച്ചിരുന്നതിനാൽ ബറൈലിയിൽനിന്നും ഒരു കുതിരപ്പട കുത്തബ്ദീന്റെ നേതൃത്വത്തിൽ പുറത്തുപോയിരുന്നു. ഒരു കലാപം വരുന്ന ഘട്ടത്തിൽ പുതിയ പരിശീലനമില്ലാത്ത കുതിരപ്പട ബറൈലിയിൽ ബാക്കിയായി. ബറൈലിയിൽ അഭയാർഥികളായി വന്നവരെയെല്ലാം പുറത്തു തടഞ്ഞുവെച്ചു.

മെയ് 29-ന് ഈദിന്നുശേഷമുള്ള ആദ്യത്തെ വെള്ളിയാഴ്ച ഇംഗ്ലീഷുകാർ കൂടുതൽ ജാഗരൂഗരായിരുന്നു. അന്ന് കലാപസാധ്യത ഉണ്ടെന്നു കൊത്ത്വാൾ ബദറുദ്ദീൻ റിപ്പോർട്ട് നൽകിയിരുന്നു. ഇംഗ്ലീഷുകാർക്ക് കിട്ടിയ രഹസ്യവിവരം സിപ്പായിമാർ ഗംഗയിൽ കുളിക്കുമ്പോൾ അന്നേ ദിവസം 2 മണിക്ക് (വൈകുന്നേരം) കലാപം നടത്തുമെന്ന് സത്യം ചെയ്തിരുന്നുവെന്നതായിരുന്നു. കൂടാതെ യൂറോപ്യന്മാരെ മുഴുവൻ വധിക്കുമെന്നും മുസ്ലിം സിപ്പായിമാർ അന്നേ ദിവസം കലാപം നടത്തുമെന്നും രാജാ നഹബത്റായിയും ഇംഗ്ലീഷ് കമാൻഡർമാരെ അറിയിച്ചിരുന്നു. സാദർ മാർക്കറ്റിൽ അന്നേ ദിവസം രണ്ടു മണിക്ക് ട്രഷറിയിലേക്ക് മാർച്ച് ചെയ്യുവാൻ തോക്കുകൾ ലഭിക്കാൻ സിപ്പായിമാർ ഓടുന്ന വാർത്തയും അവർക്ക് ലഭിച്ചു. ഈ ഓട്ടം കലാപകാരികൾ ട്രഷറിക്കടുത്ത് എത്തിയെന്നറിഞ്ഞതിന്നു ശേഷമായിരുന്നു. എന്നാൽ ഇതെല്ലാം വ്യാജമാണെന്നു പെട്ടെന്നു മനസ്സിലായി. എങ്കിലും ബറൈലിയിൽ മുഴുവൻ കലാപത്തിന്റെ വാർത്ത വ്യാപിച്ചുകഴിഞ്ഞു.

കേണൽ ട്രൂപ്പിനെ കമ്മീഷണർ അലക്സാണ്ടർ അന്നുതന്നെ കലാപസാധ്യതയുണ്ടെന്ന വിവരം അറിയിച്ചു. അന്നേദിവസം ഒന്നും സംഭവിക്കാത്തതിന്റെ കാരണം കുതിരപ്പടയും കാലാൾപ്പടയും തമ്മിലുള്ള അഭിപ്രായ വ്യത്യാസമായിരുന്നുവെന്ന് പറയപ്പെടുന്നു. അവസാനം വരെ കുതിരപ്പടയിലെ ഒരു വലിയ വിഭാഗം ബ്രിട്ടീഷുകാരോട് കൂറു പുലർത്തി. എന്നാൽ, കാലാൾപ്പട 29-ന് വെറുതെയിരുന്നില്ല. ഒരുകൂട്ടം സൈനികർ അന്ന് ഖാൻ ബഹദൂർ ഖാനെ സന്ദർശിക്കുകയും നേതൃത്വം നൽകുവാനാവശ്യപ്പെടുകയും ചെയ്തു. എന്നാൽ അദ്ദേഹം അതിന്ന് തയ്യാറായില്ല. കൊത്ത്വാളിന്ന് പൂർണ്ണവിവരം രഹസ്യമായി ലഭിച്ചിരുന്നില്ല. ഖാൻ ബഹദൂർ ഖാൻ 30-ന് കമ്മീഷണർ അലക്സാണ്ടറെ വിവരം നേരിട്ടറിയിച്ചിരുന്നു.

ഖാൻ കമ്മീഷണറോട് ബറൈലി വിട്ടുപോകാൻ ഉപദേശിക്കുകയും ചെയ്തു. കലാപം തുടങ്ങിയപ്പോൾ സിപ്പായിമാർ ഖാൻ ബഹാദൂർഖാനെ റോഹിൽഖണ്ഡിന്റെ നവാബായി ആരോഹണം നടത്തുവാൻ നിർബന്ധിതനാക്കി. ഈ വസ്തുതകൾ പിന്നീട് അയാളുടെ കുറ്റവിചാരണയിൽ (1 ഫിബ്രവരി 1860) വ്യക്തമാക്കി. മെയ് 31 വരെ ഖാൻ കലാപത്തിന്റെ വസ്തുതകൾ അറിഞ്ഞില്ലെന്നും കുറ്റവിചാരണയിൽ സൂചിപ്പിച്ചു. എന്നാൽ സാക്ഷികൾ മെയ് 23 മുതൽ ഖാൻ കലാപത്തിൽ പങ്കാളിയായിരുന്നുവെന്നു വിശദീകരിച്ചു കാണാം.

ഖാൻ കൺടോൺമെന്റിൽ ഭക്ത്ഖാനെ സന്ദർശിക്കുവാനും ദിവസം നിശ്ച യിക്കുവാനും അഞ്ചാറു പ്രാവശ്യം പോയിരുന്നതായി സാക്ഷി കപിൽ മുനി പണ്ഡിറ്റ് തെളിവ് നല്കി. (റിസ്‌വിയുടെ വോളിയം V. പു. 607-610 കാണുക.) എന്നാൽ കമ്മീഷണർ വിശ്വസിച്ചത് ഇത്തരം സന്ദർശനം കലാപം ഇല്ലാതാ ക്കുവാൻ വേണ്ടിയാണെന്നായിരുന്നു. ഈ നിലയിൽ ഭക്ത്ഖാനും ഖാൻ ബഹ ദൂർഖാനും ഒന്നിച്ച് കലാപം ആസൂത്രണം ചെയ്തുവെന്ന് കരുതാവുന്നതാണ്. ഖാൻ ബഹാദൂർ കമ്മീഷണറെ സന്ദർശിച്ചത് അവരുടെ തന്ത്രങ്ങൾ മനസ്സിലാ ക്കുവാൻ വേണ്ടിയാകണം.

ആഗ്രയിൽ നിന്നും മീററ്റിൽ നിന്നും ഇംഗ്ലീഷുകാർക്ക് സഹായം ലഭിക്കുക യില്ലെന്ന ഭയം ഇംഗ്ലീഷുകാരെ കൂടുതൽ വ്യാകുലരാക്കി. അവർ 100 നാഴിക അകലെയുള്ള നൈനിറ്റാളിൽ രക്ഷപ്പെടണമെന്നും കരുതി. കുതിരപ്പടയുടെ ഒരു വിഭാഗം കലാപകാരികളോടൊപ്പം ചേർന്ന് വെടിമരുന്നു കൈവശപ്പെ ടുത്തി. അവർ അവിടെ പച്ചക്കൊടി നാട്ടുകയും ചെയ്തു. പതിനാറു കുതിപ്പട യാളികൾ മാത്രം ഇംഗ്ലീഷുകാരോട് കൂറ് പുലർത്തുകയും അവരെ നൈനിറ്റാ ളിലെത്തിക്കുകയും ചെയ്തു. ഈ പടയാളികൾ തങ്ങളുടെ കുടുംബങ്ങളെ ബറൈലിയിൽ കലാപത്തിന്റെ ഇടയിൽ വിട്ടുപോയി.

മെയ് 31നു ദുർഗ്ഗാദാസ് ബീച്ചറുടെ ബംഗ്ലാവിലേക്ക് പോയപ്പോൾ അവിടെ ആരും ഉണ്ടായിരുന്നില്ല. ബീച്ചർ രക്ഷപ്പെട്ടിരുന്നു. ദുർഗ്ഗാദാസ് സ്വന്തം ഭവന ത്തിലേക്ക് പോയപ്പോൾ അത് കൊള്ള ചെയ്യപ്പെട്ടിരുന്നു. ബ്രിഗേഡിയർ ഡിബാൾഡിനെ വഴിയിൽ കൊല്ലപ്പെട്ടതായി കണ്ടെത്തി. മാന്തോട്ടത്തിൽ ഒരേറ്റു മുട്ടലിന്നു സാദ്ധ്യത ഉണ്ടായിരുന്നുവെങ്കിലും ഇംഗ്ലീഷുകാർ നൈനിറ്റാളി ലേക്ക് പലായനം ചെയ്തു.

ഭക്ത്ഖാൻ ദുർഗ്ഗാദാസിനോട് ആയിരം ഉറുപ്പിക ശമ്പളത്തിൽ കണക്കപ്പി ള്ളയായി പ്രവർത്തിക്കുവാൻ ആവശ്യപ്പെട്ടു. നിഷേധിക്കുകയാൽ ദാസിനെ വീട്ടു തടവിലാക്കി. ഭക്ത്ഖാന്റെ കൈകളിൽ അപ്പോൾ പത്തുലക്ഷം ഉറുപ്പിക ഉണ്ടായിരുന്നു. മറ്റു പ്രദേശങ്ങളിൽ നിന്നും 30 ലക്ഷം ക വരാനുമുണ്ടായി രുന്നു. ടൗണിൽ വലിയ കൊള്ളകൾ നടന്നതായിട്ടാണ് ദാസ് വിവരിച്ചിട്ടുള്ളത്. അയാൾ തടവുകാരനായിട്ടുള്ള ജോഹൂരി മൽ സേഠിന്റെ ഭവനത്തിൽനിന്നും മുസ്‌ലിം പടയാളികൾ 40000 ക കൊണ്ടുപോയി. ഭക്ത്ഖാന്റെ ഡൽഹിയിലെ ഓഫീസിന്റെ പേരിൽ 5 ലക്ഷം ക ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൊള്ള നടക്കുകയാൽ ഷാപ്പുകൾ തുറന്നിരുന്നില്ല. നെയ്യും ഭക്ഷണസാമഗ്രികളും പട്ട ണത്തിൽ കിട്ടിയിരുന്നില്ല. സിപ്പായിമാർക്കും ഭക്ഷണ സാമഗ്രികൾ ലഭിച്ചില്ല. കൂടാതെ ഇംഗ്ലീഷുകാർ മടങ്ങി വരുന്ന വാർത്തയും പ്രചരിച്ചുവന്നു. ഖാൻ ബഹാദൂർ ഖാന്റെ മരുമകനായ ചുന്നു മിയാൻ ആയിരുന്നു ദുർഗ്ഗാദാസിനെ രക്ഷപ്പെടുത്തിയത്. മിയാൻ കലാപകാരികളോട് കൂറ് പുലർത്തിയിരുന്നു. അയാൾ ഹൽദീവാനി ഗവർണ്ണറായി പ്രവർത്തിച്ചു.

ഇംഗ്ലീഷുകാരനായ റെക്ക്സ്, സെഷ്യൻസ് ജഡ്ജ് ജോർജ്ജ് റോബർട്ട് സ്ൺ, വാട്ട്, ഡോ. ഹേ, തുടങ്ങിയവരെ രണ്ടു വണിക്കുകളുടെ വീട്ടിൽവെച്ച്

വധിച്ചതിന്നു കല്പന നല്കിയത് ഖാൻ ബഹാദൂർഖാൻ ആണെന്നാണ് ദുർഗ്ഗാദാസിന്റെ അഭിപ്രായം. പട്ടണത്തിൽ കൊള്ള നടക്കുന്നതിനാൽ അത് നിർത്തലാക്കുവാൻ ഖാൻ ബഹാദൂർ ഖാൻ ഭക്ത്ഖാന്റെ സൈനികരോടാവശ്യപ്പെട്ടിരുന്നു. എന്നാൽ ഫലപ്രദമായ പ്രവർത്തനമുണ്ടായില്ല. ഖാൻ ബഹാദൂർ നവാബായി ആരോഹണം ചെയ്തത് പട്ടണത്തിലെ പ്രമുഖർ അവിടെ സമാധാനം ഉണ്ടാക്കണം എന്ന ഉദ്ദേശത്തോടെ ആവശ്യപ്പെട്ടതനുസരിച്ചായിരുന്നു. മുബാറക്ക് ഷാഖാൻ തുടങ്ങിയവർ നവാബ് സ്ഥാനം ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്തിരുന്നു. ഖാൻ ബഹാദൂർഖാന്ന് അന്ന് 80 വയസ്സ് പ്രായം വന്നിരുന്നു.

കൊത്ത്‌വാളിയിൽ ഒരു താല്ക്കാലിക പ്ലാറ്റ്ഫോറം ഉയർത്തുകയും അഫ്ഗാൻകാർക്കുവേണ്ടി മാദർ അലി, ഖാൻ ബഹാദൂർഖാൻ പ്ലാറ്റ്ഫോമിൽ ഇരിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. ഡൽഹി ചക്രവർത്തിയുടെ കീഴിൽ റോഹിൽഖണ്ഡിന്റെ നവാബ് നാസിം ആയി സ്ഥാനം സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചു. ഇസ്‌ലാമിന്റെ പച്ചക്കൊടി അവിടെ ഉയർത്തിയിരുന്നു. കൊത്ത് വാളിയിലെ എല്ലാ രേഖകളും തീവെച്ച് നശിപ്പിക്കുവാൻ പുതിയ നവാബ് ആവശ്യപ്പെട്ടു. കൂടാതെ യൂനിഫോറം അഴിച്ചെടുത്ത് പോലീസുകാരെ ഓടിപ്പിക്കുവാനും. ട്രഷറി കൈവശപ്പെടുത്തി പുതിയ ഭരണം നിലവിൽ വന്നതായി പ്രഖ്യാപനം നടത്തി. ഒരു ആനയുടെ പുറത്ത് നവാബ് രണ്ടു മണിക്കും രാത്രി പത്തു മണിക്കും ഇടയിൽ നഗരപ്രദക്ഷിണം നടത്തി. പതിനാലു ആനകൾ ഇതിന്ന് അകമ്പടി സേവിച്ചു. ഒളിവിൽ രക്ഷപ്പെട്ടിരുന്ന ഒരു ഇംഗ്ലീഷുകാരൻ വധിക്കപ്പെട്ടു. ഒരു ഇംഗ്ലീഷുകാരന്റെ തല കൊണ്ടുവരുന്നവർക്ക് 10 ക വീതം ഇനാം പ്രഖ്യാപിക്കപ്പെട്ടു. അഹമ്മദ് ഹസ്സൻ എന്ന ആളെ കൊത്ത്‌വാളാക്കി നിശ്ചയിച്ചു. വൈകുന്നേരത്തെ ദർബാറിൽ നാലു യൂറോപ്യന്മാരുടെ ശവശരീരം കൊണ്ടുവന്നിരുന്നു. പിറ്റേദിവസം അവയെ പട്ടണത്തിൽ പ്രദർശിപ്പിക്കുവാൻ നവാബ് ആവശ്യപ്പെട്ടു. എന്നാൽ ദുർഗ്ഗന്ധം കാരണം അവ ഒരു കുളത്തിലിടുകയും ചെയ്തു. ജയിൽ കീപ്പർ ഹൻസ് ബറോവിനെ ചങ്ങലയിലിട്ടു കൊണ്ടുവന്നു. അയാളെ വധിക്കുവാൻ വിധിച്ചു. ഇതെല്ലാം തന്നെ ബറൈലിയിലെ കലാപം ഭക്ത്ഖാൻ മുമ്പുതന്നെ ആസൂത്രണം ചെയ്തിരുന്നതായി വിശ്വസിപ്പിക്കുന്നു. ഭക്ത്ഖാനു 65 വയസ്സ് കഴിഞ്ഞിരുന്നുവെങ്കിലും പ്രധാന പട്ടണങ്ങളുമായി അയാൾ ബന്ധപ്പെട്ടിരുന്നുവെന്ന് കാണിക്കുന്നു.

ജൂൺ ഒന്നുമുതൽ ഖാൻ ബഹാദൂർ ഖാൻ തന്റെ ഭരണം നടപ്പിലാക്കി. തന്റെ ഓഫീസ്സ് സ്ഥിതി ചെയ്ത കൊത്ത്‌വാളിയിൽ എല്ലാ ഓഫീസ്സർമാരും എത്തിച്ചേരണമെന്ന് നവാബ് കല്പിച്ചു. അവരെല്ലാം അവരുടെ പദവികളിൽ തുടരണമെന്നും പ്രവൃത്തി വീഴ്ച ചെയ്യുന്നവരെ കഠിനമായി ശിക്ഷിക്കുമെന്നും പ്രഖ്യാപിച്ചു.

ദുർഗ്ഗാദാസ് ബറൈലിയിൽ അരാജകത്വമായിരുന്നുവെന്ന് വിവരിക്കുന്ന സ്ഥിതിവിശേഷത്തിന് വിപരീതമായ ഒരു സ്ഥിതിയാണ് ഇത്തരം ദർബാർ സൂചിപ്പിക്കുന്നത്. രണ്ടു മണിക്കായിരുന്നു ദർബാർ. ദർബാറിന്നു ശേഷം നവാബ് പ്രധാനികളായ വ്യക്തികളോടൊപ്പം കൺടോൺമെന്റ് സന്ദർശിച്ചു. അവർ

പ്രമുഖ കലാപകാരികളെ അഭിനന്ദിച്ചു. ഭക്ത്ഖാന്റെ സൈനികർ ഇവർ ശത്രുക്കളാണെന്നു കരുതി വെടിവെച്ചതിനാൽ ചിലർ വധിക്കപ്പെട്ടു. മുഹമ്മദ് ഷാഫി വെടിനിർത്തുവാൻ പ്രേരിപ്പിച്ചു. ആയിരം ക കാണിക്കയായി ഖാൻ ബഹദൂർ ഖാൻ ഭക്ത്ഖാന്ന് നല്കി. ഭക്ത്ഖാന്ന് അതു സ്വീകാര്യമായിരുന്നില്ല. എങ്കിലും അവസാനം സ്വീകരിച്ചു. മറ്റുള്ളവർക്കും ചില സമ്മാനങ്ങൾ നല്കി. ഭക്ത്ഖാന്റെ തണുത്ത സ്വീകരണത്തിനു കാരണം ഗ്രാമങ്ങളിൽ നിന്നും ഭക്ഷ്യസാമഗ്രികൾ ലഭിക്കാത്തതായിരിക്കാം. ഇത് സിവിൽ ഭരണത്തിന്റെ പരാജയമായി അയാൾ കരുതിയിരിക്കാം. ഒരാഴ്ചക്കുള്ള ഭക്ഷ്യവസ്തുക്കൾ മാത്രമായിരുന്നു പട്ടണത്തിലുണ്ടായിരുന്നത്. സിപ്പായിമാർക്ക് പകുതി റേഷൻ മാത്രം ലഭിച്ചു. പൊതുജനങ്ങളും സിപ്പായിമാരും പട്ടണവും ഗ്രാമവും തമ്മിൽ നിലനിന്ന വൈരുദ്ധ്യങ്ങൾ കലാപത്തിന്റെ ആദ്യത്തെ ആഴ്ച സങ്കീർണ്ണമായിത്തീരുകയാണുണ്ടായത്.

നവാബ് ഖാൻ മടങ്ങിയെത്തിയതിന്നുശേഷം മുബാറക്ക് ഷാ ഖാൻ, മാദർ അലിഖാൻ, കരാമൽ ഷാ ഖാൻ തുടങ്ങിയവരുടെ ഒരു കൗൺസിൽ വിളിച്ചു ചേർത്തു. ഭക്ഷ്യവസ്തുക്കളുടെ വിതരണം നിർത്തിയതും മറ്റും പുനഃസ്ഥാപിക്കുവാൻ തീരുമാനിച്ചു. ജനങ്ങളുടെ ഭീതി അകറ്റുവാനും ശോഭാറാമിനെ ജില്ലയിലെ പോലീസ് റവന്യൂ കാര്യങ്ങൾ നോക്കുവാനും ദിവാനായി നിയമിച്ചു. അയാൾ ഇംഗ്ലീഷുകാരുടെ കമ്മീസ്സാറിയറ്റിൽ വളരെക്കാലം പ്രവർത്തിച്ചിരുന്നു. ഇത് ഹിന്ദുവണിക്കുകളെ പ്രീണിപ്പിക്കുകയെന്ന ലക്ഷ്യത്തിൽ വളരെ ഉചിതമായ പ്രവൃത്തിയായിരുന്നു. ഗവൺമെന്റിന്റെ എല്ലാ ചെലവുകളും കഴിച്ച് ബാക്കിവരുന്ന തുകയുടെ പകുതിയായിരുന്നു ദിവാന്റെ ശമ്പളം.

മാദർ ആലിഖാൻ, നിയാസ് മുഹമ്മദ്ഖാൻ എന്നിവരെ ആയിരം ക. വീതം മാസശമ്പളത്തിൽ ജനറൽമാരാക്കി നിയമിച്ചു. കമേദാനെ ഒരു കൃഷിസ്ഥലം സംരക്ഷിക്കുവാനും മൂൽചന്ദിനെ ദിവാന്റെ നവാബ് ആയും മറ്റും നിയമിക്കപ്പെട്ടു. മാദർ അലിഖാന്റെ പുത്രൻ ആലി ഹുസൈൻഖാനെ കുതിരപ്പടയുടെ കമാൻഡന്റ് ആയി മാസം 500ക. ശമ്പളത്തിൽ നിയമിച്ചു. ദീൻദയാലിനെ (മുൻ റോഡ് സൂപ്രണ്ടന്റ്)തോക്കുകൾ നിർമിക്കുന്നതിന്റെ ദാരോഗയായി നിയമിച്ചു. ഇത്തരത്തിലുള്ള ഭരണപരമായ നിയമനങ്ങളും ജൂൺ 2-നു തന്നെ നിർവഹിക്കപ്പെട്ടു. പതിനെട്ടാം നൂറ്റാണ്ടിൽ മുഗൾഭരണത്തിലുള്ള ഉദ്യോഗങ്ങളും പദവികളും മറ്റുമാണ് ഇത്തരത്തിൽ നടപ്പിലാക്കിയത്. ബ്രിട്ടീഷ് ഭരണത്തിന്റെ മുൻകാലം നിലനിന്നിരുന്ന ഭരണരീതിയിലേക്കുള്ള ഒരു മടക്കയാത്ര ഈ നിയമനങ്ങളിൽ കാണാവുന്നതാണ്. ഹിന്ദുക്കൾക്കും മുസ്ലീമങ്ങൾക്കും എല്ലാംതന്നെ തുല്യതയുള്ള ശമ്പളരീതിയും കൗൺസിൽ നടപ്പിലാക്കി.

ഭക്ത്ഖാൻ ഒരു സമാന്തരഭരണം നടത്തിയതായും ബ്രിഗേഡിയർ പദവിയിൽ സിബാൾഡിന്റെ വണ്ടി ഉപയോഗിച്ചതായും ജില്ലകളിൽ നിന്നും കൊള്ള ചെയ്ത ലക്ഷങ്ങളുടെ ഉടമയായി പ്രവർത്തിച്ചുവെന്നും മറ്റും രേഖപ്പെടുത്തുകയാണ് ദുർഗാദാസ്. എന്നാൽ ഭക്ത്ഖാൻ ഡൽഹിയിലേക്ക് തിരിച്ചുപോയതോടൊപ്പം ഈ പ്രശ്നം അവിടെ അവസാനിച്ചു.

കാർഷിക ഉദ്പാദനം , വിതരണം, റവന്യൂ പിരിക്കൽ എന്നീ പ്രധാന കാര്യങ്ങളെപ്പറ്റി ഖാൻബഹാദൂർഖാൻ തികച്ചും ബോധവാനായിരുന്നു. അയാളുടെ ഭരണത്തിന്റെ മുമ്പിലെ പ്രധാന പ്രശ്നവും ഇതായിരുന്നു. സമ്പന്നരായ വിഭാഗത്തെ പീഡിപ്പിച്ചും മറ്റും സായിപ്പന്മാർ പണം പിരിച്ചതിന്റെ പല ഉദാഹരണങ്ങളും കാണാം. ഇങ്ങിനെ മൂന്നാം വാരത്തിൽ ട്രഷറിയിൽ പണമില്ലാത്ത ഒരു സ്ഥിതി വന്നിരുന്നു. കൗൺസിൽ ഈ അവസരം ബൈറെലി നിവാസികളുടെ മീതെ ഒരു നികുതി ചുമത്തി. ഓരോ പ്രജയുടെയും സ്വത്തിന്റെ പത്തിലൊന്ന് നവാബിനു കൈപ്പറ്റാമെന്ന് ഒരു ബ്രാഹ്മണപണ്ഡിതനും മുസ്ലിമായ മുഫ്തിയും കൂടി തീരുമാനിച്ച വിഹിതമായിരുന്നു ഈ നിരക്ക്. കൗൺസിൽ ഒരു ലക്ഷത്തി എഴുപതിനായിരം ക. ശേഖരിക്കുവാൻ തീരുമാനിച്ചു. ആദ്യദിവസംതന്നെ എൺപത്തിരണ്ടായിരം ക. പിരിവെടുത്തു. അതിന്ന് തോക്കും വെടിമരുന്നും വാങ്ങിച്ചു. സിപ്പായിമാരുടെ ബാക്കിയായ ശമ്പളം കൊടുത്തു. വലിയ സംഖ്യ യാത്രയിൽ ഭാരമാകുന്നതിനാൽ അവർ സ്വർണമോഹർ മാർക്കറ്റിൽ നിന്നും വാങ്ങിച്ചു. അതിന്റെ വില 20ക.യിൽ നിന്നും ഇക്കാരണത്താൽ 60ക.യായി. ദുർഗാദാസ് വിവരിച്ച പ്രകാരം ഭക്ത്ഖാൻ ബറൈലി വിട്ടതോടെ അവിടെ അരാജകത്വം വർധിച്ചുവെന്നാണ്. നവാബ് 500 കാലാൾപ്പടയും 2000 കുതിരപ്പടയും ഉടനെ റിക്രൂട്ട് ചെയ്തു. റോഹിൽഖണ്ഡ്, കുമായോൺ പ്രദേശങ്ങൾ നവാബിന്റെ നിയന്ത്രണത്തിലായി. തോക്കുകൾ നിർമിക്കുന്ന ഫാക്ടറികൾ തുറന്നു. ഇംഗ്ലീഷുകാരുടെ പേരുപോലും ഈ പ്രദേശങ്ങളിൽനിന്നും അപ്രത്യക്ഷമായെന്ന് ദുർഗാദാസ് വിവരിക്കുന്നു.

ദുർഗാദാസ് രക്ഷതേടി നൈനിറ്റാളിൽ ഇംഗ്ലീഷുകാരുടെ കൂടെയെത്തി. പിന്നീട് നകാതിയ കനാലിൽ വെച്ച് ഇംഗ്ലീഷുകാർ 1858 മെയ് 5-ന് ബറൈലി തിരിച്ചുപിടിക്കാൻ ഒരു യുദ്ധത്തിലേർപ്പെട്ടു. നേപ്പാളിൽ രക്ഷപ്പെട്ട ഖാൻ ബഹദൂർഖാനെ 1859 ഡിസംബറിൽ പിടികൂടുവാൻ നേപ്പാളിലെ ജംഗ് ബഹാദൂർ സഹായിച്ചു. ഖാനെ ലഖ്നൗവിലേക്കു കൊണ്ടുവരികയും കമ്പനി വിചാരണ നടത്തുകയും ചെയ്തു. കുറ്റക്കാരനായ ഖാനെ കൊത്ത്വാളിയിൽ തൂക്കിലേറ്റുകയും പഴയ ജയിലിന്നു മുമ്പാകെ കബറടക്കുകയും ചെയ്തു. കലാപത്തിലെ അവസാനത്തെ രക്തസാക്ഷിയായി ഖാൻ മാറുകയായിരുന്നു.

ദുർഗാദാസിന്റെ വിവരണപ്രകാരം പ്രമുഖ മുസ്ലിം കുടുംബങ്ങൾ കലാപത്തിന്റെ പക്ഷം ചേർന്നിരുന്നില്ലെന്നാണ്. ഹിന്ദുക്കൾ മുസ്ലിം ഭരണത്തേക്കാൾ ഇംഗ്ലീഷുകാരുടെ ഭരണത്തെ ഇഷ്ടപ്പെട്ടുവെന്നും രേഖപ്പെടുത്തിക്കാണാം. മഹല്ലയിലെ സെയ്ത് വിഭാഗം ഖാൻ ബഹാദൂർഖാന്റെ ഹൈന്ദവ സമീപനം ഇഷ്ടപ്പെട്ടിരുന്നില്ലെന്നും വിവരിച്ചു. ശോഭാറാമിന്റെ ഭവനത്തിൽ ഇംഗ്ലീഷുകാരനെ ഒളിപ്പിച്ചുവെച്ചുവെന്ന് പ്രചരിപ്പിച്ച് ചിലർ അയാളുടെ ഭവനം കൊള്ള ചെയ്തതും മറ്റും ഇക്കാരണത്താലാണെന്നും അതിന് ഖാൻ ബഹാദൂർ മാപ്പു ചോദിച്ചുവെന്നും രേഖപ്പെടുത്തിക്കാണാം.

ഇത്തരത്തിലുള്ള ഒരു വിവരണം പ്രത്യേകിച്ചും ഒരു ദൃക്സാക്ഷിയുടേത് കലാപത്തിന്റെ ഇന്ത്യൻ പശ്ചാത്തലത്തിൽ ബറൈലിയിൽ നടന്ന സംഭവ

വികാസങ്ങളിലേക്ക് വെളിച്ചം വീശുന്നു. മുഗൾ ഭരണസംവിധാനത്തിൽ അവധ്, ബുന്ദേൽഖണ്ഡ്, ബറൈലി എന്നീ പ്രദേശങ്ങൾ ഇത്തരത്തിൽ അന്നത്തെ ഭരണ രീതിയുമായി സംയോജിപ്പിക്കപ്പെട്ടിരുന്നു. ഈ പ്രദേശങ്ങളിലെ സ്വതന്ത്രരായ നവാബുമാരെ പുറത്താക്കിക്കൊണ്ടായിരുന്നു കമ്പനി അതിന്റെ ഭരണം രൂപപ്പെടുത്തിയത്. കമ്പനി ഭരണത്തെ പുറത്താക്കിക്കൊണ്ട് മുഗൾ ഭരണത്തിന്റെ സംവിധാനം പുനഃസ്ഥാപിക്കുന്ന ചില പ്രവണതകൾ ഈ പ്രദേശങ്ങളിൽ ഉയർന്നുവന്നപ്പോൾ അവ ജനസാമാന്യത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ടിരുന്നില്ലെന്ന യാഥാർഥ്യം നിലനിൽക്കുന്നു. ഇക്കാരണത്താൽ കലാപകാരികളുടെ ഭരണകൂടത്തിന് ശക്തമായ നയങ്ങൾ നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. ഈ സ്ഥിതി ബ്രിട്ടീഷുകാർക്ക് വീണ്ടും ബറൈലിയിൽ തങ്ങളുടെ ആധിപത്യം സ്ഥാപിക്കുവാൻ സഹായകമായി. കൂടാതെ ഡൽഹിയുടേയും അവധിന്റേയും പതനം, മദ്ധ്യേന്ത്യയുടെ പതനം എന്നിവയെല്ലാം കലാപത്തിന്റെ വിപ്ളവ ശക്തികളെ ദുർബലമാക്കുകയും ചെയ്തു. ബ്രിട്ടീഷുകാരോട് തികച്ചും സഹാനുഭൂതിയോടെ എഴുതപ്പെട്ട ദുർഗാദാസിന്റെ ഗ്രന്ഥവും വിവരണവും ബറൈലിയുടെ വിപ്ലവ ചരിത്രത്തെക്കൂടി പ്രതിഫലിപ്പിക്കുന്നു.

# പ്രഖ്യാപനങ്ങൾ പ്രത്യേകതകൾ

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വ്യാപിച്ചു കഴിഞ്ഞ ഒരു കലാപം നടന്നുകൊണ്ടിരിക്കുമ്പോൾ അതിന്റെ പല തലങ്ങളിലും പ്രവർത്തിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്ത വ്യക്തികൾക്കു തങ്ങളുടെ പ്രഖ്യാപനങ്ങളിലൂടെ ഒരു ഭരണ സംവിധാനം ഏർപ്പെടുത്തേണ്ടിയും കലാപത്തിന്റെ വിജയത്തിനു വേണ്ടി കൂടുതൽ സൈനികരേയും സിവിൽ സമൂഹങ്ങളേയും പങ്കെടുപ്പിക്കേണ്ടിയും വന്നിരുന്നു. കൂടാതെ അവർക്ക് തങ്ങൾ നടത്തുന്ന കലാപത്തെ സാധൂകരിക്കുകയും ചെയ്യേണ്ടിവന്നു. മെയ് 11ന് ഡൽഹിയിൽ രാജാവാക്കിയിരുത്തിയ ബഹദൂർഷാ മുതൽ വിവിധ ഭാഗങ്ങളിൽ നേതൃത്വം നൽകിയ അവധിലെ ബീഗവും, നാനാസാഹബും, ഝാൻസീ റാണിയും, സൈനിക കമാണ്ടർമാരും പ്രാദേശിക ഭരണം നടത്തിയവരും എന്നുവേണ്ട കലാപത്തിന്റെ ഒരു വർഷത്തിനിടയിൽ ഹിന്ദിയിലും ഉർദുവിലും, പേർഷ്യനിലും മറ്റു പ്രാദേശിക ഭാഷകളിലും കലാപകാരികളുടേയും ജനപക്ഷത്തുനിന്ന് കലാപത്തെ ശക്തമാക്കുന്നവരുടേയും ധാരാളം പ്രഖ്യാപനങ്ങൾ ലഭിച്ചിട്ടുണ്ട്. നാഷണൽ ആർക്കൈവ്സിന്റെ മിലിട്ടറി, പൊളിറ്റിക്കൽ കൺസൾട്ടേഷനുകളിൽ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങളുടെ ഇംഗ്ലീഷ് വിവർത്തനങ്ങളും മറ്റു സ്വകാര്യ രേഖാശേഖരങ്ങളിൽ ഉർദു, പേർഷ്യൻ തുടങ്ങിയ ഭാഷകളിലെ പ്രഖാപനങ്ങളുടെ പകർപ്പുകളും ലഭ്യമാണ്. ഈ രേഖകളെ പ്രധാനമായും സംഗ്രഹിച്ച് പ്രസിദ്ധീകരിക്കുന്ന ശ്രമങ്ങൾക്ക് എസ്.എ.എ.റിസ്വി തുടങ്ങിയ ചരിത്രകാരന്മാർ മുമ്പു നടത്തിയിട്ടുണ്ട്. കൂടാതെ അവയുടെ ചില ഇംഗ്ലീഷ് വിവർത്തനങ്ങൾ സമകാലീനമായി രചിക്കപ്പെട്ട ബ്രിട്ടീഷുകാരുടെ ചരിത്രഗ്രന്ഥങ്ങളിലും കാണാൻ കഴിയും. ഇത്തരം പ്രഖ്യാപനങ്ങളുടെ രേഖകളെ അവലംബിച്ചുള്ള ഒരു ഗ്രന്ഥം ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റസർച്ച്, ന്യൂഡൽഹി (2007) പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കൗൺസിൽ പ്രധാനമായും റിസ്വിയുടെ മുൻകാല പ്രസിദ്ധീകരണങ്ങൾ അടിസ്ഥാനമാക്കിയിരിക്കുന്നു. (ഇക്ബാൽ ഹുസൈൻ ആണ് ഇത് എഡിറ്റ് ചെയ്തിട്ടുള്ളത്, 2007)

ഈ പ്രഖ്യാപനങ്ങളിൽ പലേടത്തും പ്രധാനമായും ഊന്നിക്കാട്ടിയിട്ടുള്ള ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചില ഉദ്ധരണങ്ങൾ മാത്രമാണിവിടെ ഉദ്ദേശിക്കന്നത്. അവയുടെ തിയ്യതി, ഭാഷ, വ്യക്തി എന്നിവകൂടെ കഴിയുന്നത്ര ഉൾക്കൊള്ളിച്ചിരിക്കുന്നു.

1857 മെയ് 11ന് ഉർദുവിലുള്ള പ്രഖ്യാപനം ഒരു സൈനികതന്ത്രമെന്ന നിലയിൽ പ്രാധാന്യമർഹിക്കുന്നു. സൈന്യത്തിന്നാവശ്യമായ സാമഗ്രികൾ സപ്ലൈ

ചെയ്യുന്നവർ രശീതി വാങ്ങണമെന്നും രണ്ടിരട്ടി വില ചക്രവർത്തി നൽകുന്നതാണെന്നും ഹിന്ദുമുസ്ലീം മൈത്രി നിലനിർത്തണമെന്നും കുതിരപ്പടയാളിക്കു 30.കയും കാലാൾസൈനികന്നു 10കയും ഡൽഹിയിൽ പുതിയ ശമ്പളം പ്രഖ്യാപിക്കുന്നു.

1857 ജൂലായ് 28നു ഉർദുവിൽ ഡൽഹിയിലെ കമാണ്ടർ ഭക്ത്ഖാൻ പ്രഖ്യാപിച്ചു: 'ജനങ്ങൾ ദൈവത്തിന്റേതും രാജ്യം രാജാവിന്റേതും കല്പന സൈന്യാധിപന്റേതുമാണ്. ബകർ ഈദിന്റെ ഈ കാലത്തു മുമ്പോ പിമ്പോ പശു, കന്ന് കാള, എരുമ, എന്നിവയെ തന്റെ വീട്ടിൽ വെച്ച് ഒളിവിൽ വധിക്കുകയോ ബലി നടത്തുകയോ ചെയ്യുന്നവരെ രാജാവിന്റെ ശത്രുവായി പരിഗണിക്കുകയും അയാൾക്കു മരണശിക്ഷ വിധിക്കുകയും ചെയ്യും. ഈ കാര്യത്തിൽ ആരെങ്കിലും ഒരു പരാതി നല്കുകയാണെങ്കിൽ അതിനെപ്പറ്റി സർക്കാർ അന്വേഷണം നടത്തുന്നതും പരാതി ശരിയാണെന്നു തെളിഞ്ഞാൽ (പരാതിക്കു കാരണമുണ്ടാക്കിയ വ്യക്തിയെ) ശിക്ഷിക്കുന്നതും അല്ലെങ്കിൽ പരാതിക്കാരനെ ശിക്ഷിക്കുന്നതുമായിരിക്കും. എന്തായാലും ഒരാളുടെ കുറ്റവും തെറ്റും തെളിയിക്കപ്പെട്ടാൽ പീരങ്കിയുടെ മുഖത്തുകെട്ടി ഛിന്നഭിന്നമാക്കുന്നതായിരിക്കും'.

1858 ഫിബ്രവരി 17ന് പ്രിൻസ് മുഹമ്മദ് ഫെറോസ് ഷാവിന്റെ പ്രഖ്യാപനം വീണ്ടും മതപരമായ പരാതികൾ ഉയർത്തിക്കാട്ടുന്നു. അതായത് ക്രിസ്ത്യൻ മിഷ്യനറി പ്രവർത്തനങ്ങൾ മുസ്ലീം-ഹൈന്ദവ വിഭാഗങ്ങളെ മതമാറ്റത്തിലേക്കു നയിക്കുന്നുവെന്നും ആവർത്തിക്കുന്നു. 'ഈ യുദ്ധത്തിന്റെ യഥാർത്ഥ ലക്ഷ്യം മതത്തെ സംരക്ഷിക്കുകയാണെന്നതിനാൽ ഓരോ ഹിന്ദുവും ഓരോ മുസ്സൽമാനും കഴിയുന്നത്ര സഹായം ചെയ്യേണ്ടതുണ്ട്.' പ്രഖ്യാപനം തുടർന്നു. 'പ്രായമേറിയവർ പ്രാർത്ഥനയാലും, പ്രായമുള്ള സമ്പന്നർ നമ്മുടെ പടയാളികൾക്കാവശ്യമായ പണത്താലും, ചെറുപ്പക്കാർ നേരിട്ടു യുദ്ധത്തിൽ പങ്കെടുത്തും സഹായിക്കേണ്ടതുണ്ട്. എന്നാൽ ലഖ്നോവിൽ മിർസാ ബ്രിജീസ് ഖാദർ ബഹാദൂറും (ബീഗം ഹസറത്ത് മഹലിന്റെ പുത്രൻ) ബറൈലിയിൽ ഖാൻ ബഹാദൂർ ഖാന്റേയും (നവാബായിരുന്ന ഹാഫീ റഹ്മത്ഖാന്റെ പൗത്രൻ) സർവ്വീസിലുള്ളവർ നമ്മോടു ചേരേണ്ടതില്ല. കാരണം അവർ തന്നെ ഈ കാഫിർമാരിൽ നിന്നും രാജ്യം രക്ഷിക്കുവാനുള്ള പ്രയത്നത്തിലാണ്. ഇംഗ്ലീഷുകാരെ പരാജയപ്പെടുത്തുന്നതിലുള്ള കാലതാമസം ജനങ്ങളാണ് ഉണ്ടാക്കുന്നത്. നേതാക്കളുടെ അനുവാദമില്ലാതെയും അവരുടെ കല്പനകൾ അനുസരിക്കാതെയുംതന്നെ അവർ നിഷ്കളങ്കരായ കുട്ടികളേയും സ്ത്രീകളേയും വധിക്കുകയാണ്. അത്തരം പ്രവർത്തനങ്ങൾ ഇല്ലാതാക്കി നമ്മൾ ഒരു പരിശുദ്ധ യുദ്ധം പ്രഖ്യാപിക്കുക. അവസാനമായി ചെറിയവനും വലിയവനും ഈ പ്രവർത്തനത്തിൽ സമന്മാരാണ്. കാരണം അവർ മതപരമായ ഒരു യുദ്ധം നടത്തുകയാണ്. താന്താങ്ങളുടെ മതപരമായ നിയമങ്ങൾക്കനുസരിച്ച് അവർ സ്വയം പ്രവർത്തിക്കേണ്ട ഒരു പരിശുദ്ധ യുദ്ധം ഞാൻ പ്രഖ്യാപിക്കുകയാണ്. ബാക്കി കാര്യം ദൈവത്തിനു വിടുന്നു. നമ്മൾ തീർച്ചയായും ഇംഗ്ലീഷുകാരെ ജയിക്കും. തുടർന്ന് ജനങ്ങളോട് ഞാൻ, എന്നെ സഹായിക്കുവാനപേക്ഷിക്കുന്നു.'

(ജോർജ്ജ് ഡോഡ്, ഹിസ്റ്ററി ഓഫ് ദ ഇന്ത്യൻ റിവോൾട്ട് ( ലണ്ടൻ, 1859), റിസ് വി. വോ. V. (പു. 459-63).

കലാപകാരികളുടെ നേതൃത്വം ഹിന്ദു മുസ്ലീം സാഹോദര്യം വളർത്തുവാനും അതുപോലെ സൈനികരെ തങ്ങളോടൊപ്പം നിർത്തുവാനും ആവശ്യമായ നയതന്ത്ര രീതികൾ പലപ്പോഴും സ്വീകരിച്ചു കാണാം. അവധിലെ സൈനിക കാര്യങ്ങൾ സംബന്ധിച്ച് ബ്രിജിസ് ഖാദർ 1857 ജൂലായ് 4നു സൈനികരുമായുണ്ടാക്കിയ ഒരു കരാറിന്റെ പകർപ്പ് പല വ്യക്തികൾക്കും അയച്ചുകൊടുത്തു. അതിൽ യാത്രക്കാരേയും സഞ്ചാരികളേയും അതാത് അതിർത്തിക്കുള്ളിൽ സംരക്ഷിക്കേണ്ടതാണെന്നും ഓരോ ജമീന്ദാരും ഒളിവിൽ കഴിയുന്നവരും ഗംഗ കടന്നു പോകുന്നവരുമായ ബ്രിട്ടീഷുകാരേയും സിക്കുകാരേയും വധിക്കുകയോ തടവുകാരാക്കുകയോ ചെയ്യേണ്ടതാണെന്നും വൈക്കോൽ- വിറകു വണ്ടികൾ വേണ്ടവിധം പരിശോധിക്കേണ്ടതാണെന്നും കല്പന പൂർണ്ണമായും നടപ്പിലാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. (പേർഷ്യൻ, ഐ.സി. എച്ച്. ആർ. പ്രസിദ്ധീകരിച്ച രേഖകൾ, ഇക്ബാൽ ഹുസ്സൈൻ എഡിറ്റു ചെയ്തത്.)

മറ്റൊരു കല്പനയിൽ ശത്രുക്കളുടെ സൈന്യത്തെ നേരിടുന്ന കുതിരപ്പടയിലേയും പീരങ്കിപ്പടയിലേയും സൈനികർക്കു മറ്റുള്ള ഭാഗത്തേക്കാൾ ഉയർന്ന ശമ്പളം നല്കുമെന്നും അവർക്കു ധീരതയ്ക്കു അവാർഡുകൾ നല്കുന്നതാണെന്നും ശത്രുക്കളെ ധൈര്യപൂർവ്വം നേരിടേണ്ടതാണെന്നും പ്രഖ്യാപിക്കുന്നു. യുദ്ധത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ അവകാശികൾക്ക് ജീവനാംശം നൽകുമെന്നും ഈ രേഖ ഉറപ്പു നൽകി. (ഇൽബാൽ ഹുസ്സൈൻ, എഡി. വേ.ഐ.സി.എച്ച്.ആർ. പ്രസിദ്ധീകരിച്ചവ). മറ്റൊരു രേഖയിൽ യുദ്ധം ദീനിന്നുവേണ്ടിയാണെന്നും രക്തസാക്ഷികളുടെ അവകാശികൾക്കു ആവശ്യമായ ജീവനാംശം ഏർപ്പെടുത്തുമെന്നും നിശ്ശബ്ദം മാർച്ചുചെയ്യേണ്ടതാണെന്നും മറ്റും അനുസ്മരിപ്പിക്കുന്നു. ഇക്ബാൽ ഹുസ്സൈൻ, എഡി; 1857 സപ്തംബർ 6).

ഒരു പ്രഖ്യാപനം (1858 ജനവരി 16) ബ്രിട്ടീഷ് ഭരണകാലത്ത് റദ്ദാക്കപ്പെട്ട മുസാഫി ഭൂമികൾ അവകാശികൾക്കു പുനർ വിതരണം നടത്തുമെന്നും അതിന്റെ ഉടമകൾ ദരിദ്രരാവുകയാൽ ഈ വർഷം അവയ്ക്കു നികുതി ചുമത്തുന്നതല്ലെന്നും പ്രഖ്യാപിക്കുന്നു. ഓരോ മുസാഫിമാരും ഇത്തരത്തിൽ ഇളവിനുവേണ്ടി ജമ, ഗ്രാമത്തിന്റെ പേർ തുടങ്ങിയവ വിവരിച്ചു ഹരജി നൽകുവാനും ആവശ്യപ്പെടുന്നു. (ഇക്ബാൽഹുസ്സൈൻ, എഡി.)

സാമ്പത്തികമായ ഈ നടപടി ഭൂവുടമകളെ കലാപകാരികളുടെ പക്ഷത്തേക്കു കൊണ്ടുവരുന്നതിന്നായിരുന്നു. അവർക്കു നികുതി ഒഴിവാക്കിക്കൊടുത്തത് ഒരു പ്രധാന നടപടിയായി വിലയിരുത്തണം. ഏതു കലാപത്തിലും സാമ്പത്തികമായ കാരണങ്ങൾ ഒരു പ്രധാന പങ്കു വഹിച്ചു കാണാം. ഫ്രഞ്ച് വിപ്ലവത്തിലും മറ്റും അപ്പം ലഭിക്കാതെ പട്ടിണി കിടക്കുന്നവരുടെ പങ്കാളിത്തം പല ഗവേഷണപഠനങ്ങളും സിദ്ധാന്തിക്കുന്നു. പ്രിൻസ് മുഹമ്മദ് ഫെറോസ്ഷാവിന്റെ 25 ആഗസ്ത് 1857-ന്റെ ഒരു പ്രഖ്യാപനം ബ്രിട്ടീഷ് ഭരണം പ്രതികൂലമായി ബാധിച്ച

വിഭാഗങ്ങളെ വിശദമായി ഒരു വർഗീകരണത്തോടെ പ്രതിപാദിക്കുന്നു. ഒന്നാം ഖണ്ഡമായി അത് ജമീന്ദാർമാരെ ഏതുവിധം ബാധിച്ചുവെന്നു വിശദീകരിക്കുന്നു. നീതിന്യായത്തിൽ ഓരോ കേസും വർഷങ്ങൾ നീണ്ടുനിൽക്കുന്ന കാര്യവും അത് ജമീന്ദാർമാരെ നശിപ്പിക്കുന്നതും വ്യക്തമാക്കുന്നു. അതേസമയം ബാദ്ശാഹിന്റെ ഭരണത്തിൽ ജമ (നികുതി) ലഘുവായിരുന്ന കാര്യവും ഓരോ ജമീന്ദാരിയിലും ജമീന്ദാർക്കുള്ള ഭരണമേധാവിത്വവും വിശദീകരിച്ചു. ബ്രിട്ടീഷുകാർ വല്ല ജമീന്ദാരിയും നഷ്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ആ ജമീന്ദാർ യുദ്ധത്തിൽ പങ്കെടുക്കുകയാണെങ്കിൽ ജമീന്ദാരി മടക്കി നൽകുമെന്നും നാലിലൊന്നു നികുതി കൊടുക്കുന്നത് ഒഴിവാക്കുമെന്നും പ്രഖ്യാപിക്കുന്നു.

രണ്ടാമത്തെ ഖണ്ഡം വ്യാപാരികളെ സംബന്ധിച്ച് പറയുന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അതായത് നീലം, വസ്ത്രം തുടങ്ങിയവയുടെ വ്യാപാരവും കപ്പലോട്ടവും എല്ലാം അവർ കുത്തകയാക്കി വെച്ചിരിക്കുകയാണ്. കസ്റ്റംസ്, സ്റ്റാമ്പു ഡ്യൂട്ടി തുടങ്ങിയ പുതിയ നികുതികൾ ചുമത്തുന്നു. പലരേയും കള്ളക്കേസിൽ കുടുക്കിയിരിക്കുന്നു. പുതിയ ഗവൺമെന്റ് കരയിലേയും കടലിലേയും വാണിജ്യം അവർക്കു മടക്കി നൽകുന്നതാണെന്നും മൂലധനമില്ലാത്തവർക്കു സർക്കാർ സഹായം ലഭിക്കുമെന്നും പ്രഖ്യാപിക്കുന്നു. അതിനാൽ ഓരോരുത്തരും ഈ യുദ്ധത്തിൽ പങ്കെടുക്കേണ്ടതാണ്.

മൂന്നാംഖണ്ഡം പൊതു ഉദ്യോഗസ്ഥരെ സംബന്ധിച്ചുള്ളതാണ്. ബ്രിട്ടീഷുകാരുടെ കീഴിൽ ഇവർക്കു യാതൊരു ബഹുമാനവും ലഭിക്കുന്നില്ലെന്നും ആദായകരമായ ഉദ്യോഗങ്ങൾ ബ്രിട്ടീഷുകാരുടെ കുത്തകയാണെന്നും വിവരിച്ചു. സ്വദേശികൾക്കു വളരെക്കാലത്തെ സേവനത്തിനുശേഷം സൈന്യത്തിൽ ലഭിക്കുന്ന പദവി സുബേദാർ മാത്രമാണെന്നും അതാകട്ടെ മാസം 60 ക. അല്ലെങ്കിൽ 70 ക. യുടേതാണെന്നും വിമർശിച്ചു. സിവിൽ ഉദ്യോഗത്തിൽ ഏറ്റവും ഉയർന്ന പദവി സാദർ ആലമാത്രമാണെന്നും അതിന്നു മാസം 500ക. മാത്രമാണെന്നും ജാഗീർ, സമ്മാനങ്ങൾ എന്നിവയില്ലെന്നും സൂചിപ്പിച്ചു. ഇന്നു ബ്രിട്ടീഷുകാർ കയ്യടക്കിയ പൻസാദി (500), പഞ്ചഹസാരി (5000), ഹാഫ്ത്ഹസാരി (7000) തുടങ്ങിയ പദവികളും, കലക്ടർ, മജിസ്ട്രേട്ട്, ജഡ്ജ്, സദർ ജഡ്ജ്, സെക്രട്ടറി, ഗവർണർ തുടങ്ങിയ ലക്ഷക്കണക്കിൽ ഉറുപ്പിക മാസശമ്പളമുള്ള പദവികളും നാട്ടുകാർക്കു ലഭിക്കുന്നതായിരിക്കും. കൂടാതെ ജാഗീരുകളും ആദരവ് സൂചിപ്പിക്കുന്ന അങ്കികളും നൽകുന്നതാണ്.

നാലാം ഖണ്ഡം കൈത്തൊഴിൽ വിദഗ്ധരെ സംബന്ധിക്കുന്നതാണ്. നെയ്ത്തുകാരേയും മരപ്പണിക്കാരേയും ഇരുമ്പുപണിക്കാരേയും തോൽപണിക്കാരേയും ഇംഗ്ലീഷുകാരുടെ ഇറക്കുമതി സാമഗ്രികൾ യാചകവൃത്തിയിലേക്ക് നയിച്ചതും ബാദ്ശാഹിന്റെ സർക്കാർ അവർക്കു ഐശ്വര്യം ഉണ്ടാക്കുന്നവിധം രാജാവ്, പ്രഭുക്കൾ, സമ്പന്നർ തുടങ്ങിയവരുടെ കീഴിൽ ജോലികൾ ഉറപ്പു വരുത്തുന്നതും ഒരു നയമായി പ്രഖ്യാപിച്ചു. അവരെല്ലാം മതത്തിന്റെ പേരിൽ ഇംഗ്ലീഷുകാരുടെ സേവനം മതിയാക്കി മുജാഹിദുമാർക്കൊപ്പം പടപൊരുതണമെന്നും പ്രഖ്യാപനത്തിൽ ആവശ്യപ്പെട്ടു.

അഞ്ചാം ഖണ്ഡം പണ്ഡിതന്മാർ, ഫക്കീർമാർ, വിദ്യാസമ്പന്നർ തുടങ്ങിയവരെ ഉദ്ദേശിച്ചുകൊണ്ടായിരുന്നു. മതങ്ങളുടെ സംരക്ഷകർ ഇവരാണെന്നും ഈ പരിശുദ്ധയുദ്ധത്തിൽ ഇവർ പങ്കെടുക്കണമെന്നും ബാദ്ശാഹിന്റെ സർക്കാർ ഇവർക്കു കരമൊഴിവാക്കി ഭൂമി നൽകുന്നതാണെന്നും പ്രഖ്യാപിച്ചു.

അവസാനമായി ഈ കൽപനയ്ക്കു വിരുദ്ധമായി ബ്രിട്ടീഷുകാരെ സേവിക്കുന്നതിൽ തൽപരരായവരുടെയും കുടുംബാംഗങ്ങളുടെയും സ്വത്തുക്കൾ കണ്ടുകെട്ടുമെന്നും അവരുടെ ജീവൻ നഷ്ടപ്പെടുത്തുമെന്നും പ്രഖ്യാപനം ദൃഢപ്പെടുത്തി.

ഈ പ്രഖ്യാപനത്തിന്റെ മറ്റൊരു പ്രത്യേകത ഈ വിപ്ലവപ്രവർത്തനങ്ങൾ പലർക്കും അസൗകര്യമുണ്ടാക്കുമെന്നും അതിനെ ബ്രിട്ടീഷ് അനുകൂലികൾ പെരുപ്പിച്ചു കാണിക്കുമെന്നും എന്നാൽ അവയെല്ലാം ബാദ്ശാഹ് സർക്കാർ ദൃഢപ്പെടുന്നതോടെ ഇല്ലാതാക്കുമെന്നും പ്രത്യാശ ജനിപ്പിക്കുന്നു. കൂടാതെ ഈ കലാപത്തിൽ സ്വത്തു കൊള്ള ചെയ്യപ്പെട്ടവരുടെയും നഷ്ടപ്പെട്ടവരുടെയും പരാതികൾക്കു പരിഹാരമുണ്ടാക്കുമെന്നും മതിയായ പ്രതിഫലം ബാദ്ശാഹ് സർക്കാറിൽ നിന്നും ലഭിക്കുന്നതാണെന്നും രേഖപ്പെടുത്തി.

കലാപത്തെ ഭരണമാറ്റത്തിനുവേണ്ടിയുള്ള ഒരു വിപ്ലവമായി വിലയിരുത്തിയതും അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്നവർക്കു മതിയായ പ്രതിഫലം നൽകുന്നതാണെന്നും വിപ്ലവങ്ങളുടെ ചരിത്രത്തിൽ ഒരു നൂതന അധ്യായമായി ഈ പ്രഖ്യാപനത്തെ വിലയിരുത്തേണ്ടിവരും. ഇതാകട്ടെ എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുവാനായിരുന്നു.

ആസംഗാർ പ്രഖ്യാപനത്തിലും കൺസൽട്ടേഷൻ, (8 ഒക്ടോബർ 1858) ഭൂമിയുടെ മീതെയുള്ള വർധിച്ച നികുതിവ്യവസ്ഥ ജനങ്ങളുടെ നാശത്തിനിടയാക്കിയതും കാരണമില്ലാതെ തൊഴിലാളിയോ, ഒരു ഭൃത്യനോ നൽകുന്ന ഒരു കേസിൽ നേരിട്ടു ഹാജരാകുവാനാവശ്യപ്പെട്ടു അപമാനിക്കുന്നതും കേസിനു സ്റ്റാമ്പ് ഡ്യൂട്ടിയായി വലിയ തുക പിരിക്കുന്നതും കോടതിച്ചെലവുകളും വിമർശിക്കപ്പെട്ടു കാണാം. കൂടാതെ ലാഭകരമായ ഉദ്യോഗങ്ങൾ മുഴുവൻ ബ്രിട്ടീഷുകാർ കയ്യടക്കിയതും അവർ ഹിന്ദുക്കളുടേയും മുഹമ്മദീയരുടേയും മതത്തിനെതിരാണെന്നതും പരാമർശിച്ചിരിക്കുന്നു. (ഫോറിൻ പൊളിറ്റിക്കൽ കൺസൽട്ടേഷൻസ്, നമ്പർ 197, 8 ഒക്ടോബർ 1858, പ്രഖ്യാപനം അതിന്നു മുമ്പ് നടന്നു)

നാനാസാഹിബിന്റെ ഒരു പ്രഖ്യാപനം (6 ജൂലായ് 1857) കാലാൾ, പീരങ്കി, കുതിര എന്നീ പട്ടാളക്കാരുടെ ശമ്പളം നിശ്ചയിച്ചുകൊണ്ടാണ്. ഒരു കേണലിന്നു 500ക. ശമ്പളവും 250 ക. അലവൻസും, മേജറിന്റെ ശമ്പളം 500ക.യും അലവൻസും സുബേദാർക്കു ശമ്പളത്തിനു പുറമെ 150ക. അലവൻസും ക്വാർട്ടർ മാസ്റ്റർക്കും ഇതേ തുക ശമ്പളവും 150 ക. അലവൻസും ക്രമീകരിച്ചുകൊണ്ടുള്ളതാണ്.

നാനാസാഹിബിന്റെതന്നെ മറ്റൊരു പ്രഖ്യാപനം (22 ഒക്ടോബർ 1858, ന്റെ കൺസൽട്ടേഷൻസ്) സരഞ്ജംദാർ, ജാഗീർദാർ, ദേശമുഖ്, ദേശപാണ്ഡേ,

കൂടാതെ ജമീന്ദാർ, പട്ടേൽ, കുൽകർണി, നായിക്വാഡ്, സേത്സന്തീ തുടങ്ങിയവരോട് അഭ്യർത്ഥിക്കുന്ന ഒന്നായിരുന്നു. അത് ഡക്കാനിലും കർണാട്ടിക്കിലുമുള്ള വ്യക്തികളോടായിരുന്നുവെന്നത് അതിന്റെ ദക്ഷിണേന്ത്യൻ പശ്ചാത്തലം വ്യക്തമാക്കുന്നു.

കാഫിർമാരുടെ (ഇംഗ്ലീഷുകാരുടെ) നീതിന്യായസ്വഭാവവും അവരുടെ വഞ്ചനയും വിവരിക്കുന്നതോടൊപ്പം പേർഷ്യൻ, അഫ്ഗാൻ,ബലൂചി, ചൈനീസ് തുടങ്ങിയവർ അവർക്കെതിരായി ആയുധം ധരിച്ചിരിക്കുന്ന കാര്യവും ഈ പ്രഖ്യാപനം വിവരിക്കുന്നു. സാർവലൗകികവീക്ഷണം ഉൾക്കൊള്ളുന്ന ഒന്നാണിതെന്നു പറയാം. ഡൽഹിയിലെ അലിഹുസൂർ ബാദ്ശാഹിന്റെ കൽപനപ്രകാരം റാവു പന്ത് പ്രധാൻ പേഷ്വയുടെ പ്രഖ്യാപനമാണിത്. കൂടാതെ അദ്ദേഹത്തിന്റെ തന്നെ മറ്റൊരു പ്രഖ്യാപനം അലഹബാദിലേക്കു (ഫത്തേഹ്പൂർ) ബ്രിട്ടീഷ് സൈന്യം കടന്നുവരുന്നുവെന്നുള്ള ഊഹത്തെത്തുടർന്നു ജനങ്ങളാരും പട്ടണം വിട്ടുപോകരുതെന്നും ആവശ്യമായ പടയാളികളെ പട്ടണത്തിൽ വിന്യസിച്ചിട്ടുണ്ടെന്നും സൂചിപ്പിച്ചു. (തിയ്യതി ലഭ്യമല്ല)

ശ്രീമന്ത് പേഷ്വാബഹാദൂറിന്റെ (നാനാസാഹിബ്) മറ്റൊരു പ്രഖ്യാപനം (30 ഡിസംബർ 1859നു ഫോറിൻ പൊളിറ്റിക്കൽ കൺസൽട്ടേഷൻസ്, അതിന്നു മുമ്പ് നടത്തിയത്) തന്റെ കൂടെ യോജിച്ചു പ്രവർത്തിക്കുന്ന ജമീന്ദാർമാർക്ക് അവർ സഹായം നൽകുന്ന വസ്തുക്കളുടെ വിലയും രണ്ടു വർഷത്തെ നികുതിയും ഇളവു ചെയ്യുന്നതായിരുന്നു. അതിന്നുശേഷം ഉറുപ്പികയ്ക്കു നാലിലൊന്നു ഇളവ് 8 വർഷത്തേക്ക് തുടരുമെന്നും നിജപ്പെടുത്തി. തങ്ങൾക്കു ധാന്യവും വെടിമരുന്നും ഉണ്ടയും മറ്റും നല്കുന്നവർക്ക് അവയുടെ വിലയോടൊപ്പം നികുതിയിൽ ഒരു വർഷത്തെ ഇളവും ശേഷം നാലു വർഷം നാലിലൊന്നു കിഴിവും പ്രഖ്യാപിച്ചു. ഇംഗ്ലീഷുകാരെ പിന്തുണച്ച അവധിലെ മുഖ്യനായ മുനാവാറുദ്ദൗളയുടെ പതനവും നാശവും ഉദാഹരിച്ചു. ഓരോ ജമീന്ദാരിയിലും നടക്കുന്ന കൊള്ളകൾക്ക് ജമീന്ദാർമാർ ഉത്തരവാദികളായിരിക്കുമെന്നും പ്രഖ്യാപനം ചൂണ്ടിക്കാട്ടി. തങ്ങളുടെ ഖജനാവിന്നു ഒരു ലക്ഷം ഉറുപ്പിക കടം തരുന്നവർക്കു 2 ശതമാനം പലിശയും 50000 കയ്ക്കു ഒന്നര ശതമാനം പലിശയും 25000 കയ്ക്ക് ഒരു ശതമാനം പലിശയും ലഭിക്കുന്നതാണെന്നും പ്രഖ്യാപിച്ചു. ഇത്തരത്തിൽ ഒരു ബാങ്കിങ് നയം അന്നത്തെ അടിയന്തിരസ്ഥിതിയിൽ രൂപപ്പെടുത്തിയിരുന്നു.

പ്രിൻസ് മിർസാ മുഹമ്മദ് ഫെറോസ്ഷാ 17 ഫിബ്രവരി, 1858-നു പുറപ്പെടുവിച്ച ഒരു പ്രഖ്യാപനം ഇപ്രകാരം രേഖപ്പെടുത്തി. ബ്രിട്ടീഷുകാർ ഇന്ത്യയിൽ താഴെപ്പറയുന്ന കാര്യങ്ങൾ നിറവേറ്റിയിരുന്നുവെങ്കിൽ കലാപം ഉണ്ടാകുകയില്ലെന്നായിരുന്നു ലണ്ടനിലെ വിവേകശാലികൾ പ്രസ്താവിച്ചിരുന്നതെന്ന് അത് വിശകലനം ചെയ്തു. ആ വസ്തുതകൾ ഇപ്രകാരമായിരുന്നു. അവർ മുൻ നാടുവാഴികളേയും രാജാക്കന്മാരേയും നശിപ്പിക്കണമായിരുന്നു. മറ്റെല്ലാ മതങ്ങളുടേയും ഗ്രന്ഥങ്ങൾ ചുട്ടെരിക്കേണ്ടതായിരുന്നു. അല്പം ഭൂമിപോലും ഇവിടുത്തെ ഭരണാധികാരികൾക്ക് നൽകരുതായിരുന്നു. അവർ ഇവിടെ വിഭിന്ന

ജാതിക്കാരുമായി വിവാഹം നടത്തി ഒരു വംശീയതയുടെ ആൾക്കാരാകേണ്ട തായിരുന്നു. പീരങ്കിയുടെ ഉപയോഗം നാട്ടുകാരെ പഠിപ്പിക്കരുതായിരുന്നു. ജന ങ്ങൾക്കിടയിൽ ആയുധം എത്തിക്കരുതായിരുന്നു. യൂറോപ്യന്മാരുടെ ഒപ്പം തിന്നുകയും കുടിക്കുകയും ചെയ്യാൻ സമ്മതിക്കാത്ത ഒരു സ്വദേശിയേയും ഉദ്യോഗത്തിൽ ഏർപ്പെടുത്തരുതായിരുന്നു. പള്ളികളും ഹിന്ദുക്ഷേത്രങ്ങളും നിലനിർത്തരുതായിരുന്നു. ബ്രാഹ്മണരേയും മൗലാനമാരേയും മതപ്രചരണ ത്തിന്നനുവദിക്കരുതായിരുന്നു. കോടതികളിൽ വരുന്ന കേസുകൾ ഇംഗ്ലീഷ് നിയമപ്രകാരം വിധിക്കേണ്ടതായിരുന്നു. ഇംഗ്ലീഷുകാരായ വികാരിമാർ നാട്ടു കാരുടെ വിവാഹച്ചടങ്ങുകൾ ഇംഗ്ലീഷ് രീതിയിൽ നടത്തേണ്ടതായിരുന്നു. ഹിന്ദു ക്കളും മുഹമ്മദീയരുമായ വൈദ്യന്മാരുടെ ചികിത്സകൾ നിരോധിക്കുകയും ഇംഗ്ലീഷ് മരുന്നുകൾ പ്രചരിപ്പിക്കുകയും ചെയ്യേണ്ടിയിരുന്നു. ഇംഗ്ലീഷ് മിഷ്യന റിമാരുടെ അനുവാദമില്ലാതെ ഹിന്ദു-മുസ്ലിം ഫക്കീർമാരെ മതപരിവർത്തന ത്തിന്നനുവദിക്കരുതായിരുന്നു.

ഈ വിധത്തിലുള്ള ചട്ടങ്ങൾ ഇവിടെ ഭരണാധികാരികൾ നടപ്പിലാക്കിയിരു ന്നുവെങ്കിൽ ആയിരം വർഷം അവരുടെ ഭരണം നിലനിൽക്കുമായിരുന്നു വെന്നു ഇംഗ്ലീഷുകാർ ചിന്തിക്കുന്നത് ഈ രാജ്യത്തെ പൂർണമായും മതപരി വർത്തനം നടത്തുന്നതിന്നുള്ള ചിന്തയായി ഇപ്പോഴും നിലനില്ക്കുന്നുവെ ന്നായിരുന്നു പ്രിൻസിന്റെ പ്രഖ്യാപനം.

ഝാൻസിറാണിയുടെ പ്രഖ്യാപനത്തിലും (ഫോറിൻ ഡിപ്പാർട്ട്മെന്റ് നോർ ത്തു വെസ്റ്റേൺ ഫ്രോൺടിയർ, 14 ഫിബ്രവരി 1858) ഖാൻ ബഹാദൂർഖാൻ നട ത്തിയ പ്രഖ്യാപനത്തിലെന്നപോലെ മതപരമായ വസ്തുതകൾക്കു പ്രാധാന്യം കൊടുത്തുകാണാം. മറ്റു പ്രഖ്യാപനങ്ങളിൽ കാണാത്ത ഒരാശയം, ഹിന്ദുവിധവ കളുടെ നിർബന്ധമായ വിവാഹവും, പ്രാചീന ആചാരമായ സതി നിർത്തലാ ക്കിയ കാര്യവും, ക്രിസ്തുമതം സ്വീകരിച്ചവരോടുള്ള ആനുകൂല്യവും മറ്റു മാണ്. ആയതിനാൽ ഹിന്ദുക്കൾ ഗംഗ, തുളസി, സാളഗ്രാം എന്നിവയുടെ പേരിലും മുഹമ്മദീയർ ദൈവത്തിന്റേയും ഖുറാന്റേയും പേരിലും ഇംഗ്ലീഷു കാരെ നശിപ്പിക്കുവാനാവശ്യപ്പെടുന്നു. മുഹമ്മദീയർ അവർക്കു പ്രിയപ്പെട്ട ഗോഹത്യ ഹിന്ദുക്കളുടെ ആദരവിനായി നിർത്തലാക്കുമെന്നുള്ള കാര്യവും പ്രത്യേകം ശ്രദ്ധേയമാണ്. ഒരുപക്ഷേ ഹിന്ദുക്കളെ തങ്ങളുടെ പക്ഷത്തു കൊണ്ടുവരാൻ ബ്രിട്ടീഷുകാർ തന്നെ ഗോഹത്യ നിർത്തുമെന്നു ഉറപ്പു നല്കി യാലും അവർ ചതി മാത്രമാണ് നടത്തുകയെന്നും റാണി സൂചിപ്പിച്ചിരുന്നു. ഇത്തരം അനുകൂലമായ ഒരവസരം പാഴാക്കരുതെന്നും റാണി ഊന്നിക്കാട്ടി.

ഉത്തരേന്ത്യയിൽ പ്രചരിപ്പിച്ചിരുന്ന മറ്റൊരു പ്രഖ്യാപനം എല്ലാവരും യോജിച്ച് യുദ്ധം ചെയ്യേണ്ട കാര്യം സൂചിപ്പിക്കുന്നു. (റിസ്‌വി, വോ.II പു. 160-2) 'സ്ത്രീകളാകട്ടെ, പുരുഷന്മാരാകട്ടെ, അടിമസ്ത്രീകളോ, അടിമകളോ ആകട്ടെ, ആരായാലും മുന്നോട്ടു വരേണ്ടതും ഇംഗ്ലീഷുകാരെ വധിക്കേണ്ടതും തങ്ങളുടെ പ്രത്യേക കർത്തവ്യമായിക്കാണുകയും വേണം. കലാപത്തിന്നു അതിന്റേ തായ ഒരു സാംസ്കാരിക പശ്ചാത്തലം നിലവിലുണ്ടായിരുന്നില്ല. ആയതിനാൽ

മതത്തിന്റെ പരിവേഷവും അതിന്റെ പ്രധാന ചിന്തകളും ആയിരുന്നു ഈ പ്രഖ്യാപനങ്ങളിൽ ഊന്നിക്കാട്ടിയത്. എന്നാൽ ബ്രിട്ടീഷു ഭരണത്തിൽ ഇന്ത്യയിൽ സംഭവിച്ച രാഷ്ട്രീയ പശ്ചാത്തലവും സാമ്പത്തിക ദുരവസ്ഥയും പ്രിൻസ് മിർസയും നാനാസാഹബും ഊന്നിക്കാട്ടുവാൻ മറന്നിരുന്നില്ല. അവധിലെ ബീഗവും മറ്റും ഇന്ത്യൻ ചരിത്രസംഭവങ്ങളെപ്പറ്റി തികഞ്ഞ യാഥാർഥ്യബോധം ഉൾക്കൊണ്ടിരുന്നു.

ഒരു സാംസ്കാരിക പശ്ചാത്തലം സൃഷ്ടിക്കുവാനായി ഉത്തരേന്ത്യയിൽ പ്രചരിപ്പിച്ചിരുന്ന ഇത്തരം പ്രഖ്യാപനം ഓരോ ഗ്രാമത്തിലും മൗലവിമാരും പണ്ഡിറ്റുമാരും ഇംഗ്ലീഷുകാരുടെ വിജയം സംഭവിച്ചാൽ ജനങ്ങൾക്കുണ്ടാകുന്ന ഭവിഷ്യത്തുകളെയും അതുപോലെ അവരെ ഉന്മൂലനം ചെയ്താൽ അവർക്കുണ്ടാകുന്ന ആത്മീയവും മറ്റുമായ ആനുകൂല്യങ്ങളേയും വിവരിക്കേണ്ടതാണെന്നും നിർദേശിക്കുന്നു. എന്നാൽ ഈ പ്രചാരകന്മാർ ഗ്രാമങ്ങളിൽ എത്രമാത്രം വിജയിച്ചുവെന്ന് അറിയുവാൻ രേഖകളില്ല. എങ്കിലും അവരുടെ പ്രവർത്തനം സിവിൽ സമൂഹത്തെ തീർച്ചയായും കലാപത്തിൽ പങ്കെടുക്കുവാൻ പ്രേരിപ്പിച്ചിരിക്കണം. അവർ തങ്ങളുടേതായ പങ്കു നിർവഹിച്ചിരിക്കണമെന്നു കലാപത്തിന്റെ വ്യാപ്തി വ്യക്തമാക്കുന്നു.

ഇറാനിലെ ഷാ അഫ്ഗാനിസ്ഥാനിലേക്കും കച്ചിലേക്കും സിന്ധിലേക്കും മറ്റുമായി വലിയ സൈന്യത്തെ അയച്ചുകൊടുക്കുന്നതായുള്ള ഈ അവസരത്തിലെ ഒരു പ്രഖ്യാപനം (ജെ. കേവ് ബ്രൗൺ, ദ പഞ്ചാബ് ആൻഡ് ഡെൽഹി ഇൻ 1857, പു. 357-60) ഉദ്ധരിക്കപ്പെടുന്നുണ്ട്. ഇന്ത്യയിലേക്കുള്ള സൈനിക നേതൃത്വം സർദാർ സുൽത്താൻ ആലിഖാൻ, സർദാർ മൊഹമ്മദ് ആലംഖാൻ എന്നിവർക്കായിരുന്നു. ഇത്തരം ഒരു യുദ്ധത്തിൽ കാബൂളിലെ ദോസ്ത് ആലിഖാൻ കൂടി പങ്കാളിയായിരിക്കുമെന്നും ഷാ പ്രഖ്യാപിച്ചു കാണാം. ദോസ്ത് ആലിഖാൻ ഈ ജിഹാദിൽ ഹിന്ദുസ്ഥാനിലെ ഒരു ഗാസിയായി നേതൃത്വം നല്കുമെന്നും ഷാ പ്രതീക്ഷിക്കുന്നു.

അവധിലെ കലാപം കെട്ടടങ്ങിക്കൊണ്ടിരിക്കുമ്പോഴും കലാപം അടിച്ചമർത്തുന്നതിന്നു നേപ്പാളിലെ ഗൂർഖമാരെ ഉപയോഗിച്ചുകൊണ്ടിരിക്കുമ്പോഴും അവധ് നവാബിന്റെ അംബാസഡർ മൗലവി മൊഹമ്മദ് സർഫ്രസ് ആലി മഹാരാജാ ജുംഗ് ബഹാദൂറിനും നേപ്പാളിലെ മറ്റു അംബാസ്സഡർമാർക്കും അയച്ച എഴുത്തുകൾ (1858 ജൂൺ 6-നു ലഭിച്ചത്) നേപ്പാളും അവധും തമ്മിൽ നിലനിന്നിരുന്ന സൗഹൃദം സൂചിപ്പിച്ചു. എഴുത്തു അവിശ്വാസികളും ഏകാധിപതികളും ഹിന്ദുക്കളുടേയും മുസ്ലീംങ്ങളുടേയും ശത്രുക്കളുമായ ഇംഗ്ലീഷുകാരെ നേപ്പാൾ രാജാവ് സഹായിക്കുന്നതിൽ ആശ്ചര്യം രേഖപ്പെടുത്തി. വളരെ നയതന്ത്രപൂർവമുള്ള ഒന്നാണ് ഈ എഴുത്തെന്നു പറയാം. ' ഓരോ ഗിരിവർഗ്ഗത്തിന്റേയും മുഖ്യന്മാർ ജീവിച്ചിരിക്കുന്നേടത്തോളം കാലം തങ്ങളുടെ മതത്തിന്നുവേണ്ടി യുദ്ധം ചെയ്യണം' എന്ന ആഹ്വാനം അതുൾക്കൊണ്ടു. മെക്കയിൽ തന്നെ വിശ്വാസമില്ലായ്മ നിലനില്ക്കുമ്പോൾ ഇസ്ലാം എങ്ങനെ രക്ഷപ്പെടുമെന്നായിരുന്നു സർഫ്രസ് ആലിയുടെ ചോദ്യം. ബ്രിട്ടീഷുകാരെ വധിക്കുന്നതിൽ

സഹകരിക്കണമെന്നും രണ്ടു കൂട്ടരുടേയും മതം സംരക്ഷിക്കണമെന്നും അദ്ദേഹം അപേക്ഷിച്ചു. (ചാർലസ്സ്ബെൽ, ഹിസ്റ്ററി ഓഫ് ദ ഇന്ത്യൻ മ്യൂട്ടിനി വോ. 2, പു. 370-1).

നവാബ് വജീദ് അലിഷാവിന്റെ പുത്രൻ റംസാൻ അലിഖാൻ മിർസാ ബ്രിജ് ഖാദർ ഖാൻ ബഹാദൂർ 1858 മെയ് 19-നു ഇതേവിധം ബ്രിട്ടീഷുകാരുടെ ഭരണ നയത്തേയും മതത്തിലിടപെടുന്ന നയത്തേയും വിവരിച്ചുകൊണ്ട് നേപ്പാൾ രാജാവിന്റെ സഹായമഭ്യർഥിച്ചും കത്തയച്ചിരുന്നു. (ബെൽ, വോ.2, പു. 371).

കലാപകാരികളുടെ പക്ഷത്തുനിന്നും ഉറുദുവിൽ 'ബിസ്മില്ലാഹിർ റഹ്മാനിർ റഹിം' എന്ന സ്തുതിയോടെ പ്രസിദ്ധീകരിച്ച ഒരു ലഘുലേഖ (1857 ജൂലായ് 5-നും 17-നും ഇടയിലാകാം, ഫോറിൻ പൊളിറ്റിക്കൽ പ്രൊസീഡിങ്സ് 30 ഡിസംബർ 1859, നമ്പർ 1135-39) കലാപത്തിന്റെ കാരണങ്ങളും ക്രിസ്ത്യാനികളായ ഭരണാധികാരികളുടെ മതപരമായ വിദ്വേഷപ്രവർത്തനങ്ങളും ഹിന്ദുക്കളും മുഹമ്മദീയരും യോജിച്ച് പ്രവർത്തിക്കേണ്ട ആവശ്യകതയും ചൂണ്ടിക്കാട്ടി. ഓരോ പട്ടണത്തിലും ഓരോ ആമീർമാരെ നിയമിക്കേണ്ടതാണെന്നും യുദ്ധം ചെയ്യുന്ന ശത്രുക്കളെയല്ലാതെ മറ്റാരേയും വധിക്കരുതെന്നും, ഗാസിമാർ (ജിഹാദികൾ) ഖുറൈശികളെപ്പോലെ ധീരരായിരിക്കണമെന്നും സൈനികമായി സ്വീകരിക്കേണ്ട അനേകം തന്ത്രങ്ങളുണ്ടെന്നും ഇംഗ്ലീഷ് കുതിരപ്പടയുടെ പുല്ലുവെട്ടുകാരെക്കൂടി ഒഴിവാക്കരുതെന്നും യുദ്ധം ചെയ്യുമ്പോൾ സൈനികരെ പ്രത്യേകം പുകഴ്ത്തി പ്രോത്സാഹിപ്പിക്കണമെന്നും ഈ പ്രഖ്യാപനം വിശദീകരിക്കുന്നു.

കലാപകാരികളുടേയും അവരുടെ നേതൃത്വത്തിന്റേയും പക്ഷത്ത് നിന്നു ഇത്തരം പ്രഖ്യാപനങ്ങളും എഴുത്തുകളും പ്രചരിപ്പിക്കപ്പെടുമ്പോൾ ബ്രിട്ടീഷുകാരെ പൂർണ്ണമായും പിന്തുണയ്ക്കുന്ന പത്രപ്രസ്താവനകളും പ്രമേയങ്ങളും കല്ക്കത്തപോലുള്ള പട്ടണങ്ങളിൽനിന്നും പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. കല്ക്കത്തയിലെ ധർമ്മസഭ എന്ന സംഘടനയും അതിന്റെ ജിഹ്വയായ സമ്പദ് പ്രഭാകറും പ്രചരിപ്പിച്ച ആശയങ്ങൾ ബംഗാളിലെ ബുദ്ധിജീവികളുടെ സമീപനം വ്യക്തമാക്കുന്നു. സങ്ബദ് പ്രഭാകർ 26 മെയ് 1857-ന് എഴുതിയ മുഖപ്രസംഗത്തിൽ പറയുകയാണ്: 'കല്ക്കത്തയിലെ മെട്രോപൊളിറ്റൻ ഹിന്ദു കോളേജിൽ പ്രമുഖ പൗരന്മാരുടെ ഒരു യോഗം ചേരുകയും അവർ സിപ്പായിമാരുടെ കലാപത്തെ അപലപിക്കുകയും ഗവൺമെന്റിനോടുള്ള കൂറു പ്രഖ്യാപിക്കുകയും കലാപം അമർച്ച ചെയ്യുന്നതിന്നാവശ്യമായ എല്ലാ സഹായവും ബ്രിട്ടീഷുകാർക്കു വാഗ്ദാനം ചെയ്യുകയും ചെയ്തു.' ഈ യോഗത്തിന്റെ അധ്യക്ഷൻ ബംഗാളിലെ ബുദ്ധിജീവിയും ധർമ്മസഭയുടെ പ്രസിഡണ്ടുമായ രാജാരാധാകാന്തദേബ് ആയിരുന്നുതാനും. അതേ മുഖപ്രസംഗം തുടർന്നു:

'കലാപം പൂർണമായും 'മതശൂന്യ'മാണ്. സിപ്പായിമാർ തെറ്റായ ഒരു വഴിയാണ് പിന്തുടർന്നിട്ടുള്ളത്. ബ്രിട്ടീഷ് ഭരണത്തെ മാറ്റിനിർത്തുകയെന്ന ചിന്തപോലും പരമമായ ഒരു തെറ്റാണ്. അവരുടെ ഭരണത്തിൽ ഒരു വലിയ ഐശ്വര്യമാണ് ഉണ്ടായിട്ടുള്ളത്. ഹിന്ദുക്കൾക്കു വലിയ സ്വാതന്ത്ര്യമാണ് ലഭിച്ചിട്ടുള്ളത്.

(മുസ്ലീം ഭരണവുമായി താരതമ്യപ്പെടുത്തുമ്പോൾ)... ബ്രിട്ടീഷ് ഭരണത്തിൽ നിന്നും ലഭിച്ചിട്ടുള്ള നന്മകൾ മറക്കുവാൻ കഴിയുകയില്ല. ആയതിനാൽ ഓരോ (ബ്രിട്ടീഷ്) പ്രജയുടേയും കർത്തവ്യം സിപ്പായിമാരുടെ പരാജയത്തിനുവേണ്ടിയും ബ്രിട്ടീഷുകാരുടെ വിജയത്തിനുവേണ്ടിയും പ്രാർഥിക്കുകയെന്നുള്ളതാണ്. (സുഷീൽ ചൗധരിയുടെ ലേഖനം, ആലിഗർ ഹിസ്റ്റോറിയൻസ് സൊസൈറ്റി പേപ്പേർസ്, 2007)

ഇതേ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ കൂടി ബുദ്ധിജീവികളുടെ നയം വ്യക്തമാക്കുവാനുപകരിക്കും. 1. കലാപം പൊട്ടിപ്പുറപ്പെട്ടതിൽ യോഗം അത്യന്തം വ്യസനിക്കുകയും സിപ്പായിമാരുടെ പ്രവൃത്തിയെ അപലപിക്കുകയും ചെയ്യുന്നു. 2. ഇവിടുത്തെ ജനങ്ങൾ കലാപകാരികളെ സഹായിക്കുന്നില്ലെന്ന് സന്തോഷത്തോടെ രേഖപ്പെടുത്തേണ്ടതുണ്ട് 3. തെമ്മാടികളായ ചിലരുടെ സ്വാധീനംകൊണ്ടാണ് സിപ്പായിമാർ ഈ ചീത്തവഴി സ്വീകരിച്ചിട്ടുള്ളത്. അത്തരം ഒരു വലിയ തെറ്റ് അവർ ചെയ്യുന്നതിന്നു തീർച്ചയായും ഒരു യുക്തിയില്ല. 4. എല്ലാ പ്രജകളോടും ഗവൺമെന്റിന്നു എല്ലാവിധ സഹായങ്ങളും ചെയ്യുവാനും ആവശ്യമാണെങ്കിൽ സമാധാനം നിലനിർത്തുവാനും കൂടി ആവശ്യപ്പെടുന്നു. 5. ഈ രാജ്യത്തെ ജനങ്ങൾ സംസാരിക്കുന്ന എല്ലാ ഭാഷകളിലും ഈ തീരുമാനങ്ങൾ വിവർത്തനം ചെയ്ത് പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. 6. ഈ തീരുമാനങ്ങളുടെ ഒരു പകർപ്പു ഗവർണർജനറലിനു അയച്ചുകൊടുക്കേണ്ടിയിരിക്കുന്നു.

ബംഗാളിലെ സമ്പന്നരും മധ്യവർഗക്കാരുമായ ഹിന്ദുക്കളായ ബുദ്ധിജീവികളുടെ നിലപാട് ഇതാണെന്നു കാണാം. ബ്രിട്ടീഷുകാരുടെ വിജയത്തിൽ അവർ പൂജ നടത്തുകയും ചെയ്തു. പണ്ഡിറ്റ് ഗൗരീശങ്കറിനെപ്പോലുള്ള വ്യക്തികൾക്കു കലാപം വലിയ ഭയമാണുണ്ടാക്കിയത്. കാരണം വീണ്ടും ഒരു മുസ്ലീം രാജ്യം സ്ഥാപിക്കപ്പെടുമോ എന്നായിരുന്നു അവരുടെ ഭയം. ബുദ്ധിജീവികൾ കലാപത്തിന്നാവശ്യമായ ബൗദ്ധികപശ്ചാത്തലം ഒരുക്കിയെടുത്തില്ലെന്നു മാത്രമല്ല അവർ കലാപത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്തില്ല. കലാപം വിജയിക്കാതിരിക്കുകയെന്നതായിരുന്നു അവരുടെ ആഗ്രഹവും ലക്ഷ്യവും.

ഇത്തരം ഒരു പശ്ചാത്തലവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുമ്പോൾ കലാപത്തിന്റെ കാലഘട്ടത്തിൽ പ്രത്യക്ഷപ്പെട്ട പ്രഖ്യാപനങ്ങൾ എത്രമാത്രം പ്രാധാന്യമർഹിക്കുന്നവയാണെന്നു മനസ്സിലാക്കുവാൻ കഴിയുന്നു. പ്രിൻസ് ഫിറോസ്ഷാ മുഹമ്മദിന്റെ ആഗസ്ത് 25-നുള്ള പ്രഖ്യാപനം കൊളോണിയൽ ഭരണം ഇന്ത്യയിലുണ്ടാക്കിയ സാമൂഹ്യഘടനാപരമായ മാറ്റവും സാമ്പത്തികമായ പാപ്പരത്വവും എല്ലാം ചരിത്രപരമായി വിശകലനം ചെയ്യുന്നു. ഹിന്ദു-മുസ്ലിം മൈത്രിക്കുവേണ്ടി എല്ലാ തലങ്ങളിലും പ്രവർത്തിക്കുവാനും യോജിച്ചുകൊണ്ട് ബ്രിട്ടീഷുകാരെ ഇല്ലാതാക്കുവാനുമുള്ള ആഹ്വാനം ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ വലിയ ചാലകശക്തിയായി പില്ക്കാലത്ത് രൂപാന്തരപ്പെടുന്നു.

കലാപത്തിന്നുശേഷം ബ്രിട്ടീഷ് രാജ് വീണ്ടും സുസ്ഥാപിതമായപ്പോൾ, ബംഗാൾ ബുദ്ധിജീവികൾ കലാപത്തിന്നു നേർക്കു സ്വീകരിച്ച അതേ സമീപനമായിരുന്നു ആലിഗർ പ്രസ്ഥാനത്തിലൂടെ വളർന്നുവന്ന പല മുസ്ലിം ബുദ്ധിജീവികളും പില്ക്കാലത്ത് ഇന്ത്യൻ ദേശീയതയോട് സ്വീകരിച്ചതെന്ന ചരിത്രപരമായ വിരോധാഭാസം പ്രത്യേകം ഓർമിക്കേണ്ടിയിരിക്കുന്നു. കലാപത്തിൽ പങ്കെടുത്ത നേതൃത്വത്തിന്നും ഭരണാധികാരികൾക്കും തങ്ങളുടെ പ്രഖ്യാപനത്തിന്റെ അന്തഃസത്തയോടൊപ്പം വളരുവാനും അതു സ്വാംശീകരിക്കുവാനും മറ്റനേകം കാരണങ്ങളാൽ വേണ്ടത്ര കഴിയാതെ പോയെന്ന യാഥാർഥ്യം വിസ്മരിക്കുവാൻ കഴിയുകയില്ല. ഇന്നും ഇത്തരം വൈരുദ്ധ്യങ്ങൾ നിലനില്ക്കുന്ന യാഥാർഥ്യം ഇവിടുത്തെ രാഷ്ട്രീയജീവിതത്തിൽ പ്രതിഫലിക്കുന്നു. പതിനാറാം നൂറ്റാണ്ടിൽ അറബിക്കടലിന്റെ സ്വാതന്ത്ര്യത്തിന്നുവേണ്ടി നടന്ന സാഹസിക യുദ്ധങ്ങൾ സമീപകാലത്ത് കൊളോണിയൽ ശക്തികളുമായി കൈകോർത്തു കൊണ്ടുള്ള നാവികപരിശീലനമായി മലബാർ എന്നുള്ള അതേ പേരിൽ അറിയപ്പെടുന്നതിന്റെ വൈരുദ്ധ്യം അഥവാ വിരോധാഭാസം ഇതേ ചരിത്രഗതിയുടെ സൃഷ്ടിയാണെന്നു കാണാം.

# സൈനിക ഏറ്റുമുട്ടലുകൾ

കലാപത്തിൽ വൻ പട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലും എല്ലാം നടന്ന സൈനിക നടപടികളുടേയും ഏറ്റുമുട്ടലുകളുടേയും സംക്ഷിപ്തമായ ഒരു ചരിത്രം പോലും ഒരു ചെറിയ ഗ്രന്ഥത്തിൽ അവതരിപ്പിക്കുക സാദ്ധ്യമല്ല. ഇന്ത്യൻ ചരിത്ര കൗൺസിലിന്നുവേണ്ടി പി.എൻ. സാഹെ ഉണ്ടാക്കിയ ഗ്രന്ഥ സൂചി, പ്രത്യേകിച്ചും ഇംഗ്ലീഷ് ഭാഷയിലെഴുതപ്പെട്ട ഗ്രന്ഥങ്ങളുടേത് തന്നെ വളരെ വിപുലമാണ്. ഓരോ പ്രദേശത്തേയും ഏറ്റുമുട്ടലുകളുടെ ചരിത്രം എഴുതപ്പെടേണ്ടിയിരിക്കുന്നു. ഇത്തരം ചുറ്റുപാടിൽ സംഭവങ്ങളുടെ ഒരു സംക്ഷിപ്തരൂപം ഒരുനാൾ വഴിയിലൂടെ നല്കുകയെന്നത് അത്യാവശ്യമാണ്. മാർക്സും ഏംഗൽസും എഴുതിയ തങ്ങളുടെ 'ദ ഫസ്റ്റ് ഇന്ത്യൻ വാർ ഓഫ് ഇൻഡിപ്പെൻഡൻസ്' എന്ന ഗ്രന്ഥത്തിൽ (1959) മാർക്സ് അത്തരം ഒരു കുറിപ്പു കൊടുത്തിട്ടുണ്ട്. ആ കുറിപ്പുകളും മറ്റു ചില സൈനിക ചരിത്രങ്ങളും ഉപയോഗപ്പെടുത്തി ഈ ഗ്രന്ഥത്തിലും ഒരു ഹ്രസ്വ വിവരണം നല്കുകയാണ്. അല്ലാതിരുന്നാൽ എന്തായിരുന്നു പ്രധാനമായ സൈനിക നടപടികളെന്നു മനസ്സിലാക്കുവാൻ വളരെ വിഷമമാണ്. പല ഏറ്റുമുട്ടലുകളും ഒരേ സൈന്യം തന്നെ വ്യത്യസ്ത ദിനങ്ങളിൽ നടത്തുന്നവയാണ് താനും. ശീഘ്രമായ സഞ്ചാരവും അതുപോലെ ശാഖാചംക്രമണരൂപത്തിലുള്ള ആവർത്തനവും കൊണ്ട് അവ വായനക്കാരനു സ്വയം ഉൾക്കൊള്ളുവാൻ കഴിയുന്നതല്ല.

1856: കലാപത്തിന്റെ ഏറ്റവും ശക്തമായ പശ്ചാത്തല സംഭവം ഗവർണർ ജനറൽ ഡൽഹൗസി പ്രഭു അവധ് പിടിച്ചെടുത്തതും മറ്റനേകം ഭരണ പരിഷ്കാരങ്ങൾ നടപ്പിലാക്കുകയും ചെയ്തതാണ്. പഞ്ചാബിലെ മഹാരാജാവ് ദുലീപ് സിങ് ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു. നാല്പതുലക്ഷം പവൻ റവന്യൂ വരുമാനം ലഭിച്ച് കമ്പനിയുടെ രാജ്യം വളർന്നുവന്നു. ഡൽഹൗസി 1856-ൽ അഭിമാനപൂർവ്വം വിടവാങ്ങി. വർദ്ധിച്ച പബ്ലിക് വർക്സ് ചെലവുകൾ പൊതുഭരണച്ചെലവ് കുറക്കുവാനിടയാക്കി.

1857: ഇന്ത്യൻ സിപ്പായിമാരുടെ സൈന്യം സംഘടിതമായിരുന്നില്ല. അവധിൽനിന്നു മാത്രം നാല്പതിനായിരം പേർ ഉൾക്കൊണ്ടിരുന്നു. അവരെ ജാതിയും ദേശീയതയും പരസ്പരം ബന്ധപ്പെടുത്തി. തങ്ങളുടെ റെജിമെന്റുകളുടെ മേധാവികളിൽ നിന്നും നേരിടുന്ന അപമാനം എല്ലാവർക്കും പൊതുവായ പരാതിയായി മാറി. അച്ചടക്കത്തിന്റെ പരിമിതി, അധികാരമില്ലാത്ത ഓഫീസർമാർ, പലപ്പോഴുമുണ്ടായ കലാപങ്ങൾ ഒരു പൊതുസ്വഭാവമായി. ബംഗാൾ സൈന്യം റങ്കൂൺ ആക്രമണത്തിന്നു സാദ്ധ്യമല്ലെന്നു പറഞ്ഞു. പകരം 1852-ൽ

സിക്ക് സൈന്യത്തെയാണ് വിന്യസിച്ചത്. പഞ്ചാബ് 1849-ലും അവധ് 1856-ലും കീഴടക്കിയതോടെ സംഭവങ്ങൾ കൂടുതൽ വഷളായി. സൈന്യത്തിൽ ജാതി നശിപ്പിക്കുവാനുള്ള പ്രവണതകൾ കൂടിവരുന്നതായി സിപ്പായിമാർ മനസ്സിലാക്കി. കടൽ കടന്നുള്ള യാത്ര ഒരു കാരണമായി. ഫക്കീർമാർ അവർക്ക് പ്രചോദനം നല്കി.

കൂടാതെ 1857ന്റെ ആദ്യം തന്നെ പന്നിയുടേയും പശുവിന്റേയും കൊഴുപ്പു കൊണ്ട് ഉണ്ടാക്കിയ തോട്ടകൾ കടിച്ചു പൊളിക്കുന്ന പുതിയ രീതി ജാതി നശിപ്പിക്കുമെന്ന് സൈനികർ വിശ്വസിച്ചു. ബാറക്പൂരിലും റാണിഗഞ്ചിലും ഇത്തരത്തിലുള്ള ചെറിയ കലാപങ്ങൾ ഉണ്ടായി.

26 ഫിബ്രവരി: ബർഹാംപൂരിൽ (മൂർഷിദാബാദിന്നുതെക്ക് ഹുഗ്ലിയിൽ സിപ്പായിമാർ കലാപം നടത്തി. മാർച്ചിൽ ബാരക്ക്പൂരിലും കലാപം ഉണ്ടായി. ബംഗാൾ സൈന്യം ഇത്തരത്തിൽ പ്രതികരിച്ചു.

മാർച്ച്-ഏപ്രിൽ:- അമ്പാലയിലും മീററ്റിലും സിപ്പായിമാർ തങ്ങളുടെ ബാരക്കുകൾ ഇടയ്ക്കിടെ തീവെച്ച് നശിപ്പിച്ചു. അവധിലും വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിലും ഫക്കീർമാർ ബ്രിട്ടീഷുകാർക്കെതിരായി ആളുകളെ പ്രകോപിപ്പിച്ചു. നാനാസാഹിബ് തുടങ്ങിയവർ ബ്രിട്ടീഷുകാർക്കെതിരായി പ്രവർത്തിച്ചു. തോട്ടകളുടെ ഉപയോഗത്തെ ഒരവസരമായി മാറ്റുവാൻ പലരും പ്രവർത്തിച്ചുകാണാം.

24 ഏപ്രിൽ: അവധിലെ ചീഫ് കമ്മീഷണറായ സർ ഹെന്റി ലോറൻസ് ലഖ്നൗവിലെ 48-ാം ബങ്കാളി റെജിമെന്റ്, 3-ാം പ്രാദേശിക കുതിരപ്പട, അവധിലെ 7-ാം ഇറഗുലർ സൈന്യം എന്നിവയെ ശാന്തമാക്കുവാനായി ഇംഗ്ലീഷ് പട്ടാളത്തെ വിളിച്ചുവരുത്തി.

10 മെയ് മുതൽ:- മീററ്റിൽ 11,20 എന്നീ സിപ്പായിമാരുടെ കാലാൾപ്പട ഇംഗ്ലീഷുകാരെ ആക്രമിക്കുകയും വെടിവെക്കുകയും ചെയ്തു. അവർ സ്ത്രീകളേയും കുട്ടികളേയും വധിച്ചു. ഇതാകട്ടെ 85 സിപ്പായിമാരെ കോർട്ട്മാർഷൽ ചെയ്ത് തലേദിവസം തടവുശിക്ഷ വിധിച്ച സംഭവത്തിനു ശേഷമായിരുന്നു. കലാപകാരികൾ ഇവരെ മോചിപ്പിക്കുകയും ഡൽഹിയിലേക്ക് യാത്ര തിരിക്കുകയും ചെയ്തു. അവരുടെ കൂടെ സൈനികരല്ലാത്തവരും പങ്കെടുത്തു.

11 മെയ്: കലാപകാരികൾ ഡൽഹിയിലെത്തുന്നു. ബഹദൂർഷാ സഫർ എന്ന മുഗൾ അവകാശിയായ രാജാവിനെ അധികാരത്തിലിരുത്തുന്നു. സിപ്പായി കാലാൾപ്പട 54,74,38 എന്നീ വിഭാഗങ്ങൾ കലാപം നടത്തി. ഇംഗ്ലീഷ് കമ്മീഷണർ, ചാപ്ലിൻ, ഓഫീസ്സർമാർ തുടങ്ങിയവരെ വധിച്ചു. ഇംഗ്ലീഷുകാർ വെടിമരുന്നറ പ്രതിരോധിച്ചു. പൊട്ടിത്തെറിച്ച് രണ്ടുപേർ മരിച്ചു. പട്ടണത്തിലെ ഇംഗ്ലീഷുകാർ കാട്ടിൽ രക്ഷപ്രാപിച്ചു. അവരെ നാട്ടുകാർ വധിച്ചു. ചിലർ മീററ്റിൽ മടങ്ങിയെത്തിയപ്പോൾ അവർക്ക് സൈന്യങ്ങൾ ഉണ്ടായിരുന്നില്ല.

ഫെറോസ്പൂർ, മുസഫർനഗർ, അലിഗർ, ഗട്ടാപ്പര, അട്ടാവ, മെയിൻപുരി, നസീറാബാദ്, റൂർക്കി, എട്ടാ, മധുര, ലഖ്നൗ, ബറൈലി, ഷാജഹാൻപൂർ തുടങ്ങിയ സ്ഥലങ്ങളിൽ കലാപം വ്യാപിച്ചു. ഫെറോസ്പൂരിൽ സിപ്പായിമാരുടെ



ബഹദൂർഷാ സഫർ ഇംഗ്ലീഷുകാർക്ക് കീഴടങ്ങുന്നു. ഹുമയൂൺ ശവകുടീരം.
(1857 സപ്തംബർ 21)

45, 57 വിഭാഗങ്ങൾ കോട്ടപിടിക്കാൻ ശ്രമിച്ചു. ഇംഗ്ലീഷുകാരുടെ 61-ാം വിഭാഗം പരാജയപ്പെടുത്തി. കലാപകാരികൾ ടൗൺ കൊള്ളചെയ്തു. തീവെക്കുകയും ചെയ്തു. കുതിരപ്പട അവരെ ഓടിച്ചു.

മീററ്റ്, ഡൽഹി എന്നിവിടങ്ങളിലെ വാർത്തകളറിഞ്ഞ് ജനറൽ കോർബറ്റ് ലാഹോറിൽ ഒരു പൊതുപരേഡ് നടത്തുകയും ഇംഗ്ലീഷ് പീരങ്കിപ്പടയേയും സൈനികരേയും മുൻനിർത്തി സിപ്പായിമാരുടെ ആധുധം വെപ്പിക്കുകയും ചെയ്തു.

20 മെയ്: സിപ്പായിമാരുടെ 64,55,39 എന്നീ കാലാൾപ്പട പെഷവാറിൽ ആയുധവിമുക്തരാക്കപ്പെട്ടു. ഇംഗ്ലീഷുകാരും അവരുടെ വിശ്വസ്തരും നൌഷാര, മർദാൻ എന്നീ സ്റ്റേഷനുകൾ മോചിപ്പിച്ചു. മെയ് അവസാനം അംബാലയെ പൂർണമായും ഇംഗ്ലീഷുകാരെക്കൊണ്ട് സായുധീകരിച്ചു. ജനറൽ ആൻസൺന്റെ കീഴിൽ ഒരു സൈനിക കേന്ദ്രമുണ്ടാക്കി. സിംലയിലുള്ള ഇംഗ്ലീഷുകാരുടെ കുടുംബങ്ങൾ ആക്രമിക്കപ്പെട്ടിരുന്നില്ല.

25 മെയ്: ജനറൽ ആൻസൺ തന്റെ സൈന്യത്തോടുകൂടെ ഡൽഹിയിലേക്ക് മാർച്ചുചെയ്തു. 27ന് അദ്ദേഹം മരിച്ചപ്പോൾ സർ ഹെൻറി ബർനാർഡ് ചാർജ്ജെടുത്തു. ഇവർ മീററ്റിൽ നിന്നും വന്ന ജനറൽ വിൽസന്റെ സൈന്യവുമായി ബന്ധപ്പെട്ടു. വഴിയിൽ സിപ്പായിമാരുമായി ഏറ്റുമുട്ടി.

5 ജൂൺ: കലാപം ഇന്ത്യയിലെങ്ങും വ്യാപിച്ചുകൊണ്ടിരിക്കുന്നു. മൊറാദാബാദ്, ബാദൂൺ, അസംഗാർ, പീതാപൂർ, നീരച്ച്, ബനാറസ്, കാൺപൂർ, ഝാൻസി

എന്നിവിടങ്ങളിൽ വ്യാപിച്ചു. ഇരുപതു പ്രത്യേക സ്ഥലങ്ങൾ ഇത്തരം കേന്ദ്ര ങ്ങളായി. പാട്യാല രാജാവ്, സിന്ധ്യ തുടങ്ങിയവർ ഇംഗ്ലീഷുകാരോടു കൂറു പുലർത്തി. അവർ സൈന്യങ്ങളെ സഹായത്തിനു വിട്ടുകൊടുത്തു.

6 ജൂൺ: കാൺപൂരിൽ നാനാസാഹിബ് മൂന്നു സിപ്പായി റജിമെന്റും മൂന്നു നാട്ടുകുതിരപ്പടയുമായി ചാർജ്ജ് ഏറ്റെടുത്തു. കാൺപൂർ സൈന്യത്തിന്റെ കമാൻഡറായ സർ ഹൂജ് വീലർക്ക് ഒരു ബറ്റാലിയൻ ഇംഗ്ലീഷ് കാലാൾപ്പട മാത്രം. അദ്ദേഹം ബാരക്കുകളും കോട്ടയും പിടിച്ചുനിന്നു. അദ്ദേഹം വളയപ്പെട്ടു. പല ഇംഗ്ലീഷുകാരും സ്ത്രീകളും കുട്ടികളും ഓടി രക്ഷപ്പെട്ടു.

അലഹാബാദിൽ സിപ്പായിമാർ കലാപം നടത്തി. ഓഫീസ്സർമാരെയും ഭാര്യ മാരെയും കുട്ടികളെയും ദാരുണമാംവിധം വധിച്ചു. കേണൽ സിംപ്സൺ സംര ക്ഷിച്ചിരുന്ന കോട്ട കലാപകാരികൾ പിടിച്ചെടുക്കാൻ പരിശ്രമിച്ചു. മദ്രാസിൽ നിന്നും കല്ക്കത്ത വഴി കേണൽ നെയ്ലിന്റെ കീഴിൽ വന്നിരുന്ന സഹായക സൈന്യം സിംപ്സന്റെ കൂടെ ഒന്നിച്ചു. നെയിൽ കോട്ടയിലുള്ള സിക്കുകാരെ യെല്ലാം പുറത്താക്കി. കോട്ട സംരക്ഷണം ഇംഗ്ലീഷുകാരെ മാത്രം ഏല്പിച്ചു. വഴിയിൽ അദ്ദേഹം ബനാറസ്സ് പിടിച്ചെടുക്കുകയും അവിടെ ആദ്യമായി കലാപം നടത്തിയ 37-ാം സിപ്പായി കാലാൾപ്പടയെ പരാജയപ്പെടുത്തുകയും ചെയ്തു. നാനാഭാഗത്തുനിന്നും അലഹാബാദിലേക്ക് കമ്പനിയുടെ സൈനികർ പ്രവ ഹിക്കുകയും ചെയ്തു.

7-8 ജൂൺ: ഝാൻസി കോട്ട പിടിച്ചെടുക്കപ്പെടുന്നു. കലാപകാരികൾ റാണി യെ അധികാരത്തിലിരുത്തി. ബദലി സാലായിൽ കലാപകാരികൾ ഏറ്റുമുട്ടി.

17 ജൂൺ: ബങ്കാൾ സൈന്യത്തിന്റെ കമാൻഡറായി സർ പാട്രിക് ഗ്രാൻട് ചാർജ്ജെടുത്തു. അഡ്ജൂട്ടൻട് ജനറൽ ഹാവലക്ക് കല്ക്കത്തയിലെത്തി പെട്ടെന്ന് മുന്നോട്ട് നീങ്ങി.

26 ജൂൺ: കാൺപൂർ കീഴടങ്ങുകയാണെങ്കിൽ ഇംഗ്ലീഷുകാർക്ക് സുരക്ഷിത മായ പിന്മാറ്റം നാനാസാഹബ് വാഗ്ദാനം നല്കുന്നു. വീലർ 27 ന് ഇത് സ്വീക രിച്ചു. ബാക്കിയുള്ള 400 പേരെ ഗംഗാനദിയിൽ താഴോട്ട് ബോട്ടുയാത്രക്കനുവ ദിച്ചു. എന്നാൽ രണ്ടു ഭാഗത്തുനിന്നും അവർ ആക്രമിക്കപ്പെട്ടു. ഒരു ബോട്ട് രക്ഷപ്പെട്ടു. താഴോട്ടും ആക്രമണം നടന്നു. സൈനികരിൽ നാലുപേർ രക്ഷ പ്പെട്ടു. ഒരു ബോട്ട് പൂഴിത്തട്ടിലമർന്നു. അതിലെ സ്ത്രീകളെയും കുട്ടികളെയും പിടികൂടി കാൺപൂരിലേക്ക് നടത്തിച്ച് ജയിലിലിട്ടു. ഈ സംഭവത്തെ 'സതീ ഘാട്ട്' എന്ന ദുരന്തസംഭവമായി അറിയപ്പെടുന്നു.

ജൂലായിൽ ഇവിടുത്തെ കലാപകാരികൾ ഫത്തേഗറിൽ നിന്നും കൂടുതൽ പേരെ വലിച്ചുകൊണ്ടുവന്നു. ഫറൂക്കാബാദിൽനിന്നും മൂന്നുമൈൽ അകലെ യുള്ള സൈനിക കേന്ദ്രമാണ് ഫത്തേഗർ. ഗവർണർ ജനറൽ കാനിങ്പ്രഭു വിന്റെ കല്പനപ്രകാരം മദ്രാസ് സൈന്യം നെയ്ലിന്റെ കീഴിൽ കരക്കിറങ്ങി. ബോംബെ സൈന്യം സിന്ധുനദിയിൽ ലാഹോർ വരെ മുന്നോട്ടുനീങ്ങി.

30 ജൂൺ: അലഹാബാദിൽ എത്തിയ ജനറൽ ഹാവലക്ക് കമാൻഡൻട് പദവി സ്വീകരിച്ചു. ആയിരം ബ്രിട്ടീഷുകാരോടൊപ്പം കാൺപൂരിലേക്ക് മാർച്ച് ചെയ്തു.

കുറച്ചധികം ഏറ്റുമുട്ടലുകൾക്കുശേഷം ജൂലായ് 12ന് ഫത്തേപ്പൂരിൽ കുറേ സിപ്പായിമാരെയും പിന്തിരിപ്പിച്ചു. കലാപകാരികൾക്കെതിരായി മുഴുവൻ സൈന്യങ്ങളും സമീപപ്രദേശങ്ങളിലേക്ക് മാർച്ച് ചെയ്തു. കലാപകാരികളെ പുറത്താക്കി. ചിലർ റസിഡൻസിയിൽ രക്ഷനേടിയതിനാൽ ആ സ്ഥലം വളയപ്പെട്ടു.

4 ജൂലായ്: കോൺപൂരിൽ വെച്ച് 2-ാം തീയതി നടന്ന ആക്രമണത്തിൽ ഷെല്ല് തട്ടുകയാൽ മുറിവേറ്റിരുന്ന സർ ഹെൻറി ലോറൻസ് മരിച്ചു. കേണൽ ഇംഗ്ലിസ് കമാൻഡ് ഏറ്റെടുത്തു. മൂന്നു മാസത്തോളം ആക്രമണകാരികൾക്കെതിരായി അവർ പിടിച്ചുനിന്നു. ഹാവലക്ക് ഈ നടപടികൾക്കു നേതൃത്വം നല്കി. അദ്ദേഹം കാൺപൂരിലേക്കു നീങ്ങിയതോടുകൂടെ സർ ജെയിംസ് ഔട്ട്റാം കൂടെച്ചേരുകയും കലാപം നടന്ന ജില്ലകളിൽ നിന്നും ധാരാളം സൈന്യങ്ങളെ വരുത്തി സൈന്യം ശക്തമാക്കുകയും ചെയ്തു.

12 ജൂലായ്: ജ്വാലാപ്രസാദിന്റെയും തിലക് സിങ്ങിന്റെയും കീഴിലുള്ള നാനാസാഹിബിന്റെ സൈന്യം ഫാത്ത്ഗാറിൽ പരാജയപ്പെട്ടു.

16 ജൂലായ്: കാൺപൂരിൽ കടുത്ത പോരാട്ടം നാനാസാഹിബിന്റെ സൈന്യം ബിത്തൂറിലേക്ക് പിൻവാങ്ങുന്നു.

27 ജൂലായ്: കൻവർസിങ്ങ് ആറ പിടിച്ചടക്കി.

3 ആഗസ്ത്: ബ്രിട്ടീഷുകാർ ആറ തിരിച്ചെടുത്തു.

13 ആഗസ്ത്: ജഗദീഷ്പൂരിൽ കൻവർസിങ്ങ് പരാജയപ്പെട്ടു.

16 ആഗസ്ത്: താന്തിയാതോപ്പി ബിത്തൂരിൽ പരാജയപ്പെട്ടു.

11 സപ്തംബർ: പട്ടാളത്തിന്റെ ചീഫ് കമാൻഡന്റ് പദവി സർ. കോളിൻ ക്യാമ്പ്ബെൽ ഏറ്റെടുത്തു.

20 സപ്തംബർ : ജനറൽ വിൽസന്റെ കീഴിൽ ഡൽഹി പിടിച്ചെടുത്തു. ആറു ദിവസം ഒരു യഥാർത്ഥയുദ്ധം തന്നെ നടന്നു. തന്റെ കുതിരപ്പടയുമായി ഹോഡ്സൺ കൊട്ടാരത്തിൽ കടന്നു. വൃദ്ധനായ രാജാവിനെയും രാജ്ഞി സീനത്ത് മഹലിനെയും പിടിച്ചുവെച്ചു. അവരെ തടവിലാക്കി. ഹോഡ്സൺ സ്വന്തം കൈകളാൽ രാജകുമാരന്മാരെ വെടിവെച്ചുകൊന്നു. ഡൽഹിക്കു ചുറ്റും ഒരു പട്ടാളവലയം തീർത്തു. സമാധാനം കൈവരിച്ചു. കേണൽ ഗ്രെയിറ്റ് ഹെഡ്സ് ഉടനെ ഡൽഹിയിൽനിന്നും ആഗ്രയിലേക്ക് തിരിച്ചു. ഹോൽക്കറുടെ തലസ്ഥാനമായ ഇന്തോറിൽ നിന്നുമെത്തിയ കലാപകാരികളുടെ വൻകൂട്ടത്തെ വഴിയിൽ തോല്പിച്ചു.

ഡൽഹിയുടെ പതനത്തിനുമുമ്പ് സപ്തംബർ 19ന് കാൺപൂരിൽ മുഴുവൻ സൈന്യവും ഗംഗാനദി കടന്നു. ഹാവലക്ക്, ഔട്ട്റാം, നെയിൽ എന്നിവരുടെ നേതൃത്വത്തിൽ ലഖ്നൗവിൽ നിന്നും 8 നാഴിക അകലെയുള്ള നവാബിന്റെ ഉഷ്ണകാലത്തെ കൊട്ടാരം സ്ഥിതിചെയ്ത ആലംബാഗിനെ ആക്രമിച്ചു.

22 സപ്തംബർ : ഹോഡ്സൺ ഡൽഹിയിൽ ബഹദൂർഷാവിന്റെ മകളെ അറസ്റ്റ് ചെയ്തു.

25 സപ്തംബർ: ലഖ്നൗവിന്നുനേരെ അവസാന ആക്രമണം. റസിഡൻസിയിലെത്തുകയും സൈന്യങ്ങൾ അവിടെ കേമ്പ് ചെയ്ത് വളരെ അടുത്തു

നിന്ന് ആക്രമണം നടത്തി. ആക്രമണം രണ്ടുമാസം നീണ്ടുനിന്നു. പട്ടണത്തിലെ യുദ്ധത്തിൽ നെയിൽ നിപതിച്ചു. ഔട്ട് റാമിന്ന് കൈക്ക് മുറിവേറ്റു.

10 ഒക്ടോബർ: കേണൽ ഗ്രെയിറ്റ് ഹെഡ് ആഗ്ര പിടിച്ചെടുത്തു. പിന്നീട് കാൺപൂരിലേക്ക് മാർച്ച് ചെയ്തു. ഒക്ടോബർ 26ന് അവിടെയെത്തി. ഇതിന്നിടയിൽ കലാപകാരികളെ ആസംഗ്രാ, ഛത്ര(ഹാസാരബാഗിനു സമീപം), കാജ്‌വാ, ഡൽഹി പ്രദേശങ്ങൾ എന്നിവിടങ്ങളിൽ കേപ്റ്റൻ ബൊയ്‌ലോ, മേജർ ഇംഗ്ലിസ്, നാവൽ ബ്രിഗേഡിലെ പീൽ എന്നിവർ പരാജയപ്പെടുത്തി. പോഷക സൈന്യവും പ്രോബിന്റെയും ഫേനിന്റെയും കുതിരപ്പടയും പുതുതായി റിക്രൂട്ട് ചെയ്ത വളണ്ടിയർ റജിമെന്റും എല്ലാം യുദ്ധരംഗത്തെത്തി. കൂടാതെ സർ. കോളിൻ ക്യേമ്പ്ബെൽ ആഗസ്തിൽ കല്ക്കത്തയിലെ കമാൻഡ് ഏറ്റെടുത്തു. ഇതെല്ലാം ഒരു വലിയ യുദ്ധത്തിന്റെ സന്നാഹമായി മാറി.

23 ഒക്ടോബർ: സിക്കന്തർബാഗ് മുറിച്ചുകടന്നു ബ്രിട്ടീഷുകാർ ലഖ്നൗ വീണ്ടെടുത്തു.

26 ഒക്ടോബർ: പാണ്ഡു നദിക്കരയിൽ താന്തിയാതോപ്പി പരാജയപ്പെട്ടു.

27 ഒക്ടോബർ: തോപ്പി കാൺപൂരിൽനിന്നും ബ്രിട്ടീഷുകാരെ പുറത്താക്കി; അതു പിടിച്ചെടുത്തു.

19 നവംബർ: സർ കോളിൻ ക്യേമ്പ് ബെൽ ലഖ്നൗ റസിഡൻസിയിൽ ആക്രമിക്കപ്പെട്ട സൈന്യത്തെ വീണ്ടെടുത്തു.

24 നവംബർ: സർ ഹെൻറി ഹാവ്‌ലക്ക് മരിച്ചു. ലഖ്നൗവിൽ വെച്ചായിരുന്നു.

6 ഡിസംബർ: കാൺപൂരിന്നു മുമ്പിൽ കോളിൻ ക്യേമ്പ് ബെൽ അനേക യുദ്ധങ്ങൾ നടത്തി. കലാപകാരികൾ പട്ടണം ഉപേക്ഷിച്ചു പലായനം ചെയ്തു. താന്തിയാതോപ്പിയെ പരാജയപ്പെടുത്തി. സർ ഹോപ്പ് ഗ്രാൻട് പലരേയും ഓടിച്ചു. മുറിവേല്പിക്കുകയും. പട്ട്യാലയിലെ മെയിൻപുരിയിൽ കലാപകാരികളെ കേണൽ സീറ്റൺ പരാജയപ്പെടുത്തി. മേജർ ഹോഡ്സണും പങ്കെടുത്തു.

1 ജനവരി 1858: സർ ഹ്യൂഗ്റോസ് രാഹത്ഗാർ പിടിക്കുകയും സാഗർ, ഗാറ എന്നീ കോട്ടകൾ കീഴടക്കുകയും ചെയ്തു. ഝാൻസിയിലേക്കു നീങ്ങി.

27 ജനവരി: ഡാവ്സ് തുടങ്ങിയവരുടെ കീഴിൽ ബഹദൂർഷാവിനെ പട്ടാളക്കോടതിയിൽ വിചാരണക്ക് കൊണ്ടുവന്നു. കുറ്റവാളിയെന്ന നിലയിൽ വധശിക്ഷക്ക് വിധിച്ചു. വർഷാവസാനം റങ്കൂണിലേക്ക് നാടുകടത്തി.

കോളിൻ ക്യേമ്പ്ബെൽ ജനവരി 2ന് ഫത്തേഗറും ഫറൂക്കാബാദും പിടിച്ചടക്കി. അദ്ദേഹം എല്ലാ സൈന്യങ്ങളും വൻതോക്കുകളും കാൺപൂരിൽ കേന്ദ്രീകരിച്ചു. ലഖ്നൗവിനു ചുറ്റുമുള്ള കലാപകാരികളെ ഔട്ട്റാം മാറ്റിനിർത്തി. പല സംഭവഗതികൾക്കുശേഷം ലഖ്നൗ വീണ്ടും മാർച്ച് 15ന് പിടിച്ചെടുത്തു. ക്യേമ്പ് ബെൽ, ഔട്ട്റാം തുടങ്ങിയവരുടെ നേതൃത്വമായിരുന്നു. പൗരസ്ത്യനാട്ടിലെ ഏറ്റവും വലിയ കലാശേഖരമുള്ള ഈ പട്ടണം പട്ടാളക്കാർ കൊള്ള ചെയ്തു. മാർച്ച് 21ന് വീണ്ടും ഏറ്റുമുട്ടൽ. 23ന് അവസാനത്തെ വെടിയൊച്ച. ഡൽഹിയിലെ ബഹദൂർഷാവിന്റെ പുത്രൻ പ്രിൻസ് ഫെറോസ് നേതൃത്വം നല്കിയ

കലാപകാരികൾ ബറൈലിയിലേക്ക് തിരിഞ്ഞോട്ടം. ഒപ്പം ബിത്തൂറിലെ മൗലവി, നാനാസാഹബ്, ഫൈസാബാദിലെ മൗലവി, അവധിലെ ബീഗം ഹസറത്ത് മഹൽ എന്നിവരും ചേർന്നിരുന്നു.

5 മാർച്ച്: മഹന്ദി ഹുസൈനും ഗോണ്ടരാജാക്കന്മാരും ഛർദയും ഹണ്ടയിലെ ബ്രിട്ടീഷ് കേമ്പ് ആക്രമിച്ചു.

21 മാർച്ച്: ലഖ്നൗ ബ്രിട്ടീഷുകാരുടെ പൂർണ്ണനിയന്ത്രണത്തിൽ വന്നു.

22 മാർച്ച്: കൻവർസിങ് അസംഗാർ പിടിച്ചടക്കുന്നു.

1 ഏപ്രിൽ: തന്തിയാത്തോപ്പി 22000 ആൾക്കാരോടുകൂടെ റാണി ലക്ഷ്മീബായിയെ സഹായിക്കാനെത്തി. ബേത്വാ നദിക്കരയിൽ ബ്രിട്ടീഷുകാർ അദ്ദേഹത്തെ പരാജയപ്പെടുത്തി.

3-5 ഏപ്രിൽ: ഝാൻസിയെ ബ്രിട്ടീഷുകാർ ആക്രമിച്ചു. ഝാൻസി കോട്ടയുടെ പതനം, റാണി പലായനം ചെയ്തു. കൻവർസിങ് രണ്ടാം തവണ അസംഗാറിൽ ബ്രിട്ടീഷുകാരെ പരാജയപ്പെടുത്തി. റാണി കാൽപിയിൽ കാത്തിരുന്നു.

23 ഏപ്രിൽ: ജഗദീഷ്പൂരിൽ കൻവർസിങ് ബ്രിട്ടീഷുകാരെ പരാജയപ്പെടുത്തി.

25 ഏപ്രിൽ: ക്യാമ്പ് ബെൽ ഷാഹ് ജഹാൻപൂർ പിടിച്ചെടുത്തു. ബറൈലിക്കടുത്ത് കലാപകാരികൾ വീണ്ടും ആക്രമണത്തിനൊരുങ്ങി.

6 മെയ്: ബ്രിട്ടീഷ് പീരങ്കികൾ ബറൈലിക്ക് നേരെ. ഈ കേന്ദ്രം പിടിച്ചെടുത്തു. മൊറാദാബാദ് പിടിച്ചെടുക്കുന്നു. ജനറൽ ജോൺസ് കമാൻഡറായി നിയമിക്കപ്പെട്ടു. നാനയും അനുയായികളും ബറൈലിയിൽ നിന്നും രക്ഷപ്പെട്ടു. ഇപ്പോൾ ഷാഹ്ജഹാൻപൂരിൽ കലാപകാരികൾ കേന്ദ്രീകരിച്ചു.

7 മെയ്: കുഞ്ചു പട്ടണത്തിൽ കലാപകാരികളെ ഹുഗ്റോസ് ആക്രമിച്ചു പരാജയപ്പെടുത്തി.

11 മെയ്: മൗലവി അബ്ദുള്ളയുടെ കീഴിലായിരുന്ന ഷാഹ്ജഹാൻപൂർ വളയപ്പെട്ടു. ജനറൽ ജോൺസ് അവരെ പുറത്താക്കി.

ലഖ്നൗവിൽ നിന്നും മാർച്ച് ചെയ്ത ലൂഗാർഡിന്റെ ഡിവിഷൻ ആക്രമിക്കപ്പെട്ടു. കൻവർസിങ്ങിന്റെ ആക്രമണത്തിൽ വലിയ നഷ്ടങ്ങൾ നേരിടുകയും ചെയ്തു. ശേഷം ഫൈസാബാദിലെ മൗലവി കൊല്ലപ്പെട്ടു. ഗോഗ്രാ നദി കടന്നു ഓടിപ്പോയ ബീഗത്തെ സർ ഹോപ് ഗ്രാൻട് പരാജയപ്പെടുത്തി.

22 മെയ്: കല്പിയിൽ രണ്ടാം യുദ്ധം. ലക്ഷ്മീബായ്, ബാണ്ടാ നവാബ്, റാവു സാഹിബ് (നാനയുടെ അനന്തരവൻ) എന്നിവർ നേതൃത്വം നൽകുന്നു.

23 മെയ്: ഹുഗ്റോസ് കാൽപി കീഴടക്കി.

1 ജൂൺ: ലക്ഷ്മീബായ്, റാവു സാഹിബ്, ബാണ്ടാ നവാബ് എന്നിവർ ഗ്വാളിയോറിലെ ബറ്റ്നിയയെ പരാജയപ്പെടുത്തി. ഗ്വാളിയോർ പിടിച്ചടക്കുകയും നാനയെ പേർഷ്വയായി പ്രഖ്യാപിക്കുകയും ചെയ്തു. യുവാവായ സിന്ധ്യ ആഗ്രയിലേക്ക് രക്ഷപ്രാപിച്ചു.

17 ജൂൺ: ബ്രിട്ടീഷുകാർ ഗ്വാളിയോർ വളയുന്നു. റാണി ലക്ഷ്മീബായ്, ലോഷ്കർ ഹില്ലിലെ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു. താന്തിയതോപ്പി പലായനം ചെയ്തു.

ജൂൺ മദ്ധ്യത്തോടെ കലാപകാരികൾ എല്ലാ സ്ഥലത്തും തോല്പിക്കപ്പെട്ടു. പലേടത്തും വിഭജിക്കപ്പെട്ടു കിടന്ന ഇംഗ്ലീഷ് സൈന്യങ്ങളോട് ഏറ്റുമുട്ടി കൊള്ള ക്കാരുടെ ഗ്രൂപ്പുകളായി കലാപകാരികൾ മാറി.

20 ജൂൺ: ഗ്വാളിയോർ ഇംഗ്ലീഷുകാർ തിരിച്ചുപിടിച്ചു.

ജൂലായ്, ആഗസ്ത്, സപ്തംബർ

സർകോളിൻ ക്യേമ്പ് ബെൽ, സർ ഹോപ്പ് ഗ്രാൻട്, ജനറൽ വാൾപോൾ എന്നിവർ പ്രധാന കലാപകാരികൾക്കെതിരായ വേട്ട തുടർന്നു. തർക്കത്തി ലുള്ള എല്ലാ കോട്ടകളും പിടിച്ചെടുത്തു. അവധിലെ ബീഗം ഒരവസാന നില പാടിൽ ഇംഗ്ലീഷുകാരുടെ സുഹൃത്തായ നേപ്പാളിലെ ജംഗ് ബഹാദൂർ എന്ന രാജാവിന്റെ പ്രദേശങ്ങളിൽ രപ്തി നദി കടന്നുകൊണ്ട് നാനാ സാഹബി നൊപ്പം രക്ഷതേടി. അവരെ പിന്തുടരുവാൻ ജംഗ് ബഹാദൂർ ഇംഗ്ലീഷുകാരെ അനുവദിച്ചു. കുറ്റവാളികളുടെ കൂട്ടത്തെ ഇപ്രകാരം കമ്പനി പട്ടാളം ഇല്ലാ താക്കി. നാനയും ബീഗവും മലകളിലേക്ക് പലായനം ചെയ്തു. എല്ലാ അനുയാ യികളും കീഴടങ്ങി.

2 ആഗസ്ത്: ഈസ്റ്റിന്ത്യാ കമ്പനി അതിന്റെ ഭരണം ബ്രിട്ടീഷ് രാജ്ഞിക്ക് കൈമാറുന്നു. സ്റ്റാൻലി പ്രഭുവിന്റെ ഇന്ത്യാ ബിൽ പാസ്സായിവന്നു.

14 ആഗസ്ത്: കോദ്ര (ഉദയ്പൂർ) യുദ്ധത്തിൽ താന്തിയ പരാജയപ്പെട്ടു.

15-17 ഒക്ടോബർ: അമർസിങ്ങിന്റെയും സഹോദരൻ കൻവർസിങ്ങിന്റെയും സംരക്ഷണത്തിലുള്ള ജഗദീഷ്പൂർ ബ്രിട്ടീഷുകാർ വളയുന്നു. നേനാദിയിൽ അമർസിങ് പരാജയപ്പെട്ടു.

21 ജനവരി 1859: ധേ ബാർ യുദ്ധത്തിൽ താന്തിയാതോപ്പി പരാജയപ്പെട്ടു.

7 ഏപ്രിൽ: രാജാ മാൻസിങ് താൻ ആശ്രയംകൊടുത്ത താന്തിയാതോപ്പിയെ വഞ്ചിക്കുന്നു. തടവുകാരനാക്കുന്നു.

18 ഏപ്രിൽ: താന്തിയയെ തൂക്കിലേറ്റുന്നു.

ഏറ്റുമുട്ടലുകളുടെ വളരെ പരിമിതമായ ഒരു ചിത്രം മാത്രമാണ് ഈ കുറിപ്പു കൾ നൽകുന്നത്. പ്രധാനമായും ഇവ സൂചിപ്പിക്കുന്നത് മദ്ധ്യേന്ത്യ, ഡൽഹി, അവധ് തുടങ്ങിയ പ്രദേശങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടാണ്. പഞ്ചാബ്, ബങ്കാൾ, കർണ്ണാടക, ബോംബെ തുടങ്ങിയ പ്രദേശങ്ങളിലെ ഏറ്റുമുട്ടലുകളും കലാപ ങ്ങളും ഇവ ഉൾക്കൊള്ളുന്നില്ല.

ഇന്ത്യൻ നാഷണൽ ആർക്കൈവ്സ്, കേന്ദ്രീകരിച്ച് പി. മെഹ്റ രേഖപ്പെടു ത്തിയ പഠനം ഈ പ്രദേശങ്ങളിൽ വ്യാപിച്ച കലാപങ്ങളുടെ ചില പ്രധാന രേഖകൾ നൽകുന്നു. കലാപത്തിലെ ഒരു പ്രധാന കേന്ദ്രമായിരുന്നു ജാംഗീർ. മോറിയോ ബൽവന്ത്, ഖാജാ ബക്സ്, ലക്ഷ്മൺ തുടങ്ങിയ കലാപകാരിക ളുടെ നേതൃത്വം ഈ രേഖകൾ വ്യക്തമാക്കുന്നു. ബോംബെ കലാപത്തിൽ പങ്കെടുത്തവരുടെ ഒരു ലിസ്റ്റ് (1858 ജൂൺ 25, നമ്പർ 475 എസ്.സി.) ഒരു പ്രധാന രേഖയാണ്. കല്ക്കത്തയിൽ എത്തിയ കലാപകാരികളുടെ രേഖ (മിലിറ്ററി ഡിപ്പാർട്ടുമെന്റ്, 1857 ഒക്ടോബർ 2, നമ്പർ 425) ബങ്കാളിലേക്കുള്ള വ്യാപ്തി വ്യക്തമാക്കുന്നു. രേഖയിൽ കേപ്റ്റൻ ഓസ്ബോണിന്റെ ഭവനം സായുധരായ

ജനക്കൂട്ടം വളയുന്നതും രേവാ രാജാവ് ഇടപെടാതിരിക്കുന്നതും ബഹുജന പങ്കാളിത്തം വ്യക്തമാക്കുന്നു. (മിലിറ്ററി ഡിപ്പാർട്ടുമെന്റ് 1857 ഒക്ടോബർ 16, നമ്പർ 457)

ഇത്തരത്തിൽ കമ്പനിയുടെ വിവിധ സൈന്യങ്ങൾ വിവിധ ഭാഗങ്ങളിൽ ഏറ്റുമുട്ടിയതിന്റെ അനേകം രേഖകൾ ഇക്കാലത്തെ മിലിറ്ററി ഡിപ്പാർട്ടുമെന്റ് വക രേഖകളിൽ കാണാവുന്നതാണ്. അതെല്ലാം വ്യക്തമാക്കുന്ന ഒരു പ്രധാന വസ്തുത കലാപം ഇന്ത്യയുടെ പല ഭാഗങ്ങളിലും വളരെ ശക്തമായി വ്യാപിച്ചുവെന്നും അത്തരം സൈനിക നടപടികളിൽ ഒരു വലിയ യുദ്ധത്തിൽ സംഭവിച്ചതുപോലുള്ള ആൾനാശം ബ്രിട്ടീഷ് സൈന്യങ്ങൾക്കു നേരിടേണ്ടിവരികയും ചെയ്തുവെന്നതാണ്. വധിക്കപ്പെട്ട യൂറോപ്യരുടെ ഒരു ലിസ്റ്റ് തന്നെ ഫോറിൻ ഡിപ്പാർട്ടുമെന്റിൽ ലഭ്യമാണ്. (1858 ഫിബ്രവരി 26, നമ്പർ 205, എസ്.സി.). ഓരോ റജിമെന്റും കലാപത്തെ ഇല്ലാതാക്കാൻ പ്രവർത്തിച്ചതിന്റെ സൈനിക ചരിത്രം ഇത്തരം രേഖകളും മറ്റു കുറിപ്പുകളും പരിശോധിച്ചുകൊണ്ട് എഴുതപ്പെട്ടിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. അതോടൊപ്പം ബ്രിട്ടീഷുകാരുടെ സൈനികമായ പരിശീലനം നേടിയ ഇന്ത്യൻ സിപ്പായിമാരും അവരുടെ നേതൃത്വവും ഓരോഘട്ടത്തിലും ഏതുവിധം പ്രതികരിച്ചുവെന്ന കാര്യവും അവ്യക്തമാണ്. രേഖകളില്ലാത്ത എഴുതപ്പെടാത്ത ചരിത്രമാണവരുടേത്. ഈ കുറിപ്പുകൾ പോലും ബ്രിട്ടീഷ് പക്ഷത്തുനിന്നും അവതരിപ്പിച്ച സംഭവങ്ങളെയാണ് പ്രധാനമായും കേന്ദ്രീകരിച്ചിട്ടുള്ളതെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. കലാപകാരികളുടെ പരാജയം, പിൻവാങ്ങൽ, എല്ലാം ബ്രിട്ടീഷുകാരുടെ കാഴ്ചപ്പാടിൽ എഴുതപ്പെട്ടവയാണുതാനും.

# ഉപസംഹാരം

ആധുനികേന്ത്യയുടെ ചരിത്രത്തിൽ 1857 വിധി നിർണ്ണായകമായ ഒരു ഘട്ടത്തെ പ്രതിനിധീകരിക്കുന്നു. ഒരു ജനതയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി, സിപ്പായിമാരും ഗ്രാമീണ കർഷകരും പട്ടണ നിവാസികളും കരകൗശലക്കാരും ഗിരിവർഗ്ഗക്കാരും മറ്റ് കൈത്തൊഴിലുകളിൽ ഉപജീവനം നിർവ്വഹിക്കുന്നവരും പരമ്പരാഗത സൈനികരും ചെറു ഭൂവുടമകളും ജമീന്ദാർമാരും എല്ലാം ഉൾക്കൊണ്ട ജനവിഭാഗങ്ങൾ ഒരു വർഷത്തിലധികം കാലം ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ ബ്രിട്ടീഷാധിപത്യത്തിനെതിരായി വമ്പിച്ച കലാപത്തിലേർപ്പെട്ടു. നിലവിലുള്ള ഭരണ കൂടത്തിനും ഭരണ വർഗ്ഗത്തിനും എതിരായി ആധുനിക ലോകചരിത്രത്തിൽ ഇത്രയും വലിയ ഒരു ഭൂപ്രദേശത്ത് ഇത്രയും വലിയ ഒരു സൈനിക സിവിൽ മുന്നേറ്റം നടന്നിരുന്നില്ല. പലേടങ്ങളിലും സ്വതന്ത്രമായ ഭരണസമിതികൾ പ്രവർത്തിച്ചു.

ഇംഗ്ലണ്ടിലേയും യൂറോപ്പിലേയും അമേരിക്കയിലേയും പ്രമുഖ പത്രങ്ങൾ ഇതിന്റെ റിപ്പോർട്ടുകൾ നല്കി. എന്നാൽ ഇന്ത്യയിൽ 1857 ജൂൺ 13നു കാനിങ്ങ് പ്രഭു സ്വന്തം നിലയിൽ ലെജിസ്ലേച്ചറിലൂടെ ഒരു നിയമം പാസ്സാക്കിയെടുക്കുകയും ഇന്ത്യൻ പ്രസ്സിനെ നിയന്ത്രണത്തിൽ കൊണ്ടുവരികയും ചെയ്തു. ഇന്ത്യയിലെ പ്രധാനപട്ടണങ്ങളിലെ പത്രങ്ങൾ വിധേയത്വത്തിന്റെ മിതമായ ഭാഷ ഉപയോഗിച്ചതിന്റെ കാരണം 1857ലെ ഈ XV-ാം നമ്പർ ആക്ട് ആയിരുന്നു. പൊതുജനാഭിപ്രായത്തെ അടിച്ചമർത്തുന്ന ഒരു നിയമം കോളനിരാജ്യത്തിൽ ബ്രിട്ടന്റെ ജനാധിപത്യത്തിനെതിരായ ഒരു വൈരുദ്ധ്യമെന്നോണം നിലനിന്നു.

ഇന്ത്യയിൽ അന്നു നിലനിന്നിരുന്ന കൊളോണിയൽ ഭരണ സ്വഭാവവും ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ പ്രവർത്തന ശൈലിയും, അതു നടത്തിയ വിഭവശോഷണവും തുടർന്നു നിലനിന്ന ഗ്രാമീണ ദാരിദ്ര്യവും കൂടാതെ ഭരണവർഗ്ഗത്തിന്റെ വംശീയ സ്വഭാവവും കാറൽ മാർക്സും ഫ്രെഡറിക് ഏംഗൽസും സമകാലിക പഠനങ്ങളും റിപ്പോർട്ടുകളും വഴി ന്യൂയോർക്കു ഡെയ്‌ലി ട്രിബ്യൂണലിലൂടെ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചു. ലിബറൽ ജനാധിപത്യത്തിന്റെ രാജ്യമായ ബ്രിട്ടനിലായിരുന്നതിനാൽ മാർക്സിനു ഈ ബൗദ്ധിക പ്രവർത്തനത്തിനു കഴിഞ്ഞു. അദ്ദേഹം ഇന്ത്യയിലായിരുന്നുവെങ്കിൽ അതു കഴിയുമായിരുന്നില്ല.

## കലാപവും സ്വഭാവവും

കലാപത്തിനു സംഘടിതമായ നേതൃത്വവും അതു നടത്തുവാനുള്ള സംഘടനയും വിഭവസാമഗ്രികളും ഉണ്ടായിരുന്നില്ലെന്ന വസ്തുത അതിന്റെ

സ്വാഭാവികമായ പരാജയത്തിനു സാക്ഷ്യം വഹിക്കുന്നു. അത് പുരോഗമന പരമായ രാഷ്ട്രീയാദർശത്തെയും സാമൂഹ്യഘടനയെയും ലക്ഷ്യം വെച്ചിരുന്നില്ലെന്നു ചില ചരിത്രകാരൻമാരെങ്കിലും വിശകലനം ചെയ്യുന്നു. എന്നാൽ നിലനിന്നു വരുന്ന ഒരു സാമൂഹ്യ രാഷ്ട്രീയ ഘടനയോട് വിയോജിപ്പു പ്രകടിപ്പിക്കുകയും കലാപം നടത്തുകയും ചെയ്യുക എന്നത് തന്നെ പുരോഗമനപരമായ ആശയത്തെ പ്രതിനിധീകരിക്കുന്നു. ആയതിനാൽ കലാപത്തിന്റെ പുരോഗമനം, പുനഃസ്ഥാപനം തുടങ്ങിയ ആശയങ്ങൾ സാമൂഹ്യശാസ്ത്രപരമായ ഒരു വിശകലനം അർഹിക്കുന്നില്ല.

കൊളോണിയൽ ഭരണ വർഗ്ഗത്തിന്നു ഇന്ത്യൻ സമൂഹത്തിൽ നിന്നു തന്നെ ലഭിച്ച പട്ട്യാല, ഗ്വാളിയോർ, ഭരത് പൂർ തുടങ്ങിയ നാട്ടു രാജാക്കന്മാരുടെ പിന്തുണ, അവരുടെ വിഭവ സമാഹരണം, പീരങ്കി-പീരങ്കിപ്പടയുടെ സഹായം, ഒരു ജീവന്മരണ പോരാട്ടത്തിലേർപ്പെട്ട സുസജ്ജിത സൈന്യം, അസാമാന്യമായ നേതൃത്വം ബ്രിട്ടന്റെ രാജകീയ സൈന്യത്തിന്റെ പങ്കാളിത്തം, ഇന്ത്യൻ ബുദ്ധിജീവികളും നവോത്ഥാന ശക്തികളും കലാപകാരികളോടു കാണിച്ച അന്യവല്ക്കരണം തുടങ്ങിയ വസ്തുതകൾ കമ്പനിയുടെ വിജയത്തിനു സഹായിച്ച പ്രധാന വസ്തുതകളായിരുന്നു. എങ്കിലും ഈ അനുകൂല ഘടകങ്ങളെ വിജയപ്രാപ്തിയിലെത്തിക്കുവാൻ കമ്പനിക്കു ഒരു വർഷത്തിലധികം കാലം ഇന്ത്യയുടെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും കാടുകളിലും പോരാടേണ്ടിവന്നു. നാനാ സാഹിബിനെപ്പോലുള്ള ഒരു നേതാവിനെ എന്നിട്ടും അവർക്കു പിടികൂടാനായില്ല. ആ ചിന്ത 1894 ൽ പോലും ഭരണാധികാരികളെ വിഷമിപ്പിച്ചു.

ചരിത്രത്തിൽ ഇന്നോളം കണ്ടിട്ടില്ലാത്ത ഗില്ലട്ടിൻ ക്രൂരതകളും പട്ടാള വിചാരണകളും തങ്ങളുടെ പ്രജകളും നിരായുധരുമായ സിവിൽ ജനതയ്ക്കെതിരായി കമ്പനി ഇന്ത്യയിൽ നടപ്പിലാക്കി. മാനഹാനിഭയന്ന് ഡൽഹിയിൽ അനേകം സ്ത്രീകൾ ആത്മഹത്യ ചെയ്തു. വെടിയുണ്ടകൾ ലാഭിക്കുവാനായി അഞ്ചും പത്തും പേരെ ഒരു ആനപ്പുറത്തു കയറ്റി വൃക്ഷക്കൊമ്പിൽ കെട്ടിത്തൂക്കി തൂക്കിലേറ്റുന്ന പുതിയ രീതിയും കലാപം നടന്ന ഗ്രാമങ്ങളിൽ ബ്രിട്ടീഷ് സൈന്യം നടപ്പിലാക്കി. കലാപം അടിച്ചമർത്തപ്പെട്ടതോടെ വിക്ടോറിയാരാജ്ഞിയുടെ വിളംബര പ്രകാരം കമ്പനിയുടെ ഭൂ പ്രദേശങ്ങളും ജനങ്ങളും ഇന്ത്യൻ നാട്ടു രാജാക്കന്മാരും എല്ലാം രാജ്ഞിയുടേയും ബ്രിട്ടീഷ് പാർലമെന്റിന്റെയും നേരിട്ടുള്ള ഭരണത്തിനു കീഴിലായി. എന്നാൽ കമ്പനി ഭരണവും പാർലമെന്റിന്റെ- രാജ്ഞിയുടെ-ഭരണവും തമ്മിൽ വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ല. കമ്പനി ബഹാദൂർ ബ്രിട്ടീഷ് രാജിനു വഴിമാറേണ്ടിവന്ന ഭാഷാപരമായ ഒരു മാറ്റം മാത്രം. അത് നിയമപരമായ ഒരാശയം നടപ്പിലാക്കി. ഇന്ത്യൻ ഭരണം മുഴുവൻ ' സെക്രട്ടറി ഓഫ് സ്റ്റെയിറ്റ് ഫോർ ഇന്ത്യ' എന്ന ഏക വ്യക്തിയിൽ കേന്ദ്രീകരിക്കുന്ന ഒരു സംവിധാനം. അക്ബർ ചക്രവർത്തിപോലും കയ്യാളാതിരുന്ന വിധത്തിലുള്ള ആ അധികാര കേന്ദ്രീകരണം അതിന്റെ ഫലമായിരുന്നു.

രാജ്ഞിയുടെ വിളംബരത്തിന്റെ നയരാഹിത്യത്തെയും അതിന്റെ പ്രഖ്യാപിത ആശയത്തിന്നു വിരുദ്ധമായ പ്രവർത്തനത്തെയും വിമർശിച്ചുകൊണ്ട്

പെട്ടെന്നു തന്നെ അവധിലെ ബീഗം ഒരു പ്രഖ്യാപനം പുറപ്പെടുവിച്ചിരുന്നു. ബ്രിട്ടീഷ് രാജ്ഞിയുടെ 1858 നവംബർ 1 ന്റെ പ്രഖ്യാപനം എത്ര മാത്രം പൊള്ളയായിരുന്നുവെന്നും ബീഗം വിമർശിക്കുന്നത് നോക്കുക.

'രാജ്ഞി ഭരണം ഏറ്റെടുത്തതാണെങ്കിൽ അവർ എന്തുകൊണ്ട് നമ്മുടെ രാജ്യം നമ്മുടെ പ്രജകൾ ആഗ്രഹിക്കുന്നതുപോലെ നമുക്കു വിട്ടുതരാതിരിക്കുന്നു?... ഒരു രാജാവും ഒരു കലാപത്തിന്റെ പേരിൽ മുഴുവൻ ജനതയേയും സൈന്യത്തേയും ശിക്ഷിച്ചിട്ടില്ല; എല്ലാം മാപ്പാക്കുകയാണ് ചെയ്യുക. ഹിന്ദുസ്ഥാനിലെ മുഴുവൻ ജനതയേയും സൈന്യത്തേയും ശിക്ഷിക്കുന്നത് ബുദ്ധിയുള്ളവർക്കു സ്വീകാര്യമാവുകയില്ല... പശുക്കൊഴുപ്പും പന്നിക്കൊഴുപ്പുംകൊണ്ടുള്ള തോട്ടകൾ കടിച്ചു നിറയ്ക്കുന്ന രീതി...

കമ്പനി ഹിന്ദുസ്ഥാൻ മുഴുവൻ പിടിച്ചടക്കുകയും ഈ നില തുടരുകയും ചെയ്താൽ അതിലെന്താണ് ഒരു പുതുമ? ഭരത് പൂർ മുഖ്യനെ ഒരു പുത്രനെപ്പോലെ പരിഗണിക്കുമെന്നു പറയുകയും രാജ്യം പിടിച്ചെടുക്കുകയും ചെയ്തു. ലാഹോർ മുഖ്യനെ ലണ്ടനിലേക്കു കൊണ്ടുപോയി. മടങ്ങിവരാൻ ഭാഗ്യം അനുവദിച്ചിട്ടില്ല. നവാബ് ഷംസുദ്ദീൻ ഒരു ഭാഗത്ത് തൂക്കിലിട്ടു. മറുഭാഗത്ത് അയാൾക്കു സലാം നല്കി. പൂനയിൽ നിന്നും അവർ പേർഷയെ പുറത്താക്കി. ജീവിതം മുഴുവൻ ബിത്തൂറിലെ തുറുങ്കലിട്ടു. ടിപ്പുവോട് അവർ കാണിച്ച വഞ്ചന നന്നായിട്ടറിയാം... പ്രഖ്യാപനത്തിൽ അവർക്കു രാജ്യം വിസ്തൃതമാക്കണമെന്നില്ലെന്നു പറയുന്നു. എന്നാലവർക്കു അതിൽ നിന്നും വിട്ടു നില്ക്കുവാനാവില്ല...

ഹിന്ദുസ്ഥാനിലെ രാജാക്കന്മാർ ദയാശാലികളാണ്. ഇംഗ്ലീഷുകാർ ഒരു കുറ്റം മാപ്പാക്കിയതായി ആരും സ്വപ്നത്തിൽപോലും കണ്ടെത്തുകയില്ല... അവർ ഫറൂക്കാബാദിലെ രാജാവിന്നു ചെറിയൊരു പെൻഷൻ നല്കി. ഷാജഹാൻ പൂർ, ബറൈലി, ഗോരഖ്പൂർ പിടിച്ചെടുത്തു. ഗ്വാളിയോറിൽ ഇംഗ്ലീഷു രീതികൾ നടപ്പിലാക്കി. മിഷ്യനറിമാരെ തെരുവുകളിൽ ക്രിസ്തീയ മതം പ്രചരിപ്പിക്കുവാൻ നിയോഗിക്കുന്നു. ഹിന്ദു മുസ്ലീം ആരാധനാലയങ്ങൾ റോഡുകൾ ഉണ്ടാക്കുന്നതിന്റെ പേരിൽ നശിപ്പിക്കുന്നു. ഈ സ്ഥിതിയിൽ മതത്തിലിടപെടുകയില്ലെന്നു എങ്ങിനെ വിശ്വസിക്കും? ഇംഗ്ലീഷ് ശാസ്ത്രം പഠിപ്പിക്കുവാൻ മാസം സ്റ്റൈപ്പൻഡ് നല്കി ആളെ ഏർപ്പെടുത്തുന്നു. ഹിന്ദു മുസ്ലീം ആരാധനാലയങ്ങൾ അവഗണിക്കപ്പെടുന്നു. ഹിന്ദുസ്ഥാനികൾക്കു റോഡും തോടും വെട്ടുന്നതിലധികം നല്ലൊരു ജോലി അവർ വാഗ്ദാനം ചെയ്തിട്ടില്ല. എല്ലാം എഴുതിവെച്ചിട്ടുണ്ട്. എന്നാൽ ഒന്നും എഴുതിയിട്ടില്ലതാനും.

പ്രഖ്യാപനത്തിലെ വാചകങ്ങളുടെ ക്രമത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. അവധിലെ ചീഫ് കമ്മീഷണറുടെ സെക്രട്ടറിയ്ക്കു; ഉദ്ധരണം ചാർലസ് ബാൾ, ഹിസ്റ്ററി ഓഫ് ദ ഇന്ത്യൻ മ്യൂട്ടിനി, വോ. 2, 1858-59, പു. 543-44) ഇത്തരത്തിൽ നയതന്ത്രപരമായ ഇന്ത്യൻ കാഴ്ചപ്പാടിൽ രാജ്ഞിയുടെ പ്രഖ്യാപനത്തെ ചോദ്യം ചെയ്യുന്ന മറ്റൊരു പ്രഖ്യാപനം സമകാലീന ഇന്ത്യാചരിത്രത്തിൽ കാണുകയില്ല. കമ്പനി ബഹാദൂറിന്റെ നയവും രാജ്ഞിയുടെ പാർലമെന്റ് നടപ്പി

ലാക്കുന്ന നയവും തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടായിരിക്കില്ലെന്ന ആ ദീർഘ ദർശനം കൊളോണിയലിസത്തോടുള്ള കാഴ്ചപ്പാട് അന്നത്തെ അനുഭവങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. തികഞ്ഞ രാഷ്ട്രീയ ബോധം ഈ പ്രഖ്യാപനത്തിൽ കാണാം. അതുപോലെ തികഞ്ഞ രാഷ്ട്രതന്ത്രജ്ഞതയും.

കലാപാനന്തരം ഇന്ത്യൻ സ്ഥിതിഗതികളിൽ വമ്പിച്ച മാറ്റം വന്നു. മാറ്റങ്ങൾ ഇന്ത്യൻ ജനതയ്ക്കനുകൂലമായി രൂപപ്പെട്ടവയായിരുന്നില്ലതാനും. പക്ഷെ കൂടുതൽ ശക്തമായ ഒരു ദേശീയബോധം വളർന്നുവരാനുള്ള പശ്ചാത്തലം കലാപം ഒരുക്കിവെച്ചു. ഇന്ത്യൻ ജനതയുടെ സ്മൃതിമണ്ഡലത്തിൽ നിന്നും 1857 ഒഴിവാക്കപ്പെട്ടില്ല.

## ബുദ്ധിജീവികളുടെ സമീപനം

സ്വന്തം ഭാഗധേയം കണ്ടെത്തുവാൻ പൂർണ്ണമായും ബ്രിട്ടീഷ് ഭരണത്തേയും അതിന്റെ സഹകാരികളായ നാട്ടുരാജാക്കന്മാരേയും ആശ്രയിച്ചിരുന്ന ഇന്ത്യൻ ബുദ്ധിജീവികളിൽ ക്രമേണ വലിയ മാറ്റം ഉണ്ടായിത്തുടങ്ങി. 'കലാപത്തെ ആഘട്ടത്തിൽ സാഹസികമെന്നും അടുക്കും ചിട്ടയും ഇല്ലാത്തതെന്നും സ്വയംഭൂവായി പൊട്ടിപ്പുറപ്പെട്ടതെന്നും ഫ്യൂഡൽ പിന്തിരിപ്പൻ സ്വഭാവവിശേഷങ്ങളോടുകൂടിയതെന്നും ധരിച്ചിരിക്കുകയായിരുന്നു നമുക്കറിയുന്ന ബുദ്ധിജീവി വിഭാഗം. അതിന്റെ പ്രതിഫലനമായിരുന്നു ബങ്കാളി ബുദ്ധിജീവികളുടെ കൃതികളിൽ പ്രതിഫലിച്ചിരുന്നത്. (ഗോപാൽ ഹൽദാർ, ബംഗാളി സാഹിത്യം 1857-നു മുമ്പും പിമ്പും.)

ബുദ്ധിജീവികളിൽ വന്ന മാറ്റത്തിന്റെ ഒരു കാരണം കമ്പനിയുടെ കാലത്തേക്കാളും തീക്ഷ്ണമായ സാമ്രാജ്യത്വ വികസനം ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുകയായിരുന്നു. അതാകട്ടെ കാർഷികബന്ധങ്ങളിലും ഇറക്കുമതിയിലും പുതിയ നയങ്ങൾ സൃഷ്ടിച്ചു. ഔദ്യോഗികപദവികൾ മുഴുവൻ കലാപത്തിൽ ബ്രിട്ടീഷുകാരോടൊപ്പം നിന്ന കുടുംബങ്ങളിൽ കേന്ദ്രീകരിച്ചു. മുസ്ലീമിങ്ങളെ ഭരണരംഗത്ത് ഉയർന്ന പദവികളിലൊന്നും നിയമിച്ചില്ല. പിന്നീട് ഹണ്ടർ കമ്മീഷൻ റിപ്പോർട്ട് ചെയ്തതുപോലെ മുഗൾ ഭരണത്തിനു കീഴിൽ അധികാരം പങ്കിട്ടിരുന്ന ഈ വിഭാഗത്തെ വെള്ളംകോരികളും വിറകുവെട്ടികളുമായി അവർ തരംതാഴ്ത്തി.

സാമ്രാജ്യത്വ വികസനത്തിന്റെ പേരിൽ അഫ്ഗാൻ യുദ്ധങ്ങളിലേക്കും മറ്റും ഇന്ത്യയെ പിൽക്കാലത്തും ബ്രിട്ടീഷ് രാജ് പങ്കാളിയാക്കി മാറ്റി. വർധിച്ചുവന്ന സൈനികച്ചെലവ് ഇന്ത്യ വഹിക്കേണ്ടിവന്നു. സ്ഥിരനികുതി വ്യവസ്ഥയെ ഓരോ മുപ്പതു വർഷത്തിനുശേഷവും പുതുക്കിക്കൊണ്ടുവരുന്ന നയത്തിന് രാജ് രൂപം കൊടുത്തു. രമേശ്ചന്ദ്രദത്തും രാജിന്റെ ഭരണകൂടവും തമ്മിൽ നികുതി പുതുക്കൽ സംബന്ധിച്ച് നടത്തിയ കത്തിടപാടുകൾ പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. ഇന്ത്യൻ കർഷകരെ പാപ്പരീകരിച്ച സ്ഥിരനികുതി വ്യവസ്ഥ രാജ്യത്തിന്റെ എല്ലാ ഭാഗത്തും നടപ്പിലാക്കണമെന്ന ദത്തയുടെ സിദ്ധാന്തവും ആദ്യകാല കോൺഗ്രസ് നേതൃത്വത്തിന്റെ സമീപനവും കാർഷികവിഭവ

ശോഷണത്തെ എതിർത്തുകൊണ്ടായിരുന്നു. ഇതെല്ലാം ഇന്ത്യൻ ബുദ്ധിജീവികളെ ദേശീയവാദത്തിലേക്ക് ഘട്ടംഘട്ടമായി ഉയർത്തിയെടുത്തു.

കൂടാതെ 1909-ൽ വി.ഡി. സവർക്കർ 1857നെപ്പറ്റി ഒന്നാം സ്വാതന്ത്ര്യസമരം എന്ന വിശേഷണത്തോടെ എഴുതിയ ഗ്രന്ഥം ഇന്ത്യൻ ബുദ്ധിജീവികളിലെ വ്യക്തമായ മാറ്റത്തെ ഉദാഹരിക്കുന്നു. എന്നാൽ ഈ മാറ്റത്തോടൊപ്പം രാജ്ഞിയുടെ പ്രഖ്യാപനത്തിലെ, പൂർണ്ണമായ മതസ്വാതന്ത്ര്യം നല്കുന്നുവെന്ന ആശയം ഹിന്ദുവെയും മുസ്ലീമിനെയും വിഘടിച്ചു നിർത്തുവാനുള്ള ഒരു പുതിയ പ്രവണതയ്ക്കു രൂപംകൊടുത്തു. ഇതാകട്ടെ ഓരോ മതവിഭാഗവും മതാധിഷ്ഠിതമായി മാത്രം ചിന്തിക്കുന്ന ഒരു പശ്ചാത്തലത്തിന്നു കാരണമായി. ഈ വ്യത്യസ്ത ചിന്തനം വ്യത്യസ്ത രാഷ്ട്രബോധം വളർത്തിയെടുക്കുന്ന ചിത്രം, ഒരു വിഭജനത്തിനു പശ്ചാത്തലമൊരുക്കി. മുമ്പൊരിക്കലും അത്തരം ഒരു ദൃശ്യം ഇന്ത്യയിൽ ഉണ്ടായിരുന്നില്ല. അക്ബർ ചക്രവർത്തിയുടെ മതം ഇവിടെ ഒരു പ്രശ്നമായി ഉയർന്നിരുന്നില്ല. ഒരു പ്രാദേശിക നാടുവാഴിയായ സാമൂതിരിപ്പാടിന്റെ മതവും ഒരു പ്രശ്നമുണ്ടാക്കിയിരുന്നില്ല. എന്നാൽ ബ്രിട്ടീഷ് രാജിന്റെ നയങ്ങൾ ഒരു ഏകീകൃത രാഷ്ട്രമെന്ന നയത്തിനു ക്രമത്തിൽ ഒരു വലിയ തിരിച്ചടിയായി. കൂടാതെ ഇന്ത്യൻ ജനതയിലുണ്ടായിരുന്ന 1857ന്റെ സംഘടിത ശ്രമവും ഐക്യബോധവും അതിന്റെ ഏറ്റവും വലിയ ലക്ഷ്യത്തിലും പില്ക്കാലത്ത് പരാജയപ്പെട്ടു. അത് ഇന്ത്യയുടെ വിഭജനത്തിൽ കലാശിച്ചു.

## ദേശീയതയുടെ പ്രശ്നം

കലാപം സ്വാതന്ത്ര്യസമരമല്ലെന്നും ഇന്ത്യൻ ദേശീയത ഉയർന്നുവന്നിട്ടില്ലെന്നും നാടുവാഴിത്ത പ്രക്ഷോഭം മാത്രമായിരുന്നുവെന്നും നഷ്ടപ്പെട്ട അധികാരങ്ങൾ പുനഃസ്ഥാപിക്കുവാനുള്ള പ്രസ്ഥാനമായിരുന്നുവെന്നും കലാപത്തിന് നേതൃത്വം നല്കിയവർക്ക് അവരുടേതായ പ്രത്യേക താല്പര്യങ്ങളുണ്ടായിരുന്നുവെന്നും സൈനികരുടെ മാത്രമായ കലാപമായിരുന്നുവെന്നും അത് മതവികാരങ്ങൾ വ്രണപ്പെട്ടതിനാൽ ക്രിസ്തീയ മതപരിവർത്തനം ചെറുത്തുനില്ക്കുവാനായിരുന്നുവെന്നും പലവിധത്തിലുള്ള വ്യാഖ്യാനങ്ങൾ 1857 നെപ്പറ്റി എഴുതപ്പെട്ട പാഠപുസ്തകങ്ങളിലും അനേകം ചരിത്രഗ്രന്ഥങ്ങളിലും നിലനില്ക്കുന്നു. ഇവിടെ അടിസ്ഥാനപരമായി ഒരു ചോദ്യം ഉന്നയിക്കപ്പെടുന്നു. ഒരു വലിയ ഉപഭൂഖണ്ഡത്തിന്റെ വിവിധ ഭാഗങ്ങളിലും വിവിധ ജനവിഭാഗങ്ങൾക്കിടയിലും ഒരു വർഷത്തിലധികം കാലം നീണ്ടുനിന്ന ഒരു കലാപത്തെ, ഭരണാധികാരികളുടെ വർഗ്ഗത്തിനും സ്ഥാപനങ്ങൾക്കും എതിരായി അത്യന്തം വ്യാപ്തിയോടെ നടത്തിയ ഒരു കലാപത്തെ, എന്തിന് യുദ്ധക്കളത്തിൽ അണിനിരന്നുകൊണ്ടു നടത്തിയ അനേകം ഏറ്റുമുട്ടലുകളെ ഇത്തരത്തിലുള്ള ലാഘവബുദ്ധിയോടെ വിലയിരുത്തുകയെന്നത് ചരിത്രരചനയുടെ രീതിശാസ്ത്രവുമായി പൊരുത്തപ്പെടുന്നില്ല. ഒരു നൂറു വർഷത്തോളമായി പ്ലാസി മുതൽ ഇന്ത്യയെ അധീനപ്പെടുത്തിക്കഴിഞ്ഞ വിദേശികളുടെ ഭരണത്തിനും സാമൂഹ്യസ്ഥാപനങ്ങൾക്കും എതിരായ ഒരു നീണ്ട യുദ്ധമായിരുന്നു അന്ന് പൊട്ടിപ്പുറപ്പെട്ടത്.

അതിൽ ജാതിമതലിംഗ വ്യത്യാസങ്ങൾ ഉയർന്നുവന്നിരുന്നില്ല. 'ഡൽഹി ചലോ' എന്നു കലാപത്തിലേർപ്പെട്ട സിപ്പായികൾ ആർത്തുവിളിച്ചപ്പോൾ അവരുടെ മനസ്സിൽ ഒരു രാജാവും കേന്ദ്രസ്ഥാനവും ഒരു പ്രവർത്തനപദ്ധതിയും രൂപപ്പെട്ടിരുന്നു. വൈമനസ്യത്തോടെയായിരുന്നുവെങ്കിലും രാജാവിന് തന്റെ കർത്തവ്യം ഏറ്റെടുക്കേണ്ടിവന്നു. അദ്ദേഹം തന്റെ ദർബാറിൽ 1857 സപ്തംബർ 11ന് നൽകിയ പ്രസ്താവന ഒരു തികഞ്ഞ ഭരണാധികാരിയുടേതായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ഇപ്രകാരമാണ്: 'കൊള്ള നടത്തേണ്ട യാതൊരാവശ്യവുമില്ല. ഞാനെന്റെ കുതിരകളും ആനകളും സ്റ്റെയിന്റെ വെള്ളിയും സ്വർണ്ണവും വില്ക്കും. എന്നിട്ട് സൈന്യത്തിന്റെ ശമ്പളം നൽകും. ഞാനപ്രകാരം ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കെല്ലാവർക്കും പട്ടണം ഉപേക്ഷിച്ചുപോകാം. ഞാൻ ഒരിക്കലും നിങ്ങളെ വിളിച്ചില്ലെന്നതുപോലെ. നിങ്ങൾ പട്ടണം കൊള്ളചെയ്യുകയാണെങ്കിൽ ആദ്യം എന്നെ കൊല്ലുക. അതിനുശേഷം നിങ്ങളുടെ ഇഷ്ടംപോലെ.' (മുൻഷി ജീവൻലാലിന്റെ വിവരണം, ചാർലസ് തിയോഫിലസ് മെറ്റ്കാഫ്, ടൂ നേറ്റീവ് നറേറ്റീവ്സ് ഓഫ് ദ മ്യൂട്ടിനി ഇൻ ഡൽഹി, 1898 ഉദ്ധരണം.) വാർധക്യത്താൽ അവശനാണെങ്കിലും അദ്ദേഹത്തിന്റെ ഈ ഉദാരത പ്രശംസനീയമാണ്. ഒരു വിപ്ലവകാരിക്കു യോജിച്ചതും.

കൂടാതെ ഡൽഹിയടക്കമുള്ള പല കേന്ദ്രങ്ങളിലും രാജാവിന്റെയോ മറ്റു നാടുവാഴികളുടേയോ കീഴിൽ അഡ്മിനിസ്ട്രേഷൻ കൗൺസിലുകൾ രൂപീകരിച്ചിരുന്നു. ഡൽഹിയിൽ പത്ത് അംഗങ്ങളടങ്ങിയ അഡ്മിനിസ്ട്രേറ്റീവ് കൗൺസിൽ നിലനിന്നിരുന്നു. സൈനികരായ മൂന്നു ഹിന്ദുക്കളും മൂന്നു മുസ്ലിമിങ്ങളും നാലു സിവിലിയന്മാരും ഉൾക്കൊണ്ടതായിരുന്നു കൗൺസിൽ. ജനറൽ ഭക്ത്ഖാൻ സൈനിക കമാൻഡറായി പ്രവർത്തിച്ചു. ഇതാകട്ടെ മധ്യകാലീന മുഗൾ രീതിയിൽ നിന്നും വ്യത്യസ്തമാണെന്നും പുരോഗമനാത്മകമായ സമീപനം ഉൾക്കൊണ്ടതാണെന്നും കാണാം. ഭരണവും യുദ്ധവും ഒന്നിച്ചു നടത്തേണ്ട ഒരു സ്ഥിതി രൂപപ്പെട്ടുകാണാം.

കലാപത്തിന് ഒരു ദേശീയമായ സ്വാതന്ത്ര്യസമരത്തിനുണ്ടാകേണ്ടുന്ന സൈനികവും രാഷ്ട്രീയവും സാംസ്കാരികവും സാമ്പത്തികവും സാമൂഹ്യവും ഭരണപരവുമായ വിവിധ തലങ്ങൾ ഉണ്ടായിരുന്നുവെന്നു കാണാം. എന്നാൽ, പലതലങ്ങളിലും അവയുടെ പ്രവർത്തനശൈലി വേണ്ടത്ര ശക്തമായിരുന്നില്ല. നൂറു കൊല്ലം അടിമത്തത്തിൽ കിടന്ന ഒരു രാജ്യത്തിൽ ഈ ശക്തികളുടെ സംഘടിതമായ പ്രവർത്തനം പ്രതീക്ഷിക്കുക സാധ്യമല്ല. മറാത്തരടക്കമുള്ള രാഷ്ട്രീയശക്തികളെ കമ്പനി പൂർണ്ണമായും തകർത്തുകഴിഞ്ഞിരുന്നു. എന്നാൽ കലാപത്തിന്റെ ഘട്ടത്തിൽ ഈ വിവിധ തലങ്ങൾ പരസ്പരം ബന്ധപ്പെട്ടിരുന്നുവെന്നു കാണാം. അവയുടെ പ്രവർത്തനപശ്ചാത്തലം വളരെ വിശാലവുമായിരുന്നു. ഈ വൈവിധ്യം പട്ടണങ്ങളിൽ നിന്ന് പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിൽ നിന്ന് ഗ്രാമങ്ങളിലേക്കും കലാപത്തെ പെട്ടെന്ന് വ്യാപിപ്പിച്ചു.

പല പ്രദേശങ്ങളിലും താലൂക്ക്ദാർമാരും മറ്റും നേതൃത്വം കൊടുത്ത പ്രാദേശിക ഭരണതലങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചു. അവർക്ക് വ്യക്തിതലവും

ഒരു പൊതുതലവും കലാപത്തിന്റെ കാര്യത്തിലുണ്ടായിരുന്നു. വ്യക്തിതലമെന്നത് തങ്ങളുടെ നഷ്ടപ്പെട്ട അധികാരങ്ങളും അവകാശങ്ങളും ഉൾപ്പെട്ടതായിരുന്നപ്പോൾ പൊതുതലം രാജ്യത്തിൽ ബ്രിട്ടീഷുകാർക്കെതിരായി നടന്നുവരുന്ന കലാപത്തിന്റെ പൊതുലക്ഷ്യം ഉൾക്കൊണ്ടിരുന്നു. ഈ രണ്ടു തലങ്ങളും ചില സ്ഥലങ്ങളിൽ ഭിന്നിച്ചുനിന്നു. പലേടത്തും ഒന്നിച്ചുചേർന്നു.

മുഗൾ ഭരണത്തെ പ്രതീകമാക്കി പ്രവർത്തിച്ചപ്പോഴും ഭരണനിർവഹണത്തിന്നും സൈനികശേഖരണത്തിനും നിയമവാഴ്ച പുനഃസ്ഥാപിക്കുന്നതിനും ഈ ഭരണകേന്ദ്രങ്ങൾ നേതൃത്വം നല്കി. തങ്ങളുടെ പൂർവ്വകാല വൈരുദ്ധ്യങ്ങൾ പോലും അവർ മറന്നിരുന്നു. മുഗൾ ഭരണത്തിന്റെ ബദ്ധശത്രുക്കളായ മറാത്തർ ബഹദൂർഷാവിനെ പിന്തുണക്കുന്ന ശക്തികേന്ദ്രമായി.

ഹൈന്ദവ പണ്ഡിതന്മാരും സെയ്ദ് തുടങ്ങിയ ഇസ്ലാമിക പണ്ഡിതന്മാരും മുഗൾ ഭരണത്തിലും നവാബുമാരുടെ ഭരണത്തിലും കരമൊഴിവായി മുവാഫ് (ഇനാം) ഭൂമി കൈവശം വെച്ചിരുന്നു. കമ്പനിവാഴ്ച ഇത്തരം ഭൂമികൾക്കു നികുതി കെട്ടി. ഈ പണ്ഡിതന്മാർ ആയിരക്കണക്കിൽ വരുന്നവർ നിരാലംബരായിത്തീർന്നു. കലാപത്തിൽ പുനഃസ്ഥാപിക്കപ്പെട്ട ഭരണകേന്ദ്രങ്ങൾ ഇത്തരം നികുതി കെട്ടിയ ഭൂമികൾ വീണ്ടും കരമൊഴിവാക്കിക്കൊടുക്കുവാനുള്ള ഹരജികൾ ആവശ്യപ്പെട്ടു. ഇത്തരം പ്രഖ്യാപനത്തിൽ സത്യവിരുദ്ധമായി അവകാശമുന്നയിക്കുന്നവരെ ശിക്ഷിക്കുമെന്നും പ്രത്യേകം ചൂണ്ടിക്കാട്ടി.

സൈന്യത്തിൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുവാനായി 10 ക യായിരുന്ന മാസശമ്പളം ഇരട്ടിയാക്കി. ജീവൻ നഷ്ടപ്പെടുന്നവരുടെ അവകാശികൾക്ക് രക്തപ്പണമായി അതേതുക നല്കുമെന്നും പ്രഖ്യാപിച്ചുകാണാം. കൂടാതെ മുഗൾ സൈനിക രീതിയിൽ കുതിരകളും കാലാളുകളുമായി വരുന്നവർക്കും പ്രത്യേകം പദവികളും ഉപജീവനവും വാഗ്ദാനം നല്കിയിരുന്നു.

## മതപരമായ തലം

കലാപത്തിന്നു വളരെ ശക്തമായ മതപരമായ ഒരുതലം കാണാം. ഈ തലം കലാപത്തിന്റെ നേതൃത്വം ഉപയോഗിച്ചിരുന്നത് ശക്തമായ രാഷ്ട്രീയബോധവും ദേശീയബോധവും ആധുനിക കാലത്തു വളർന്നുവന്നതുപോലെ ഇല്ലാതിരുന്നതുകൊണ്ടായിരുന്നു. ആധുനിക കാലത്തുപോലും രാഷ്ട്രീയലക്ഷ്യം വെച്ചുകൊണ്ട് മതത്തിന്റെ പ്രത്യേക ആശയങ്ങൾ പ്രചരിപ്പിക്കുന്ന വർഗ്ഗീയതയുടെ പ്രസ്ഥാനങ്ങളെയും പാർട്ടികളെയും നമുക്ക് കാണാവുന്നതാണ്. ആ നിലയിൽ ഒരു ജീവന്മരണ പോരാട്ടത്തിന്റെ ഘട്ടത്തിൽ കലാപകാരികളും അവരുടെ നേതൃത്വവും മതത്തെയും അതിന്റെ ആശയതലത്തെയും സമരവ്യാപ്തിയും തീക്ഷ്ണതയും വർധിപ്പിക്കുവാൻ ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ പേരിൽ അവരുടെ ലക്ഷ്യം വിലകുറച്ചു കാണുന്നതിന്നു പ്രസക്തിയില്ല. ദക്ഷിണേന്ത്യയിൽ 1800 ന്റെ ആദ്യദശകത്തിൽ ബ്രിട്ടീഷുകാർക്കെതിരെ പടപൊരുതിയ കട്ടബൊമ്മനും മരുതുനായകവും മറ്റും കമ്പനിക്കെതിരായ തങ്ങളുടെ പ്രഖ്യാപനത്തിന്റെ എഴുതിപ്പതിപ്പിച്ച പ്രതികൾ നഷ്ടപ്പെടുത്തുന്നവരെ

ഗംഗയുടെ തീരത്തു പഞ്ചമഹാപാപം ചെയ്യുന്നവരെന്നു വിശേഷിപ്പിക്കുന്നു. പഴശ്ശിരാജാവ് താൻ ധർമ്മത്തിന്റെ പക്ഷത്ത് യുദ്ധം ചെയ്യുന്നുവെന്നും എഴുതി പ്രചരിപ്പിച്ചു. 'ദീൻ' എന്നുള്ള കലാപകാരികളുടെ നിർദ്ദേശം, സദാചാരം, ധർമ്മം, സത്യം, സ്വാതന്ത്ര്യം തുടങ്ങിയ ആശയങ്ങളെയാണ് പ്രതിനിധീകരിച്ചിട്ടുള്ളത്. അതുപോലെ മുസ്ലീം വിഭാഗത്തിന്റെ തലവന്മാർ 'ജിഹാദി'ന്നു നടത്തുന്ന ആഹ്വാനം ഒരു മതപരമായ ആത്യന്തികയുദ്ധമെന്ന ആശയത്തെമാത്രം മുന്നോട്ടു വെയ്ക്കുന്നു. അത് ഒരു ഇസ്ലാമിക രാഷ്ട്രത്തിന്റെ നിർമ്മിതി ഉദ്ദേശം വെച്ചായിരുന്നില്ല. അതായത് അനിസ്ലാമിക രാഷ്ട്രത്തെ (ദാരുൽ ഹർബിനെ), ദാരുൽ ഇസ്ലാം (ഇസ്ലാമിക രാഷ്ട്രം) ആക്കി മാറ്റുവാൻ വേണ്ടിയായിരുന്നില്ല. ഒരവസരം ഡൽഹിയിലെ ജുമാ പള്ളിയിൽ കാഫിർമാർക്കെതിരെ ജിഹാദിന്നിറങ്ങുകയെന്ന പ്രഖ്യാപനം പതിച്ചുവെച്ചത് പിന്നീട് എടുത്തുമാറ്റിയത് അത് ഹിന്ദുക്കളെ അന്യവല്ക്കരിക്കുവാൻ കാരണമാകുമോയെന്നു ഭയപ്പെട്ടായിരുന്നു. ഝാൻസീറാണിയുടെ പ്രഖ്യാപനത്തിൽ ഭഗവദ്ഗീതയും സാളഗ്രാമവും തുളസിയും ഗംഗാജലവും പ്രിയപ്പെട്ടതുപോലെ കലാപത്തെ പരിശുദ്ധമായിക്കാണുവാൻ അഭ്യർത്ഥിക്കുന്നതു കാണാം.

കലീമയും ഉമ്മത്തും ചൊല്ലിയ, പ്രവാചകന്റെ പിൻഗാമികൾ അവിശ്വാസികളായ (കാഫിർ) ഫിരംഗിമാരെ (ഇംഗ്ലീഷുകാർ) വധിക്കുവാൻ മുമ്പോട്ടു വരുന്നില്ലെങ്കിൽ അവർ ധീഹർമാരുടെയും ചാമർമാരുടെയും നായ്ക്കളുടെയും പന്നികളുടെയും സന്തതികളാണെന്ന അഭിമാനമുള്ളവരെന്നതിനേക്കാൾ യെസീദിന്റെ (ഹുസ്സൈനെ വധിച്ച സൈനികൻ) പൈതൃകത്തിലുൾപ്പെടുന്നവരായിരിക്കും എന്നു ചില പ്രഖ്യാപനങ്ങൾ കാണാവുന്നതാണ്. ഇവിടെ സാമൂഹ്യബാഹ്യരായിട്ടുള്ള ദളിതരെ ചൂണ്ടിക്കാട്ടിയത് ഇന്ത്യൻ സമൂഹത്തിന്റെ പൊതുവായ വർഗ്ഗവീക്ഷണവും ജാതിവ്യവസ്ഥയുടെ സ്വാധീനവും കൊണ്ടായിരിക്കണം. ഇന്നും ഇത്തരം വാക്കുകൾ നമ്മുടെ തെറിവാക്കുകളായി പ്രചാരത്തിലുണ്ടുതാനും. എന്നാൽ ഈ പ്രഖ്യാപനത്തിന്റെ ലക്ഷ്യം മതപുരുഷനായ ഹുസ്സൈൻ വധിക്കപ്പെട്ട ആത്യന്തികയുദ്ധം ഇസ്ലാം അനുയായികളെ ഓർമ്മിപ്പിക്കുകയെന്നതാണ്.

കലാപം ഒരു വൻനദിയുടെ പ്രവാഹം പോലെ ഗംഗാസമതലങ്ങളെയും മറ്റനേകം പ്രാന്തപ്രദേശങ്ങളെയും പുല്കിക്കൊണ്ട് ബ്രിട്ടീഷുകാരെ ഇന്ത്യയിൽനിന്നും തുരത്തുകയെന്ന ഏകലക്ഷ്യം കേന്ദ്രീകരിച്ച് പ്രവഹിക്കുകയായിരുന്നു. അതിന്റെ പ്രത്യേകം പ്രത്യേകം കൈവഴികളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള വിലയിരുത്തൽ അന്ധഹസ്തിന്യായം പോലെ വസ്തുതകളെ ലഘൂകരിക്കുകയായിരിക്കും ചെയ്യുക. ഇത്തരം ലഘൂകരിക്കൽ കൊളോണിയൽ ചരിത്രകാരന്മാരുടെ ലക്ഷ്യമായിരുന്നു. കാരണം ബ്രിട്ടീഷ് പാർലമെന്റിൽ തന്നെ രണ്ടു ശക്തികൾ അൻപതു നീണ്ടവർഷങ്ങൾ ആശയപരമായി ഒരേറ്റുമുട്ടലിലായിരുന്നു. വാണിജ്യമൂലധനത്തിന്റെ ശക്തിയായ കമ്പനിയും വളരുന്ന വ്യാവസായിക മൂലധനത്തിന്റെ ഉടമകളായ വ്യാവസായിക മുതലാളിത്തവും ആയിരുന്നു ഈ ശക്തികൾ. തങ്ങളുടെ നൂറ്റാണ്ടുകാലത്തെ വിയർപ്പിന്റെ ഫലമാണ്

ഇന്ത്യൻ സാമ്രാജ്യമെന്നും അത് കമ്പനിയുടെമാത്രം സ്വകാര്യസ്വത്താണെന്നും വരുന്ന കമ്പനിയുടെ ഒരു വാദമുഖം. ഇന്ത്യാരാജ്യം കൊണ്ടുള്ള എല്ലാഗുണ ങ്ങളും വിപണിയും ഉദ്യോഗലബ്ധിയും വ്യാവസായിക മുതലാളിമാർക്കും അതുപോലെ ബ്രിട്ടീഷ് സമൂഹത്തിന്നും ലഭിക്കേണ്ടതാണെന്നതായിരുന്നു എതിർ വാദമുഖം. ഓരോ ചാർട്ടർ ആക്ടും പാർലമെന്റു പാസ്സാക്കുമ്പോൾ ഈ ശക്തികൾ പ്രത്യക്ഷത്തിൽ തങ്ങളുടെ ലോബികൾവഴി ഏറ്റുമുട്ടി. ഈ നിലയിൽ 1857-ലെ കലാപം അല്പം സിപ്പായിമാർ തോട്ടകളുടെ മതപരമായ കാരണത്താലുണ്ടാക്കിയ ഒന്നാണെന്നു കമ്പനിക്കും അതിന്റെ ചരിത്രകാര ന്മാർക്കും വാദിക്കേണ്ടിവന്നു. ആഗ്രയിൽനിന്നുള്ള ആദ്യത്തെ ഇന്റലിജൻസ് റിപ്പോർട്ടുതന്നെ വ്യക്തമാക്കിയത് ഏറ്റുമുട്ടൽ കമ്പനിയും സിപ്പായിമാരും തമ്മിലാണെന്നും അത് കമ്പനി ഉദ്യോഗസ്ഥരും സിവിൽ സമൂഹവും തമ്മിൽ ആയിരുന്നില്ലെന്നുമാണ്. എന്നാൽ തുടർച്ചയായ രേഖകൾ വ്യക്തമാക്കുന്നത് അത് ഒരാഭ്യന്തരവിപ്ലവത്തിന്റെ സ്ഥിതിയിൽ എത്തിയെന്നായിരുന്നു. ഈ നിലയിൽ ഉയർന്നുവരുന്ന വ്യാവസായിക മുതലാളിത്തം കമ്പനിയെ ഇല്ലാ താക്കി ഭരണം പാർലമെന്റിന്നും രാജ്ഞിക്കും കൈമാറുന്ന പശ്ചാത്തലം സൃഷ് ടിച്ചു. (രാമകൃഷ്ണ മുഖർജിയുടെ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനി എന്ന ഗ്രന്ഥം കാണുക)

## വിലയിരുത്തൽ

ഈ പശ്ചാത്തലത്തിൽ 1857നെ വിലയിരുത്തുമ്പോൾ കലാപത്തിന്റെ സർ ഗ്ഗാത്മക ചിന്തയേക്കാൾ എളുപ്പം വ്യാഖ്യാനിക്കുവാൻ കഴിയുക അതിന്റെ നിഷേധാത്മക ചിന്തകളെയായിരിക്കും. വിശദീകരിക്കുകയാണെങ്കിൽ ദേശീയ ബോധവും സ്വാതന്ത്ര്യാഭിലാഷവും വേണ്ടത്രയില്ലാത്ത ഒരു വെറും കലാപം എന്നു ചിത്രീകരിക്കുന്നതായിരിക്കും ഏറ്റവും എളുപ്പം. ദേശീയ ചരിത്രകാര ന്മാരുടെ ഒരുവിഭാഗവും കൊളോണിയൽ ചരിത്രകാരന്മാരും ഏർപ്പെട്ടിരിക്കു ന്നത് ഇത്തരം വാദമുഖത്തിലാണ്താനും.

ജവഹർലാൽ നെഹ്റു തന്നെ തന്റെ അവിച്ഛിന്നമായ ദേശീയബോധവും ഇന്ത്യൻ പൈതൃകത്തോടുള്ള ആദരവും ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങളോടുള്ള സഹാനുഭൂതിയും എല്ലാം ഉൾക്കൊണ്ടിരിക്കുമ്പോൾ 1857നെ വിലയിരുത്തി യത് 'ഫ്യൂഡൽ പ്രഭുക്കന്മാർ നടത്തിയ ഒരു ഫ്യൂഡൽ പൊട്ടിത്തെറി'യെന്നും 'അത് അസംഘടിതവും നിർമ്മാണാത്മകമായ ലക്ഷ്യമോ സാമൂഹ്യമായ താല് പര്യമോ ഇല്ലാത്തതാ'ണെന്നും, അതിന്റെ 'നേതാക്കന്മാർക്കിടയിൽ ദേശീയമോ ഏകോപനപരമോ ആയ വികാരങ്ങളുണ്ടായിരുന്നില്ലെ'ന്നും 'വെറും വൈദേ ശിക വിരുദ്ധ മനോഭാവം മാത്രം ഉള്ളതായിരുന്നു'വെന്നും മറ്റുമായിരുന്നു. എന്നാൽ 'ഈ ഫ്യൂഡൽ കലാപത്തിലും ചില ദേശീയമായ ഘടകങ്ങൾ ഉണ്ടെ ന്നും' അദ്ദേഹം വിലയിരുത്തുന്നു. (ഇന്ത്യയെ കണ്ടെത്തൽ, ലണ്ടൻ, 1956 പതിപ്പ്, പു. 324-25). ഇത്തരം വിലയിരുത്തൽ പ്രധാനമായും ജോൺകയേ തുടങ്ങിയ ചരിത്രകാരന്മാരെ അമിതമായി ആശ്രയിച്ചതിന്റെ ഫലമാണെന്നു പറയട്ടെ.

എന്നാൽ 1957-ൽ കലാപത്തിന്റെ ഒന്നാം ശതാബ്ദിയാഘോഷത്തിൽ തന്റെ പൂർവ്വകാല നിലപാടിൽനിന്നും അദ്ദേഹത്തിനു മാറ്റം സംഭവിക്കുന്നു. (ദ റിസൽറ്റ് ഓഫ് ഇന്ത്യൻ വാർ ഓഫ് ഇൻഡിപ്പെൻഡൻസ്). സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ഇന്ത്യൻ യുദ്ധമായി കലാപത്തെ വിശേഷിപ്പിക്കുന്ന അദ്ദേഹത്തിന്റെ ലേഖനം ശ്രദ്ധേയമാണ്. സുരേന്ദ്രനാഥ് സെൻ, താരാചന്ദ് തുടങ്ങിയ ചരിത്രകാരന്മാരുടെ ഗ്രന്ഥങ്ങളും ശതാബ്ദിയെത്തുടർന്ന് പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ഇവയെല്ലാംതന്നെ കലാപത്തെ വ്യാഖ്യാനിക്കുന്നതിൽ പലതരം സമീപനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. എസ്.ബി. ചൗധരിയാകട്ടെ സിവിൽ സമൂഹത്തിന്റെ പങ്കാളിത്തം എടുത്തുകാട്ടുന്നു.

അനേകം മാനങ്ങളും സമീപനങ്ങളുമുള്ള, കലാപകാരികളുടെ പ്രഖ്യാപനങ്ങൾതന്നെ ഇത്തരത്തിൽ വിവിധ ആശയങ്ങൾ പ്രതിനിധീകരിക്കുന്നു. അവയെ അടിസ്ഥാനമാക്കി കലാപത്തിന്റെ സ്വരൂപം നിർണയിക്കുന്നതിന്നു കഴിയുന്നതല്ല. എന്തെന്നാൽ അനേകം കൂട്ടായ്മകൾ അനേകശതം നാഴികകൾക്കിടയിൽ അനേകം ഘട്ടങ്ങളിൽ, അനേകം വ്യത്യസ്തമായ അവസരങ്ങളിലാണ് ഈ പ്രഖ്യാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. അവയെല്ലാംതന്നെ ഒരാശയത്തിൽ കേന്ദ്രീകരിക്കുന്നു. ബ്രിട്ടീഷുകാരെ ഇന്ത്യയിൽ നിന്നു പുറത്താക്കണം, അതിന്നായി കലാപത്തിൽ പങ്കെടുക്കണം എന്നുള്ളതായിരുന്നു ആ ആശയം. അതുകൊണ്ടുതന്നെയാണ് 1857, ഇന്ത്യൻ സ്വാതന്ത്ര്യസമരമായി മാറുന്നതും. മൗലാനാ അബുൾകലാം ആസാദ് ശതാബ്ദിയാഘോഷത്തിൽ ഇതേ ആശയംതന്നെ മുന്നോട്ടു വെച്ചു കാണാം. ഒരു മുസ്ലിം ഗൂഢാലോചനയായി കലാപത്തെ പല കൊളോണിയൽ ചരിത്രകാരന്മാരും വിശേഷിപ്പിച്ചിട്ടുണ്ട്. ഇക്കാരണത്താൽ ഇന്ത്യൻ മുസ്ലിം സമൂഹത്തെ എല്ലാവിധ രംഗങ്ങളിൽ നിന്നും അകറ്റിനിർത്തുന്ന ഒരു ഭരണനയം പിൽക്കാലത്ത് രൂപീകരിക്കപ്പെടുകയും ചെയ്തു. ഇസ്ലാമിക ആശയമായ ഗാസി (പടയാളി) ശഹീദ് (രക്തസാക്ഷി), ജിഹാദ് (ധർമയുദ്ധം) എന്നിവ കലാപത്തെ പ്രേരിപ്പിച്ചിരുന്നു. എങ്കിലും ഹിന്ദുക്കളും മുസ്ലിംങ്ങളും അവരുടെ മാനസികമായ വീക്ഷണത്തിൽ ആധുനികമായ ദേശീയതയുടെ ഒരു രാഷ്ട്രീയബോധം പൂർണമായും ഉൾക്കൊണ്ടിരുന്നില്ലെങ്കിലും ബ്രിട്ടീഷാധിപത്യത്തിൽ നിന്നും മോചനം നേടുവാനുള്ള ഒരു യുദ്ധത്തിൽ അവർ ഒന്നിച്ചു പങ്കെടുത്തു. ഈ മോചനത്തിന്റെ പ്രതീകമായി അവർ ബഹദൂർഷാ സഫർ എന്ന അവസാനത്തെ മുഗൾരാജാവിനെ കണ്ടെത്തുകയും ചെയ്തു. അദ്ദേഹം ബ്രിട്ടീഷുകാരുടെ കൊട്ടാരം തടവുകാരനാണെങ്കിലും തങ്ങൾക്കുവേണ്ടി അധികാരം ഏറ്റെടുക്കുവാൻ അദ്ദേഹത്തെ അവർ ഒന്നിച്ചു നിർബന്ധിച്ചത് ഈ സ്വാതന്ത്ര്യബോധംകൊണ്ടാണ്.

രാഷ്ട്രീയബോധത്തിന്റെ 1857ന്നു മുമ്പുള്ള ആശയം 'ഖൽബ് ഖുദാ കാ, മുൽക് ബാദ് ശാഹ്കാ ഹുക്മ് കമ്പനി ബഹാദൂർകാ എന്നായിരുന്നു. (ജനങ്ങൾ ദൈവത്തിന്റേതു, രാജ്യം ബാദ്ശാഹിന്റേതു (ചക്രവർത്തിയുടെ ) കൽപന കമ്പനി ബഹദൂറിന്റേതു എന്നാൽ കലാപത്തിൽ രൂപീകരിക്കപ്പെട്ട ഗവൺമെന്റുകൾ ഇതേ ആശയത്തിൽ പ്രധാനപ്പെട്ട ഒരു മാറ്റം വരുത്തി. അതിൽ കമ്പനിയെ

ഒഴിവാക്കിക്കൊണ്ട് പ്രാദേശികവും പ്രാന്തീയവുമായ 'രാജ് റാണി ലക്ഷ്മീഭായികാ' എന്നും, 'നാനാസാഹിബ് കാ' എന്നും 'നവാബ് ബക്ശ് ഖാൻകാ' എന്നും മറ്റും യുക്തംപോലെ മാറ്റം വരുത്തി. പക്ഷേ, പരമാധികാരം (മുൽക്) ബാദ്ശാഹിന്റേതായി പരിഗണിക്കുകയും ചെയ്തിരുന്നു. സാമ്രാജ്യവിരുദ്ധമായ ജനകീയപ്രസ്ഥാനം എന്ന നിലയിൽ 1857ന്റെ പ്രാധാന്യം വളരെ സമുന്നതമാണ്. ഇതേ മുദ്രാവാക്യങ്ങളെ പിന്നീട് ബ്രിട്ടീഷ് രാജ് തിരുത്തി ഉപയോഗിച്ചതു ഇപ്രകാരമാണ്. മുൽക് മാലികാ വിക്ടോറിയാഷാ ഇ-ലന്തൻ കാ' (രാജ്യം ലണ്ടനിലെ ഭരണാധികാരി രാജ്ഞി വിക്ടോറിയയുടേത്)

ദേശീയതയുടെ രാഷ്ട്രീയബോധം ഈ കലാപകാരികൾ പ്രത്യേകിച്ചും അവരുടെ നേതൃത്വം എത്രമാത്രം ഉൾക്കൊണ്ടിരുന്നുവെന്നു മനസ്സിലാക്കുവാൻ അവരുടെ പ്രഖ്യാപനങ്ങളിൽ ഇന്ത്യയുടെ ഭൂതകാല ചരിത്രത്തെ എങ്ങിനെ വിലയിരുത്തിയെന്നു പരിശോധിക്കേണ്ടതുണ്ട്. ദക്ഷിണേന്ത്യയിൽ 1800 കളുടെ ആദ്യം കട്ടബൊമ്മൻ നടത്തിയ ഒരു പ്രഖ്യാപനം, 'പണ്ടു കഞ്ഞി കുടിക്കാനുണ്ടായിരുന്നു, ഇപ്പോൾ വെള്ളം മാത്രം' എന്നത് ബ്രിട്ടീഷ് ഭരണത്തിന്റെ വിഭവശോഷണം സൂചിപ്പിച്ചു. വേലുത്തമ്പിദളവയുടെ പ്രഖ്യാപനത്തിൽ, 1809-ൽ ഇവർ നമ്മുടെ തരിശുഭൂമി കയ്യടക്കും എന്നു കാണാം. അതേവിധം തോട്ടയുടെ നിഷേധവും ദീനിന്റെ സംരക്ഷണവും മാത്രമല്ല, കമ്പനി ഭരണം ഇന്ത്യയിലുണ്ടാക്കിയ പാപ്പരീകരണവും ദാരിദ്ര്യവും കേന്ദ്രീകരിച്ചായിരുന്നു കലാപത്തിന്റെ മുന്നേറ്റം. അവധിലെ ബീഗത്തിന്റെ പ്രഖ്യാപനം വിക്ടോറിയാ രാജ്ഞിയുടെ പ്രഖ്യാപനത്തെ വിമർശിക്കുമ്പോൾ കമ്പനി ഇന്ത്യൻ രാജാക്കന്മാരോടും ടിപ്പു സുൽത്താനോടും കാണിച്ച അന്യായങ്ങൾ ഓരോന്നും എണ്ണിപ്പറയുന്നു. കൂടാതെ രാജ്ഞിയെത്തന്നെ വിമർശിക്കുന്നു. പ്രിൻസ് മിർ മുഹമ്മദ് ഫെറോസ് ഷാവിന്റേതായ 1857 ആഗസ്ത് 25ന്റെ പ്രഖ്യാപനത്തിൽ പറയുന്നു: 'ഇന്ത്യയിലേക്കു ഇംഗ്ലീഷ് സാമഗ്രികൾ കൊണ്ടുവരികയാൽ നെയ്ത്തുകാരേയും പരുത്തി തയ്യാറാക്കുന്നവരേയും തച്ചന്മാരേയും കൊല്ലന്മാരേയും ചെരിപ്പുകുത്തികളേയും നഷ്ടപ്പെടുത്തുകയും ഇത്തരത്തിൽ ഇന്നാട്ടുകാരെ യാചകവൃത്തിയിലെത്തിക്കുകയും ചെയ്തിരിക്കുന്നു.' ചരിത്രത്തിന്റെ സംഭവഗതികളെപ്പറ്റിയുള്ള ഈ വീക്ഷണം ഒരു പ്രത്യേക ലക്ഷ്യം വെച്ചുകൊണ്ടാണ് സ്വീകരിച്ചിട്ടുള്ളത്. പ്രിൻസ് മിർസാ ഈ പ്രഖ്യാപനത്തിൽ മുജാഹിദീൻ' മാരുടെ സഹായം അഭ്യർത്ഥിക്കുന്നുവെങ്കിലും ഓരോ വിഭാഗത്തിന്റേയും ബ്രിട്ടീഷ് ഭരണത്തിനു കീഴിലെ പ്രത്യേകം അവശതകളെ ഊന്നിക്കാട്ടുകയും അത്തരം അഞ്ചു വിഭാഗക്കാരായ ജമീന്ദാർമാർ, വണിക്കുകൾ, പൊതു ഉദ്യോഗസ്ഥന്മാരും സൈനികരും, കൈവേലക്കാർ, പണ്ഡിറ്റുകളും ഫക്കീർമാരും മറ്റു ബുദ്ധിജീവികളും എല്ലാം ഉൾക്കൊള്ളുന്ന ജനതയോട് പങ്കെടുക്കുവാൻ ആവശ്യപ്പെടുന്നത് കലാപത്തിന്റെ മതേതരസ്വഭാവവും ഇന്ത്യൻ സമൂഹത്തിന്റെ മുഴുവൻ പങ്കാളിത്തവും ലക്ഷ്യംവെച്ചായിരുന്നു. അദ്ദേഹം ജമീന്ദാർ വിഭാഗത്തെ ഊന്നിക്കാട്ടുമ്പോൾ അതിൽ സമ്പത്ത് ഉൽപാദകരായ കാർഷികസമൂഹംകൂടി ഉൾക്കൊള്ളുന്നു. ഭൂമിയുടെ ഉടമകളെ പ്രത്യേകമായി അഭിസംബോധന ചെയ്തുവെന്നതാകാം.

അതിനാൽ കലാപത്തെ പോഷിപ്പിച്ചതും ഇന്ത്യയുടെ മിക്ക ഭാഗങ്ങളിലും എത്തിച്ചതും ഈ രാഷ്ട്രീയബോധമാണെന്നു കാണാം. എന്നാൽ അതോടൊപ്പം സവ്യസാചിഭട്ടാചാര്യ സൂചിപ്പിച്ചതുപോലെ ക്രിസ്ത്യൻ സമൂഹത്തോടുള്ള വിദ്വേഷവും കൂടിക്കലർന്നു കാണാം. 'റി തിങ്കിങ്ങ് 1857' ദ ഹാർട്ട് ലേൻഡ് ആൻഡ് ബിയോണ്ട് എന്ന ലേഖനം.

നാനാസാഹിബിന്റേതായ പ്രഖ്യാപനത്തിലും ബ്രിട്ടീഷുകാർ ഇന്ത്യക്കാരുടെ മതവും ജാതിയും പ്രത്യേകാനുകൂല്യങ്ങൾ നൽകി നശിപ്പിക്കുന്ന വസ്തുത ആ പ്രഖ്യാപനത്തിൽ ചൂണ്ടിക്കാട്ടുമ്പോൾതന്നെ സൈനികഭരണം ഇന്ത്യയിൽ ഹിന്ദുക്കളുടേയും മുസ്ലിമിങ്ങളുടെയും രാജ്യങ്ങൾ ഏതു വിധം പിടിച്ചടക്കിയെന്നും ഏതുവിധത്തിലുള്ള വഞ്ചന പ്രകടിപ്പിച്ചുവെന്നും നമുക്കറിയാവുന്നു. നാനയുടേതാണെന്നു പറയുന്ന ഇതേ പ്രഖ്യാപനത്തിൽ വലിയൊരു ലോകവീക്ഷണം കൂടി അദ്ദേഹം പ്രകടിപ്പിക്കുന്നു. അത് കലാപത്തിന്റെ ഊർജസ്വലത ശക്തമാക്കുവാൻ കൂടിയായിരിക്കണം. ഫ്രഞ്ചുകാരും റഷ്യക്കാരും വളരെക്കാലമായി ഇംഗ്ലീഷുകാർക്കെതിരെ വിദ്വേഷം പുലർത്തുന്നു. ഈ കാഫിർമാർക്കെതിരെ ചൈനക്കാർ യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പേർഷ്യക്കാരും അഫ്ഗാൻകാരും ബലൂചികളും തങ്ങളുടെ സൈന്യങ്ങളുമായി തയ്യാറായിരിക്കുന്നു. ഇത്തരം സംഭവപരമ്പരകളെ സാമ്രാജ്യവിരോധവുമായി ബന്ധപ്പെടുത്തിക്കൊണ്ട് കലാപത്തിന്റെ വ്യാപ്തിയും തീവ്രതയും വർദ്ധിപ്പിക്കുവാനുള്ള ചിന്ത തികച്ചും രാഷ്ട്രീയബോധത്തിലും ദേശീയതയുടെ കാഴ്ചപ്പാടിലും ഊന്നിക്കൊണ്ടാണ്. സ്വന്തം നഷ്ടബോധം അടിസ്ഥാനമാക്കിയായിരുന്നില്ല.

അലഹബാദിലെ ഇമാം ലിയാഖത്ത് ആലി ഒരു ജിഹാദിന്നു ആഹ്വാനം നടത്തുമ്പോഴും ജനങ്ങൾ വിഭിന്നജാതിക്കാരായും വിഭിന്ന ജോലികൾ ചെയ്യുന്നവരായും നിലകൊള്ളുമ്പോഴും അതിന്നെല്ലാം ഉപരിയായിട്ട് ഹിന്ദുസ്ഥാൻ പൂർണമായും നിലനിൽക്കുന്ന ഐക്യം എടുത്തുകാട്ടുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ മതപരമായ ആശയങ്ങൾ ഉപയോഗപ്പെടുത്തുമ്പോഴും ഹിന്ദുസ്ഥാൻ പൂർണമായും എന്നുള്ള രാഷ്ട്രീയബോധം കലാപത്തിന്റെ നേതൃത്വത്തിലും രൂപത്തിലും ഉൾക്കൊള്ളിച്ചിരുന്നു. ഇക്കാരണങ്ങൾ എല്ലാംതന്നെ ഇതെല്ലാം ഒരു ദേശീയ സ്വാതന്ത്ര്യസമരമെന്നും അതിന്നുവേണ്ടി നടത്തപ്പെട്ട യുദ്ധം എന്നും നിലവിലുള്ള അനുമാനത്തെ സാധൂകരിക്കുകയാണ്.

## സ്വാതന്ത്ര്യം പൂർണ ലക്ഷ്യം

എന്നാൽ ഇത്തരം ഒരു യുദ്ധത്തെ ഒന്നാം സ്വാതന്ത്ര്യസമരമല്ലെന്നും അതിന്നു ദേശീയതയുടേതായ സമീപനം ഉണ്ടായിരുന്നില്ലെന്നും വിലയിരുത്തുവാൻ ആർ.സി. മജുംദാറെപ്പോലുള്ള ആദ്യകാല ദേശീയ ചരിത്രകാരന്മാരെ പ്രേരിപ്പിച്ച വസ്തുതകൾ രീതിശാസ്ത്രത്തിന്റേതു മാത്രമെന്നു വിലയിരുത്തുവാൻ കഴിയുകയില്ല. കാറൽമാർക്സിന്റെ ചിന്തകളോടും അദ്ദേഹം ആവിഷ്കരിച്ച വർഗസമരപ്രസ്ഥാനങ്ങളോടും ഒട്ടും സഹാനുഭൂതിയില്ലാത്ത

പണ്ഡിതലോകത്തിന്നു മാർക്സ് വിലയിരുത്തിയതുപോലെ ദേശീയമായ (ഇന്ത്യൻ) സ്വാതന്ത്ര്യസമരം എന്നു സിദ്ധാന്തിക്കുന്നതിൽ വൈമുഖ്യം ഉണ്ടാകാം. ചരിത്രത്തെ പ്രാചീനം, മധ്യകാലീനം, ബ്രിട്ടീഷ് ഭരണകാലം എന്നിങ്ങനെയുള്ള വിഭജനംപോലും ഈ ചരിത്രകാരന്മാർക്ക് സ്വീകാര്യമായിരുന്നു. ഇന്ത്യ ഇൻ സൗത്ത് ഈസ്റ്റ് ഏഷ്യ എന്ന സങ്കൽപനം പോലും ഹൈന്ദവ ഇന്ത്യയുടെ നേട്ടമായി അവർ കരുതുമ്പോൾ റെനേഗ്രോഷെ തുടങ്ങിയ ഫ്രഞ്ചു ചരിത്രകാരന്മാർ ഗ്രെയിറ്റർ ഇന്ത്യ എന്ന സങ്കൽപനത്തെപ്പോലും ഇന്നു പൂർണമായും നിഷേധിച്ചിരിക്കുകയാണ്. കൂടാതെ ഇന്ത്യയുടെ ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയോടൊപ്പം ദ്വിരാഷ്ട്രവാദം കൂടുതൽ ശക്തിയാർജിക്കുകയും ഇന്ത്യ വിഭജിക്കപ്പെടുകയും ചെയ്തു. ഇത്തരം ഒരു ഘട്ടത്തിൽ ഹിന്ദുക്കളും മുസ്ലിമിങ്ങളും ഒരൊറ്റ ലക്ഷ്യത്തിന്നായി ഒന്നിച്ചു യുദ്ധം ചെയ്തുവെന്ന ആശയം ഈ ദേശീയവാദികൾക്കു അരോചകമായിരുന്നിരിക്കാം.

കൊളോണിയൽ ചരിത്രരചന കലാപത്തെ ഒരു 'മതയുദ്ധ'മായി വ്യാഖ്യാനിച്ചു. മുസ്ലിങ്ങളുടെ ജിഹാദ് ഒരു പ്രമുഖ ആശയമെന്ന നിലയിൽ ഈ യുദ്ധത്തിൽ പ്രവർത്തിച്ചുവെന്ന വ്യാഖ്യാനം അവർ പ്രബലമാക്കി പ്രചരിപ്പിച്ചു. ഒരു പക്ഷേ, കമ്പനിയുടെ നിലനില്പിന്നു, പ്രത്യേകിച്ചും സ്വതന്ത്രമായ ഇംഗ്ലീഷ് സ്മൂഹത്തിന്നു മുന്നിൽ അതിന്റെ നയവും വിഭവസമാഹരണവും സംബന്ധിച്ച നയങ്ങളെ കഴിയുന്നത്ര ഒളിച്ചു വെക്കുവാൻ ഇത്തരം ഒരു പ്രചരണം ആവശ്യമായി വന്നിരിക്കാം. ഇസ്ലാം-ക്രൈസ്തവ നാഗരികതകൾ തമ്മിൽ നൂറ്റാണ്ടുകളിലൂടെ നടന്നുവരുന്നുവെന്നവകാശപ്പെടുന്ന ഏറ്റുമുട്ടലുകളുടെ തുടർച്ചയായി അതിനെ വ്യാഖ്യാനിക്കുന്ന ഒരു രീതി കൊളോണിയൽ ചരിത്രകാരന്മാർ സ്വീകരിച്ചിരുന്നിരിക്കാം. എന്നാൽ വസ്തുതകൾ അത്തരമൊരു വ്യാഖ്യാനം ന്യായീകരിക്കുന്നില്ല.

ശതാബ്ദി ആഘോഷിക്കുന്ന ഈ അവസരം ഇന്ത്യൻ ചരിത്രകാരന്മാരുടെ മുമ്പിലുണ്ടായിരുന്ന ചോദ്യം കലാപം എത്രമാത്രം 'ദേശീയം' (നാഷണൽ) ആയിരുന്നുവെന്നാണ്. എന്നാൽ ഇന്നു ഇസ്ലാം-ക്രൈസ്തവ നാഗരികതകളുടെ സംഘർഷത്തിന്റെ പുതിയ വേരുകൾ കണ്ടെത്തുവാനുള്ള ശ്രമത്തിൽ മുസ്ലിം ആശയങ്ങളും ജിഹാദും 1857-നെ ഒരു 'മതയുദ്ധ'മാക്കുകയാണുണ്ടായതെന്നും ഇസ്ലാമിക തീവ്രവാദ ഗ്രൂപ്പുകൾ ഇന്നു 'താലിബാൻ' അൽഖയ്ദ പ്രസ്ഥാനങ്ങളിലൂടെ പാശ്ചാത്യ സംസ്കാരവുമായി ഏറ്റുമുട്ടുന്നത് വ്യത്യസ്ത സംസ്കാരങ്ങളുടെ ഏറ്റുമുട്ടലായി കാണണമെന്നും ഈ പ്രവർത്തനം ഭൂതകാലചരിത്രത്തിന്റെ അനുസ്യൂതതയാണെന്നും ചിലരെങ്കിലും എടുത്തുകാട്ടുന്നു. ഉദാഹരണത്തിന്നു വില്യം ഡാൽറിംപിൾ കലാപം ഹിന്ദുക്കളാരംഭിച്ചുവെങ്കിലും വഹാബികളായ ജിഹാദികളാണ് ഡൽഹിയിൽ കലാപം വ്യാപിപ്പിച്ചതെന്നു പറയുന്നു. (ദ ലാസ്റ്റ് മുഗൾ, 1857). വീണ്ടും ഒരു കൊളോണിയൽ ചരിത്രരചനയായി ഈ പഠനങ്ങൾ സ്വയം രൂപാന്തരപ്പെടുന്നു.

കലാപത്തെ നയിച്ച വ്യക്തിത്വങ്ങളാരും തന്നെ തങ്ങളുടെ രാഷ്ട്രീയ സിദ്ധാന്തങ്ങളും ലക്ഷ്യവുമെന്തെന്ന് ഒരു 'പൊളിറ്റിക്കൽ ഫിലോസഫി'യെന്ന

നിലയിൽ എഴുതി വെച്ചിരുന്നില്ല. എന്നാൽ ബ്രിട്ടീഷുകാരിൽ നിന്നുള്ള മോചനം, അവരെ ഇന്ത്യയിൽ നിന്നു പുറത്താക്കൽ, അവരുടെ ലക്ഷ്യമായിരുന്നുവെന്നു അന്നത്തെ പ്രവർത്തനങ്ങളും പ്രഖ്യാപനങ്ങളും വിശദീകരിക്കുന്നു. തങ്ങളുടെ കൊച്ചുകൊച്ചു സ്വപ്നങ്ങൾക്കും സ്ഥാനമാനങ്ങൾക്കും വേണ്ടിയാണ് അവർ സമരം നയിച്ചതെന്നും ദേശീയതയുടെ ബോധം അവരിലുണ്ടായിരുന്നില്ലെന്നും മറ്റും എഴുതിവെച്ച് കൊണ്ട് ആയിരക്കണക്കിൽ വരുന്ന രക്തസാക്ഷികളോട് അനാദരവ് കാട്ടുന്നത് ചരിത്രത്തോടു ചെയ്യുന്ന അനീതി മാത്രമാണ്. ദേശീയ ചരിത്രരചന വളർന്നു വികസിച്ചപ്പോഴും പില്ക്കാലത്തെ ദേശീയ സമരങ്ങളിൽ ഇന്ത്യൻ കമ്യൂണിസ്റ്റുകാരുടെ പങ്കു അവഗണിച്ചുകൊണ്ടുള്ള ധാരാളം ചരിത്രരചനകൾ അരുൺഷൂരിയെപ്പോലുള്ളവർ നടത്തിയത് അത്തരം അനാദരവിന്റെ തുടർച്ചയാണെന്നു നമ്മൾക്കു കാണാവുന്നതാണ്.

പാം ദത്തിനേയും പില്ക്കാലത്ത് എറിക് സ്റ്റോക്സിനേയും പോലുള്ളവർ കൃഷിയുടെ വാണിജ്യവത്ക്കരണവും അതുവഴി ഉണ്ടായ മുതലാളിത്ത ഉല്പാദനരീതിയുടെ അവികസിത ആവിർഭാവവും ആ രീതിയിൽ സമൂഹം അഥവാ ജാതി അടിസ്ഥാനമാക്കിയ ഉല്പാദനവും തമ്മിലുള്ള ആന്തരിക വൈരുദ്ധ്യം കലാപത്തിന്റെ അടിസ്ഥാനമായി പരിഗണിക്കുന്നു (പെസൻട് ആന്റ് സ്റ്റോക്സ്, കൂടാതെ പെസൻട് ആൻഡ് രാജ്), കൂടാതെ ശ്രേണീബദ്ധമായ അനേകം സ്ഥിതികളും അവ ഗ്രാമത്തിലെ കുലീനരിലുണ്ടാക്കിയ സംഘർഷവും അദ്ദേഹം കലാപത്തിനു അടിസ്ഥാനമായിക്കരുതുന്നു.

കലാപത്തിന്റെ നേതൃത്വം പ്രധാനമായും ഒരു നേതൃത്വനിരയിൽ മാത്രമായിരുന്നില്ല ഒതുങ്ങിയിരുന്നത്. ഇത്തരം കലാപങ്ങളുടെ സഹജമായ സ്വഭാവമാണിത്. നേതൃത്വം സാധാരണ ജനവിഭാഗങ്ങളിൽ നിന്നും ഉയർന്നു വന്നുവെന്നത് കലാപത്തിന്റെ ഒരു പ്രത്യേകതയാണ്. മൗലവി അഹമ്മദുള്ള മദ്രാസിൽ കലാപത്തിന് ആഹ്വാനം ചെയ്ത സാധാരണക്കാരനായ മൗലവിയായിരുന്നു. അയാൾ അവധിലെ കലാപത്തിന്റെ പ്രധാന ശക്തികേന്ദ്രമായി. ഒരു ജാട്ടു കൃഷിക്കാരനായ ഷാറുൽ, ബറൗത് പ്രദേശത്ത് കലാപത്തിന്റെ നേതൃത്വം വഹിച്ചു. വടക്കു പടിഞ്ഞാറൻ ഇന്ത്യയിൽ ഒരേറ്റുമുട്ടലിൽ അയാൾ മരിച്ചു. മഥുരയിൽ തപ്പരായ എന്ന സ്ഥലത്തെ ഗ്രാമതലത്തിലെ പ്രധാനിയായ ദേവീസിംഗ് ഗ്രാമത്തിൽ സമാന്തര ഭരണമുണ്ടാക്കി. അയാളെ തൂക്കിലേറ്റി. ഒരു കോൾ ആദിവാസിയായ ഗോണു ഷേരാട്ടാ നാഗപൂരിൽ കലാപത്തിന്നു നേതൃത്വം നൽകി. ഇതെല്ലാം തന്നെ മുമ്പുകാലത്തെ യുദ്ധങ്ങളിൽ നിന്നും വ്യത്യസ്തമായി, 'പിച്ച്ഡ് ബാറ്റിൽ' എന്ന സ്വഭാവത്തിൽനിന്നും വ്യതിരിക്തമായി, അനേകം പ്രദേശങ്ങളിലേക്കു പടർന്നു വ്യാപിക്കുന്ന 'ജനകീയ യുദ്ധ'മായി (പീപ്പിൾസ് വാർ) സ്വയം മാറുന്ന ഒരു പ്രത്യേക സ്ഥിതി പ്രോത്സാഹിപ്പിച്ചു.

## പില്ക്കാലത്തെ സ്വാധീനം

പില്ക്കാലത്തെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ കലാപത്തിന്റെ സ്വാധീനം എന്തായിരുന്നുവെന്ന ഒരന്വേഷണം കൂടി ഇവിടെ ആവശ്യമാണ്, ഇംഗ്ലണ്ടിൽ

വിദ്യാഭ്യാസം നേടിയ പുതിയ ഒരു നേതൃത്വനിര ഇന്ത്യൻ പ്രശ്നങ്ങളിൽ സജീവ താല്പര്യം കാണിച്ചു വന്നു. കലാപത്തിൽ തങ്ങളോടൊപ്പം നിന്ന ബ്രിട്ടീഷ് കാരും നാട്ടുകാരുമായ നീലം തോട്ട വ്യവസായികൾക്കു രാജ്ഞിയുടെ ഭരണം പുതിയ ആനുകൂല്യങ്ങൾ നല്കി. ഇത് നീലം കൃഷിക്കാരുടെ തിക്താനുഭവ ങ്ങൾ കൂടുതൽ തിക്തമാക്കി. നീലം കൃഷിക്കല്ലാതെ ഭൂമി പാട്ടത്തിനു ലഭിക്കു കയില്ലെന്ന ഒരു സ്ഥിതി പോലും അവിടെ ഉണ്ടായി. ഇതെല്ലാം 1860 ൽ നീലം കൃഷിക്കാരുടെ ഒരു പ്രത്യക്ഷ സമരത്തിനിടയാക്കി. നീലം കൃഷിക്കാരോട് സഹാനുഭൂതി പുലർത്തുന്ന 'നീലദർപ്പൺ' എന്ന ദീനേന്ദുമിത്രയുടെ റിയലിസം ഉൾക്കൊള്ളുന്ന നാടകം ഈ പശ്ചാത്തലത്തിന്റെ സൃഷ്ടിയാണ്. അത് ഇംഗ്ലീ ഷിൽ വിവർത്തനം ചെയ്ത അജ്ഞാത വിവർത്തകൻ (തീർച്ചയായും മൈക്കൽ മധുസൂദൻ ദത്ത്) മറ്റൊരു ബുദ്ധിജീവിയും കവിയുമാണ്. ഫാദർ ജെയിംസു ലോങ് ഈ കൃതി അച്ചടിപ്പിച്ച് ബ്രിട്ടീഷ് പാർലമെന്റിൽ വിതരണം ചെയ്യിപ്പിച്ചു. 'സാമ്പത്തിക ദേശീയത' എന്ന ആശയം ഈ കൃതിയിൽ ശക്തമായി പ്രതിഫ ലിച്ചു കാണാം. കലാപത്തിന്നു മുമ്പാകട്ടെ റാം മോഹൻ റായും ദ്വാരകാനാഥ ടാഗോറും നീലം തോട്ട വ്യവസായികൾക്ക് നല്ല സാക്ഷ്യപത്രം നല്കിയവ രാണ്. ഗ്രാമങ്ങളിൽ കാണുന്ന നല്ല വീടുകൾ നീലം കൃഷിക്കാരുടേതാണെന്നും അതുണ്ടാക്കുന്ന സാമ്പത്തികമിച്ചം മറ്റു കൃഷികളേക്കാൾ ആദായകരമാ ണെന്നും അവർ അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ ഈ നാടകം അച്ചടിപ്പിച്ച് മാനഹാനി ഉണ്ടാക്കിയെന്ന പേരിൽ തോട്ടമുടമകൾ കൊടുത്ത ഒരു കേസ്സിൽ ഫാദർക്കു ജയിലിൽ കിടക്കേണ്ടി വന്നു.

പില്ക്കാലത്ത് വൃന്ദാവൻ ലാൽ വർമ്മ രചിച്ച റാണി ലക്ഷ്മിബായ് എന്ന തന്റെ നോവലിന്റെ ആമുഖത്തിൽ ഖാൻപൂരിലെ രാജാ മർദൻ സിങ്ങിന്നെഴു തിയ എഴുത്തിൽ റാണി 'സ്വരാജ്' എന്ന പദം ഉപയോഗിച്ചതായി വെളിപ്പെടു ത്തുന്നു. സ്വരാജ്, മുൽക് (രാഷ്ട്രം) എന്നീ പദങ്ങൾ വീണ്ടും സജീവമായി ബുദ്ധിജീവികൾ ചർച്ച ചെയ്തു. സുഭദ്രകുമാരി ചൗഹാന്റെ കവിത റാണിയെ വീണ്ടും സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി പുനരുജ്ജീവിപ്പിച്ചു. കൂടാതെ വി.ഡി. സവർക്കറുടെ പുസ്തകവും.

ബ്രിട്ടീഷ് രാജ് ഇന്ത്യൻ കാർഷിക സമ്പദ്ഘടനയും ലോക മുതലാളിത്ത വ്യവസ്ഥയും തമ്മിലുള്ള സംയോജനം കമ്പനിയുടെ കാലത്തേക്കാളും സുഗമ മാക്കി. കാർഷിക വാണിജ്യവത്ക്കരണം ഏറ്റവും ശക്തമായിത്തീരുകയും ചെയ്തു. ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട കാർഷിക സമൂഹങ്ങൾ പാബ്നയിലും മറ്റും (1873) കലാപത്തിലെത്തി. ഇത്തരത്തിൽ കാർഷിക സമൂഹം 1857ന്റെ സന്ദേശം സ്വയം സ്വീകരിച്ചുകൊണ്ട് രാജിന്റെ ഭരണത്തിന്നും മറ്റും എതിരായി അനേകം പോരാട്ടങ്ങൾ തുടങ്ങി. ഹുണ്ടികക്കാർക്കെതിരായി ബാർദോളിയട ക്കമുള്ള പശ്ചിമേന്ത്യൻ ജില്ലകളിൽ നടന്ന 1875ലെ ഡക്കാൻ കലാപങ്ങൾ, ബീഹാറിലെ മുണ്ടകളും സാന്താളുകളും നടത്തിയ തുടർകലാപങ്ങൾ എല്ലാം ഈ പശ്ചാത്തലത്തിന്റെ സൃഷ്ടികളാണ്. മുണ്ടകളും മറ്റും പോലീസ് സ്റ്റേഷ നുകൾ ആക്രമിച്ചു സിങ്ങ് ഭൂമിലും ഛോട്ടാ നാഗപ്പൂരിലും നിരന്തരം ഭീകരത

സൃഷ്ടിച്ചു. അവരുടെ നേതാവായി 1890കളിൽ ഒരു ബിർസാമുണ്ട ഉയർന്നു വരികയും ചെയ്തു. ജാഗീദാർമാരിൽ നിന്നും ഠീക്കേദാർ മാരിൽനിന്നും സ്വയം സംരക്ഷിക്കപ്പെടാൻ ആദിവാസികൾ ബിർസയുടെ കീഴിൽ അണിനിരന്നു. ബ്രിട്ടീഷുകാർ അയാളെ തൂക്കിലേറ്റി. ഇന്നും സിംഗ്ഭൂമിൽ നിന്നുള്ള ഒരു ഗാനം ബിർസയെ അനശ്വരനാക്കുന്നു.

*ഓ ബിർസാ അവർ നിന്നെ അറസ്റ്റ് ചെയ്തു*
*ഓ ബിർസാ നിന്റെ കൈകളിൽ ആമം വെച്ചു*
*ഓ ബിർസാ അവർ നിന്നെ റാഞ്ചി റോഡിലെ നടത്തി.*
*ഓ ബിർസാ നീ നാടിനുവേണ്ടി കഷ്ടപ്പെട്ടു.*
*ഓ ബിർസാ നീ മറ്റൊരു ജന്മത്തിൽ വീണ്ടും മടങ്ങിവരും,*
*ഓ ബിർസാ നിന്നെ അവർ കൊണ്ടുപോയതിൽ ദുഃഖിക്കുന്നു.*

ഇത്തരത്തിൽ അനേകം ബിർസമാർ 1857ലും അതിന്നു മുമ്പും പിമ്പും ആത്മത്യാഗം ചെയ്യുകയുണ്ടായി. ചരിത്രത്തിൽ അവരിൽ പലരും അറിയപ്പെടാതെയിരിക്കുന്നു.

മുണ്ടകൾക്കിടയിൽ സസ്യാഹാരവും വൈഷ്ണവാചാരവും പ്രചരിപ്പിച്ച് 25 വയസ്സിൽ തൂക്കിലേറ്റപ്പെട്ട അനന്യവ്യക്തിത്വം ആയിരുന്നു ബിർസാ. ബസ്താറിൽ നടന്ന ഗോത്രകലാപം (1910), മലബാറിലെ മാപ്പിളമാരുടെ കലാപം (1921) ഗോദാവരി ജില്ലയിലെ അല്ലൂരി സീതാരാമരാജുവിന്റെ കലാപം (1925), അവസാനമായി മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രത്യയശാസ്ത്രം അടിസ്ഥാനമാക്കി മലബാറിൽ നടന്ന കാർഷിക പ്രക്ഷോഭങ്ങൾ (1936-46), പുന്നപ്ര വയലാർ പ്രക്ഷോഭം (1946) തെലുങ്കാനയിലെ സായുധസമരം (1946) തുടങ്ങിയ കലാപങ്ങളിൽ സ്വാതന്ത്ര്യത്തിന്നുവേണ്ടി 1857-ൽ നടന്ന വൻപ്രസ്ഥാനത്തിന്റെ ആശയങ്ങൾ കാണാം.

കോൺപൂരിൽ 1857-ൽ പൊരുതിയ 93 ഹൈലേൻഡർസ് റജിമെന്റിന്റെ ഭാഗമായിരുന്നു ഫോർബ്സ് മിറ്റ്ച്ചെൽ 1891-ൽ കോൺപൂർ സന്ദർശിച്ചപ്പോൾ കേട്ടിരുന്ന ഒരു കഥ രേഖപ്പെടുത്തിയിരുന്നു. സഫർ ആലി എന്ന സിപ്പായിയെ 1857 ജൂലായിൽ ബ്രിഗേഡിയർ നെയിൽ അപമാനിക്കുകയും തൂക്കിലേറ്റുകയും ചെയ്തു. തന്റെ പുത്രൻ മാസർ ആലി ഇതിന്റെ പ്രതികാരം നെയിലിന്റെ പിൻഗാമികളോടു ചോദിക്കുമെന്നു ആ സിപ്പായി ആണയിടുകയും ചെയ്തിരുന്നു. ബ്രിഗേഡിയർ നെയിലിന്റെ പുത്രനായ മേജർ എ.എച്ച്.എസ്. നെയിലിന്റെ റജിമെൻന്റിൽ ആ സിപ്പായിയുടെ പുത്രൻ മസർ ആലി ഈ വസ്തുതകളറിയാതെ 1870കളിൽ മേജറുടെ പ്രിയപ്പെട്ടവനായി ജോലി ചെയ്യുകയായിരുന്നു. ഒരു രാത്രി ഒരു ഫക്കീർ മസർ ആലിയെ സന്ദർശിച്ച് മേജറുടെ പൈതൃകം വെളിപ്പെടുത്തി. കാര്യമറിഞ്ഞ പുത്രൻ 1887 മാർച്ച് 14-ന് പകൽവെളിച്ചത്തിൽ മേജറെ വെടിവെച്ചുവീഴ്ത്തി പ്രതികാരം നിറവേറ്റിയെന്നാണ് കഥ.

ഗദർപാർട്ടി സിംഗപ്പൂരിൽ നടത്തിയ പ്രചരണം കാരണം 1915-ൽ അവിടുത്തെ ഇന്ത്യൻ സൈനികർ കലാപം നടത്തി. സിവിൽ നിയമലംഘനകാലം, 1930 - 32-ൽ പെഷവാറിലെ സ്വാതന്ത്ര്യസമര സൈനികരെ വെടിവെക്കാൻ

ഗർവാൾ റജിമെന്റ് വിസമ്മതിക്കുകയുണ്ടായി. ക്വിറ്റിന്ത്യാ സമരകാലം 1942-ൽ ടി.ബി. ദാദാചാഞ്ചി എന്ന പാർസി ഓഫീസർ, സഞ്ചരിക്കുന്ന ഒരു സൈനിക വിഭാഗത്തെ ഒരു കലാപമുയർത്തിയ പട്ടണത്തിലേക്കു നയിക്കുവാൻ വിസമ്മതിച്ചു. തന്റെ നാട്ടുകാരെ വെടിവെക്കുന്ന സന്ദർഭം ഉണ്ടാക്കാതിരിക്കുകയെന്നതായിരുന്നു ലക്ഷ്യം. എന്നാൽ അയാളെ സൈനിക കോടതി വിചാരണ ചെയ്തില്ല. ലക്നോവിൽ ബ്രിട്ടീഷ് റസിഡൻസിയിൽ യൂനിയൻ ജാക് പാറുമ്പോൾ വീണ്ടും ഒരു കലാപത്തിനിടയാക്കരുതെന്നായിരിക്കണം കാരണം. സിംഗപ്പൂരിലെ യുദ്ധത്തിന്നുശേഷം ബ്രിട്ടീഷ് പട്ടാള ഉദ്യോഗസ്ഥർ 1940-കളിൽ ഇന്ത്യക്കാരായ സൈനികരെ ഉപേക്ഷിച്ചു പോയി. അവരുടെ ഈ അനുഭവം ദേശീയവാദികളുടെ കൂടെയാണ് അവരെ എത്തിച്ചത്. സുഭാഷ്ചന്ദ്രബോസിന്റെ ആഹ്വാനം മീററ്റിനെ ഓർമിച്ച് 'ഡൽഹി ചലോ' എന്നായിരുന്നു.

യു.പി. ഗവർണർ മൗറിസ് ഹാലറ്റ് 1942 ആഗസ്തിലെ ക്വിറ്റിന്ത്യാ വിപ്ലവത്തെ ഒരു സായുധകലാപമായി വിശേഷിപ്പിച്ചു. മോൺഗീർ ജില്ലയിൽ പൂർണമായും കലാപം പടർന്നുപിടിച്ചു. വടക്കൻബീഹാറിൽ പോലീസ് ഔട്ട്പോസ്റ്റുകൾ ആക്രമിക്കപ്പെട്ടു. രണ്ട് റോയൽ എയർഫോർസ് ഉദ്യോഗസ്ഥന്മാരെ നാട്ടുകാർ വധിക്കുകയും പൂൺപൂൺ നദിയിലിടുകയും ചെയ്തു. രണ്ട് റോയൽ എയർ ഫോർസ് വൈമാനികർ മോൺഗീറിൽ വധിക്കപ്പെട്ടു. ബീഹാറിൽ മംഗൾ പാണ്ഡേയുടെ ബല്ലിയ ഗ്രാമത്തിൽ വൻ കലാപം ഉയർന്നിരുന്നു. ബിൽത്താറ റോഡിൽ അലഹബാദ് സർവ്വകലാശാല വിദ്യാർഥികൾ ഒരു തീവണ്ടിതന്നെ ഹൈജാക് ചെയ്തുകൊണ്ടുപോയി. അവർ ഗോരഖ്പൂരിലേക്കുള്ള വഴിയിൽ നീങ്ങുകയും ചെയ്തു. ബല്ലിയ പട്ടണത്തിൽ പോലീസ്സ്റ്റേഷൻ കൊള്ളചെയ്യപ്പെട്ടു. സ്വരാജ് ജില്ലാഭരണം ബല്ലിയയിൽ രൂപീകരിക്കപ്പെടുകയും ചെയ്തു. ആഗസ്ത് 20-നു സൈന്യം കീഴടക്കുന്നതുവരെ ബല്ലിയയിൽ കലാപം തുടർന്നു. (ജ്ഞാനേന്ദ്ര പാണ്ഡെയുടെ ഇന്ത്യൻ നേഷൻ ഇൻ 1942 ഗ്രന്ഥം കാണുക, കല്ക്കത്ത 1988)

റെഡ്ഫോർട്ടിൽ ഷാനവാസ്ഖാൻ തുടങ്ങിയ ഐ.എൻ.എ തടവുകാരുടെ വിചാരണ നടക്കുമ്പോൾ ഇവരുടെ സഹാനുഭൂതി ഈ തടവുകാരുടെ കൂടെയായിരുന്നു. വി.ഡി. സവർക്കർ ആ അവസരം ബ്രിട്ടീഷ് പ്രധാനമന്ത്രി ആറ്റ്ലിക്കയച്ച ടെലിഗ്രാമിൽ ഒപ്പിട്ടത് '1857' എന്നായിരുന്നു. ബ്രിട്ടീഷ് ഓഫീസർമാരും പി.കെ. സേഗളും തമ്മിൽ വിചാരണയ്ക്കു കൊണ്ടുപോകുന്ന അവസരം ഒരു ഇടയൽ ഉണ്ടായപ്പോൾ ഗൂർഖാപട്ടാളം നോക്കിനില്ക്കുകയാണു ചെയ്തത്. എന്നാൽ 1946-ൽ മുംബായിൽ യഥാർഥമായ നാവികകലാപം നടന്നു. അവർ കോൺഗ്രസ്സ്, ലീഗു, കമ്യൂണിസ്റ്റ് പതാകകൾ ഒന്നിച്ചുയർത്തി. കലാപത്തിന്റെ വാർത്ത ഗവൺമെന്റ് നിഗൂഢമാക്കിയപ്പോഴും അതിന്റെ പ്രതിധ്വനി, ചെന്നൈ, കറാച്ചി, കൊല്ക്കത്ത എന്നിവിടങ്ങളിൽ ശക്തമായി മുഴങ്ങി. സൈനികമായ ഇത്തരം കാരണങ്ങൾ കൂടി ഇന്ത്യ വിട്ടു പോകുവാൻ ബ്രിട്ടനെ നിർബന്ധിച്ചു. ആറ്റ്ലി സൂചിപ്പിച്ചതുപോലെ ഇന്ത്യൻ സൈനികരെ 'വിശ്വസിക്കാൻ കഴിയാത്ത' സ്ഥിതിയിലെത്തിയിരുന്നു. ഇതെല്ലാം തന്നെ 1857-ന്റെ ആശയം സൈനികരിൽ

പ്രചരിച്ചിരുന്നതിന്റെ ഫലമാണെന്നു കാണാം. (കൂടുതൽ വസ്തുതകൾ ക്രിസ്റ്റോഫർ ബെയ്‌ലി, ടിം ഹാർപർ എഴുതിയ ഫോർഗോട്ടൺ ആർമീസ്: ബ്രിട്ടൻസ് ഏഷ്യൻ എമ്പയർ & ദ വാർ വിത്ത് ജപ്പാൻ; ഫൊർഗോട്ടൺ വാർസ്, ദ എൻഡ് ഓഫ് ബ്രിട്ടൻസ് ഏഷ്യൻ എമ്പയർ കാണുക).

ഒരു വിഗ്രഹ വീക്ഷണത്തിൽ 1857 രണ്ടു ഘട്ടങ്ങളെ കൂട്ടിയിണക്കുന്നു. ഒന്നു കമ്പനിയുടെ ഫാക്ടറി കാലഘട്ടത്തിലും പിന്നീട് രാജ്യവിസ്തൃതി വരുത്തിയപ്പോഴും നാട്ടുമുഖ്യരും നാടുവാഴികളും എല്ലാം നടത്തിയ കലാപങ്ങൾ. കമ്പനി കൂടുതൽ രാജ്യത്തിന്നധികാരിയായപ്പോൾ ബംഗാളിൽ നടന്ന സന്യാസികലാപവും വടക്കെ മലബാറിലെ പഴശ്ശി കലാപവും വെല്ലൂർ കോട്ടയിലെ സിപ്പായിമാരുടെ കലാപവും തിരുവിതാംകൂറിൽ വേലുത്തമ്പിയുടെ കലാപവും കൊച്ചിയിൽ പാലിയത്തച്ഛന്റെ ഏറ്റുമുട്ടലും തമിഴ്നാട്ടിൽ കട്ടബൊമ്മൻ, മരുത്പാണ്ഡ്യൻ തുടങ്ങിയ പോളിഗാർമാരുടെ കലാപങ്ങളും വയനാട്ടിലെ കുറിച്ച്യകലാപവും, കാസർകോടിലെ കൂട്ടുകലാപം, കുടകിലെ കല്യാണ കലാപവും, മലബാറിലെ മാപ്പിള പൊട്ടിത്തെറികളും എല്ലാം കമ്പനിയുടെ ഭരണത്തിന്നെതിരായി കർഷകരും കരകൗശലവിദഗ്ധരും, മറ്റു കൈത്തൊഴിലുകാരും നടത്തിയ കലാപങ്ങളായിരുന്നു. ഇവയുടെ നേതൃത്വം ചിലേടങ്ങളിൽ നാടുവാഴികൾക്കായിരുന്നുവെങ്കിൽ മറ്റു പലേടത്തും കർഷക സമൂഹങ്ങളിലേയും ആദിവാസികളിലേയും മറ്റും സാധാരണക്കാർക്കായിരുന്നു. കലാപങ്ങളുടെ ഈ രണ്ടു ഘട്ടങ്ങളും 1857-ൽ ഒന്നിച്ച് യോജിക്കുന്നു.

കലാപത്തിന്റെ ശതവാർഷികസ്മരണയ്ക്കുശേഷം ഇന്ത്യയുടെ പല ഭാഗങ്ങളിലേയും കലാപത്തിന്റെ വേരുകളും സംഭവപരമ്പരകളും കണ്ടെത്തുവാനുള്ള പരിശ്രമങ്ങൾക്കു ചരിത്രകാരന്മാർ നേതൃത്വം കൊടുത്തു. പി.സി. ജോഷിയെപ്പോലുള്ളവർ 1957-ൽ കൊളോണിയൽ സമീപനത്തിന്നു പകരം ഇന്ത്യൻ സ്വാതന്ത്ര്യം ലക്ഷ്യമാക്കിയ പ്രസ്ഥാനമെന്ന പുതിയൊരു നിർവചനം നല്കി. അന്നു റഷ്യൻ പണ്ഡിതന്മാരായ ഓസിപ്പോവും കോമറോവും സമരത്തിലെ കർഷകപങ്കാളിത്തത്തെ ഊന്നിക്കാട്ടുകയും ചെയ്തിരുന്നു. ഇന്നത്തെ ഗവേഷണങ്ങൾ പാർശ്വവല്ക്കരിക്കപ്പെട്ട ആദിവാസിസമൂഹങ്ങളുടേയും അതുപോലെ സ്ത്രീകളുടേയും മറ്റുമുള്ള സമരപങ്കാളിത്തത്തിന്റെ വിഭിന്നതലങ്ങളിൽ അവർ വഹിച്ച നേതൃത്വത്തിന്റെ പഠനങ്ങളിലേക്കു ശ്രദ്ധ തിരിച്ചിരിക്കുകയാണ്. ഈ മാററം ചരിത്രരചനയുടെ അന്വേഷണമേഖലകളിൽ ഉണ്ടായ രചനാശാസ്ത്രപരമായ മാറ്റം ഉദാഹരിക്കുന്നു. ഈ അവസരം ചരിത്രപരമായ അന്വേഷണം അടിസ്ഥാനപരമായി മാറിക്കാണാം.

## കലാപത്തിന്റെ പാഠം

ഇന്നു അഥവാ 2007-ൽ കലാപത്തിന്റെ 15-ാം വർഷം ഗവൺമെന്റുകളുടേയും ഗവേഷണ കൗൺസിലുകളുടേയും നേതൃത്വത്തിൽ അനുസ്മരിക്കപ്പെടുകയാണ്. അനേകം ബഹുജനപ്രസ്ഥാനങ്ങൾകൂടി ഇതിൽ പങ്കെടുക്കുന്ന ഒരു വലിയ മാറ്റം കൈവരിച്ചിരിക്കുന്നു. എന്നാൽ 1957-ൽ ശതവാർഷികം

ആഘോഷിക്കുമ്പോഴുള്ള ഇന്ത്യൻ പശ്ചാത്തലത്തിൽനിന്നും തികച്ചും ഭിന്നമായ ഒരു പശ്ചാത്തലത്തിലാണ് 150-ാം വർഷം ആഘോഷിക്കപ്പെടുന്നത്. ഇന്ത്യയിൽ 1992 മുതൽ നടപ്പിലാക്കപ്പെട്ട പുത്തൻ സാമ്പത്തിക നയവും ആഗോളതലത്തിലുള്ള കരാറുകളും ഇന്ത്യയെ ആഗോളമുതലാളിത്തത്തിന്റേയും ഫൈനാൻസ് കേപ്പിറ്റലിസത്തിന്റേയും ഒരു പ്രവർത്തനകേന്ദ്രമാക്കിയിരിക്കുകയാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യൻ കലാപകാരികൾ നേരിട്ടതിൽനിന്നും വളരെ സങ്കീർണമായ ഒരു പശ്ചാത്തലമാണ് ഇന്നു നമ്മുടെ റിപ്പബ്ലിക്കിൽ നിലനില്ക്കുന്നത്.

അന്ന് ഇന്ത്യൻ വിഭവങ്ങളുടെ ശോഷണം നടത്തുകയും സമ്പദ്‌വ്യവസ്ഥയെ ബ്രിട്ടന്നുവേണ്ടി ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന ഭരണാധികാരികളെ നമുക്കു നേരിട്ടു കാണാവുന്നതായിരുന്നു. അതുകൊണ്ട് അവരുടെ ലിക്വിഡേഷൻ അഥവാ ഇല്ലാതാക്കൽ കലാപകാരികളുടെ ലക്ഷ്യമായി. ഇന്നു ഇന്ത്യൻ ഭരണവർഗത്തിന്റെ പ്രോത്സാഹനത്തോടുകൂടെയാണ് ഫൈനാൻസ് കേപ്പിറ്റലിസം ഇന്ത്യപോലുള്ള മുൻ കോളനിരാജ്യങ്ങളിൽ കരാറുകളും നിബന്ധനകളും അടിച്ചേല്പിച്ചുകൊണ്ട് തങ്ങളുടെ ജൈത്രയാത്ര തുടരുന്നത്. ഭരണവർഗത്തിന്റെ അന്നത്തെ വംശീയതയുടെ ഗർവ്വത്തിനു പകരം സഹവർത്തിത്വം എന്ന പ്രത്യയശാസ്ത്രത്തിലൂടെ മുൻ കോളനിരാജ്യങ്ങളിലെ വിഭവം കൊള്ള ചെയ്യുന്ന ആസൂത്രിതമായ ഒരു പ്രക്രിയയാണ് ഇന്നു നടക്കുന്നത്.

സാങ്കേതികശാസ്ത്രവും വിവരസാങ്കേതികവിദ്യയും വിജ്ഞാനവും ശാസ്ത്രാധിഷ്ഠിത കണ്ടുപിടിത്തവും എല്ലാം ആഗോളീകരണമെന്ന ഓമനപ്പേരിൽ മൂലധനാധിപത്യത്തിനുവേണ്ടി വികസിതരാജ്യങ്ങൾ ഉപയോഗപ്പെടുത്തിവരുന്നു. അതിന്റെ പതാകവാഹികളായിട്ടാണ് ഗ്ലോബൽ കമ്പനികൾ പ്രവർത്തിക്കുന്നത്. വികസനത്തിന്റെ പുതിയ പരിപ്രേക്ഷ്യവും തത്ത്വശാസ്ത്രവും വെൽഫെയർ സ്റ്റേറ്റ് എന്ന ലക്ഷ്യത്തിൽനിന്നും നമ്മുടെ ഭരണകൂടങ്ങളെ പിന്നോട്ടു നയിക്കുന്നു. നൂറു വർഷം അനുസ്മരിക്കുന്ന അന്നു ചേരിചേരാ രാഷ്ട്രങ്ങളുടെ നേതൃത്വം അവകാശപ്പെടാൻ ഇന്ത്യയ്ക്കു കഴിഞ്ഞിരുന്നു. അന്ന് ഇന്ത്യ ശാക്തികച്ചേരികളുടെ കളിപ്പാവയായിരുന്നില്ല. ഇന്നു ആണവകരാറുകളുടെ ചർച്ചകളിലൂടെ സൈനികമായ സംയുക്ത പരിശീലനത്തിലൂടെ ശാക്തികച്ചേരികളോട് രാഷ്ട്രീയവിധേയത്വം പ്രകടിപ്പിക്കുന്ന സ്ഥിതി പലപ്പോഴും ഭരണഘടനയെപ്പോലും ഉല്ലംഘിക്കുന്നു.

പുതിയ സാമ്പത്തിക പരിതഃസ്ഥിതിയിൽ, ആദായകരമായി നിലനില്ക്കേണ്ട കാർഷികരംഗത്തുനിന്നും നിത്യദാരിദ്ര്യത്തിലേക്ക് ആയിരക്കണക്കിലാളുകൾ പിഴുതെറിയപ്പെടുന്നു. കരിമ്പുകൃഷിക്കാരും പരുത്തികൃഷിക്കാരും കുരുമുളക് കൃഷിക്കാരും ഇന്ത്യയിൽ ഇന്നു ആത്മഹത്യ ചെയ്യുന്നു. പുതിയ കോർപ്പറേറ്റ്ഫാമുകൾക്കായി പല സ്റ്റേറ്റുകളിലും ഭൂപരിഷ്കരണനിയമങ്ങൾ ഭേദഗതി ചെയ്യപ്പെടുന്നു. പല പ്രദേശങ്ങളിലും വൻ വ്യവസായ സംരംഭങ്ങൾക്കായി മണ്ണിന്റെ ഉടമയായ കർഷകർ ബലാല്ക്കാരമായി ഒഴിപ്പിക്കപ്പെടുന്നു. എന്നാൽ ആ വികസനപദ്ധതിയുമായി അവനു യാതൊരു ബന്ധവും ഉണ്ടാകു

ന്നില്ല. വ്യവസായശാലകൾ തങ്ങൾക്കാവശ്യമായതിലും എത്രയോ ഭൂമി ഭാവി ഉപയോഗത്തിന്നായി നീക്കിവെക്കുവാനുള്ള നയവും പ്രയോഗത്തിൽ വരുത്തുന്നു. ക്യൂബയിൽ 'ബനാനാ' റിപ്പബ്ലിക് കാലഘട്ടത്തിൽ ഓറിയന്റ്റു പ്രദേശത്തിൽ കൊക്കകോളാ കമ്പനി പതിനായിരക്കണക്കിൽ ഏക്കർ ഭൂമി സമ്പാദിച്ച് കൃഷിചെയ്യാതെ കർഷകരെ തെരുവിലാക്കിയ ഒരു പാഠം ഇവിടെ ഓർക്കാവുന്നതാണ്. പുതിയ ഇക്കണോമിക് സോണുകൾ സാധാരണക്കാരായ കർഷകരുടേയും തൊഴിലാളികളുടേയും ജീവിതവുമായി ബന്ധപ്പെടുന്നില്ല. കൂടാതെ പട്ടണങ്ങളിൽ വിദേശവാണിജ്യ മാലുകൾ കടന്നുവരികയും ലക്ഷക്കണക്കിൽ ചെറുകിട വ്യാപാരികളെ വഴിയാധാരമാക്കി മാറ്റുകയും ചെയ്യുന്നു. ഭാവിയിൽ ഇത്തരക്കാരുടെ ആത്മഹത്യകളും 1940-കളിൽ ബംഗാൾ ക്ഷാമം വരുത്തിവെച്ച ദുരിതങ്ങളും ആവർത്തിച്ചാൽ അത്ഭുതപ്പെടേണ്ടതില്ല.

ഇത്തരത്തിലുള്ള നവ കോളനിവല്ക്കരണത്തിന്റെ പ്രവർത്തന പദ്ധതികൾക്കെതിരായി ശക്തമായ ബഹുജനപ്രസ്ഥാനം വളർത്തിയെടുക്കുവാനുള്ള ഒരവസരമായി 1857-ന്റെ 150-ാം വർഷം രാജ്യമെങ്ങും അനുസ്മരിക്കേണ്ട ആവശ്യകത നിലനില്ക്കുന്നു. കലാപത്തിന്റെ അടിസ്ഥാനപാഠങ്ങളും നീതിശാസ്ത്രവും ഉൾക്കൊള്ളാതെ നടത്തുന്ന അനുസ്മരണം സാധൂകരിക്കപ്പെടുന്നില്ല. അന്നു കലാപം നടത്തിയ പ്രമുഖ നേതാക്കളേയും അവരുടെ വീരകൃത്യങ്ങളേയും മറ്റനേകം പ്രാന്തീയ നേതാക്കളേയും അനുസ്മരിച്ചതുകൊണ്ടു മാത്രം ഒരു രാഷ്ട്രം അതിന്റെ കർത്തവ്യം പൂർത്തീകരിക്കുന്നില്ല. അവരുടെ 'സാമ്രാജ്യത്വ വിരുദ്ധ' ഉള്ളടക്കത്തെ ഉൾക്കൊള്ളാതെ ഭരണവർഗം ഫൈനാൻസ് കാപ്പിറ്റലസിത്തിന്റേയും ശാക്തികച്ചേരികളുടേയും ആഗോളകമ്പനികളുടേയും സഹകാരികളായി മാറുന്നത് നമ്മുടെ ജനതയെ സംബന്ധിച്ച് ആത്മഹത്യാപരമാണെന്ന പാഠം ഈ അനുസ്മരണത്തിൽനിന്നും ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ വിഭിന്നമതവിഭാഗങ്ങളും ജാതികളും അന്നത്തെ കലാപത്തിൽ ഭാഗഭാക്കുകളായി ആത്മത്യാഗം ചെയ്തതിന്റെ പിന്നിലെ തത്ത്വശാസ്ത്രം സാമ്രാജ്യത്ത്വവിരുദ്ധബോധത്തിൽ നിന്നും ഉടലെടുത്തതായിരുന്നു. ആ പ്രത്യയശാസ്ത്രത്തെ അനുസ്മരിക്കുകയും പ്രായോഗികതലത്തിൽ വരുത്തുകയും ചെയ്യേണ്ടത് ഭരണവർഗത്തിന്റെ കർത്തവ്യമാണ്. ഇന്ത്യ കോളനിയായി മാറ്റപ്പെട്ടത് ഇവിടുത്തെ ഭരണവർഗത്തിന്റെ പരാജയംകൊണ്ടായിരുന്നു. ചരിത്രത്തിൽ നിന്നും പരാജയപ്പെടുവാൻ ഈ ജനത ആഗ്രഹിക്കുന്നില്ലെന്നതാണ് 1857 നല്കുന്ന ഏറ്റവും വലിയ പാഠം.

●

# അനുബന്ധം

## താന്തിയാതോപ്പി

നാനാസാഹിബിന്റെ വിശ്വസ്ത അനുചരനും മദ്ധ്യേന്ത്യയിലും പൂർവ്വേന്ത്യയിലും കലാപത്തിന്റെ ഒരു പ്രധാന നേതാവുമായിരുന്നു താന്തിയാതോപ്പി. ബ്രിട്ടീഷുകാർ അദ്ദേഹത്തെ തടവുകാരനാക്കിയപ്പോൾ വിചാരണയിൽ 1859 ഏപ്രിൽ 10ന് അദ്ദേഹം നല്കിയ കൈപ്പീത്ത് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലേക്ക് വെളിച്ചം വീശുന്നു.

രാമചന്ദ്രപാണ്ടുരംഗതോപ്പി എന്ന അദ്ദേഹം പട്ടോഡ ജില്ലയിൽ, നാഗർ എന്ന പ്രദേശത്തെ ജോലാപർഗാനാ നിവാസിയായിരുന്നു. വയസ്സ് 45. കാൺപൂരിലെ ഇംഗ്ലീഷുകാരെ വധിച്ചതിന്റെ ഉത്തരവാദിത്വം നാനാസാഹബിന്റെ അനുചരൻ എന്ന നിലയിൽ ഇദ്ദേഹത്തിൽ ആരോപിക്കപ്പെടുന്നു. ബ്രിട്ടീഷുതടവുകാർക്കാവശ്യമായ നാല്പത് ബോട്ടുകളുമായി ഗംഗാതീരത്ത് എത്തിയപ്പോഴാണ് കലാപകാരികൾ ബോട്ടുനശിപ്പിച്ച് ബ്രിട്ടീഷുകാരുടെ കൊല നടത്തിയത്. പിന്നീട് നാനയോടൊപ്പം ബിത്തൂരിലേക്ക് പോവുകയും ഗ്വാളിയോർ സൈന്യത്തിൽ ചേരുകയും കാല്പിയിലേക്ക് തിരിക്കുകയും ചെയ്തു. നാനയുടെ മരുമകൻ റാവു സാഹബ് കാല്പിയിലെത്തുകയും വീണ്ടും കോൺപൂരിലേക്ക് നീങ്ങുകയും പരാജയപ്പെടുകയും ചെയ്തു.

പിന്നീട് കാല്പിയിലെത്തുകയും ചിർക്കാരി ഒരു യുദ്ധത്തിനുശേഷം പിടിച്ചെടുക്കുകയും ചെയ്തു. ചിർക്കാരി രാജാവിൽനിന്നും തോക്കുകളും മൂന്നുലക്ഷം ഉറുപ്പികയും പിടിച്ചെടുത്തു. ബാൺപൂർ, ഷാഹ്ഗർ, ദിവാൻദേശ്പത്, ദൗലത്ത് സിങ്ങ് തുടങ്ങിയ രാജാക്കന്മാരും വലിയ ജനക്കൂട്ടവും കലാപകാരികളോടൊപ്പം ചേർന്നു. പിന്നീട് ഝാൻസിറാണി ആവശ്യപ്പെട്ട പ്രകാരം റാവു സാഹിബിന്റെ അനുവാദത്തോടെ ഝാൻസിയിലെത്തി. ഗ്വാളിയോറിന്റെ പതനത്തിനുശേഷം അദ്ദേഹം ജോറ്വ, ആലിപൂർ എന്നിവിടങ്ങളിലും പരാജിതനായി ചാമ്പൽ നദി കടക്കുകയും ചെയ്തു. ടാങ്കിലെ നവാബ് ഇവർക്കെതിരായി യുദ്ധം ചെയ്തു. ഭീൽവാരയിൽ ഇംഗ്ലീഷ് സൈന്യവുമായി ഏറ്റുമുട്ടി. കൂടെ ഒമ്പതിനായിരം വരുന്ന ഒരു സൈന്യത്തെയാണ് അദ്ദേഹം നയിച്ചത്. പിന്നീട് കോത്ര വഴി പത്താനിലേക്കു നീങ്ങി. ബന്തനവാബും കുമോണ നവാബും കൂടെ വന്നിരുന്നു. പത്താനിൽ രാജാവുമായി ഏറ്റുമുട്ടി. തോക്കുകളും വെടിമരുന്നുകളും പിടിച്ചെടുത്തു. പിറ്റേദിവസം രാജാവ് അഞ്ചുലക്ഷം ക ചെലവുകൊടുത്തിരുന്നു. മുപ്പതുറുപ്പിക വീതം അശ്വസൈനികർക്കും 15 ക വീതം കാലാൾ സൈന്യത്തിനും മൂന്നുമാസത്തെ ശമ്പളം ഈ തുകയിൽ നിന്ന് നല്കുകയും ചെയ്തു.

ഈസോഗർ ആക്രമിക്കുകയും ഭക്ഷണസാധനങ്ങൾ ലഭ്യമല്ലാത്തതിനാൽ കൊള്ളനടത്തുകയും ചെയ്തു. മൻ ഗ്രൗളിയിൽ ഇംഗ്ലീഷുകാരുമായി ഏറ്റുമുട്ടി. കാഗോൺ ബട്ടിയിൽ ഹോൾക്കാറിന്റെ സൈന്യത്തെയും കൂടി കലാപത്തിൽ

പങ്കെടുപ്പിച്ചില്ല. വഴിയിലെ കൊള്ള തടയുവാൻ റാവു സാഹബ് നിർദ്ദേശിച്ചെങ്കിലും ഫലപ്രദമായിരുന്നില്ല. പിന്നീടു ഗുജറാത്തിന്റെ നേർക്കുള്ള വഴിയിൽ സഞ്ചരിച്ചു. ഛോട്ടാ ഉദയപൂരിൽനിന്നും ദിയോഗർ ബാരിയിലേക്ക് നീങ്ങി. വഴിയിൽ ഒട്ടകങ്ങൾ വഹിച്ചുവരുന്ന തുണി കൊള്ളചെയ്തു. നീമാക്കിൽ നിന്നുവന്ന ഇംഗ്ലീഷ് സൈന്യവുമായി ഏറ്റുമുട്ടി. രാജാ മാൻസിങ് കലാപകാരികളോടുകൂടെ ചേർന്നു. അവർ നദി കടന്നശേഷം മാൻസിങ്ങ് തിരിച്ചുപോയി. വീണ്ടും ഇംഗ്ലീഷ് സൈന്യവുമായി ഏറ്റുമുട്ടി. അവസാനമായി റാവു സാഹിബിൽ നിന്നും വേർപെട്ടു നീങ്ങുകയും ചെയ്തു. മൂന്നു കുതിരകളോടൊപ്പം വേർതിരിഞ്ഞു. മാൻസിങ്ങിന്റെ കൂടെ താമസിച്ചു. സൈന്യത്തെ വിട്ടൊഴിഞ്ഞതിൽ മാൻസിങ് തോപ്പിയെ വിമർശിച്ചു. താൻ തളർന്നു കഴിഞ്ഞുവെന്നാണ് മറുപടി. റാവു സാഹബിന്റെ കമാൻഡർമാരായ ഇമാം അലി തുടങ്ങിയവർ അവരുടെ കൂടെ ചേരുവാൻ ആവശ്യപ്പെട്ടിരുന്നു. എന്തുചെയ്യണം എന്ന തീരുമാനത്തിനുമുമ്പ് രാത്രിയിൽ മാൻസിങ്ങ് ഒറ്റിക്കൊടുത്ത പ്രകാരമായിരിക്കാം മേജർ മീഡ്സിന്റെ സൈനികർ തോപ്പിയെ തടവുകാരനാക്കി.

ഒരു തുറന്ന യുദ്ധത്തിന്നു താന്തിയ ഒരിക്കലും തയ്യാറായിരുന്നില്ല. കോൺപൂരിൽ വിന്ധാം സൈന്യത്തിന്റെ മീതെ നേടിയതായിരുന്നു ഏക തുറന്ന യുദ്ധം. ഝാൻസിയിൽ മേജർ ഹ്യൂജ് റോസിന്റെ മുമ്പിലുള്ള പരാജയം പ്രധാനമായ ഒന്നായിരുന്നു. ഗ്വാളിയോർ കോട്ടയിൽനിന്നുള്ള പിന്മാറ്റവും ഉചിതമായിരുന്നില്ല. താന്തിയെ പിന്തുടർന്നുകൊണ്ട് ബ്രിഗേഡിയർ പാർക്കിന്നു ഒമ്പതു ദിവസത്തിനുള്ളിൽ 240 നാഴിക സഞ്ചരിക്കേണ്ടിവന്നു. ബ്രിഗേഡിയർ സോമർസെറ്റ് ഒമ്പതുദിവസത്തിനുള്ളിൽ 230 നാഴികയും കൂടാതെ രണ്ടു ദിവസത്തിനുള്ളിൽ 70 നാഴികയും. കേണൽ ഹോംസ് ഒരു ദിവസത്തിനുള്ളിൽ മരുഭൂമിയിൽ 54 നാഴികയും സഞ്ചരിച്ചു. ബ്രിഗേഡിയർ ഹോണർ നാലു ദിവസത്തിൽ 145 നാഴികയും. മാൻസിങ്ങ് ഇദ്ദേഹത്തെ ചതിയിൽ വീഴ്ത്തിയതോടെ മദ്ധ്യേന്ത്യയിലെ കലാപം അവസാനിച്ചുവെന്ന് കരുതാം. ബ്രിട്ടീഷുകാർ 1959 ഏപ്രിൽ 18ന് അദ്ദേഹത്തെ തൂക്കിക്കൊല്ലുകയും ചെയ്തു. കലാപത്തിലെ ഒരു വൻ നേതാവിന്റെ അന്ത്യമായിരുന്നു ഈ സംഭവം.

ഝാൻസി പിടിച്ചുനില്ക്കുവാൻ താന്തിയ നടത്തിയ ചെറുത്തുനില്പ്പും അവസാനമായി ഒരു പലായനത്തിന് നിർബന്ധിതനായതും പ്രത്യേകം സ്മരണീയമാണ്. (ചാർലസ്സ് ബാൾ, ഹിസ്റ്ററി ഓഫ് ഇന്ത്യൻ മ്യൂട്ടിനി, II, 1858, പു. 291 കാണുക)

## അസീമുള്ള

നാനാസാഹിബിന്റെ ഒരു പ്രധാന ഏജന്റ് ആയിരുന്നു അസീമുള്ള. ലണ്ടനിൽ കോർട്ട് ഓഫ് ഡയറക്ടേർസ് മുമ്പാകെ തന്റെ കാര്യം അവതരിപ്പിക്കുവാൻ നാന ഏർപ്പാട് ചെയ്തത് ഇദ്ദേഹത്തെയായിരുന്നു. ബാജി റാവു രണ്ടാമന്നു ലഭിച്ചിരുന്ന പെൻഷൻ നാനയ്ക്കു ലഭിക്കുമാറാക്കാൻ കഴിഞ്ഞില്ലെങ്കിലും അനേകം ഇംഗ്ലീഷ് സുന്ദരികളുമായി അസീമുള്ള സ്നേഹം കെട്ടിപ്പടുത്തു. ചിലർ വിവാഹം കഴിക്കുവാൻപോലും തയ്യാറായി പ്രേമലേഖനങ്ങൾ എഴുതി. ബിത്തൂർ കൊട്ടാരം ഇംഗ്ലീഷുകാർ കീഴടക്കിയപ്പോൾ അവർക്ക് ഈ കത്തുകൾ ലഭിച്ചു. അവർ ഈ എഴുത്തുകൾ കലാപം സംബന്ധിച്ചവയാണെന്നു വിശ്വസിച്ച് പഠനവിധേയമാക്കിയപ്പോൾ ഇംഗ്ലീഷ് സഹോദരിമാരുടെ പ്രേമലേഖനങ്ങളാണ് കണ്ടെത്തിയത്. അവരുടെ ഔദ്യോഗികപ്രവർത്തനം ഈ ലേഖനം വിശകലനം ചെയ്യുന്നതായി മാറി.

അസീമുള്ള മൂന്നുവർഷത്തോളം ലണ്ടൻ, പാരീസ്, കോൺസ്റ്റാന്റിനേപ്പിൾ എന്നിവിടങ്ങളിൽ ചെലവഴിച്ചു. ബ്രിട്ടീഷുകാരും റഷ്യക്കാരും ഏർപ്പെട്ടിരുന്ന യുദ്ധം നേരിട്ടുകാണുവാൻ അദ്ദേഹം ക്രിമിയ സന്ദർശിച്ചു. രണ്ടു വിഭാഗത്തിന്റെയും സൈനികശക്തി മനസ്സിലാക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. ഇംഗ്ലീഷുകാരുടെ ശക്തി ദുർബലമാണെന്ന് അദ്ദേഹം മനസ്സിലാക്കി. റഷ്യ ഒരു സൈനിക ശക്തിയാണെന്നു ഇന്ത്യയിൽ പ്രചരിപ്പിച്ചതിന്റെ ഉത്തരവാദിത്വം ഒരുപക്ഷേ, ഇദ്ദേഹത്തിന്നായിരിക്കണം. ഇംഗ്ലീഷുകാരോടുള്ള യുദ്ധത്തിൽ റഷ്യ ഇന്ത്യയെ സഹായിക്കുമെന്നുള്ള ആശയം പ്രചരിപ്പിച്ചതും ഇദ്ദേഹമായിരിക്കാം. ഒരുപക്ഷെ കലാപം പ്രോത്സാഹിപ്പിക്കുന്നതിൽ ഈ ആശയത്തിനുള്ള പ്രാധാന്യം പ്രത്യേകം ശ്രദ്ധേയമാണ്. അദ്ദേഹം എന്നും വർഗ്ഗീയതയ്ക്കെതിരായിരുന്നുവെന്നു മനസ്സിലാക്കാം. ഡൽഹിയിലെ രാജാവിന്റെ പക്ഷം പിടിച്ചുകൊണ്ട് ഒരു രണ്ടാം നിരക്കാരനാവാതിരിക്കുവാൻ അദ്ദേഹം നാനയെ ഉപദേശിച്ചതായി ആർ.സി. മജുംദാർ സൂചിപ്പിക്കുന്നു. കോൺപൂരിൽ സ്വയം പേഷയായി പ്രഖ്യാപിക്കുവാൻ ഉപദേശിക്കുകയും ചെയ്തിരുന്നു. ഇത് ഇന്ത്യൻ സമരത്തിന്റെ കാര്യത്തിൽ തെറ്റായിരിക്കാമെങ്കിലും നാനയോടുള്ള അസീമുള്ളയുടെ കൂറു വ്യക്തമാക്കുന്നു. അതോടൊപ്പം മതപരമായ പക്ഷപാതമില്ലായ്മയും.

## മൗലവി അഹമ്മദുള്ള

കലാപകാരികളുടെ ഒരു പ്രധാന നേതാവ് മൗലവി അഹമ്മദുള്ളയായിരുന്നു. ഫയ്സാബാദിൽ നേതൃത്വം നല്കിയ ഇദ്ദേഹത്തെ ബ്രിട്ടീഷ് രേഖകൾ മൗലവിയെന്നുമാത്രം വിളിച്ചു കാണാം. ആർക്കോട്ടുകാരനായ ഇദ്ദേഹം അഹമ്മദ് ആലിഷാ, അഹമ്മദുള്ള, മൗലവി സിക്കന്തർ ഷാ എന്നീ പല പേരുകളിൽ അറിയപ്പെടുന്നു. അദ്ദേഹം 1857 ജനവരിയിൽ മദ്രാസിൽ ഹിന്ദുസ്ഥാനിയിൽ ഇംഗ്ലീഷുകാരെ ഓടിക്കുവാൻവേണ്ടി പ്രഭാഷണം നടത്തി. 'അവർ ന്യായത്തിന്റെ എല്ലാ തത്ത്വങ്ങളും ഇപ്പോൾ ഉപേക്ഷിച്ചിരിക്കുകയാണ്. മുഹമ്മദീയരുടെ പ്രദേശങ്ങൾ പിടിച്ചെടുക്കുവാൻ ബദ്ധസ്ഥരായിരിക്കുന്നു. അവരുടെ കടന്നുകയറ്റം ചെറുക്കുവാൻ ഒറ്റവഴി ഒരു ജിഹാദ് നയിക്കുക മാത്രം.' എന്നെഴുതിയ പ്ലക്കാർഡുകൾ നിരത്തുകയും ചെയ്തു. പിന്നീട് മൗലവി വടക്കേ ഇന്ത്യയിലേക്ക് യാത്ര തിരിക്കുകയും 1857 ജനവരി 17ന് ലക്നൗവിൽ ഹിന്ദുക്കളോടും മുഹമ്മദീയരോടും ഒന്നിച്ച് കലാപത്തിൽ പങ്കെടുക്കുവാൻ ആഹ്വാനം നല്കുകയും ചെയ്തു.

ഫിബ്രവരിയിൽ ഒരു സൈന്യത്തോടൊപ്പം ഫൈസാബാദിൽ പ്രവേശിക്കുകയും ജിഹാദിന്ന് ആഹ്വാനം നടത്തുകയും ചെയ്തു. മൗലവിയെ അറസ്റ്റ് ചെയ്യുവാൻ മജിസ്ട്രേറ്റ് കല്പന പുറപ്പെടുവിച്ചുവെങ്കിലും കമ്പനിയുടെ പട്ടാളത്തിന്നെതിരായി അദ്ദേഹം ഏറ്റുമുട്ടി. രണ്ടനുയായികളൊഴികെ എല്ലാവരും വെടിയേറ്റു മരിച്ചു. മൂന്നുപേരെയും ബ്രിട്ടീഷുകാർ കൺടോൺമെൻടിൽ തടവിലിട്ടു. അവിടെ കലാപം നടന്നപ്പോൾ അവർ രക്ഷപ്പെടുകയും ചെയ്തു. മൗലവി പിന്നീട് അവധിലെ ബീഗത്തിന്റെ വിശ്വസ്തനായ ഒരു കമാൻഡൻട് ആയി. ലക്നൗ ആക്രമണത്തിൽ ഒരു വലിയ പങ്കു വഹിച്ചുകാണാം. ഒരവസരം അദ്ദേഹത്തിന്റെ സൈന്യവിഭാഗം ബീഗത്തിന്റേതുമായി ഏറ്റുമുട്ടുകപോലും ചെയ്തു. നൂറോളംപേർ മരിക്കുകയും ബീഗത്തിന്റെ ആളുകൾ അദ്ദേഹത്തെ തടവിലിടുകയും ചെയ്തു. ലക്നൗ

കമ്പനിക്കു കീഴടങ്ങിയപ്പോഴും മെയ് 21 വരെ ഒരു സൈന്യവിഭാഗത്തെ അദ്ദേഹം നയിച്ചു. പിന്നീട് പ്രവർത്തനമേഖല റോഹിൽഖണ്ഡിലേക്ക് മാറ്റുകയാണുണ്ടായത്. ഒരു സൈനിക നേതാവെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രാമുഖ്യത മാല്ലിസൺ തുടങ്ങിയവർ പുകഴ്ത്തുകയുണ്ടായി. യുദ്ധക്കളത്തിൽ രണ്ടുപ്രാവശ്യം സർ. കോളിൻ കേമ്പ്ബെല്ലിനെ കീഴ്പ്പെടുത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. 'ഇന്ത്യൻ കലാപത്തിൽ ബ്രിട്ടീഷുകാർക്കെതിരെ പടപൊരുതിയവരിൽ ഏറ്റവും ദൃഢനിഷ്ഠ കാണിച്ച വ്യക്തി'യെന്നാണ് ഹോംസ് വിശേഷിപ്പിച്ചത്. 'ബ്രിട്ടീഷുകാരോടുള്ള യുദ്ധത്തിൽ സ്വന്തം താല്പര്യമോ സ്വന്തമായ പരാതിയോ ഇല്ലാത്ത ഏകനേതാവെ'ന്നാണ് ആർ.സി. മജുംദാർ മൗലവിയെ വിശേഷിപ്പിക്കുന്നത്. ആദ്യം മുതൽ അന്ത്യം വരെ ബ്രിട്ടീഷുകാരോട് സൗഹൃദം പ്രകടിപ്പിച്ചിരുന്നില്ല താനും. അവർക്കെതിരായ കലാപം പ്രോത്സാഹിപ്പിക്കുവാനുള്ള ഒരു സന്ദർഭവും അദ്ദേഹം വ്യർത്ഥമാക്കിയിട്ടില്ല. എന്നാൽ സ്വന്തം ആളുകളുടെ ചതികൊണ്ടാണ് അദ്ദേഹം വധിക്കപ്പെട്ടത്. മാല്ലിസൺ മൗലവിയെപ്പറ്റി എഴുതി: 'തന്റെ രാജ്യത്തിന്റെ സ്വാതന്ത്ര്യം തെറ്റായി നശിപ്പിച്ചുള്ളവർക്കെതിരായിട്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും യുദ്ധം ചെയ്യുകയും ചെയ്യുന്ന ഒരാളെ രാജ്യസ്നേഹിയെന്നു വിളിക്കാമെങ്കിൽ മൗലവി തികഞ്ഞ രാജ്യസ്നേഹിയാണ്. അദ്ദേഹം സ്വന്തം വാളിനെ കൊലപാതകം കൊണ്ടോ കൂട്ടക്കൊലകൾ കൊണ്ടോ കറ പിടിച്ചതാക്കിയിരുന്നില്ല. വീരോചിതമായും അഭിമാനകരമായും ദൃഢതയോടും കൂടെ തന്റെ രാജ്യം പിടിച്ചടക്കിയ പടക്കളത്തിലെ അപരിചിതർക്കെതിരായി യുദ്ധം ചെയ്തു. എല്ലാ രാജ്യങ്ങളിലെയും ധീരരും ഹൃദയശാലികളും അദ്ദേഹത്തിന്റെ ഓർമ്മയെ ആദരിക്കുവാൻ ബാദ്ധ്യസ്ഥരാണ്.'

(മാല്ലിസൺ, വോ. II, പു. 544)

൦



ഡോ. കെ.കെ.എൻ. കുറുപ്പ്

ഒരു ജനതയുടെ സ്വാതന്ത്ര്യാഭിലാഷത്തിന്റെയും
അതിനുവേണ്ടി നടത്തിയ ആത്മത്യാഗത്തിന്റെയും
പ്രതീകമായി 1857 കണക്കാക്കപ്പെടുന്നു.
ഇന്ത്യൻ സമൂഹത്തിന് പ്രസ്തുത വർഷം ചരിത്രം
മാത്രമല്ല ഒരു പാഠവുമാണ്.
ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിന്റെ
നാൾവഴികളിലേക്കുള്ള ഒരു പിൻ യാത്ര.
ചരിത്ര വിദ്യാർത്ഥികൾക്കും സാധാരണ
വായനക്കാർക്കും പ്രയോജനകരമായ പഠനം.

പ്രശസ്ത ചരിത്ര പണ്ഡിതനും ഗവേഷകനുമായ
ഡോ. കെ.കെ.എൻ. കുറുപ്പിന്റെ രചന.

Malayalam / History
Cover Design: Mansoor Cheruppa

Non Fiction

ISBN 978-81-8264-648-3

മാതൃഭൂമി ബുക്സ്
MATHRUBHUMI BOOKS

12935 ◆ Rs. 60.00
www.mathrubhumi.com ◆ 2008
The Mathrubhumi Printing & Publishing Co. Ltd. Kozhikode

MATHRUBHUMI BOOKS

# 1857

## ചരിത്രവും പാഠവും

ഡോ. കെ.കെ.എൻ. കുറുപ്പ്



Indic Digital Archive Foundation
gpura.org